Downloaded from https:// www.studiestoday.com

സ്റ്റാൻഡേർഡ് VII

# സാമൂഹ്യശാസ്ത്രം

ഭാഗം 1

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*E-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

നാമോരോരുത്തരും സമൂഹത്തിലെ അംഗങ്ങളാണല്ലോ. സമൂഹത്തിലെ നന്മകൾ ഉൾക്കൊണ്ടും തിന്മകൾക്കെതിരായി പ്രതികരിച്ചു കൊണ്ടും ജീവിക്കേണ്ടത് ഏതൊരു പൗരന്റെയും കടമയാണ്. നമ്മുടെ സമ്പന്നമായ സംസ്കാരവും നാം ഇന്നനുഭവിക്കുന്ന വിവിധ സൗകര്യങ്ങളും മുൻതലമുറകളുടെകൂടി സംഭാവനകളാണ്. അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളെ ആദരിക്കുന്നതോടൊപ്പം അവരുടെ നേട്ടങ്ങൾ കാത്തുസൂക്ഷിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലൂന്നിയാണല്ലോ നമ്മുടെ നിലനിൽപ്പ്. അതിനാൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ഭാവി തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധത്തോടെ സമൂഹവികസനത്തിനായി കരുതലോടെ വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ജനാധിപത്യരാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ അവകാശങ്ങൾ അനുഭവിക്കുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്യാൻ നമുക്കു സാധിക്കണം. ഇത്തരം ഉൾക്കാഴ്ചകളോടെ പ്രവർത്തിക്കാനും മുന്നേറാനും സാമൂഹ്യശാസ്ത്രപഠനം സഹായകമാണ്. ആവശ്യമായ അറിവ് നേടുന്നതിനും കൂടുതൽ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും പ്രതികരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ,**
ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പാഠപുസ്തക രചനാസമിതി

**അബ്ദുൾ അസീസ്, വി.പി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
വി.പി.കെ.എം.എം.എച്ച്.എസ്.എസ്.,
പുതൂർപള്ളിക്കൽ

**അബൂബേക്കർ സിദ്ദിഖ്, കെ.**
പി.ഡി. ടീച്ചർ, ജി.യു.പി.എസ്.,
വീമ്പൂർ, മഞ്ചേരി

**അജയകുമാർ, എൻ.**
ബി.പി.ഒ., ബി.ആർ.സി., ഹോസ്ദുർഗ്

**ഡോ. ബാബുക്കുട്ടൻ, പി.**
സീനയർ ലക്ചറർ, ഡയറ്റ്, കൊല്ലം

**പി.വി. ഹുസൈൻ**
ഒ.എച്ച്.എസ്.എസ്., തിരൂരങ്ങാടി

**ജമാൽ, കെ.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ആർ.എ.സി.എച്ച്.എസ്.എസ്.,
കടമേരി പി.ഒ., വില്ലിയപ്പള്ളി

**ജയകുമാർ, കെ.**
എച്ച്.എസ്.എ.,
എൻ.എസ്.എസ്.എച്ച്.എസ്., പാലോട്

**മനോജ്, കെ.വി.**
എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ്, ഗവ. ഗോഖലെ
എച്ച്.എസ്.എസ്., കുമാരനല്ലൂർ

**മോഹനൻ, വി.പി.**
എച്ച്.എസ്.എ., ചോതാവൂർ
എച്ച്.എസ്.എസ്., ചാമ്പാട്

**പി.എം. മുഹമ്മദ് മുസ്തഫ**
ലക്ചറർ, ഡയറ്റ്, പാലക്കാട്

**പ്രദീപൻ, റ്റി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ജി.എച്ച്.എസ്.എസ്., കല്ലാച്ചി

**എച്ച്. എ. സലിം**
യു.പി.എസ്.എ., ജി.എച്ച്.എസ്.എസ്., പോരുവഴി, ശൂരനാട്

**സീനമോൾ, എം.എം.**
എച്ച്.എസ്.എസ്., തോന്നയ്ക്കൽ

**കെ.ജെ. ഷേർളി**
യു.പി.എസ്.എ., ജി.ബി.എച്ച്.എസ്.എസ്., കരമന

**സോമനാഥൻ, സി.വി.**
ത്രിച്ചമ്പാറം യു.പി.എസ്., തളിപ്പറമ്പ

**വിജയകുമാർ, സി.ആർ.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
ഗവ. ബോയ്സ് എച്ച്.എസ്.എസ്., മിതൃമ്മല

**വിൽഫ്രഡ് ജോൺ, എസ്.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
എം.ജി.എച്ച്.എസ്.എസ്., കണിയാപുരം

**ഡോ. എൻ. കല**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

### വിദഗ്ധർ

**ഡോ. അബ്ദുൾ റസാക്, പി.പി.,** അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. എൻ.പി. ഹാഫിസ് മുഹമ്മദ്,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, ഫറൂക്ക് കോളേജ്, കോഴിക്കോട്

**മനോജ് കുമാർ, പി.എസ്.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, കെ.കെ.ടി.എം. കോളേജ്, കൊടുങ്ങല്ലൂർ, തൃശൂർ

**മഹാലിംഗം, എസ്.,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി, ഗവ. കോളേജ്, ചിറ്റൂർ

**ഡോ. പ്രിയേഷ്, എം.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വേണുമോഹൻ,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, ഗവ. കോളേജ്, നെടുമങ്ങാട്

### അക്കാദമിക് കോ-ഓർഡിനേറ്റർ

**ചിത്രാ മാധവൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം


1. യൂറോപ്പ് പരിവർത്തനപാതയിൽ .......................... 07
2. കച്ചവടത്തിൽനിന്ന് അധികാരത്തിലേക്ക് .................. 17
3. ചെറുത്തുനിൽപ്പുകളും ഒന്നാം സ്വാതന്ത്ര്യസമരവും....... 27
4. ഇന്ത്യ പുതുയുഗത്തിലേക്ക് ................................ 36
5. സാമ്പത്തിക സ്രോതസ്സുകൾ .............................. 48
6. ഭൂപടങ്ങളുടെ പൊരുൾതേടി ............................... 58
7. ഭൂമിയും ജീവലോകവും .................................. 72




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഈ പുസ്തകത്തിൽ ചില ചിഹ്നങ്ങൾ
സൗകര്യത്തിനായി ഉപയോഗിച്ചിരിക്കുന്നു.



അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല



പഠന പുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ



സംഗ്രഹം



പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ



വിലയിരുത്താം



തുടർപ്രവർത്തനങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 1 യൂറോപ്പ് പരിവർത്തനപാതയിൽ




ഹഗിയ സോഫിയ



ചിത്രത്തിൽ കാണുന്ന 'ഹഗിയ സോഫിയ' ലോകത്തിലെ ചരിത്ര സ്മാരകങ്ങളിലൊന്നാണ്. ഈ സ്മാരകം എ.ഡി. ആറാം നൂറ്റാണ്ടിലാണ് പണികഴിപ്പിച്ചത്. ഇന്ന് തുർക്കിയിൽ ഒരു ചരിത്ര മ്യൂസിയമായി ഇത് നിലനിർത്തിയിരിക്കുന്നു. മനോഹരമായ വാസ്തുവിദ്യയുടെ ഉത്തമമാതൃകയായ ഹഗിയ സോഫിയയെ പ്പോലുള്ള നിരവധി ചരിത്ര ശേഷിപ്പുകൾ കോൺസ്റ്റാന്റിനോപ്പിളിലുണ്ട്. ഇത്തരം ചരിത്രസ്മാരകങ്ങൾ നിലനിന്നിരുന്ന കോൺസ്റ്റാന്റിനോപ്പിളിന് ലോകചരിത്രത്തിലുള്ള പ്രാധാന്യത്തെപ്പറ്റി നിങ്ങൾക്കറിയാമോ?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




ഭൂപടത്തിൽ കോൺസ്റ്റാന്റിനോപ്പിളിന്റെ സ്ഥാനം ശ്രദ്ധിക്കൂ.

കിഴക്കൻ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിളിന് (ഇപ്പോൾ ഇസ്താംബുൾ) ലോകചരിത്രത്തിൽ സുപ്രധാനമായ സ്ഥാനമാണ് ഉണ്ടായിരുന്നത്.

എന്തെല്ലാമായിരുന്നു കോൺസ്റ്റാന്റിനോപ്പിളിന്റെ സവിശേഷതകൾ?

- വിജ്ഞാനത്തിന്റെ കേന്ദ്രമായിരുന്നു.
- പണ്ഡിതൻമാരുടെയും അമൂല്യഗ്രന്ഥങ്ങളുടെയും കേന്ദ്രമായിരുന്നു.
- ഏഷ്യൻ രാജ്യങ്ങളിൽനിന്ന് യൂറോപ്യൻരാജ്യങ്ങളിലേക്കുള്ള പ്രധാന പ്രവേശന കവാടമായിരുന്നു.

1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. അതോടെ, നൂറ്റാണ്ടുകളായി നിലനിന്നിരുന്ന കിഴക്കൻ റോമാസാമ്രാജ്യം തകർന്നു. അവിടെ കേന്ദ്രീകരിച്ചിരുന്ന പണ്ഡിതന്മാരും കലാകാരന്മാരും സാഹിത്യകാരൻമാരും ഉൾപ്പെടെയുള്ള നിരവധി ആളുകൾ തൊട്ടടുത്ത പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. അവരിൽ വലിയൊരു വിഭാഗം ഇറ്റാലിയൻ നഗരങ്ങളിലായിരുന്നു എത്തിച്ചേർന്നത്.

എന്തായിരിക്കാം ഇവർ ഇറ്റാലിയൻ നഗരങ്ങളിലേക്ക് പോകാൻ കാരണം?


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- പുരാതന ഗ്രീക്കോറോമൻ സംസ്കാരത്തിന്റെ പൈതൃകം പേറുന്ന രാജ്യമായിരുന്നു ഇറ്റലി.
- ഇറ്റലിയിലെ സമ്പന്നരായ വ്യാപാരികൾ കല, സാഹിത്യം, സംസ്കാരം എന്നിവ പ്രോത്സാഹിപ്പിച്ചു.
- ചരിത്രപൈതൃകങ്ങൾ സംരക്ഷിക്കുന്നതിൽ ഈ സമ്പന്നവ്യാപാരികൾ തൽപ്പരരായിരുന്നു.

ഇത്തരം സവിശേഷതകളുള്ള ഇറ്റലിയിൽ എത്തിച്ചേർന്ന പണ്ഡിതന്മാർക്ക് കൂടുതൽ ചിന്തിക്കാനും പഠിക്കാനുമുള്ള അവസരങ്ങൾ ലഭിച്ചു. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇറ്റലിയിൽ ആരംഭിച്ച നവോത്ഥാന പ്രക്രിയ കൂടുതൽ വളരുകയും വ്യാപിക്കുകയും ചെയ്തു.

## നവോത്ഥാനം

മധ്യകാലഘട്ടത്തിൽ കല, സാഹിത്യം, ചരിത്രം എന്നിവ മതപരമായ ആശയങ്ങൾ കേന്ദ്രീകരിച്ചുള്ളതായിരുന്നു. യൂറോപ്പിലെ പണ്ഡിതഭാഷകളായി കണക്കാക്കപ്പെട്ടിരുന്നത് ലാറ്റിൻ (ലത്തീൻ), ഗ്രീക്ക് എന്നിവയായിരുന്നു. ഈ ഭാഷകളിലായിരുന്നു കൃതികൾ രചിച്ചിരുന്നത്. എന്നാൽ 13-ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകൾക്കുപകരം ഇംഗ്ലീഷ്, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ പ്രാദേശികഭാഷകളിൽ കൃതികൾ രചിക്കാൻ തുടങ്ങി. സാധാരണ മനുഷ്യരുടെ ജീവിതമായിരുന്നു ഇത്തരം കൃതികളിലെ പ്രതിപാദ്യം. അതോടെ മതപരമായ ആശയങ്ങൾക്കുപകരം മനുഷ്യജീവിതത്തിന് പ്രാധാന്യം ലഭിക്കുന്നതരത്തിൽ സാഹിത്യത്തിന്റെ ഉള്ളടക്കം മാറി. സമാനമായ മാറ്റങ്ങൾ ചിത്രകല, ശില്പവിദ്യ തുടങ്ങിയ മേഖലകളിലും ഉണ്ടായി. ഇത്തരത്തിൽ മനുഷ്യജീവിതത്തിന് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കാഴ്ചപ്പാടിനെയാണ് മാനവികത എന്ന് പറയുന്നത്.

പ്രപഞ്ചത്തെക്കുറിച്ചും ജീവിതസാഹചര്യങ്ങളെക്കുറിച്ചും വ്യത്യസ്തമായ രീതിയിൽ ചിന്തിക്കുവാൻ മാനവികത പ്രേരിപ്പിച്ചു. യുക്തിചിന്തയുടെയും അന്വേഷണത്വരയുടെയും വളർച്ചയ്ക്ക് ഇത് കാരണമായി. മനുഷ്യജീവിതത്തിന്റെ നാനാമേഖലകളിലും പുത്തൻ ഉണർവാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടത്. ഇത്തരത്തിലുണ്ടായ ഉണർവാണ് നവോത്ഥാനം.



യൂറോപ്പിൽ മാനവികതയുടെ വളർച്ചയ്ക്ക് സഹായകമായ സാഹചര്യങ്ങൾ വ്യക്തമാക്കുക.

നവോത്ഥാനം വിവിധ മേഖലകളെ എങ്ങനെ സ്വാധീനിച്ചുവെന്ന് നമുക്ക് പരിശോധിക്കാം.

## നവോത്ഥാനം സാഹിത്യത്തിൽ

നവോത്ഥാനകാലത്തെ സാഹിത്യകാരന്മാരിൽ പ്രമുഖനായിരുന്നു പെട്രാർക്ക് (AD 1304-1374). ഇദ്ദേഹത്തെ 'നവോത്ഥാനത്തിന്റെ പിതാവ്' എന്ന് വിളിക്കുന്നു. പെട്രാർക്കിന്റെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് സീക്രട്ടം (Secretum).



പെട്രാർക്ക്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ആ കാലഘട്ടത്തിലെ സാഹിത്യകാരൻമാരിൽ ചിലരുടെ ചിത്രങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. അവർ രചിച്ച പുസ്തകങ്ങളും ഇതോടൊപ്പം നൽകിയിട്ടുണ്ട്:


ദാന്തെ
ഡിവൈൻ കോമഡി


ബൊക്കാച്ചിയോ
ദക്കാമറൺ കഥകൾ


സെർവാന്തെ
ഡോൺ ക്വിക്സോട്ട്


ഇറാസ്മസ്
ഇൻ പ്രെയ്സ് ഓഫ് ഫോളി

ചുവടെയുള്ള പട്ടികയിൽ നവോത്ഥാനസാഹിത്യകാരന്മാരുടെ പേരുകൾ നൽകിയിട്ടുണ്ട്. അവയ്ക്കു നേരെയുള്ള കോളത്തിൽ അവരുടെ പുസ്തകങ്ങളുടെ പേര് എഴുതുക:

| സാഹിത്യകാരന്മാർ | പുസ്തകങ്ങൾ |
|---|---|
| പെട്രാർക്ക് | |
| ദാന്തെ | |
| ബൊക്കാച്ചിയോ | |
| സെർവാന്തെ | |
| ഇറാസ്മസ് | |

## നവോത്ഥാനം കലയിൽ

നവോത്ഥാനകലകളിൽ ഏറ്റവും ശ്രദ്ധേയം ചിത്രകലയായിരുന്നു. ലിയാനാർഡോ ഡാവിഞ്ചിയായിരുന്നു ശ്രദ്ധേയനായ ചിത്രകാരൻ. മൊണാലിസ, അവസാനത്തെ അത്താഴം എന്നിവയാണ് അദ്ദേഹത്തിന്റെ പ്രശസ്തങ്ങളായ ചിത്രങ്ങൾ.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

നവോത്ഥാനകാലത്തെ പ്രധാന ചിത്രകാരന്മാരുടെയും അവരുടെ സൃഷ്ടികളുടെയും ചിത്രങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്:




മൊണാലിസ



## മൊണാലിസ

നവോത്ഥാനകാലത്തെ പ്രസിദ്ധമായ ചിത്രമായിരുന്നു മൊണാലിസ. മൊണാലിസയുടെ നിഗൂഢമായ പുഞ്ചിരി പിൽക്കാലത്ത് നിരവധി ചർച്ചകൾക്കും സംവാദങ്ങൾക്കും വഴിതെളിച്ചു. ലിയനാർഡോ ഡാവിഞ്ചി എന്ന പ്രസിദ്ധനായ നവോത്ഥാന ചിത്രകാരൻ എ.ഡി. 1503-നും 1505-നും ഇടയിലാണ് ഈ ചിത്രം വരച്ചത്. ഈ ചിത്രം പാരീസിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.



അവസാനത്തെ അത്താഴം



ലിയനാർഡോ ഡാവിഞ്ചി



മൈക്കൽ ആഞ്ചലോ



അന്ത്യവിധി



റാഫേൽ



ഏഥൻസിലെ വിദ്യാലയം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ചിത്രകലയിൽ മാത്രമല്ല, മറ്റു കലാരംഗങ്ങളിലും വലിയ മുന്നേറ്റങ്ങളുണ്ടായി. ശില്പവിദ്യ, വാസ്തുവിദ്യ, സംഗീതം മുതലായ മേഖലകളിൽ ഉദാത്ത സൃഷ്ടികളുണ്ടായി.

വാസ്തുവിദ്യയിലെയും ശില്പവിദ്യയിലെയും പ്രധാന കലാകാരന്മാരെയും അവരുടെ സൃഷ്ടികളെയും ചിത്രങ്ങളിൽനിന്ന് കണ്ടെത്താം.


ലോറൻസൊ ഗിബർട്ടി


ഫ്ളോറൻസിലെ ബാപ്റ്റിസ്റ്റ് പള്ളിയുടെ വാതിൽ


ദൊണാറ്റെല്ലൊ


ഗട്ടാമെലീത്ത

നവോത്ഥാനകലാകാരന്മാർ, അവരുടെ സൃഷ്ടികൾ, മേഖല എന്നിവ ചിത്രങ്ങൾ നോക്കി പട്ടികയിൽ രേഖപ്പെടുത്തുക.

| കലാകാരന്മാർ | സൃഷ്ടികൾ | മേഖല |
|---|---|---|
| ലോറൻസൊ ഗിബർട്ടി | ഫ്ളോറൻസിലെ ബാപ്റ്റിസ്റ്റ് പള്ളിയുടെ വാതിൽ | വാസ്തുവിദ്യ |
| | | |
| | | |
| | | |
| | | |


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## നവോത്ഥാനം ശാസ്ത്രത്തിൽ


സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രം എന്നും ഭൂമിയുൾപ്പെടെയുള്ള ഗ്രഹങ്ങൾ സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നുണ്ടെന്നും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. എന്നാൽ ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്ന ധാരണയായിരുന്നു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. ഈ ആശയം തെറ്റാണെന്ന് തെളിയിക്കപ്പെട്ടത് നവോത്ഥാന കാലഘട്ടത്തിലാണ്. കോപ്പർനിക്കസ് എന്ന ശാസ്ത്രജ്ഞൻ സൗരയൂഥസിദ്ധാന്തം ആവിഷ്കരിക്കുകയും സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രം എന്ന് സ്ഥാപിക്കുകയും ചെയ്തു. ഗലീലിയോ ഗലീലി ടെലസ്കോപ്പ് വികസിപ്പിക്കുകയും അതിലൂടെ സൗരയൂഥസിദ്ധാന്തം ശരിയാണെന്ന് തെളിയിക്കുകയും ചെയ്തു. ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചതോടെ നവോത്ഥാന ആശയങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് വ്യാപിച്ചു.



ഗലീലിയോയുടെ ടെലസ്കോപ്പ്



ജൊഹാൻസ് ഗുട്ടൻബർഗ്



ഗുട്ടൻബർഗിന്റെ അച്ചടിയന്ത്രം

### അച്ചടിയുടെ കഥ





1439-ൽ ജർമ്മനിയിലെ ലോഹപ്പണിക്കാരനായിരുന്ന ജൊഹാൻസ് ഗുട്ടൻബർഗാണ് അച്ചടിയന്ത്രം കണ്ടുപിടിച്ചത്. മരംകൊണ്ട് നിർമ്മിച്ച ഇളക്കിമാറ്റാവുന്ന അക്ഷരങ്ങൾ ഉപയോഗിച്ചായിരുന്നു ഈ യന്ത്രം നിർമ്മിച്ചത്. അച്ചടി യന്ത്രത്തിന്റെ കണ്ടുപിടിത്തം വായനയുടെ പുതിയ ലോകം തുറന്നു. നവോത്ഥാനകാലഘട്ടത്തിൽ മനുഷ്യരുടെ ആശയവിനിമയത്തിൽ ഇത് വിപ്ലവകരമായ മാറ്റങ്ങൾക്ക് കാരണമായി. ഗുട്ടൻബർഗിന്റെ അച്ചടി സാങ്കേതികവിദ്യ ലോകത്തിന്റെ ഇതരഭാഗങ്ങളിലേക്കു വ്യാപിച്ചു. വിജ്ഞാനത്തിന്റെ വ്യാപനത്തിന് അച്ചടി യന്ത്രത്തിന്റെ കണ്ടുപിടിത്തം വലിയ സംഭാവനയാണ് നൽകിയത്.

നവോത്ഥാനം ശാസ്ത്രരംഗത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് ചർച്ച ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## മതനവീകരണം


മാർട്ടിൻ ലൂഥർ

നവോത്ഥാന ആശയങ്ങൾ മതരംഗത്തും സ്വാധീനം ചെലുത്തി. പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലെ ക്രൈസ്തവ സഭയിൽ ഉണ്ടായ പരിഷ്ക്കരണം മതനവീകരണം എന്നറിയപ്പെടുന്നു. ജർമ്മനിയിലാണ് ഇത് ആരംഭിച്ചത്. ഇവിടെ മതനവീകരണത്തിന് നേതൃത്വം കൊടുത്തത് മാർട്ടിൻ ലൂഥറായിരുന്നു.


## സമുദ്രമാർഗങ്ങൾ തേടി

തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയത് നാം മനസ്സിലാക്കിയതാണല്ലോ. ഇതേത്തുടർന്ന് ഏഷ്യൻ രാജ്യങ്ങളും യൂറോപ്പും തമ്മിൽ നിലനിന്നിരുന്ന വ്യാപാരബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടി. ഇത് പുതിയ വാണിജ്യമാർഗ്ഗങ്ങൾ കണ്ടെത്താൻ യൂറോപ്യൻമാരെ നിർബന്ധിതരാക്കി. വടക്കുനോക്കിയന്ത്രത്തിന്റെ കണ്ടുപിടിത്തവും സാഹസികസഞ്ചാരത്തോടുള്ള താൽപ്പര്യവും പുതിയ സഞ്ചാരമാർഗ്ഗങ്ങളും സമുദ്രങ്ങളും വൻകരകളും മനുഷ്യന് പരിചിതമാക്കി.

## വ്യവസായവിപ്ലവം

നവോത്ഥാനത്തെത്തുടർന്ന് ശാസ്ത്രരംഗത്തുണ്ടായ പുരോഗതി പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തിന് കാരണമായി. യന്ത്രങ്ങൾ ഉൽപ്പാദനരംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഇത് ഉൽപ്പാദനം പതിൻമടങ്ങ് വർദ്ധിക്കുന്നതിനും ഉൽപ്പാദനച്ചെലവ് കുറയുന്നതിനും ഇടയാക്കി. ഇത്തരത്തിൽ ഉൽപ്പാദനരംഗത്തുണ്ടായ മാറ്റങ്ങൾ വ്യവസായവിപ്ലവം എന്ന പേരിൽ അറിയപ്പെടുന്നു. വ്യവസായവിപ്ലവം ഇംഗ്ലണ്ടിലാണ് ആരംഭിച്ചത്. ഇതേത്തുടർന്ന് വാണിജ്യരംഗത്ത് വലിയ മാറ്റങ്ങളുണ്ടായി.

## വ്യവസായവിപ്ലവകാലത്തെ കണ്ടുപിടിത്തങ്ങൾ


സ്പിന്നിംഗ് ജന്നി


ആവിയന്ത്രം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

| വ്യവസായവിപ്ലവകാലത്തെ കണ്ടുപിടിത്തങ്ങൾ | ശാസ്ത്രജ്ഞന്മാർ |
|---|---|
| ഫ്ളയിംഗ് ഷട്ടിൽ | ജോൺ കെയ് |
| സ്പിന്നിംഗ് ജന്നി | ജെയിംസ് ഹാർഗ്രീവ്സ് |
| ആവിയന്ത്രം | ജെയിംസ് വാട്ട് |
| ലോക്കോമോട്ടീവ് | ജോർജ് സ്റ്റീവൺസൺ |

ശാസ്ത്രരംഗത്തുണ്ടായ കണ്ടുപിടിത്തങ്ങൾ ഉൽപ്പാദനരംഗത്തെ സ്വാധീനിച്ചതെങ്ങനെ? ചർച്ച ചെയ്യുക.



## സംഗ്രഹം

- നവോത്ഥാനത്തിന് തുടക്കം കുറിച്ചത് ഇറ്റലിയിലാണ്.
- മാനവികത നവോത്ഥാനത്തിന്റെ പ്രധാന സവിശേഷതയായിരുന്നു.
- സാഹിത്യം, കല, ശാസ്ത്രം, മതം എന്നീ രംഗങ്ങളിൽ നവോത്ഥാനം സ്വാധീനം ചെലുത്തി.
- കടൽവഴിയുള്ള കച്ചവടപാതകൾ കണ്ടെത്താൻ ശ്രമിക്കുകയും അതുവഴി യൂറോപ്യൻമാർ പല ഭൂഖണ്ഡങ്ങളിലും എത്തിച്ചേരുകയും ചെയ്തു.
- വ്യവസായവിപ്ലവം ഉൽപ്പാദനരംഗത്ത് മാറ്റങ്ങൾ സൃഷ്ടിച്ചു.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- നവോത്ഥാനത്തിന്റെ ആവിർഭാവത്തിന് വിവിധ സാഹചര്യങ്ങൾ വഴിതെളിച്ചു എന്ന് വ്യക്തമാക്കുന്നു.
- ലോകജനതയിൽ മാനവികതയും അന്വേഷണത്വരയും വളർന്നുവരുവാൻ നവോത്ഥാനം പങ്കുവഹിച്ചു എന്ന് വിശദീകരിക്കുന്നു.
- നവോത്ഥാനം വിവിധ മേഖലകളിൽ സ്വാധീനം ചെലുത്തി എന്ന് വിശകലനം ചെയ്യുന്നു.
- ശാസ്ത്രസാങ്കേതികരംഗത്തെ വളർച്ച വ്യവസായവിപ്ലവത്തിന് കാരണമായി എന്ന് വിലയിരുത്തുന്നു.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വിലയിരുത്താം

1. നവോത്ഥാനത്തിന്റെ സവിശേഷതയായ മാനവികത സാഹിത്യം, കല, ശാസ്ത്രം എന്നീ രംഗങ്ങളിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.
2. പുതിയ സമുദ്രസഞ്ചാരമാർഗ്ഗങ്ങളെയും അവ കണ്ടെത്തിയവരെയും പട്ടികപ്പെടുത്തുക.
3. നവോത്ഥാനകാലത്തെ പ്രധാന കലാകാരന്മാരുടെ പേരുകളും അവരുടെ സൃഷ്ടികളും ചുവടെ പട്ടികയിൽ തന്നിരിക്കുന്നു. എ കോളത്തിനനുയോജ്യമായി ബി ക്രമപ്പെടുത്തുക:

| എ | ബി |
|---|---|
| മൊണാലിസ | ദൊണാറ്റെലൊ |
| അന്ത്യവിധി | ലിയാനാർഡോ ഡാവിഞ്ചി |
| ഏഥൻസിലെ വിദ്യാലയം | മൈക്കൽ ആഞ്ചലോ |
| ഗട്ടാമെലീത്ത | റാഫേൽ |

## തുടർപ്രവർത്തനങ്ങൾ

- നവോത്ഥാനകാലത്തെ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും ശാസ്ത്രജ്ഞൻമാരുടെയും ചിത്രങ്ങൾ ശേഖരിച്ച് കുറിപ്പുകളോടെ ആൽബം തയ്യാറാക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 2 കച്ചവടത്തിൽ നിന്ന് അധികാരത്തിലേക്ക്





## കറുത്തപൊന്നിനുമുണ്ടൊരു കഥ പറയാൻ

കൂട്ടുകാരേ, ഞാൻ കുരുമുളക്. നൂറ്റാണ്ടുകൾക്കു മുമ്പുള്ള യൂറോപ്പിലെ കാര്യമാണ് ഞാൻ പറയുന്നത്. മാസങ്ങൾ നീണ്ടുനിൽക്കുന്ന ശൈത്യകാലം ആരംഭിക്കുന്നതിനുമുമ്പ് അവിടത്തെ കർഷകർ അവരുടെ ആടുമാടുകളിൽ കുറച്ചെണ്ണത്തെ കൊന്ന് ഇറച്ചിയാക്കി സൂക്ഷിക്കുമായിരുന്നു. ശൈത്യകാലത്തെ മഞ്ഞുവീഴ്ച കാരണം മേച്ചിൽപ്പുറങ്ങളിൽ പുൽനാമ്പുകൾ തളിർത്തിരുന്നില്ല. ഇത് തീറ്റക്കമ്മിക്കിടയാക്കി. മനുഷ്യർക്കും ഭക്ഷ്യക്ഷാമം നേരിട്ടിരുന്നു. കാലികളെ കൊന്ന് ഇറച്ചിയാക്കി സൂക്ഷിച്ചാണ് ഇതിന് പരിഹാരം കണ്ടത്. ഇന്നത്തെപ്പോലെ വൈദ്യുതിയോ ശീതീകരണസംവിധാനമോ ഇല്ലാത്ത കാലമാണെന്നോർക്കുക. ഇറച്ചി ദീർഘകാലത്തേക്ക് കേടുകൂടാതെ സൂക്ഷിക്കാനും രുചിനൽകാനും അവർ എന്നെയാണ് ഉപയോഗിച്ചിരുന്നത്. ചുരുക്കത്തിൽ ഞാൻ അവർക്ക് അത്യാവശ്യഘടകമായിരുന്നു. ഞാൻ മാത്രമല്ല, നമ്മുടെ നാട്ടിലെ ഏലം, കറുവപ്പട്ട, ഇഞ്ചി എന്നിവയും അവർക്ക് പ്രിയപ്പെട്ടതായിരുന്നു. ഞങ്ങളെത്തേടി പണ്ടുമുതലേ കച്ചവടക്കാർ എത്തിയിരുന്നു.

കുരുമുളക് പറഞ്ഞ കഥ കേട്ടില്ലേ? ഇതിൽനിന്ന് നിങ്ങൾ എന്തു മനസ്സിലാക്കി?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- നമ്മുടെ നാട്ടിലെ സുഗന്ധവ്യഞ്ജനങ്ങൾ വിദേശികൾക്ക് അത്യാവശ്യമായിരുന്നു.
- ഇത്തരം വിഭവങ്ങൾ ശേഖരിക്കാൻ പുരാതനകാലംമുതൽക്കേ കച്ചവടക്കാർ ഇവിടെ എത്തിയിരുന്നു.

തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയത് ഏഷ്യയും യൂറോപ്പും തമ്മിലുള്ള കച്ചവടത്തെ തടസ്സപ്പെടുത്തി. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയിലേക്ക് കടൽമാർഗ്ഗം ഒരു വാണിജ്യപാത കണ്ടെത്താൻ ശ്രമം ആരംഭിച്ചത്. ഇക്കാര്യം നമ്മൾ കഴിഞ്ഞ അധ്യായത്തിൽനിന്ന് മനസ്സിലാക്കിയല്ലോ. സമുദ്രത്തിലൂടെ ഒരു വാണിജ്യപാത കണ്ടെത്തിയതോടെ പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കച്ചവടത്തിനായി ഇന്ത്യയിലെത്തി.

## പോർച്ചുഗലിൽനിന്ന് കോഴിക്കോട്ടേക്ക്

1498 മെയ് മാസത്തിലെ ഒരു പ്രഭാതം. കോഴിക്കോടിനു സമീപമുള്ള കാപ്പാട് തീരത്ത് മൂന്ന് വലിയ പായ്ക്കപ്പലുകൾ നങ്കൂരമിട്ടു. വ്യത്യസ്തമായ വേഷവും ഭാഷയുമുള്ള കുറച്ചു പേരായിരുന്നു കപ്പലിൽ. പോർച്ചുഗലിൽനിന്ന് കച്ചവടത്തിനായി എത്തിയ വാസ്കോഡഗാമയും സംഘവുമായിരുന്നു അത്.

> വാസ്കോഡഗാമയുടെ യാത്രയ്ക്ക് ചെലവായ തുകയുടെ 60 ഇരട്ടിയോളം ലാഭമാണ് ഇവിടെനിന്ന് കൊണ്ടുപോയ വിഭവങ്ങൾ വിറ്റഴിക്കുക വഴി ലഭിച്ചത്.

അക്കാലത്ത് കോഴിക്കോട് ഭരിച്ചിരുന്ന സാമൂതിരി രാജാവ് വാസ്കോഡഗാമയ്ക്ക് കച്ചവടസൗകര്യങ്ങൾ നൽകിയില്ല. അതിനാൽ അദ്ദേഹം കണ്ണൂരിലെത്തി. അവിടെനിന്ന് ആവശ്യമായ വിഭവങ്ങൾ ശേഖരിച്ച് പോർച്ചുഗലിലേക്ക് തിരിച്ചുപോയി.



വാസ്കോഡഗാമയെ തുടർന്ന് അൽമേഡ, അൽബുക്കർക്ക് തുടങ്ങിയ പോർച്ചുഗീസുകാർ വാണിജ്യത്തിനായി ഇവിടെയെത്തി. ഗോവ, ദാമൻ, ദിയു എന്നിവയായിരുന്നു ഇവരുടെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ. തൃശൂർ ജില്ലയിലെ കോട്ടപ്പുറംകോട്ടയും കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ടയും നിർമ്മിച്ചത് പോർച്ചുഗീസുകാരാണ്. ഇവരെ "പറങ്കികൾ" എന്നാണ് വിളിച്ചിരുന്നത്. നമ്മുടെ നാട്ടിൽ കാണുന്ന പൈനാപ്പിൾ, പേരയ്ക്ക, പപ്പായ, വറ്റൽമുളക്, കശുവണ്ടി, പുകയില തുടങ്ങിയ കാർഷിക വിളകൾ ഇവിടെ കൊണ്ടുവന്നത് പോർച്ചുഗീസുകാരാണ്. അച്ചടിയന്ത്രം പ്രചരിച്ചതും ചവിട്ടുനാടകം എന്ന കലാരൂപം വികസിച്ചതും പോർച്ചുഗീസ് ബന്ധത്തിന്റെ ഫലമായാണ്.



ചവിട്ടുനാടകം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഇന്ത്യയിൽ കൂടുതൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പോർച്ചുഗീസുകാർക്ക് കഴിഞ്ഞില്ല. അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.




സെന്റ് ആഞ്ചലോ കോട്ട

- മറ്റ് യൂറോപ്യൻ ശക്തികളുമായി മത്സരിക്കാനുള്ള സാമ്പത്തികവും സൈനികവുമായ ശേഷി അവർക്കുണ്ടായിരുന്നില്ല.
- പ്രാദേശികമായ ചെറുത്തുനിൽപ്പുകൾ നേരിടേണ്ടിവന്നു.

മലബാർതീരം കേന്ദ്രീകരിച്ച് പോർച്ചുഗീസുകാർക്കെതിരെ നടന്ന ചെറുത്തുനിൽപ്പുകൾക്ക് നേതൃത്വം കൊടുത്തത് കുഞ്ഞാലിമരയ്ക്കാർമാർ ആയിരുന്നു. സാമൂതിരിയുടെ നാവികപ്പടയുടെ തലവന്മാരായിരുന്നു കുഞ്ഞാലിമരയ്ക്കാർമാർ.

പോർച്ചുഗീസുകാരുമായുള്ള ഇന്ത്യയുടെ കച്ചവടബന്ധങ്ങൾ ഏതെല്ലാം മേഖലയിലാണ് സ്വാധീനം ചെലുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി ലഘുകുറിപ്പ് തയ്യാറാക്കുക.

## ഡച്ചുകാർ



HORTI MALABARICI
PARS UNDECIMA.
DE
HERBIS
ET DIVERSIS ILLARUM
SPECIEBUS
HENRICUM VAN RHEDE TOT DRAKESTEIN
ABRAHAMUS A POOT M.D.
JOANNES COMMELINUS

കച്ചവടത്തിനായി യൂറോപ്പിൽനിന്ന് ഇന്ത്യയിലെത്തിയ മറ്റൊരു വിഭാഗമായിരുന്നു ഡച്ചുകാർ. കൊച്ചി, കൊല്ലം എന്നിവയായിരുന്നു അവരുടെ പ്രധാന വാണിജ്യകേന്ദ്രങ്ങൾ.

നമ്മുടെ നാട്ടിലെ ഔഷധസസ്യങ്ങളെപ്പറ്റി പരാമർശിക്കുന്ന ഹോർത്തൂസ് മലബാറിക്കസ് എന്ന പുസ്തകം തയ്യാറാക്കാൻ മുൻകൈയെടുത്തത് ഡച്ചുകാരനായ വാൻറീഡ് ആണ്. ഡച്ചു ഗവർണ്ണറായിരുന്നു ഇദ്ദേഹം. മലയാളിയായ ഇട്ടി അച്ചുതൻ വൈദ്യരുടെ സഹായത്തോടെയാണ് ഈ കൃതി തയ്യാറാക്കിയത്.

കച്ചവടം സംബന്ധിച്ച തർക്കങ്ങളുടെ ഫലമായി തിരുവിതാംകൂറിലെ രാജാവായ മാർത്താണ്ഡവർമ്മയുമായി ഡച്ചുകാർ യുദ്ധം ചെയ്തു. 1741-ൽ കുളച്ചലിൽ വച്ചു നടന്ന യുദ്ധത്തിൽ ഡച്ചുകാർ പരാജയപ്പെട്ടു. ഇതോടെ ഇന്ത്യയിൽ ഡച്ചുകാരുടെ അടിത്തറ നഷ്ടമായി. ഡച്ചുകാരെ ‘ലന്തക്കാർ’ എന്നു വിളിച്ചിരുന്നു.

ഹോർത്തൂസ് മലബാറിക്കസിനെപ്പറ്റി മനസ്സിലാക്കിയല്ലോ. നിങ്ങളുടെ പ്രദേശത്തുള്ള ഔഷധസസ്യങ്ങളെപ്പറ്റിയുള്ള നാട്ടറിവുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

## ഇംഗ്ലീഷുകാരുടെ വരവ്

ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളുമായി കച്ചവടം നടത്താൻ വേണ്ടി 1600 ൽ ലണ്ടനിൽ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനി രൂപീകരിച്ചു. കമ്പനിയുടെ ഇന്ത്യയിലെ ആദ്യത്തെ വാണിജ്യകേന്ദ്രം ഗുജറാത്തിലെ സൂറത്ത് ആയിരുന്നു. മദ്രാസ് (ചെന്നൈ), കൽക്കത്ത (കൊൽക്കത്ത), ബോംബെ (മുംബൈ) എന്നിവിടങ്ങളിലും അവർ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിച്ചു.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഫ്രഞ്ച് വാണിജ്യബന്ധങ്ങൾ

1664-ൽ ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യ കമ്പനി സ്ഥാപിച്ചു. ഇതോടെ കച്ചവടലക്ഷ്യവുമായി ഫ്രഞ്ചുകാർ ഇന്ത്യയിലെത്തി. പോണ്ടിച്ചേരി (പുതുച്ചേരി), മാഹി, കാരയ്ക്കൽ തുടങ്ങിയവയായിരുന്നു അവരുടെ പ്രധാന കച്ചവടകേന്ദ്രങ്ങൾ. അവരുടെ പ്രവർത്തനങ്ങളുടെ ആസ്ഥാനം പോണ്ടിച്ചേരി ആയിരുന്നു.




മുകളിൽ കൊടുത്തിരിക്കുന്ന ഇന്ത്യയുടെ രൂപരേഖ നിരീക്ഷിച്ച് വിവിധ യൂറോപ്യൻ രാജ്യങ്ങളുടെ വാണിജ്യകേന്ദ്രങ്ങളായിരുന്ന സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുക. ഈ വാണിജ്യകേന്ദ്രങ്ങൾക്ക് എന്തെങ്കിലും പൊതുവായ സവിശേഷത നിങ്ങൾ കാണുന്നുണ്ടോ? ഈ കേന്ദ്രങ്ങൾ ഇപ്പോൾ ഇന്ത്യയിലെ ഏതെല്ലാം സംസ്ഥാനങ്ങളിലാണെന്ന് കണ്ടെത്തു.

## കച്ചവടാധിപത്യത്തിനുവേണ്ടിയുള്ള മത്സരം

യൂറോപ്യൻ രാജ്യങ്ങൾ ഇന്ത്യയിൽ കച്ചവടാധിപത്യം നേടാൻവേണ്ടി പരസ്പരം മത്സരിച്ചു. പോർച്ചുഗീസുകാരും ഡച്ചുകാരും തുടക്കത്തിലേ പരാജയപ്പെട്ടു. പിന്നീട്, ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിലായി മത്സരം. അവർ തമ്മിൽ നടത്തിയ മത്സരത്തെ കർണാട്ടിക് യുദ്ധങ്ങൾ എന്നു വിളിക്കുന്നു. ഈ യുദ്ധത്തിൽ ഫ്രഞ്ചുകാർ പരാജയപ്പെട്ടു.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി അധികാരത്തിലേക്ക്

വാണിജ്യാധിപത്യത്തിനുവേണ്ടിയുള്ള മത്സരത്തിൽ വിജയിച്ച ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ അടുത്ത ലക്ഷ്യം അധികാരം നേടുക എന്നതായിരുന്നു. ബംഗാളിലായിരുന്നു കമ്പനി ആദ്യമായി അധികാരം നേടിയത്. കാർഷിക സമൃദ്ധിയും കച്ചവടസൗകര്യങ്ങളുമാണ് ബംഗാളിൽ അധികാരം നേടാൻ കമ്പനിയെ പ്രേരിപ്പിച്ചത്. 1757-ൽ ബംഗാളിലെ നവാബായിരുന്ന സിറാജ്-ഉദ്-ദൗലയെ പ്ലാസിയുദ്ധത്തിൽ ബ്രിട്ടീഷുകാർ പരാജയപ്പെടുത്തി. 1764-ലെ ബക്സാർ യുദ്ധവും വിജയിച്ചതോടെ ബംഗാൾ കമ്പനിയുടെ കീഴിലായി.




ബംഗാളിൽ അധികാരം നേടാൻ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന യുദ്ധങ്ങളുടെ പ്രധാനവേദി ഇന്നത്തെ തമിഴ്നാടിന്റെ ഭൂരിപക്ഷ മേഖലകൾ ഉൾപ്പെട്ട കർണാട്ടിക്ക് പ്രദേശങ്ങളായിരുന്നു. അതുകൊണ്ടാണ് അവർ തമ്മിൽ നടന്ന യുദ്ധങ്ങളെ കർണാട്ടിക്ക് യുദ്ധങ്ങൾ എന്ന് വിളിക്കുന്നത്.



### പ്ലാസിയും ബക്സാറും

സിറാജ്-ഉദ്-ദൗലയുടെ സൈന്യാധിപനായിരുന്ന മിർജാഫറുമായി ബ്രിട്ടീഷ് സൈന്യാധിപനായിരുന്ന റോബർട്ട് ക്ലൈവ് ഉണ്ടാക്കിയ രഹസ്യധാരണയിലൂടെയാണ് പ്ലാസിയുദ്ധത്തിൽ ബ്രിട്ടീഷുകാർ വിജയിച്ചത്. എന്നാൽ ബക്സാറിലേത് സൈനികശക്തിയുടെ വിജയമായിരുന്നു. ഷാ ആലം രണ്ടാമൻ (മുഗൾ ചക്രവർത്തി), ഷൂജാ- ഉദ്-ദൗല (അവധിലെ നവാബ്), മിർകാസിം (മുൻ ബംഗാൾ നവാബ്) എന്നിവരുടെ സംയുക്ത സൈന്യത്തെയാണ് ബ്രിട്ടീഷുകാർ പരാജയപ്പെടുത്തിയത്.



ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങൾ (ബക്സാർ യുദ്ധത്തിനുശേഷം)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ആധിപത്യം വ്യാപിക്കുന്നു


മൈസൂർ ആയിരുന്നു ബ്രിട്ടീഷ് അധീനതയിലായ മറ്റൊരു പ്രദേശം. ദക്ഷിണേന്ത്യയിലെ പ്രധാന നാട്ടുരാജ്യമായിരുന്നു മൈസൂർ. ഹൈദർ അലിയുടെയും ടിപ്പുസുൽത്താന്റെയും നേതൃത്വത്തിൽ മൈസൂർ പ്രബലശക്തിയായി. മൈസൂറിന്റെ ആധിപത്യം മലബാറിലേക്ക് വ്യാപിച്ചിരുന്നു. ഇത് ബ്രിട്ടീഷുകാരുടെ മലബാറിലെ കച്ചവടത്തിന് തടസ്സമായി. ഫ്രഞ്ചുകാരുമായി ടിപ്പു സുൽത്താനുണ്ടായ സൗഹൃദവും മൈസൂർ കീഴടക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചു. ബ്രിട്ടീഷുകാർക്കെതിരെ ധീരമായി പോരാടിയ ടിപ്പുസുൽത്താൻ നാലാമത്തെ മൈസൂർ യുദ്ധത്തിൽ മരണം വരിച്ചു. മൈസൂർയുദ്ധങ്ങളിലൂടെ മലബാർ, കൂർഗ് എന്നീ പ്രദേശങ്ങൾ ബ്രിട്ടീഷ് ആധിപത്യത്തിലായി.



ടിപ്പുസുൽത്താൻ

### ശ്രീരംഗപട്ടണം ഉടമ്പടി

മൈസൂരിൽ ആധിപത്യം സ്ഥാപിക്കാൻ ബ്രിട്ടീഷുകാർക്ക് നാല് യുദ്ധങ്ങൾ നടത്തേണ്ടി വന്നു. മൂന്നാം മൈസൂർ യുദ്ധത്തിനുശേഷം ടിപ്പുസുൽത്താനുമായി ശ്രീരംഗപട്ടണത്തു വച്ച് ഒപ്പുവച്ച ഉടമ്പടി അനുസരിച്ചാണ് മലബാർ ബ്രിട്ടീഷുകാർക്ക് ലഭിച്ചത്.



ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങൾ (19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ)



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com

മറാത്ത പ്രദേശമായിരുന്നു ബ്രിട്ടീഷുകാരുടെ അടുത്ത ലക്ഷ്യം. മറാത്തികൾ ബ്രിട്ടീഷുകാരുടെ പരുത്തിക്കച്ചവടത്തിന് തടസ്സങ്ങൾ സൃഷ്ടിച്ചു. ഇത് മറാത്താപ്രദേശം കീഴടക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ചു. താമസിയാതെ സിന്ധ്, പഞ്ചാബ്, അവധ് എന്നീ നാട്ടുരാജ്യങ്ങളും അവർ കീഴടക്കി.

സൈനികശക്തി ഉപയോഗിച്ച് പ്രബലരായ നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷുകാർ കീഴടക്കിയത് എങ്ങനെയെന്ന് നാം കണ്ടു. കീഴടക്കിയ പ്രദേശങ്ങൾ ബ്രിട്ടീഷ് ഭരണത്തിനു കീഴിലായി. മറ്റുചില നാട്ടുരാജ്യങ്ങളെ ഉടമ്പടികൾവഴിയും നിയമനിർമ്മാണംവഴിയുമാണ് അവർ വരുതിയിലാക്കിയത്. വെല്ലസ്ലിപ്രഭു നടപ്പിലാക്കിയ 'സൈനികസഹായ വ്യവസ്ഥ', ഡൽഹൗസിപ്രഭു കൊണ്ടുവന്ന 'ദത്തവകാശനിരോധനനിയമം' എന്നിവ നാട്ടുരാജ്യങ്ങളെ വരുതിയിലാക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.



സൈനികസഹായ വ്യവസ്ഥയിൽ ഹൈദരാബാദ്, തഞ്ചാവൂർ, ഇൻഡോർ തുടങ്ങിയ നാട്ടുരാജ്യങ്ങൾ ഒപ്പുവച്ചു



ബ്രിട്ടീഷ് അധീനതയിലുള്ള പ്രദേശങ്ങൾ (1857-ൽ)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




ദത്തവകാശനിരോധന നിയമത്തിലൂടെ സാമ്പൽപൂർ, സത്താറ, ഉദയ്പൂർ, ഝാൻസി, നാഗ്പൂർ എന്നീ നാട്ടുരാജ്യങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചെടുത്തു.

സൈനികസഹായവ്യവസ്ഥയിൽ ചേരുന്ന രാജ്യത്തിന് കമ്പനി സുരക്ഷ ഉറപ്പു നൽകിയിരുന്നു. എന്നാൽ ഈ രാജ്യങ്ങളുടെ ഭരണം യഥാർത്ഥത്തിൽ നടത്തിയത് കമ്പനിയുടെ പ്രതിനിധികളായിരുന്നു.

പുരുഷ അനന്തരാവകാശികളില്ലാത്ത നാട്ടുരാജാക്കന്മാർ കുട്ടികളെ ദത്തെടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. അവർക്ക് രാജാധികാരം ലഭിച്ചിരുന്നു. ഡൽഹൗസി പ്രഭു നടപ്പിലാക്കിയ ദത്തവകാശനിരോധനിയമം രാജാക്കന്മാരുടെ ഈ അവകാശത്തെ ഇല്ലാതാക്കി. പുരുഷ അനന്തരാവകാശി ഇല്ലാതെ ഒരു രാജാവ് മരിച്ചാൽ ആ രാജ്യം ബ്രിട്ടീഷിന്ത്യയോട് കൂട്ടിച്ചേർക്കാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നു.

നാട്ടുരാജ്യങ്ങളെ കീഴടക്കാൻ വ്യത്യസ്ത തന്ത്രങ്ങളാണ് ബ്രിട്ടീഷുകാർ സ്വീകരിച്ചത്. ഈ പ്രസ്താവന ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

1857 ആയപ്പോഴേക്കും ഇന്ത്യയുടെ ഭൂരിഭാഗം പ്രദേശങ്ങളും ബ്രിട്ടീഷ് അധീനതയിലായി. ബ്രിട്ടീഷ് അധീനതയിൽവന്ന പ്രദേശങ്ങളിൽ ഏകീകൃതഭരണം നടപ്പിലാക്കി.




കച്ചവടത്തിനായി രൂപീകരിച്ച ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യയിലെ ഭരണാധികാരികളായി മാറിയതെങ്ങനെ എന്നത് സംബന്ധിച്ച് ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സംഗ്രഹം

- കച്ചവടത്തിനായി ഇന്ത്യയിലെത്തിയ യൂറോപ്യൻ രാജ്യങ്ങളായിരുന്നു പോർച്ചുഗൽ, നെതർലാന്റ്സ്, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നിവ.
- ഈ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾ നമ്മുടെ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക രാഷ്ട്രീയ മേഖലകളെ സ്വാധീനിച്ചു.
- കച്ചവടാധിപത്യത്തിനുവേണ്ടി ഈ രാജ്യങ്ങൾ നടത്തിയ മത്സരത്തിൽ വിജയിച്ചത് ഇംഗ്ലണ്ടായിരുന്നു.
- യുദ്ധങ്ങളിലൂടെയും ഉടമ്പടികളിലൂടെയും നാട്ടുരാജ്യങ്ങളെ വരുതിയിലാക്കിയ ബ്രിട്ടീഷുകാർ ഇന്ത്യയിലെ ഭരണാധികാരികളായി മാറി.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഇന്ത്യയിലേക്ക് കടൽമാർഗ്ഗം വാണിജ്യപാത കണ്ടെത്തിയതോടെ പോർച്ചുഗൽ, നെതർലാന്റ്സ്, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ നിന്ന് കച്ചവടക്കാർ ഇവിടെ എത്തിയെന്ന് വിലയിരുത്തുന്നു.
- കച്ചവടക്കുത്തക നേടിയ ഇംഗ്ലീഷുകാർ ഇവിടെ രാഷ്ട്രീയാധികാരം സ്ഥാപിച്ചതെങ്ങനെയെന്ന് വിശദമാക്കുന്നു.
- സൈനികശക്തികളും ഉടമ്പടികളുംവഴി ഇംഗ്ലീഷുകാർ നാട്ടുരാജ്യങ്ങളുടെമേൽ ആധിപത്യം ഉറപ്പിച്ചുവെന്ന് വ്യക്തമാക്കുന്നു.

## വിലയിരുത്താം

1. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കിയത് ഇന്ത്യയിലേക്ക് കടൽമാർഗ്ഗം വാണിജ്യപാത കണ്ടെത്താൻ യൂറോപ്യൻമാരെ പ്രേരിപ്പിച്ചു. എന്തുകൊണ്ട്?
2. ഇന്ത്യയിൽ കൂടുതൽ വാണിജ്യകേന്ദ്രങ്ങൾ സ്ഥാപിക്കാൻ പോർച്ചുഗീസുകാർക്ക് കഴിഞ്ഞില്ല. കാരണം വ്യക്തമാക്കുക.
3. പോർച്ചുഗീസ് ബന്ധങ്ങൾ നമ്മുടെ സാമ്പത്തിക സാംസ്കാരിക മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. പ്രസ്താവന വിലയിരുത്തുക.
4. കുഞ്ഞാലിമരയ്ക്കാർമാർ ആരായിരുന്നു? ഇന്ത്യാചരിത്രത്തിൽ ഇവരുടെ പ്രാധാന്യം വിലയിരുത്തുക.
5. കർണാട്ടിക് യുദ്ധത്തിൽ ഫ്രഞ്ചുകാർ പരാജയപ്പെടാനുണ്ടായ കാരണങ്ങൾ പരിശോധിക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

6. കാലഗണനയനുസരിച്ച് ക്രമപ്പെടുത്തുക.

- പ്ലാസിയുദ്ധം
- കുളച്ചൽയുദ്ധം
- ഡച്ചുകാർ ഇന്ത്യയിൽ കച്ചവടത്തിനെത്തി
- വാസ്കോഡഗാമ കോഴിക്കോട്ട് എത്തി
- ഫ്രഞ്ചുകാർ ഇന്ത്യയിൽ കച്ചവടത്തിനെത്തി

7. 'എ' വിഭാഗത്തിലെ രണ്ട് ഘടകങ്ങളുടെയും പരസ്പരബന്ധം കണ്ടെത്തി അതുപോലെ 'ബി' വിഭാഗത്തിലെ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

| | | | |
|---|---|---|---|
| എ | ഗോവ | ⟶ | പോർച്ചുഗീസ് |
| ബി | പോണ്ടിച്ചേരി | ⟶ | ............................ |
| എ | സൈനികസഹായവ്യവസ്ഥ | ⟶ | വെല്ലസ്ലി പ്രഭു |
| ബി | ദത്തവകാശനിരോധനനിയമം | ⟶ | ............................ |



## തുടർപ്രവർത്തനങ്ങൾ

1. ഇന്ത്യയിൽ കച്ചവടത്തിനായി എത്തിയ യൂറോപ്യൻ രാജ്യങ്ങളെ ലോകഭൂപടത്തിൽ കണ്ടെത്തി നിറം കൊടുക്കുക.
2. യൂറോപ്യൻമാർ ഇന്ത്യയിൽ നിർമ്മിച്ച കോട്ടകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുക. ഏതെങ്കിലും ഒരു കോട്ട സന്ദർശിച്ച് വിവരണം തയ്യാറാക്കുക.
3. പോർച്ചുഗീസ് ബന്ധങ്ങളുടെ ഫലമായി മലയാളഭാഷയിൽ രൂപപ്പെട്ട പദങ്ങൾ കണ്ടെത്തി ഒരു ചാർട്ട് തയ്യാറാക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 3 ചെറുത്തുനിൽപ്പുകളും ഒന്നാം സ്വാതന്ത്ര്യ സമരവും



## നഗോഡകളുടെ പെരുവിരൽ

ബംഗാളിലെ പട്ടുനൂൽ കൃഷിക്കാരായിരുന്നു നഗോഡകൾ. അവരുണ്ടാക്കുന്ന പട്ടുനൂൽ തേടി വിവിധ നാടുകളിൽനിന്ന് നെയ്ത്തുകാരെത്തിയിരുന്നു. ബംഗാളിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണം സ്ഥാപിച്ചതോടെ കമ്പനി ഉദ്യോഗസ്ഥന്മാർ നഗോഡകളെ ചൂഷണം ചെയ്യാൻ തുടങ്ങി. കുറഞ്ഞ വേതനത്തിന് അവരെക്കൊണ്ട് നെയ്ത്തുജോലി ചെയ്യിപ്പിച്ചു. ഉപജീവനത്തിന് മറ്റു മാർഗ്ഗങ്ങൾ തേടാൻ സാധിക്കാത്തവിധത്തിൽ കമ്പനിയുടെ തൊഴിലാളികളാക്കി അവരെ മാറ്റി. അടിമകൾക്ക് തുല്യമായ ജീവിതം! കമ്പനി ഉദ്യോഗസ്ഥരുടെ തീരുമാനം അംഗീകരിക്കാത്തവരെ ക്രൂരമായി മർദ്ദിച്ചു. വസ്തുവകകൾ പിടിച്ചെടുത്തു. ജീവിതം വഴിമുട്ടിയ നഗോഡകൾ കുലത്തൊഴിൽ ഉപേക്ഷിക്കാൻ തീരുമാനിച്ചു. അതിനവർ കണ്ടെത്തിയ മാർഗ്ഗം സ്വന്തം പെരുവിരൽ മുറിച്ചുമാറ്റുക എന്നതായിരുന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

നഗോഡകളുടെ കഥ വായിച്ചല്ലോ. ഇത് ഒറ്റപ്പെട്ട സംഭവമായിരുന്നില്ല. പരമ്പരാഗതതൊഴിലുകളിൽ ഏർപ്പെട്ടിരുന്ന എല്ലാ വിഭാഗങ്ങളെയും കമ്പനിഭരണം ബാധിച്ചിരുന്നു. അതിനെതിരെ ശക്തമായ രീതിയിൽ വ്യത്യസ്ത രൂപത്തിലുള്ള ചെറുത്തുനിൽപ്പുകൾ ഉയർന്നുവന്നു.

ഏതെല്ലാം വിഭാഗങ്ങളായിരുന്നു കമ്പനിഭരണത്തിന്റെ ചൂഷണങ്ങൾക്ക് ഇരയായത്?

- കർഷകർ
- നെയ്ത്തുകാർ
- കൈത്തൊഴിലുകാർ
- ഗോത്രവർഗ്ഗക്കാർ

## കർഷകർക്കെതിരെ

ബംഗാൾ കീഴടക്കിയതോടെ കമ്പനിയുടെ ശ്രദ്ധ സമ്പന്നമായ കാർഷികമേഖലയിലേക്ക് തിരിഞ്ഞു. ഈ മേഖലയിൽനിന്ന് പരമാവധി സമ്പത്ത് കൊള്ളയടിക്കുകയായിരുന്നു അവരുടെ ലക്ഷ്യം.

അതിനായി അവരെന്തെല്ലാമാണ് ചെയ്തത്?

- കർഷകർക്കുമേൽ അമിതമായ നികുതിഭാരം അടിച്ചേൽപ്പിച്ചു
- വരൾച്ചയോ വെള്ളപ്പൊക്കമോമൂലം കൃഷി നശിച്ചാലും നികുതി ഇളവുകൾ നൽകിയിരുന്നില്ല
- നികുതി പിരിച്ചെടുക്കാൻ ഇടനിലക്കാരെ (ജമീന്ദാർമാർ) ചുമതലപ്പെടുത്തി
- നികുതി പണമായിത്തന്നെ നൽകണമെന്നുള്ള വ്യവസ്ഥ കൊണ്ടുവന്നു
- പണത്തിനായി കർഷകർ പണം പലിശയ്ക്ക് കൊടുക്കുന്നവരെ (സാഹുക്കാർ) ആശ്രയിക്കേണ്ടിവന്നു

ബംഗാളിലെ മണ്ണ് പരുത്തി, ചണം, നീലം എന്നിവ കൃഷിചെയ്യാൻ ഏറ്റവും അനുയോജ്യമാണെന്ന് കമ്പനി കണ്ടെത്തി. പരുത്തിയും ചണവും നീലവും ഇംഗ്ലണ്ടിലെ വ്യവസായശാലകൾക്കാവശ്യമായ പ്രധാന അസംസ്കൃത വസ്തുക്കളായിരുന്നു. അതുകൊണ്ട് പരുത്തിയുടെയും ചണത്തിന്റെയും കൃഷി വ്യാപിപ്പിക്കാൻ അവർ തീരുമാനിച്ചു. ഇതിനായി കർഷകരെ നിർബന്ധിച്ചു. പരമ്പരാഗതമായി ഭക്ഷ്യവിളകൾമാത്രം ഉൽപ്പാദിപ്പിച്ചിരുന്ന കൃഷിയിടങ്ങൾ പരുത്തിയുടെയും ചണത്തിന്റെയും നീലത്തിന്റെയും തോട്ടങ്ങളായിമാറി. കർഷകർക്ക് കൃഷിയിടങ്ങൾ നഷ്ടപ്പെടുകയും അവർ തൊഴിലാളികളായി മാറുകയും ചെയ്തു.


പരുത്തിക്കൃഷി


ചണക്കൃഷി

ബംഗാളിലെ ഭരണം കമ്പനിയുടെ അധീനതയിലായതോടെ വിവിധ വിഭാഗങ്ങൾ അനുഭവിച്ച ദുരിതങ്ങൾ സംബന്ധിച്ച് ക്ലാസിൽ സെമിനാർ സംഘടിപ്പിക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഗോത്രജനതയ്ക്കെതിരെ

കമ്പനിയുടെ ഇടപെടൽ കാർഷികമേഖലയിൽ മാത്രമായിരുന്നില്ല. ഇന്ത്യയിലെ വനസമ്പത്ത് കൊള്ളയടിക്കുക എന്ന ലക്ഷ്യത്തോടുകൂടി അവർ വനനിയമങ്ങൾ ആവിഷ്ക്കരിച്ചു. ഈ നിയമങ്ങൾ മുഖേന വനങ്ങൾ പൂർണ്ണമായി കമ്പനിയുടെ അധീനതയിലായി. പരമ്പരാഗതമായി വനങ്ങളെ ആശ്രയിച്ച് ജീവിച്ചിരുന്ന ഗോത്രജനതയെ ഇത് പ്രതികൂലമായി ബാധിച്ചു. അതോടെ ഗോത്രജനതയുടെ വനവിഭവശേഖരണവും പരമ്പരാഗത കൃഷിരീതികളും തടസ്സപ്പെട്ടു.



### റെയിൽവെയുടെ തുടക്കം



ഇന്ത്യയിൽ റെയിൽവെ ആരംഭിക്കുന്നത് 1853 ഏപ്രിൽ 16-നാണ്. അന്ന് വൈകുന്നേരം 3.35-നാണ് ബോംബെയിൽനിന്ന് താനെയിലേക്കുള്ള ആദ്യ തീവണ്ടി കൂകിപ്പാഞ്ഞത്. 14 കോച്ചുകളുള്ള ഈ വണ്ടിയിൽ 400 യാത്രക്കാർ ഉണ്ടായിരുന്നു. 1861 മാർച്ചിൽ തിരൂരിൽനിന്ന് ബേപ്പൂരിലേക്ക് കേരളത്തിലെ ആദ്യത്തെ തീവണ്ടി ഓടി.

ഗോത്രജനതയുടെ ആവാസമേഖല ധാതുനിക്ഷേപങ്ങളാൽ സമ്പന്നമായിരുന്നു. ഇവ ചൂഷണം ചെയ്യുന്നതിനായി റോഡ്, റെയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഇത് ഗോത്രജനതയുടെ ജീവിതം ദുസ്സഹമാക്കി.

കമ്പനിയുടെ വനനിയമങ്ങൾ ഗോത്രജനതയുടെ ജീവിതത്തെ എങ്ങനെയൊക്കെ ബാധിച്ചു എന്ന് ചർച്ചചെയ്യു.

## നെയ്ത്തുകാർക്കെതിരെ

കമ്പനിഭരണകാലത്ത് ഇന്ത്യയിൽ പരുത്തിക്കൃഷി വ്യാപകമായി എന്ന് നാം മനസ്സിലാക്കിയല്ലോ. എന്നാൽ അക്കാലത്ത് ഇന്ത്യയിൽ നിലനിന്നിരുന്ന കൈത്തറിമേഖല തകർച്ചയെ നേരിട്ടു. എന്തുകൊണ്ടായിരിക്കാം കൈത്തറിമേഖല തകർന്നത്? നമുക്ക് പരിശോധിക്കാം.

- അസംസ്കൃതവസ്തുവായ പരുത്തി ബ്രിട്ടനിലേക്ക് കയറ്റി അയച്ചു.
- ബ്രിട്ടനിലെ യന്ത്രനിർമ്മിതങ്ങളായ വിലകുറഞ്ഞ തുണിത്തരങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു.
- ഇന്ത്യൻ നിർമ്മിത തുണിത്തരങ്ങൾക്ക് ഉയർന്ന നികുതി ചുമത്തി.

ഇക്കാരണങ്ങളാൽ കൈത്തറിമേഖലയിൽ നിരവധി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു.

നഗോഡകളുടെ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ അന്നത്തെ നെയ്ത്തുകാരുടെ പൊതുപ്രശ്നങ്ങൾ വിശദീകരിക്കുന്ന സ്കിറ്റ് തയ്യാറാക്കുക.

## കലാപങ്ങളിലേക്ക്

കമ്പനിഭരണത്തിന്റെ ഫലമായി ഉപജീവനമാർഗ്ഗങ്ങൾ ഇല്ലാതായ വിഭാഗങ്ങൾ ഏതെല്ലാമെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഈ ജനവിഭാഗങ്ങൾ കമ്പനിക്ക് എതിരെയും അവരുടെ ഇടനിലക്കാരായിനിന്ന ജമീന്ദാർമാർക്കെതിരെയും കലാപങ്ങൾക്ക് തുടക്കമിട്ടു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

സംഘടിത സ്വഭാവമുണ്ടായിരുന്നില്ലെങ്കിലും ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ ഇത്തരം ചെറുത്തുനിൽപ്പുകൾ നടന്നിരുന്നു.

കമ്പനിഭരണം സ്ഥാപിതമായതോടൊപ്പംതന്നെ കാർഷിക കലാപങ്ങളും ആരംഭിച്ചു. ഇതിന് തെളിവാണ് 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബംഗാളിൽ നടന്ന സന്ന്യാസി കലാപവും ഫക്കീർ കലാപവും.

19-ാം നൂറ്റാണ്ടിൽ മലബാറിൽ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പാട്ടക്കുടിയാന്മാരായ മാപ്പിളമാരായിരുന്നു ഈ കലാപങ്ങൾക്ക് നേതൃത്വം കൊടുത്തത്. ഈ കലാപങ്ങളെ മാപ്പിളകലാപങ്ങൾ എന്നു വിളിക്കുന്നു. ഇതേ കാലയളവിൽ ബംഗാളിൽ സമാനസ്വഭാവത്തിലുള്ള കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഇവ ഫറാസി കലാപങ്ങൾ എന്നാണറിയപ്പെടുന്നത്.

കർഷകരെ കൂടാതെ ഗോത്രവർഗ്ഗക്കാരും കമ്പനിക്കെതിരെ കലാപത്തിലേർപ്പെട്ടു. ഇത്തരത്തിൽ കലാപത്തിനിറങ്ങിയ ഗോത്രവിഭാഗങ്ങളാണ്:

- മറാത്തയിലെ ഭീലുകൾ
- അഹമ്മദ്നഗറിലെ കോലികൾ
- ഛോട്ടാനാഗ്പൂരിലെ കോളുകൾ
- രാജ്മഹൽകുന്നിലെ സാന്താൾമാർ
- വയനാട്ടിലെ കുറിച്യർ

## സാന്താൾ കലാപം

ബംഗാൾ പ്രവിശ്യയിലെ രാജ്മഹൽ കുന്നുകളിലായിരുന്നു സാന്താൾ ഗോത്രജനത താമസിച്ചിരുന്നത്. കൊള്ളപ്പലിശക്കാരുടെയും കമ്പനി ഉദ്യോഗസ്ഥൻമാരുടെയും ചൂഷണത്തിനിരയായ ഗോത്രജനത നടത്തിയ കലാപമാണ് സാന്താൾ കലാപം. രാജ്മഹൽ കുന്നുകളെ നിണമണിയിച്ച ഈ കലാപത്തിൽ 15000-ത്തിലധികം സാന്താൾ ജനതയാണ് ജീവൻ ബലിയർപ്പിച്ചത്. സിദ്ദുവും കാൻഹുവും ആയിരുന്നു ഈ കലാപത്തിന് നേതൃത്വം കൊടുത്തത്.



**ഒരു സാന്താൾ ഗോത്രഗീതം**

സിദ്ദോ, നീയെന്താണിങ്ങനെ
രക്തത്തിൽക്കുളിച്ചിരിക്കുന്നത്?
കാൻഹു, നീയെന്താണിങ്ങനെ
ഹൂൾ ഹൂൾ എന്നലറുന്നത്?
ഈ കച്ചവടക്കാർ, കള്ളന്മാർ
മണ്ണില്ലാത്തവരാക്കി നമ്മെ.
നമ്മുടെ ജനതയ്ക്കായി
നമ്മൾ രക്തത്തിൽക്കുളിച്ചിരിക്കുന്നു.

അവലംബം:
Ranajith Guha
*Elementary Aspect of Peasant Insurgency*

സാന്താൾ ഗോത്രജനതയെ കലാപത്തിന് പ്രേരിപ്പിച്ച സാഹചര്യങ്ങൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കു.

അധികാരം നഷ്ടപ്പെട്ട നാട്ടുരാജാക്കന്മാരും ഭൂപ്രഭുക്കന്മാരുമാണ് കലാപത്തിനിറങ്ങിയ മറ്റൊരു വിഭാഗം. ഇത്തരം കലാപങ്ങൾക്ക് നേതൃത്വം കൊടുത്ത ചിലരാണ്:

- ഔധിലെ രാജാ ചെയ്ത്ത് സിങ്ങ്
- തിരുനെൽവേലിയിലെ വീരപാണ്ഡ്യ കട്ടബൊമ്മൻ


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- ശിവഗംഗയിലെ മരുതുപാണ്ഡ്യൻ
- മലബാറിലെ പഴശ്ശിരാജ
- കർണ്ണാടകയിലെ കിട്ടൂർ ചന്നമ്മ
- തിരുവിതാംകൂറിലെ വേലുത്തമ്പി
- കൊച്ചിയിലെ പാലിയത്തച്ചൻ

## കേരളത്തിലെ കലാപങ്ങൾ

ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന പ്രധാന ചെറുത്തുനിൽപ്പുകളിൽ ഒന്നായിരുന്നു പഴശ്ശിസമരങ്ങൾ. വടക്കെ മലബാറിലെ കോട്ടയം മേഖലയിൽ നികുതി പിരിക്കാനുള്ള അവകാശം തടഞ്ഞതാണ് പഴശ്ശിരാജയെ യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചത്. വയനാടൻ വനങ്ങൾ കേന്ദ്രീകരിച്ച് ബ്രിട്ടീഷുകാർക്കെതിരെ ഒളിപ്പോരാണ് പഴശ്ശിരാജ നടത്തിയത്.

തലയ്ക്കൽ ചന്തു, കൈതേരി അമ്പു, എടച്ചന കുങ്കൻ, അത്തൻ ഗുരുക്കൾ എന്നിവരുടെ നേതൃത്വത്തിലുള്ള പടയാളികളാണ് യുദ്ധത്തിൽ പഴശ്ശിരാജയെ സഹായിച്ചത്. എന്നാൽ പഴശ്ശിരാജയുടെ മരണത്തോടെ ഈ യുദ്ധം അവസാനിച്ചു.



### പഴശ്ശിയുടെ അവസാനയാത്ര...

*പഴശ്ശിരാജയുടെ മൃതദേഹം ഞാൻ സഞ്ചരിച്ച പല്ലക്കിലേക്കു മാറ്റി. രാജപത്നിയെ മറ്റൊന്നിൽ കയറ്റി. അടുത്ത ദിവസം മൃതദേഹം ശക്തമായ പട്ടാളക്കാവലോടെ മാനന്തവാടിക്കയച്ചു. മൃതശരീരത്തോടൊപ്പം അയച്ച ശിരസ്തദാർക്ക് എല്ലാ ബ്രാഹ്മണരെയും വിളിച്ചുവരുത്തി ശവസംസ്കാരം പാരമ്പര്യവിധിപ്രകാരം നടത്തണമെന്ന് നിർദേശം നൽകിയിരുന്നു. ഇങ്ങനെയൊരു ബഹുമതിക്ക് പഴശ്ശിരാജ അർഹനാണെന്ന് എനിക്ക് തോന്നി...*

**കണ്ണൂർ,** **ടി.എച്ച്.ബേബർ**
**1805 ഡിസംബർ 31.** **(സബ് കലക്ടർ, മലബാർ)**

ബ്രിട്ടീഷ്‌വിരുദ്ധ പോരാട്ടങ്ങൾക്ക് തിരുവിതാംകൂറിൽ നേതൃത്വം നൽകിയത് ദളവയായിരുന്ന വേലുത്തമ്പി ആയിരുന്നു. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയുടെ നിരന്തര ഇടപെടൽ ദളവയുടെ ഭരണം തടസ്സപ്പെടുത്തി. ഇത് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ തിരിയാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. കൊച്ചിയിലെ മന്ത്രിയായിരുന്ന പാലിയത്തച്ചൻ അദ്ദേഹത്തെ സഹായിച്ചു. 1809-ൽ കുണ്ടറയിൽ വച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ വേലുത്തമ്പി ആഹ്വാനം ചെയ്തു. ഇതാണ് വേലുത്തമ്പിയുടെ പ്രശസ്തമായ കുണ്ടറവിളംബരം. ബ്രിട്ടീഷുകാർ ആക്രമണം ശക്തിപ്പെടുത്തി അദ്ദേഹത്തിന്റെ നീക്കങ്ങൾ പരാജയപ്പെടുത്തി.

## 1857 – ലെ ഒന്നാം സ്വാതന്ത്ര്യസമരം

ഇന്ത്യയിലെ വിവിധ വിഭാഗങ്ങൾ നടത്തിയ ഒറ്റപ്പെട്ട ചെറുത്തുനിൽപ്പുകളെക്കുറിച്ച് നമ്മൾ മനസ്സിലാക്കിയല്ലോ. അവയെല്ലാം കമ്പനിപ്പട്ടാളം അടിച്ചമർത്തി.

1857-ൽ കമ്പനിയോട് കൂറുപുലർത്തിയിരുന്ന വിഭാഗങ്ങൾപോലും അവർക്കെതിരെ തിരിഞ്ഞു. കമ്പനിപ്പട്ടാളത്തിലെ ഇന്ത്യൻ സൈനികർ (ശിപ്പായിമാർ), ദത്തവകാശ നിരോധന നിയമത്തിന്റെ ഫലമായി അധികാരം നഷ്ടപ്പെടുമെന്നുറപ്പായ നാട്ടുരാജാക്കന്മാർ എന്നിവരായിരുന്നു സമരത്തിന് നേതൃത്വം കൊടുത്തത്.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ശിപ്പായിമാരുടെ ജീവിതം പരമദയനീയമായിരുന്നു.

- തുച്ഛമായ വേതനം
- ദീർഘനേരമുള്ള ജോലി
- അവധിയില്ലായ്മ
- അടിമകളോടെന്നപോലുള്ള മേലുദ്യോഗസ്ഥന്മാരുടെ പെരുമാറ്റം
- മോശമായ ഭക്ഷണം


മംഗൾ പാണ്ഡെ

മേൽപ്പറഞ്ഞ കാരണങ്ങളാൽ ശിപ്പായിമാർ അസംതൃപ്തരായിരുന്നു. ഈ അവസരത്തിലാണ് പട്ടാളക്കാർക്കിടയിൽ പുതിയതരം എൻഫീൽഡ് തോക്കുകൾ വിതരണം ചെയ്തത്. ഈ തോക്കിൽ ഉപയോഗിക്കേണ്ട തിര (വെടിയുണ്ട) സവിശേഷതയുള്ളതായിരുന്നു. അവ നിർമ്മിക്കുന്നതിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പുകൾ ഉപയോഗിച്ചിരുന്നെന്ന വാർത്ത പ്രചരിച്ചു. കൂടാതെ ശിപ്പായിമാർക്ക് വിതരണം ചെയ്തിരുന്ന റൊട്ടി എല്ലുപൊടി ചേർത്ത ഗോതമ്പുപൊടികൊണ്ടാണെന്ന വാർത്തയും പരന്നു. അതോടെ സൈനികർ പ്രകോപിതരാവുകയും കലാപത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ശിപ്പായികൾക്കിടയിൽ നിന്ന് ആദ്യമായി പ്രതിഷേധം ഉയർത്തിയത് മംഗൾ പാണ്ഡെ ആയിരുന്നു.


ബഹദൂർഷാ രണ്ടാമൻ

സൈനികമേധാവികൾക്കെതിരെ സംഘടിതമായ രീതിയിൽ കലാപങ്ങൾ ആരംഭിച്ചത് മീററ്റിലാണ്. കലാപത്തിനിറങ്ങിയ സൈനികർ ഡൽഹിയിൽ എത്തി അവസാനത്തെ മുഗൾ ഭരണാധികാരിയായിരുന്ന ബഹദൂർഷാ രണ്ടാമനെ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചു. കലാപം മീററ്റിൽ മാത്രമല്ല ഉത്തരേന്ത്യയുടെ പല ഭാഗങ്ങളിലും പൊട്ടിപ്പുറപ്പെട്ടു.

അധികാരം നഷ്ടപ്പെട്ട നാട്ടുരാജാക്കന്മാരും കലാപത്തിൽ പങ്കുചേർന്നു. കാൺപൂർ, ലക്നൗ, അലഹബാദ്, ഝാൻസി, ആര, ഫൈസാബാദ് തുടങ്ങിയ പ്രദേശങ്ങളിലേക്ക് കലാപം പടർന്നു.


നാനാ സാഹിബ്


താന്തിയാതോപ്പി


ബീഗം ഹസ്രത്ത്മഹൽ


ഝാൻസി റാണി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കാൺപൂരിൽ നാനാസാഹിബും താന്തിയാതോപ്പിയും, ഝാൻസിയിൽ റാണി ലക്ഷ്മിബായി, ലക്നൗവിൽ ബീഗം ഹസ്റത്ത് മഹൽ, ഫൈസാബാദിൽ മൗലവി അഹമ്മദുല്ല, ആരയിൽ കൻവർ സിങ്ങ് എന്നിവരായിരുന്നു സമരം നയിച്ചത്. എന്നാൽ ഈ കലാപം കമ്പനി അടിച്ചമർത്തി.

ബഹദൂർഷാ സഫറിനെ റങ്കൂണിലേക്ക് നാടുകടത്തി.

### ലഗ്താ നഹിഹൈ ജീ മേരാ

*'ജീവിതത്തിന്റെ പകൽ തീരാറായി*
*സന്ധ്യപടർന്നുതുടങ്ങിയിരിക്കുന്നു*
*ഇനി, ഇരുകാലുകളും നീട്ടി*
*ശവക്കല്ലറയിലുറങ്ങാം.*
*ജനിച്ചമണ്ണിൽ ലയിക്കാൻ*
*ആറടിപോലും ലഭിക്കാത്ത*
*സഫർ, നീ എത്ര നിർഭാഗ്യവാൻ.*

**ബഹദൂർഷാ സഫർ**

എന്തുകൊണ്ടായിരിക്കാം ഒന്നാം സ്വാതന്ത്ര്യസമരം പരാജയപ്പെട്ടത്? നമുക്ക് പരിശോധിക്കാം.

- ഉത്തരേന്ത്യയിൽ മിക്ക സ്ഥലങ്ങളിലും കലാപങ്ങൾ ഉണ്ടായെങ്കിലും ഇതിനൊരു സംഘടിത സ്വഭാവം ഉണ്ടായിരുന്നില്ല.
- കലാപകാരികളെ അപേക്ഷിച്ച് സൈനികശേഷിയും സംഘാടന മികവും മെച്ചപ്പെട്ട ആയുധങ്ങളും കമ്പനിക്കുണ്ടായിരുന്നു.
- ഇന്ത്യക്കാരിൽ എല്ലാ വിഭാഗങ്ങളുടെയും പിന്തുണ നേടുന്നതിൽ കലാപകാരികൾ പരാജയപ്പെട്ടു.
- ഇംഗ്ലീഷ്‌വിദ്യാഭ്യാസം നേടിയ ഇന്ത്യക്കാർ സമരത്തിനെതിരായിരുന്നു.
- സമ്പന്നരായ നാട്ടുരാജാക്കന്മാർ കമ്പനിക്കായിരുന്നു പിന്തുണ നൽകിയിരുന്നത്.

ഭൂപടം ശ്രദ്ധിച്ചല്ലോ.




1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- കലാപം നടന്ന പ്രധാന സ്ഥലങ്ങൾ കണ്ടെത്തൂ.
- അവ ഇന്ന് ഏതെല്ലാം സംസ്ഥാനങ്ങളിലാണെന്ന് പട്ടികപ്പെടുത്തൂ.

പ്രത്യക്ഷത്തിൽ സമരം പരാജയപ്പെട്ടെങ്കിലും കമ്പനിഭരണത്തിനെതിരെ നാടിന്റെ മോചനത്തിനായുള്ള ആദ്യത്തെ ബഹുജനസമരമായിരുന്നു അത്. അതുകൊണ്ടുതന്നെ ഈ സമരത്തെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരമായി കണക്കാക്കുന്നു.

കലാപത്തിന്റെ ഏറ്റവും വലിയ ശക്തി മതത്തിന് അതീതമായി ഇന്ത്യൻജനത ഉയർത്തിയ ഐക്യബോധമായിരുന്നു. ബഹദൂർഷായെ, 'ഷാഹിൻ-ഷായെ-ഹിന്ദുസ്ഥാൻ' (ഇന്ത്യയുടെ ചക്രവർത്തി) ആയി പ്രഖ്യാപിക്കാൻ ശിപ്പായിമാരെ പ്രേരിപ്പിച്ചത് ഈ ഐക്യമായിരുന്നു. മതസ്പർദ്ധ വളർത്താൻ ബ്രിട്ടീഷുകാർ നടത്തിയ ശ്രമങ്ങൾ കലാപകാലംവരെ വിജയിച്ചില്ല എന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

പട്ടിക പൂർത്തിയാക്കൂ.

| കലാപം നടന്ന സ്ഥലങ്ങൾ | നേതൃത്വം നൽകിയവർ |
|---|---|
| ഝാൻസി | റാണി ലക്ഷ്മിബായി |
| | |
| | |
| | |

## ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് രാജ്ഞിയുടെ കൈകളിലേക്ക്

1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം ഇന്ത്യയുടെ ഭരണസംവിധാനത്തിൽ മാറ്റംവരുത്തി. ബ്രിട്ടീഷ് രാജ്ഞിയുടെ 1858-ലെ വിളംബരത്തോടെ ഇംഗ്ലീഷ് ഈസ്റ്റിന്ത്യകമ്പനിയുടെ ഭരണം അവസാനിച്ചു. ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് രാജ്ഞിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായി.

'1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസിൽ സെമിനാർ സംഘടിപ്പിക്കുക.



## സംഗ്രഹം

- ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ നയങ്ങൾ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങളെ ദുരിതത്തിലാക്കി.
- യാതനകൾ നേരിട്ട കർഷകർ, കരകൗശലത്തൊഴിലാളികൾ, പ്രഭുക്കന്മാർ, ഗോത്രവർഗ്ഗക്കാർ, രാജാക്കന്മാർ എന്നിവർ ബ്രിട്ടീഷുകാർക്കെതിരെ കലാപങ്ങൾ നടത്തി.
- ഒന്നാം സ്വാതന്ത്ര്യ സമരത്തിനു ശേഷം ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഏറ്റെടുത്തു.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയങ്ങൾ ജനജീവിതം ദുരിതപൂർണ്ണമാക്കിയെന്ന് വ്യക്തമാക്കുന്നു.
- കർഷകർ, കരകൗശലത്തൊഴിലാളികൾ, ഗോത്രവർഗ്ഗക്കാർ, പ്രഭുക്കന്മാർ, രാജാക്കന്മാർ എന്നിവർ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ കലാപങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്നു.
- 1857-ൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ സവിശേഷത തിരിച്ചറിഞ്ഞ് പ്രസ്താവിക്കുന്നു.
- ഇന്ത്യയുടെ ഭരണം ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് ഗവൺമെന്റ് ഏറ്റെടുക്കാനുണ്ടായ സാഹചര്യം വിശദമാക്കുന്നു.

## വിലയിരുത്താം

1. താഴെ കൊടുത്ത പട്ടിക ഉചിതമായ രീതിയിൽ യോജിപ്പിക്കുക:

| എ | ബി |
|---|---|
| സാന്താൾ | തലയ്ക്കൽ ചന്തു |
| ബഹദൂർഷാ രണ്ടാമൻ | കാൺപൂർ |
| പഴശ്ശിരാജ | സിദ്ദുവും കാൻഹുവും |
| നാനാസാഹിബ് | ഡൽഹി |

2. ബ്രിട്ടീഷിന്ത്യയിൽ നടപ്പിലാക്കിയ വിവിധ നികുതി സമ്പ്രദായങ്ങൾമൂലം കർഷകർ നേരിട്ട ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുക.
3. ബ്രിട്ടീഷുകാരുടെ ഇറക്കുമതിനയം ബംഗാളിലെ വിവിധ ജനവിഭാഗങ്ങളെ എപ്രകാരമാണ് ബാധിച്ചത്?
4. 1857-ലെ സമരം ഇന്ത്യയിലെ ഭരണസംവിധാനത്തിൽ വരുത്തിയ മാറ്റം എന്തായിരുന്നു?

## തുടർപ്രവർത്തനങ്ങൾ

- കേരളത്തിലെ ചെറുത്തുനിൽപ്പ് സമരങ്ങളുടെയും 1857-ലെ സ്വാതന്ത്ര്യ സമരത്തിന്റെയും നേതാക്കളുടെ ചിത്രങ്ങൾ ഉൾക്കൊള്ളിച്ച് ആൽബം തയ്യാറാക്കുക.
- ഇന്ത്യയുടെ ഭൂപടത്തിൽ വിവിധ ചെറുത്തുനിൽപ്പ് സമരങ്ങൾ നടന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 4 ഇന്ത്യ പുതുയുഗത്തിലേക്ക്



എ.ഡി. 1612–'16 കാലഘട്ടം

സൂറത്തിലെ ഒരു ദിവസം

ബനിയ വിഭാഗത്തിൽപ്പെട്ട ഒരാൾ മരിച്ചു.

ശവശരീരം ദഹിപ്പിക്കാനായി അകലെയുള്ള ഒരു ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്നു.

ശവമഞ്ചത്തെ അനുഗമിച്ചുകൊണ്ട് നൂറുകണക്കിന് ആൾക്കാർ. പരേതന്റെ ഭാര്യയാകട്ടെ, പുത്തൻ വസ്ത്രങ്ങളും ആഭരണങ്ങളും ധരിച്ച് ആ സംഘത്തോടൊപ്പമുണ്ട്. വിവാഹമണ്ഡപത്തിലേക്കെന്ന പോലെ ബന്ധുക്കളും തോഴിമാരും ചേർന്ന് അവളെ കൊണ്ടുപോകുന്നു.

ശവശരീരം ചിതയിൽവച്ചു. മൂന്നുവട്ടം വലംവച്ച് അവൾ ചിതയിൽ കയറിയിരുന്നു. എന്നിട്ട് ഭർത്താവിന്റെ ശിരസ് മടിയിൽവച്ചു.

ഭർത്താവിനോടൊപ്പം അവൾ താമസിക്കാൻ പോകുകയാണ്–അതാണ് വിശ്വാസം.

ഉണങ്ങിയ വിറകുകൊള്ളികളും നെയ്യും എണ്ണയും അവൾക്കു ചുറ്റും കുമിഞ്ഞു. സുഗന്ധദ്രവ്യങ്ങൾ അവൾക്കുമേൽ വർഷിച്ചു. ചിതയ്ക്ക് തീകൊളുത്തി.

പത്തുവയസ്സിലധികം പ്രായമില്ലാത്ത അവൾ
ഭർത്താവിനോടൊപ്പം താമസിച്ചിട്ടില്ല.
എന്നിട്ടും, ഭാര്യ എന്ന നിലയിൽ
അവൾ ചിതയിലെരിഞ്ഞു.

അവലംബം

*വില്യം ഫോസ്റ്റർ CIE, Early Travels in India* 1583-1619



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com

ഇന്ത്യയിൽ നിലനിന്നിരുന്ന സതി എന്ന ദുരാചാരത്തെക്കുറിച്ചാണ് മുകളിൽ വിവരിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള നിരവധി സാമൂഹിക അനാചാരങ്ങൾ ഇന്ത്യയിൽ നിലനിന്നിരുന്നു. അവ ഏതെല്ലാമായിരുന്നു?

- ശൈശവവിവാഹം
- വിധവാവിവാഹനിഷേധം
- നരബലി
- പെൺശിശുഹത്യ
- അടിമത്തം
- 
- 

ഇത്തരം അനാചാരങ്ങൾക്കെതിരെ 19-ാം നൂറ്റാണ്ടോടെ അനേകം പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു. യുക്തിചിന്തയും ഇംഗ്ലീഷ് വിദ്യാഭ്യാസം ഉളവാക്കിയ സാമൂഹ്യബോധവുമാണ് ഇതിന് പ്രേരകമായത്. അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടുമുള്ള എതിർപ്പ്, സ്ത്രീസ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിന്റെ വ്യാപനം, ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള അഭിമാനബോധം എന്നിവ ഇതിന്റെ പൊതുസ്വഭാവങ്ങളായിരുന്നു. സാമൂഹിക അനാചാരങ്ങൾക്കെതിരെയും സാമൂഹിക ഉന്നമനത്തിനുംവേണ്ടിയും പ്രവർത്തിച്ച പ്രധാന വ്യക്തികളെയും അവർ തുടക്കം കുറിച്ച പ്രസ്ഥാനങ്ങളെയും നമുക്ക് പരിചയപ്പെടാം.

## രാജാ റാംമോഹൻ റോയ്



പാശ്ചാത്യവിദ്യാഭ്യാസം നേടിയ രാജാ റാംമോഹൻ റോയ് ഇന്ത്യയിൽ നിലനിന്നിരുന്ന പല അനാചാരങ്ങളെയും ശക്തമായെതിർത്തു. സതി, ശൈശവവിവാഹം എന്നീ അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തി. ബ്രിട്ടീഷ് ഗവർണർ ജനറൽ ആയിരുന്ന വില്യം ബെന്റിക് പ്രഭു ആണ് സതി നിരോധിച്ചത്. ഇതിന് പ്രധാന കാരണം രാജാ റാംമോഹൻ റോയിയുടെ പ്രവർത്തനങ്ങളായിരുന്നു. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കാനായി ബ്രഹ്മസമാജം എന്ന സംഘടന സ്ഥാപിച്ച അദ്ദേഹം അടിസ്ഥാനപരമായി എല്ലാ മതങ്ങളും ഒന്നാണെന്നുള്ള പൊതുസന്ദേശം പ്രചരിപ്പിച്ചു. "ജാതിസമ്പ്രദായമാണ് ഇന്ത്യക്കാർക്കിടയിലെ അനൈക്യത്തിന്റെ ഉറവിടം" എന്ന് വിശ്വസിച്ചു. 'ഇന്ത്യൻ നവോത്ഥാനത്തിന്റെ പിതാവ്' എന്നാണ് രാജാ റാംമോഹൻ റോയ് അറിയപ്പെടുന്നത്.

## സ്വാമി ദയാനന്ദ സരസ്വതി



ജാതിവ്യവസ്ഥയെയും വിഗ്രഹാരാധനയെയും എതിർത്ത നവോത്ഥാന നായകനാണ് സ്വാമി ദയാനന്ദ സരസ്വതി. ഈ ലക്ഷ്യത്തിനുവേണ്ടി അദ്ദേഹം ആര്യസമാജം എന്ന സംഘടന രൂപീകരിച്ചു. 'വേദങ്ങളിലേക്കു മടങ്ങുക' എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com


## ജോതിറാവു ഫുലെ

ജോതിറാവു ഫുലെ വിധവകളുടെ വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ജാതിവ്യവസ്ഥയെ എതിർക്കുകയും ചെയ്തു. പന്ത്രണ്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണമെന്ന് വാദിച്ച അദ്ദേഹം അധഃസ്ഥിത വിഭാഗക്കാരുടെയും സ്ത്രീകളുടെയും വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകി. ഈ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി ഫുലെ സ്ഥാപിച്ച സംഘടനയാണ് സത്യശോധക് സമാജ്.

## പണ്ഡിത രമാബായ്

സ്ത്രീകളുടെ ഉന്നമനത്തിനായി ആര്യമഹിളാസഭ എന്ന സംഘടന സ്ഥാപിച്ച രമാബായ്, സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ അസമത്വങ്ങൾക്കെതിരെ പോരാടി. വിധവകളുടെ ഉന്നമനത്തിനും സ്ത്രീവിദ്യാഭ്യാസത്തിനുംവേണ്ടി അവർ പ്രവർത്തിച്ചു.


## സർ സയ്യിദ് അഹമ്മദ് ഖാൻ



മുസ്ലീങ്ങൾക്കിടയിൽ ആധുനികവിദ്യാഭ്യാസത്തിന് പ്രചാരം നൽകിയ അഹമ്മദ് ഖാൻ, മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ചു. ഇതാണ് പിന്നീട് പ്രസിദ്ധമായ അലിഗഡ് മുസ്ലിം സർവകലാശാലയായി മാറിയത്. ഹിന്ദു-മുസ്ലിം ഐക്യത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഹിന്ദുക്കളും മുസ്ലിങ്ങളും ഇന്ത്യയുടെ വായു ശ്വസിച്ചും ഗംഗയുടെയും യമുനയുടെയും ജലം പാനംചെയ്തും ജീവിക്കുന്നു. നാം രണ്ടും ഇന്ത്യയുടെ മണ്ണിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് ഭക്ഷിക്കുന്നു. ജീവിതത്തിലും മരണത്തിലും നാം ഒന്നിച്ചാണ്."

## സ്വാമി വിവേകാനന്ദൻ

ജാതീയമായ ഉച്ചനീചത്വങ്ങളെ എതിർക്കുകയും സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത പരിഷ്കർത്താവായിരുന്നു സ്വാമി വിവേകാനന്ദൻ. വിശ്വസാഹോദര്യത്തിന് ഊന്നൽ കൊടുത്ത അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി: "മഹത്തായ രണ്ട് വ്യവസ്ഥകളായ ഹൈന്ദവതയുടെയും ഇസ്ലാമികതയുടെയും കൂടിച്ചേരലാണ് നമ്മുടെ മാതൃരാജ്യത്തിന്റെ ഏക പ്രതീക്ഷ." ശ്രീരാമകൃഷ്ണപരമഹംസൻ ആയിരുന്നു സ്വാമി വിവേകാനന്ദന്റെ ഗുരു. ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിവേകാനന്ദൻ സ്ഥാപിച്ച സംഘടനയാണ് രാമകൃഷ്ണ മിഷൻ. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ രാജ്യത്തുടനീളം ധാരാളം വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഇന്ത്യക്കാരിൽ ദേശീയബോധവും ആത്മാഭിമാനവും ഉണർത്തുന്നതിൽ വിവേകാനന്ദന്റെ പ്രവർത്തനങ്ങൾ പ്രധാന പങ്കുവഹിച്ചു.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പട്ടിക പൂർത്തിയാക്കുക

| നവോത്ഥാന നായകർ | പ്രസ്ഥാനം | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| | | |

ഇന്ത്യയിൽ നിലനിന്നിരുന്ന അനാചാരങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം കുറിപ്പായി തയ്യാറാക്കൂ.

മതാതീതമായ സാമൂഹികബോധം ഉളവാക്കുന്നതിന് നവോത്ഥാനനായകർ വഹിച്ച പങ്കിനെക്കുറിച്ച് ചർച്ച ചെയ്യുക.

## മാറുന്ന ജനത

ജാതിക്കും മതത്തിനും അതീതമായി മാനവികതയിൽ ഊന്നിക്കൊണ്ടുള്ള വിശ്വസാഹോദര്യത്തിന്റെ കാഴ്ചപ്പാട് ഇന്ത്യക്കാരിൽ വളർത്തിയെടുക്കാൻ സാമൂഹ്യപരിഷ്കർത്താക്കൾക്ക് കഴിഞ്ഞു.

എല്ലാ പരിഷ്കർത്താക്കളും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. അവർ പുതിയ വിദ്യാലയങ്ങൾ സ്ഥാപിച്ചു. ഇത് ഇന്ത്യയിൽ വിദ്യാഭ്യാസപുരോഗതിക്ക് കാരണമായി. പരിഷ്കർത്താക്കൾ ഇന്ത്യയുടെ പൈതൃകത്തെക്കുറിച്ച് ഓർമ്മിപ്പിച്ചു. ഇത് സ്വന്തം രാജ്യത്തെക്കുറിച്ചുള്ള അഭിമാനബോധവും ആത്മവിശ്വാസവും ഇന്ത്യക്കാരിൽ വളർത്തി. ഇങ്ങനെ ഇന്ത്യൻ ജനതയിൽ പുതിയ ഉണർവ് സൃഷ്ടിക്കുന്നതിൽ സാമൂഹ്യപരിഷ്കർത്താക്കൾ വലിയ പങ്കുവഹിച്ചു.

## ദേശീയബോധം വളരുന്നു

നാം ഇതുവരെ ചർച്ച ചെയ്ത സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും അവയുടെ നായകൻമാരുടെയും പ്രവർത്തനങ്ങൾ ഇന്ത്യാക്കാരിൽ പുതിയ അവബോധം സൃഷ്ടിച്ചു. അക്കാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട രാഷ്ട്രീയ-സാമ്പത്തിക സാഹചര്യങ്ങളെക്കുറിച്ച് മുൻ അധ്യായങ്ങളിൽ നാം മനസ്സിലാക്കിയല്ലോ.

അവ എന്തൊക്കെയായിരുന്നു?

- ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങളെ കീഴ്പ്പെടുത്തി ഒറ്റ ഭരണത്തിൻ കീഴിലാക്കി രാഷ്ട്രീയമായി ഇന്ത്യയെ ഏകീകരിച്ചു.
- ബ്രിട്ടീഷ് ഗവൺമെന്റിന്റെ സാമ്പത്തിക ചൂഷണം ഇന്ത്യക്കാരിൽ പൊതുവെ ബ്രിട്ടീഷ്‌വിരുദ്ധ മനോഭാവം വളർത്തി.
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനവും ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങളുടെ വളർച്ചയും വിവിധ ജനവിഭാഗങ്ങളെ ഒരുമിപ്പിച്ചു.
- ഒന്നാം സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തുവാൻ ബ്രിട്ടീഷുകാർ സ്വീകരിച്ച മാർഗ്ഗം ഇന്ത്യയിലെ ജനങ്ങളെ ഒന്നിപ്പിക്കുവാനും ഒരു രാജ്യത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള ബോധം ഉണ്ടാക്കുവാനും സഹായിച്ചു.

ഇന്ത്യക്കാരെല്ലാം ഒരൊറ്റ ജനതയാണെന്ന ബോധം ഉളവാക്കാൻ മേൽപ്പറഞ്ഞ ഘടകങ്ങൾ സഹായകമായി. മതപരവും ഭാഷാപരവും പ്രാദേശികവുമായ വൈവിധ്യങ്ങൾക്കപ്പുറം എല്ലാ ഇന്ത്യാക്കാരും ഒന്നാണെന്ന ഈ ബോധമാണ് ഇന്ത്യൻ ദേശീയത.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"ഇന്ത്യയിലെ പർവ്വതങ്ങളും നദികളും, വനങ്ങളും നമുക്കു ഭക്ഷണം തരുന്ന വിശാലങ്ങളായ വയലുകളും എല്ലാം നമുക്കു പ്രിയപ്പെട്ടവതന്നെ. പക്ഷേ എല്ലാറ്റിലു മേറെയായി ഗണിക്കേണ്ടത് ഇന്ത്യയിലെ ജനതയെ യാണ്. അവരെയും എന്നെയും പോലുള്ള ആളുകൾ. അവരാകട്ടെ ഈ പരന്ന നാട്ടിൽ മുഴുക്കെ വ്യാപിച്ചു കിടക്കുകയും ചെയ്യുന്നു. സാരമായി നോക്കിയാൽ ഈ കോടിക്കണക്കിലുള്ള ജനമാണ് ഭാരതമാതാവ്. അവ രുടെ ജയം എന്നുവെച്ചാൽ ഈ ജനത്തിന്റെ ജയം എന്നാണർത്ഥം. നിങ്ങൾ ഈ ഭാരതമാതാവിന്റെ അംശ ങ്ങളാണ്. ഒരു വിധത്തിൽ നിങ്ങൾതന്നെയാണ് ഭാരതമാതാവ് എന്നു ഞാൻ അവ രോടു പറയും. ഈ ആശയം പതുക്കെ അവരുടെ തലച്ചോറിൽ കിനിഞ്ഞു ചെന്നെ ത്തുമ്പോൾ, ഒരു വമ്പിച്ച കണ്ടുപിടിത്തം സാധിച്ചാലത്തെപ്പോലെ അവരുടെ കണ്ണു കൾ പ്രകാശിക്കും."

**– ജവഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ'**



ഇന്ത്യക്കാർക്കിടയിൽ ദേശീയതയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ വ്യക്തമാക്കുക.



ദേശീയബോധം വളർന്നതോടെ ബ്രിട്ടീഷ് ഭരണത്തിൽനിന്ന് മോചനം നേടാനുള്ള ഇന്ത്യ ക്കാരുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂടി. ഇത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങളുടെ പ്രസക്തി വർദ്ധിപ്പിച്ചു.

**ദേശീയതയുടെ വളർച്ചയെ സഹായിച്ച സാഹിത്യകാരന്മാർ**

- ബങ്കിംചന്ദ്ര ചാറ്റർജി
- രവീന്ദ്രനാഥ ടാഗോർ
- മുഹമ്മദ് ഇഖ്ബാൽ
- ലക്ഷ്മീനാഥ് ബെസ്ബറുവ
- അൽത്താഫ് ഹുസൈൻ

## സംഘടനകളുടെ രൂപീകരണം

ഇന്ത്യക്കാർക്കിടയിലുണ്ടായ ഉണർവിന്റെ ഫലമായി ഇന്ത്യയുടെ പല ഭാഗങ്ങളിലും പ്രാദേശികസംഘട നകൾ രൂപംകൊണ്ടു. മദ്രാസ്സ് നേറ്റീവ് അസോസിയേഷൻ, പൂന സാർവജനിക് സഭ, ഇന്ത്യൻ അസോസിയേഷൻ തുടങ്ങിയവ അവയിൽ ചിലതാണ്. എന്നാൽ ഇവയെല്ലാം പ്രാദേശിക ആവശ്യങ്ങൾക്കായിരുന്നു മുൻഗണന നൽകിയിരുന്നത്. ദേശീയതലത്തിൽ ഒരു സംഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകത അക്കാലത്ത് ബലപ്പെട്ടിരുന്നു.

## ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഉദയം

1885 ഡിസംബർ 28. ബോംബെയിലെ തേജ്പാൽ സംസ്കൃത കോളേജിലെ വിശാലമായ മുറി. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള 72 പേർ ഒത്തുകൂടിയിരിക്കുന്നു. അവർ പല വേഷക്കാരും പല മതക്കാരും പല ഭാഷക്കാരുമായിരുന്നു. വ്യത്യസ്ത സംഘടനകളെ പ്രതിനിധീകരിച്ചെത്തിയ അവർ ഡബ്ള്യു.സി. ബാനർജിയുടെ അദ്ധ്യക്ഷതയിൽ യോഗം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചേർന്നു. എ.ഒ. ഹ്യൂം എന്ന മുൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥനാണ് ഇത്തരം ഒരു യോഗം വിളിച്ചുകൂട്ടുവാൻ മുൻകൈ എടുത്തത്. ഈ യോഗത്തിൽ വച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിക്കപ്പെട്ടു.

**ആദ്യ യോഗത്തിലെ പ്രസംഗത്തിൽ നിന്ന്**

"ഇന്ത്യയിലെ ഭരണസംവിധാനം കുറേക്കൂടി പരിഷ്കൃതമാകണമെന്നും നമ്മെയും ഭരണത്തിൽ പങ്കാളികളാക്കണമെന്നും നാം ആഗ്രഹിക്കുന്നു"

**ഡബ്ള്യൂ. സി. ബാനർജി**



ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്തവർ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രധാന ലക്ഷ്യങ്ങൾ:

- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള രാഷ്ട്രീയ പ്രവർത്തകർക്കിടയിൽ സൗഹൃദബോധം വളർത്തുക.
- ജാതി-മത-പ്രാദേശിക ചിന്തകൾക്കതീതമായി ദേശീയബോധം വളർത്തുക.
- ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തോടെ ബ്രിട്ടീഷ്‌വിരുദ്ധ സമരത്തിന് സംഘടിത സ്വഭാവം കൈവന്നു. ബ്രിട്ടീഷാധിപത്യത്തിനെതിരെ നടന്ന സംഘടിത പ്രക്ഷോഭങ്ങളെ ദേശീയപ്രസ്ഥാനം എന്നു വിളിക്കാം. സമരരീതിയുടെ അടിസ്ഥാനത്തിൽ ദേശീയ പ്രസ്ഥാനത്തെ മൂന്ന് ഘട്ടങ്ങളായി വിഭജിക്കാം:

- മിതവാദ ദേശീയതയുടെ കാലഘട്ടം
- തീവ്ര ദേശീയതയുടെ കാലഘട്ടം
- ഗാന്ധിയൻ കാലഘട്ടം

1885 മുതൽ 1905 വരെയുള്ള കാലഘട്ടം മിതവാദ ദേശീയതയുടേതായിരുന്നു. ഇംഗ്ലീഷ്‌വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു ആദ്യകാലനേതാക്കൾ. അവരിൽ പ്രമുഖരായിരുന്നു ദാദാബായി നവറോജി, ഗോപാലകൃഷ്ണ ഗോഖലെ, ബദറുദ്ദീൻ ത്വയ്യിബ്ജി, ഫിറോസ് ഷാ മേത്ത തുടങ്ങിയവർ. പരാതികളിലൂടെയും പ്രമേയങ്ങളിലൂടെയും പ്രതിഷേധങ്ങളിലൂടെയും പൊതു ആവശ്യങ്ങൾ ബ്രിട്ടീഷ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് അവർ ശ്രമിച്ചത്. പക്ഷെ ഈ ആവശ്യങ്ങൾ ബ്രിട്ടീഷ് അധികാരികൾ വേണ്ടവിധത്തിൽ പരിഗണിച്ചില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഗോപാലകൃഷ്ണ ഗോഖലെ



ബദറുദ്ദീൻ ത്വയ്യിബ്ജി



ഫിറോസ് ഷാ മേത്ത

ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ഇന്ത്യ ദരിദ്രമായത് എങ്ങനെയെന്ന് ഇവർ പഠിക്കുകയുണ്ടായി. ഇവർ നടത്തിയ പഠനങ്ങളാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ആശയപരമായ അടിത്തറ നൽകിയത്.



### ചോർച്ചാസിദ്ധാന്തം



ദാദാബായി നവറോജി

ദാദാഭായി നവറോജിയുടെ പ്രധാന സംഭാവനയാണ് ചോർച്ചാസിദ്ധാന്തം. ഇന്ത്യയുടെ സമ്പത്ത് ഇംഗ്ലണ്ടിലേക്ക് പല തരത്തിൽ ചോർത്തിക്കൊണ്ടുപോയിരുന്നു. ശമ്പളമായും സമ്മാനമായും നികുതിയായുമായിരുന്നു ഈ സാമ്പത്തികചോർച്ച. ഇന്ത്യയുടെ ദാരിദ്ര്യത്തിനുള്ള കാരണം ഈ ചോർച്ചയാണെന്ന് ദാദാബായി നവറോജി സമർത്ഥിച്ചു.



ബ്രിട്ടീഷ് നയങ്ങൾ തുറന്നു കാട്ടുന്നതിൽ മിതവാദികൾ വഹിച്ച പങ്ക് വിലയിരുത്തുക.

## ബംഗാൾ വിഭജനം

ബംഗാൾ കേന്ദ്രമാക്കിയാണ് ഇംഗ്ലീഷുകാർ ഇന്ത്യയിൽ ഭരണം നടത്തിയിരുന്നത്. വിവിധ ജനവിഭാഗങ്ങളിൽപ്പെട്ട ഇവിടുത്തെ ജനങ്ങൾ സഹോദരൻമാരെപ്പോലെയാണ് കഴിഞ്ഞിരുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയങ്ങളെ എതിർക്കുന്ന ധാരാളം പ്രവർത്തനങ്ങൾ അവർ നടത്തിയിരുന്നു.

“ഒന്നിച്ചുനിൽക്കുന്ന ബംഗാൾ ഒരു ശക്തിയാണ് . ബംഗാളിനെ വിഭജിച്ചാൽ ശക്തി കുറയും; നമ്മുടെ ഭരണത്തെ എതിർക്കുന്നവരുടെ കരുത്ത് ചോർന്നുപോകും”. 1904-ൽ ബ്രിട്ടീഷിന്ത്യയിലെ ആഭ്യന്തരസെക്രട്ടറിയായിരുന്ന റിസ്‌ലെ ബംഗാളിൽ നിലനിന്നിരുന്ന ജനതയുടെ ഐക്യത്തെക്കുറിച്ച് ഇപ്രകാരം നിരീക്ഷിച്ചു. ബ്രിട്ടീഷ് ഭരണത്തിനെതിരായി ഉയർന്നുവരുന്ന ശക്തിയായാണ് ബംഗാളിനെ അധികാരികൾ കണ്ടത്. ഈ സാഹചര്യത്തിൽ വൈസ്രോയിയായ കഴ്സൺ പ്രഭു 1905-ൽ ബംഗാളിനെ രണ്ടായി വിഭജിച്ചു.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




1905-വിഭജിക്കപ്പെട്ട ബംഗാളിന്റെ ഭൂപടം



ബംഗാളിനെ വിഭജിക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു?

ദേശീയപത്രങ്ങളും കവികളും സാമൂഹ്യപ്രവർത്തകരും ബംഗാൾ വിഭജനത്തെ എതിർത്തു. മഹാകവി രവീന്ദ്രനാഥ ടാഗോർ ബംഗാൾ വിഭജനത്തിനെതിരായ ദേശീയ നിലപാട് ഇങ്ങനെ വ്യക്തമാക്കി: "പശ്ചിമബംഗാളും പൂർവബംഗാളും ഒരു ഹൃദയത്തിന്റെ രണ്ട് അറകളാണ്. ഗംഗയും ബ്രഹ്മപുത്രയും ആശ്ലേഷിക്കുന്നതും ഫല ഭൂയിഷ്ഠമാക്കുന്നതുമായ രണ്ട് അറകളാണിത്. ഈ അറകളിൽ നിന്നുത്ഭവിക്കുന്ന ചുടുരക്തമാണ് ബംഗാളികളുടെ സിരകളിലൂടെ ഒഴുകുന്നത്."



രവീന്ദ്രനാഥ ടാഗോർ

ബംഗാൾ വിഭജനത്തിൽ പ്രതിഷേധിച്ചുകൊണ്ട് പോസ്റ്റർ തയ്യാറാക്കുക.

## ബംഗാൾ ജ്വലിക്കുന്നു

വിഭജനത്തിനെതിരായ സമരം ബംഗാളിനെ ഇളക്കിമറിച്ചു. ഏതെല്ലാം രീതിയിലാണ് ബംഗാൾ വിഭജനത്തിനെതിരായി അവർ പ്രതികരിച്ചത്?

- പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചു.
- വിദേശ വസ്തുക്കൾ വിൽക്കുന്ന കടകൾ ഉപരോധിച്ചു.
- വിദേശ വസ്ത്രങ്ങൾ തീയിട്ട് നശിപ്പിച്ചു.
- സ്വദേശി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിന് പ്രേരിപ്പിച്ചു.
- ഇംഗ്ലീഷുകാർക്കെതിരെ പ്രകടനങ്ങളും പൊതുയോഗങ്ങളും സംഘടിപ്പിച്ചു.



### പഞ്ചസാരയ്ക്കും വിലക്ക്!

സ്വദേശി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുക, വിദേശ ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കുക എന്നത് ബംഗാൾ വിഭജനവിരുദ്ധ സമരത്തിന്റെ പ്രധാന മുദ്രാവാക്യമായിരുന്നു. ഇപ്രകാരം വിദേശ നിർമ്മിത പഞ്ചസാരയിട്ട ചായ നൽകി വിരുന്നുകാരെ സൽക്കരിക്കുന്ന വിവാഹങ്ങൾ ബഹിഷ്കരിക്കാൻപോലും ആഹ്വാനമുണ്ടായിരുന്നു. പഞ്ചസാരയ്ക്ക് പകരം ശർക്കരയായിരുന്നു ദേശീയവാദികൾ പ്രോത്സാഹിപ്പിച്ചിരുന്നത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

സമരത്തിന്റെ തീക്ഷ്ണത മനസിലാക്കിയ ഗവൺമെന്റിന് ബംഗാൾ വിഭജന തീരുമാനം പിൻവലിക്കേണ്ടിവന്നു.

ബംഗാൾ വിഭജനവും വിഭജനവിരുദ്ധ സമരങ്ങളും അടിസ്ഥാനമാക്കി ക്ലാസിൽ ഒരു പത്രം തയ്യാറാക്കുക.



മിതവാദ കാലഘട്ടത്തിലെ ദേശീയസമരങ്ങളിൽ നിന്ന് ബംഗാൾ വിഭജനവിരുദ്ധ സമരങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

## സ്വാതന്ത്ര്യം എന്റെ ജന്മാവകാശം

ബംഗാൾ വിഭജനവും തുടർന്നുണ്ടായ സമരങ്ങളും ദേശീയപ്രസ്ഥാനത്തെ പുതിയൊരു ഘട്ടത്തിലേക്ക് നയിച്ചു. ഈ കാലഘട്ടം തീവ്രദേശീയതയുടെ കാലഘട്ടം എന്നറിയപ്പെടുന്നു. ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത്റായ് എന്നിവരായിരുന്നു ഇതിന്റെ പ്രധാന നേതാക്കൾ. 'ലാൽ, പാൽ, ബാൽ കൂട്ടുകെട്ട്' എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്.

തീവ്രദേശീയ വാദികളായ ഇവരുടെ പ്രവർത്തനങ്ങൾ ദേശീയശ്രദ്ധ ആകർഷിക്കുകയും ജനതയെ പ്രചോദിപ്പിക്കുകയും ചെയ്തു. ബാലഗംഗാധരതിലക് തീവ്രദേശീയതയുടെ മുഖ്യവക്താവായിരുന്നു. 'ലോകമാന്യ' എന്ന് ജനങ്ങൾ ആദരവോടെ അദ്ദേഹത്തെ വിളിച്ചു. അദ്ദേഹം ആരംഭിച്ച രണ്ട് പത്രങ്ങളാണ് മറാത്തയും കേസരിയും. "സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ്, ഞാനത് നേടുക തന്നെ ചെയ്യും" എന്നത് തിലകിന്റെ പ്രസിദ്ധമായ പ്രഖ്യാപനമാണ്.



ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ

**ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കുക:**

| മിതവാദി നേതാക്കന്മാർ | തീവ്രദേശീയ നേതാക്കന്മാർ |
|---|---|
| ഗോപാലകൃഷ്ണ ഗോഖലെ | ബാലഗംഗാധര തിലക് |

ദേശീയപ്രസ്ഥാനത്തിൽ മിതവാദികളുടെയും തീവ്രദേശീയവാദികളുടെയും പ്രവർത്തനരീതികൾ താരതമ്യം ചെയ്യുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സർവ്വേന്ത്യാ മുസ്ലീംലീഗ്

ബംഗാൾവിഭജനവിരുദ്ധ സമരകാലഘട്ടത്തിലാണ് ഇന്ത്യയിൽ സർവ്വേന്ത്യാ മുസ്ലീംലീഗ് രൂപംകൊണ്ടത്. 1906-ൽ ധാക്കയിൽവച്ച് ആഗാഖാനും നവാബ് സലീമുള്ളാഖാനും ചേർന്നാണ് ഈ സംഘടന രൂപീകരിച്ചത്.

## സൂറത്ത് പിളർപ്പ്

ബംഗാൾവിഭജന വിരുദ്ധ സമരങ്ങളുമായി ബന്ധപ്പെട്ട് ദേശീയപ്രക്ഷോഭം ശക്തിപ്പെട്ടു. ഈ കാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിനകത്ത് മിതവാദികളും തീവ്രവാദികളും തമ്മിലുള്ള അഭിപ്രായവ്യത്യാസം വർദ്ധിച്ചു. 1907-ലെ കോൺഗ്രസിന്റെ അഖിലേന്ത്യാ സമ്മേളനം സൂറത്തിലാണ് നടന്നത്. സമ്മേളനത്തിൽ കോൺഗ്രസ് പിളരുകയും ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ താൽക്കാലികമായി ദുർബലപ്പെടുകയും ചെയ്തു.

## ഹോം റൂൾ പ്രസ്ഥാനങ്ങൾ

ഒന്നാം ലോകയുദ്ധാനന്തരം ഇന്ത്യയ്ക്ക് സ്വയംഭരണം നൽകും എന്ന പ്രതീക്ഷയിൽ കോൺഗ്രസ് യുദ്ധത്തിൽ ബ്രിട്ടനെ പിന്തുണച്ചു. ഈ സമയത്ത് ഇന്ത്യൻ ദേശീയപ്രസ്ഥാനത്തെ സജീവമാക്കി നിലനിർത്തിയത് ബാലഗംഗാധര തിലകും ആനി ബസന്റും ആരംഭിച്ച ഹോം റൂൾ പ്രസ്ഥാനങ്ങളായിരുന്നു.


ആനി ബസന്റ്

ഇന്ത്യൻ സംസ്കാരത്തിൽ ആകൃഷ്ടയായി 1893-ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച ഐറിഷ് വനിത. 1916-ൽ ഹോം റൂൾ ആരംഭിച്ചു.

## ലക്നൗ സന്ധി

ഹോം റൂൾ പ്രസ്ഥാനം സജീവമായി നിൽക്കുന്ന സമയത്താണ് 1916-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലക്നൗ സമ്മേളനം നടന്നത്. സൂറത്ത് സമ്മേളനത്തിൽ വഴിപിരിഞ്ഞുപോയ മിതവാദികളും തീവ്രദേശീയവാദികളും ഒന്നിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു. കൂടാതെ, സർവ്വേന്ത്യാ മുസ്ലീംലീഗുമായി സഹകരിച്ച് ബ്രിട്ടീഷ്വിരുദ്ധ സമരങ്ങൾ സംഘടിപ്പിക്കാനും തീരുമാനിച്ചു.

- 'ഇന്ത്യൻ ദേശീയ പ്രക്ഷോഭത്തിന്റെ ഗതിയെ സ്വാധീനിച്ച ബംഗാൾ വിഭജനം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

  **വിഷയമേഖലകൾ**

  - തീവ്രദേശീയതയുടെ വളർച്ച
  - ബംഗാൾവിഭജനവിരുദ്ധ സമരങ്ങൾ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സംഗ്രഹം

- ഇന്ത്യയിൽ ധാരാളം സാമൂഹിക അനാചാരങ്ങൾ നിലനിന്നിരുന്നു.
- രാജാ റാംമോഹൻ റോയ്, ദയാനന്ദ സരസ്വതി, ജോതിറാവു ഫുലെ, പണ്ഡിത രമാബായ്, സർ സയ്യിദ് അഹമ്മദ്ഖാൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയവർ ഇന്ത്യയിലെ നവോത്ഥാന നായകന്മാരായിരുന്നു.
- 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷമാണ് ഇന്ത്യയിൽ ദേശീയത വളർന്നുവന്നത്.
- 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്ന ബ്രിട്ടീഷ് തന്ത്രത്തിന്റെ ഭാഗമായിട്ടാണ് ബംഗാൾ വിഭജനം നടന്നത്.
- ഹോം റൂൾ പ്രസ്ഥാനം ദേശീയപ്രസ്ഥാനത്തിന് ഉണർവേകി.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഇന്ത്യയിൽ പല സാമൂഹിക അനാചാരങ്ങളും നിലനിന്നിരുന്നുവെന്ന് വ്യക്തമക്കുന്നു.
- രാജാ റാംമോഹൻ റോയ്, സ്വാമി ദയാനന്ദ സരസ്വതി, ജോതിറാവു ഫുലെ, സർ സയ്യിദ് അഹമ്മദ്ഖാൻ, പണ്ഡിത രമാബായ്, സ്വാമി വിവേകാനന്ദൻ എന്നിവരുടെ സാമൂഹികപരിഷ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു.
- സാമൂഹികതിന്മകൾക്കെതിരെ പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.
- ഇന്ന് നിലനിൽക്കുന്ന സാമൂഹികതിന്മകൾക്കെതിരെ പ്രതികരിക്കാനുള്ള മനോഭാവം നേടുന്നു.
- ഇന്ത്യൻ ദേശീയത രൂപപ്പെടുന്നതിനിടയാക്കിയ ഘടകങ്ങളുടെ ലിസ്റ്റ് ചെയ്യുന്നു.
- ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് തന്ത്രത്തിന്റെ ഭാഗമായിട്ടാണ് ബംഗാൾ വിഭജനം നടന്നതെന്ന് വിലയിരുത്തുന്നു.

## വിലയിരുത്താം

1. ഇന്ത്യയിലെ സാമൂഹിക അനാചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിൽ നവോത്ഥാന നേതാക്കൾ വഹിച്ച പങ്കിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

2. 'എ' കോളത്തിൽ നൽകിയിട്ടുള്ളവയെ 'ബി' കോളവുമായി അനുയോജ്യമായി ബന്ധിപ്പിക്കുക.

| എ | ബി |
|---|---|
| ബ്രഹ്മസമാജം | സ്വാമി വിവേകാനന്ദൻ |
| ആര്യസമാജം | രാജാ റാംമോഹൻ റോയ് |
| ആര്യമഹിളാസഭ | സ്വാമി ദയാനന്ദ സരസ്വതി |
| രാമകൃഷ്ണ മിഷൻ | പണ്ഡിത രമാബായ് |

3. പട്ടിക പൂർത്തിയാക്കുക

| | | |
|---|---|---|
| 1 | ഗോപാലകൃഷ്ണ ഗോഖലെ | മിതവാദദേശീയത |
| 2 | ബാലഗാംഗാധര തിലക് | ....................................... |
| 3 | ....................................... | ഹോം റൂൾ പ്രസ്ഥാനം |
| 4 | ആഗാഖാൻ | ....................................... |

4. താഴെ പറയുന്ന വിഷയങ്ങളെ അധികരിച്ച് കുറിപ്പുകൾ തയ്യാറാക്കുക:

- സ്വദേശി പ്രസ്ഥാനം
- ഹോം റൂൾ പ്രസ്ഥാനം



## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയിലെ നവോത്ഥാനനായകരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- നമ്മുടെ നാട്ടിൽ ഇന്ന് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക അനാചാരം നിലവിലുണ്ടോ? ക്ലാസിൽ ചർച്ച സംഘടിപ്പിക്കുക.
- സാമൂഹിക അനാചാരങ്ങൾക്കെതിരായ ആശയങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യകൃതികൾ കണ്ടെത്തുക.
- ദേശസ്നേഹം ഉണർത്തുന്ന കവിതകൾ ശേഖരിക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 5 സാമ്പത്തിക സ്രോതസ്സുകൾ

സ്കൂളിലെ ഓരോ കുട്ടിയെയും സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ശേഖരിച്ച് രേഖപ്പെടുത്തുന്നതിനായി നടപ്പാക്കിയ 'സമ്പൂർണ' എന്ന പദ്ധതിയെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കുമല്ലോ. ഇതിന്റെ ഭാഗമായി ഒരു അധ്യാപിക തന്റെ ക്ലാസിലെ കുട്ടികളുടെ രക്ഷിതാക്കൾ ചെയ്യുന്ന തൊഴിലുകൾ പട്ടികപ്പെടുത്തിയതിന്റെ ഒരു ഭാഗം ചുവടെ നൽകിയിരിക്കുന്നു:




**തൊഴിലുകൾ**

- കൃഷിപ്പണി
- ഹോട്ടൽ ജോലി
- അധ്യാപനം
- ഫാക്ടറിത്തൊഴിൽ
- സർക്കാർ ഉദ്യോഗം
- ചികിത്സ

പട്ടിക 1







ഈ തൊഴിലുകൾ എല്ലാം നിങ്ങൾക്ക് പരിചിതമാണല്ലോ. വരുമാനം ഉണ്ടാക്കുവാൻ സഹായിക്കുന്നതുകൊണ്ട് ഇവയെ സാമ്പത്തിക പ്രവർത്തനങ്ങൾ എന്ന് വിളിക്കുന്നു. നിങ്ങളുടെ ചുറ്റും ഇതുപോലെ അനേകം സാമ്പത്തിക പ്രവർത്തനങ്ങൾ നടക്കുന്നുണ്ടാവുമല്ലോ. അവ കണ്ടെത്തി പട്ടിക 1 വിപുലപ്പെടുത്തു.

ഈ സാമ്പത്തിക പ്രവർത്തനങ്ങളിൽ ചിലത് കൃഷിയുമായി ബന്ധപ്പെട്ടതാണ്. പട്ടിക വിശകലനം ചെയ്താൽ മറ്റ് ഏതൊക്കെ മേഖലകളിലെ പ്രവർത്തനങ്ങൾ കണ്ടെത്താനാകും?

- വ്യവസായം
- സേവനം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രകൃതിവിഭവങ്ങൾ നേരിട്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖല പ്രാഥമികമേഖല എന്നാണ് അറിയപ്പെടുന്നത്. കൃഷിക്ക് കൂടുതൽ പ്രാധാന്യമുള്ളതുകൊണ്ട് കാർഷികമേഖല എന്നും ഇത് അറിയപ്പെടുന്നു. പ്രാഥമികമേഖലയിലെ ഉൽപ്പന്നങ്ങൾ അസംസ്കൃതവസ്തുവായി ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്ന മേഖലയാണ് ദ്വിതീയ മേഖല. വ്യവസായത്തിന് പ്രാധാന്യമുള്ള ഈ മേഖലയെ വ്യാവസായികമേഖല എന്നും വിളിക്കും. പ്രാഥമിക, ദ്വിതീയ മേഖലകളിലെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും സേവന മേഖലയിലെ പ്രവർത്തനങ്ങളാണ്. ഇവയ്ക്കു പുറമേ സേവന മേഖലയിൽ വിദ്യാഭ്യാസം, ഗതാഗതം, ബാങ്കിംഗ്, ഐ.ടി. തുടങ്ങിയവയും ഉൾപ്പെടുന്നു. സേവനപ്രവർത്തനങ്ങൾ എല്ലാം ചേർന്നതാണ് തൃതീയ മേഖല. ഇത് സേവനമേഖല എന്നും പറയുന്നു.

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഉൾപ്പെടാത്ത ഏതെങ്കിലും സാമ്പത്തിക പ്രവർത്തനങ്ങൾ ഉണ്ടോ? ചർച്ച ചെയ്യൂ.

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകൾ പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോഴാണ് സാമ്പത്തികവളർച്ച ഉണ്ടാകുന്നത്. ഒരുദാഹരണം നോക്കാം. പ്രാഥമിക മേഖലയിലെ ഉൽപ്പന്നമായ പരുത്തി, ദ്വിതീയമേഖലയായ തുണിവ്യവസായമേഖലയ്ക്ക് അസംസ്കൃതവസ്തുവാണ്. വ്യവസായമേഖലയിലെ തുണി ആവശ്യക്കാർക്ക് എത്തിക്കുന്നതിന് ഗതാഗതവാർത്താവിനിമയ രംഗത്തെ സഹായങ്ങളും ആവശ്യമാണ്. ഇവയെല്ലാം തൃതീയ മേഖലയിലെ സേവനങ്ങളാണ്.

ഈ മേഖലകളുടെ പരസ്പരബന്ധം കാണിക്കുന്ന ചിത്രം നോക്കൂ. ചിത്രങ്ങൾ ഉപയോഗപ്പെടുത്തി ഈ മേഖലകൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുമല്ലോ.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

മേഖലകളുടെ പരസ്പരബന്ധം കാണിക്കുന്ന മറ്റൊരു ഉദാഹരണംകൂടി കണ്ടെത്താമല്ലോ. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഉൾപ്പെടുന്ന സാമ്പത്തിക പ്രവർത്തനങ്ങളെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (CSO) വർഗ്ഗീകരിച്ചിട്ടുണ്ട്. അത് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു:

| പ്രാഥമിക മേഖല | ദ്വിതീയ മേഖല | തൃതീയ മേഖല |
|---|---|---|
| • കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും | • വ്യവസായം | • വ്യാപാരം<br>• ഗതാഗതം |
| • വനപരിപാലനം | • വൈദ്യുതി ഉൽപ്പാദനം | • ഹോട്ടൽ |
| • മത്സ്യബന്ധനം | | • വാർത്താവിനിമയം |
| • ഖനനം | • കെട്ടിട നിർമ്മാണം | • സംഭരണം |
| | | • ബാങ്കിംഗ് |
| | | • ഇൻഷുറൻസ് |
| | | • ബിസിനസ് |
| | | • റിയൽ എസ്റ്റേറ്റ് |
| | | • സാമൂഹ്യസേവന പ്രവർത്തനങ്ങൾ |



**Central Statistical Office (CSO)**

കേന്ദ്ര സ്ഥിതിവിവരപദ്ധതി നിർവ്വഹണ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം

**പ്രധാന ചുമതലകൾ**

- സ്ഥിതിവിവരക്കണക്കുകളുടെ സംയോജനവും വിശകലനവും നടത്തുന്നു.
- എല്ലാ മേഖലകളിലെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് ആസൂത്രണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന തരത്തിൽ ചിട്ടപ്പെടുത്തുന്നു.
- സ്ഥിതിവിവരകണക്കുകൾ ഉപയോഗപ്പെടുത്തി ദേശീയവരുമാനം കണ്ടെത്തുന്നു.

വിപുലപ്പെടുത്തി എഴുതിയ പട്ടിക 1 ലെ സാമ്പത്തിക പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ക്രമീകരിച്ചെഴുതൂ.

| പ്രാഥമികമേഖല | ദ്വിതീയമേഖല | തൃതീയമേഖല |
|---|---|---|
| | | |
| | | |
| | | |
| | | |

## മേഖലകളും തൊഴിൽലഭ്യതയും

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഉൾപ്പെടുന്നവയാണ് നമുക്കു ചുറ്റും കാണുന്ന എല്ലാ തൊഴിലുകളും. ഇന്ത്യയിൽ പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിലെ തൊഴിൽലഭ്യത വ്യത്യസ്തമാണ്. ചില മേഖലകളിലെ തൊഴിൽലഭ്യത കൂടിവരുമ്പോൾ മറ്റു ചില മേഖലക


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ളിൽ തൊഴിൽലഭ്യത കുറഞ്ഞുവരുന്നതായി കാണാം. 1993 മുതൽ 2011 വരെ ഓരോ മേഖലയിലെയും തൊഴിൽലഭ്യത വിശദമാക്കുന്ന പട്ടിക പരിശോധിക്കൂ.

**ഇന്ത്യയിൽ ഓരോ മേഖലയിലെയും തൊഴിൽലഭ്യതയുടെ ശതമാനം**

| മേഖല | 1993 | 2005 | 2011 |
|---|---|---|---|
| പ്രാഥമികമേഖല | 64.9 | 56.5 | 53.2 |
| ദ്വിതീയമേഖല | 14.2 | 18.7 | 21.5 |
| തൃതീയമേഖല | 20.9 | 24.8 | 25.3 |
| ആകെ | 100 | 100 | 100 |
| | | | |

പട്ടിക 2 (Source - Economic Survey 2012 - 13)

താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ ഉപയോഗിച്ച് പട്ടിക 2 വിശകലനം ചെയ്ത് നിങ്ങളുടെ നിഗമനങ്ങൾ എഴുതുക:

## സൂചകങ്ങൾ


- ഏതെല്ലാം മേഖലകളിലെ തൊഴിൽലഭ്യതയാണ് വർദ്ധിച്ചു വരുന്നത്?
- ഏത് മേഖലയിലാണ് തൊഴിൽലഭ്യത എല്ലാ കാലഘട്ടത്തിലും കൂടുതൽ?
- 2011-ൽ പ്രാഥമികമേഖലയിലെ തൊഴിൽലഭ്യത മറ്റു രണ്ട് മേഖലകളിലെ തൊഴിൽ ലഭ്യതയേക്കാൾ എത്ര ശതമാനം കൂടുതലാണ്?

പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നത് പ്രാഥമികമേഖലയാണെന്ന് കണ്ടുവല്ലോ. ഇവിടെ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലുമാണ് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നത്. നമുക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നത് ഈ മേഖലയിലെ പ്രവർത്തനം വഴിയാണ്.

## ഭക്ഷ്യോൽപ്പാദനം

സ്വാതന്ത്ര്യം ലഭിച്ചതുമുതൽ ഇന്ത്യ പ്രാഥമിക മേഖലയുടെ വികസനത്തിന് പ്രാധാന്യം നൽകിയിരുന്നു. ആസൂത്രണത്തോടെയുള്ള പ്രവർത്തനങ്ങൾ നമ്മുടെ ഭക്ഷ്യോൽപ്പാദന രംഗത്ത് ധാരാളം മാറ്റങ്ങൾ ഉണ്ടാക്കി. തൊഴിലവസരങ്ങൾ വർദ്ധിക്കുക മാത്രമല്ല ഭക്ഷ്യോൽപ്പാദനവും ഗണ്യമായി വർദ്ധിച്ചു.

ഇന്ത്യയിൽ വിവിധ കാലഘട്ടങ്ങളിൽ ഭക്ഷ്യോൽപ്പാദന രംഗത്തുണ്ടായ മാറ്റം വിശദമാക്കുന്ന ഡയഗ്രമാണ് നൽകിയിരിക്കുന്നത്.




Source - Economic Survey 2012-13



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഭക്ഷ്യോൽപ്പാദനരംഗത്തെ ഏതു തരത്തിലുള്ള മാറ്റമാണ് ഡയഗ്രം സൂചിപ്പിക്കുന്നത്?

ഇന്ത്യയിൽ ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചുവരുന്നു എന്ന് ഡയഗ്രത്തിൽനിന്നു വ്യക്തമാണല്ലോ. ഭക്ഷ്യോൽപ്പാദനം വർദ്ധിച്ചിട്ടും ഇന്ത്യയിൽ പല പ്രദേശങ്ങളിലും ദാരിദ്ര്യം നിലനിൽക്കുന്നുണ്ട്. എന്തൊക്കെയാവും ഇതിന്റെ കാരണങ്ങൾ?

- വിതരണത്തിലെ അപാകത
- സാധനങ്ങൾ വാങ്ങുവാനുള്ള വ്യക്തികളുടെ ശേഷിക്കുറവ്

**ദാരിദ്ര്യം (Poverty)**

ആസൂത്രണക്കമ്മീഷന്റെ ശുപാർശ പ്രകാരം നഗരപ്രദേശങ്ങളിൽ 2100 കലോറിയിൽ താഴെ പോഷകാഹാരം ലഭിക്കുന്നവരും ഗ്രാമപ്രദേശങ്ങളിൽ 2400 കലോറിയിൽ താഴെ പോഷകാഹാരം ലഭിക്കുന്നവരും ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. 2011-12 സാമ്പത്തിക സർവ്വേ പ്രകാരം ഇന്ത്യയുടെ ദാരിദ്ര്യം 29.8% ആണ്. ഏറ്റവും കൂടുതൽ ബീഹാർ: 53.5%. ഏറ്റവും കുറവ് ഹിമാചൽ പ്രദേശ്: 9.5%. കേരളം: 12%.

ഭക്ഷ്യവസ്തുക്കൾ ആവശ്യക്കാർക്ക് ആവശ്യാനുസരണം ലഭ്യമാകുമ്പോഴാണ് ഭക്ഷ്യസുരക്ഷ സാധ്യമാകുന്നത്. എല്ലാ ജനങ്ങൾക്കും എല്ലാക്കാലത്തും സജീവവും ആരോഗ്യകരവുമായ ജീവിതം നയിക്കുന്നതിന് ആവശ്യമായത്ര പോഷകപ്രധാനമായ ഭക്ഷണം ലഭിക്കുന്നതിനുള്ള ഭൗതികവും സാമ്പത്തികവുമായ പ്രാപ്തി ഉറപ്പുവരുത്തുന്ന അവസ്ഥയാണ് ഭക്ഷ്യസുരക്ഷ.

ഈ നിർവ്വചനം വിശകലനം ചെയ്താൽ ഭക്ഷ്യസുരക്ഷയെപ്പറ്റി എന്തൊക്കെ കണ്ടെത്താം?

- എല്ലാ ജനങ്ങൾക്കും ഭക്ഷണം ലഭിക്കണം
- എല്ലാക്കാലത്തും ഭക്ഷണം ലഭിക്കണം
- 
- 
- 

**ഭക്ഷ്യസ്വയംപര്യാപ്തത (Self sufficiency in food)**

ഒരു രാജ്യത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ആ രാജ്യത്തു തന്നെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നുവെങ്കിൽ ആ രാജ്യം ഭക്ഷ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തമാണെന്ന് പറയാം.

## ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

പല ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും പരിപാടികളും നടപ്പാക്കിയും പൊതുവിതരണസമ്പ്രദായം ശക്തിപ്പെടുത്തിയുമാണ് സർക്കാരുകൾ ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം നേടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സർക്കാർതലത്തിൽ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികളും പരിപാടികളും ഏതൊക്കെയാണെന്ന് നോക്കൂ:


| സർക്കാർ പദ്ധതികൾ | സർക്കാർ പരിപാടികൾ |
|---|---|
| • അന്നപൂർണ | സംയോജിത ശിശുവികസന പരിപാടി |
| • അന്ത്യോദയ അന്നയോജന | സ്കൂൾ ഉച്ചഭക്ഷണ പരിപാടി |
| • മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | ദേശീയ ഗ്രാമീണ ഉപജീവനദൗത്യം |
| • സ്വർണജയന്തി ഷഹാരി റോസ്ഗാർ യോജന | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

സർക്കാർതലത്തിൽ നടപ്പാക്കിവരുന്ന ഈ പദ്ധതികളുടെയും പരിപാടികളുടെയും ലക്ഷ്യം വിശദമാക്കുന്ന പദസൂര്യൻ നോക്കു.




*Source : India 2013*

ഓരോ പദ്ധതിയും പരിപാടിയും എങ്ങനെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ഭക്ഷ്യസുരക്ഷയ്ക്കും സഹായിക്കുന്നു എന്നു കണ്ടെത്താമല്ലോ.

സ്വന്തം പ്രദേശത്തെ ജനങ്ങൾക്ക് ഇതിൽ ഏതിന്റെയൊക്കെ പ്രയോജനം ലഭിക്കുന്നു എന്ന് അന്വേഷിച്ചറിയു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കേരളവും പൊതുവിതരണസമ്പ്രദായവും



കേരളം ഭക്ഷ്യസ്വയംപര്യാപ്തതയുള്ള സംസ്ഥാനമല്ല. അതുകൊണ്ടാണ് നാം ഭക്ഷണത്തിന് മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ശക്തമായ ഒരു പൊതുവിതരണസമ്പ്രദായം കേരളത്തിനുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുവിതരണകേന്ദ്രങ്ങളിലൂടെ അരിയും ഭക്ഷ്യവസ്തുക്കളും മറ്റു നിത്യോപയോഗസാധനങ്ങളും ആവശ്യക്കാരായ എല്ലാ ജനങ്ങൾക്കും ന്യായവിലയിൽ ലഭ്യമാക്കി വരുന്നു. നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ധാരാളം കേന്ദ്രങ്ങൾ ഉണ്ട്. അവയിൽ ചിലത് നോക്കാം.

> **പൊതുവിതരണ സംവിധാനം**
> **(Public Distribution System)**
>
> ന്യായമായ വിലയ്ക്ക് സമൂഹത്തിൽ ആവശ്യക്കാരായവർക്ക് ഭക്ഷ്യവസ്തുക്കളും മറ്റ് നിത്യോപയോഗ വസ്തുക്കളും നൽകുവാൻ ചുമതലപ്പെട്ടതും സർക്കാർ നിയന്ത്രണത്തിലുള്ളതുമായ സ്ഥാപനങ്ങളുടെ ശൃംഖലയാണ് പൊതുവിതരണ സംവിധാനം.




| കേന്ദ്രം | ലഭ്യമാകുന്ന വസ്തുക്കൾ |
|---|---|
| പൊതുവിതരണകേന്ദ്രം | അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ |
| ഹോർട്ടികോർപ് | പച്ചക്കറികൾ |
| സപ്ലൈകോ സൂപ്പർമാർക്കറ്റ് | എല്ലാ നിത്യോപയോഗ സാധനങ്ങളും |
| നന്മ സ്റ്റോർ | |
| നീതി സ്റ്റോർ | |
| ലാഭം സപ്ലൈകോ മാർക്കറ്റ് | |
| മാവേലി സ്റ്റോർ | |
| ത്രിവേണി സൂപ്പർമാർക്കറ്റ് | |
| ത്രിവേണി ഫ്ളോട്ടിംഗ് സൂപ്പർമാർക്കറ്റ് | |

നിങ്ങളുടെ പ്രദേശത്തുള്ള ഇത്തരം ഒരു സ്ഥാപനം സന്ദർശിച്ച് ന്യായവിലയ്ക്കാണോ സാധനങ്ങൾ വിൽക്കുന്നതെന്ന് കണ്ടെത്താമല്ലോ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഭക്ഷ്യോൽപ്പാദനം നേരിടുന്ന വെല്ലുവിളികൾ

ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിച്ചും കാര്യക്ഷമമായ പൊതുവിതരണസമ്പ്രദായത്തിലൂടെ വിതരണം നടത്തിയും ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യത്തോട് അടുക്കുമ്പോഴും ഭക്ഷ്യോൽപ്പാദനരംഗം ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. ഇന്ത്യയിലെ ഭക്ഷ്യോൽപ്പാദനരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതൊക്കെയെന്ന് നോക്കാം.

താഴെ കൊടുത്തിരിക്കുന്ന വാർത്താ കൊളാഷ് നോക്കു:



**ഭക്ഷ്യസുരക്ഷാനിയമം**
**( Food Security Act )**

2013-ൽ പാർലമെന്റ് അംഗീകരിച്ചു.

**പ്രത്യേകതകൾ**

- ഭക്ഷ്യസുരക്ഷ സർക്കാരിന്റെ നിയമപരമായ കടമയാണ്.
- ആവശ്യമുള്ളത്രയും പോഷകപ്രദവും ഗുണമേന്മയുള്ളതുമായ ഭക്ഷ്യവസ്തുക്കൾ മിതമായ വിലയ്ക്ക് എല്ലാവർക്കും ഉറപ്പാക്കുക.
- ഭക്ഷ്യവസ്തുക്കളുടെ ലഭ്യത പൗരന്റെ നിയമപരമായ അവകാശമാണ്.




ഭക്ഷ്യോൽപ്പാദനരംഗം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ചിലതാണ് മുകളിൽ കൊടുത്തിരിക്കുന്ന കൊളാഷിലുള്ളത്. വാർത്താകൊളാഷിൽ നിന്ന് ഏതൊക്കെ വെല്ലുവിളികൾ കണ്ടെത്താം?

- പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശം
- കൃഷിഭൂമികൾ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്
- സബ്സിഡി കുറയ്ക്കുന്നത്
- യന്ത്രസാമഗ്രികൾ വാങ്ങാൻ കഴിയാത്ത അവസ്ഥ
- കാലാവസ്ഥയിൽ വരുന്ന മാറ്റം
- ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കാൻ കഴിയാത്തത്
- രാസവളങ്ങളുടെ അമിത ഉപയോഗം ഭൂമിയുടെ ഫലപുഷ്ടി നഷ്ടപ്പെടുത്തുന്നത്.

ഈ വെല്ലുവിളികൾ മറികടക്കാൻ കഴിഞ്ഞാൽ മാത്രമേ ഭക്ഷ്യോൽപ്പാദനം കൂട്ടുവാനും ആവശ്യാനുസരണം വിതരണം ചെയ്യുവാനും അതുവഴി ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം നേടുവാനും കഴിയുകയുള്ളൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സംഗ്രഹം

- പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലകളുടെ പരസ്പരബന്ധമാണ് സാമ്പത്തികവളർച്ചയ്ക്ക് ആധാരം.
- സമ്പദ്ഘടനയിലെ വിവിധ മേഖലകളിൽ കാർഷികമേഖലയാണ് ഇന്ത്യയിൽ ഇന്നും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നത്.
- ദ്വിതീയ, തൃതീയ മേഖലകളിലെ തൊഴിലവസരങ്ങൾ കൂടിവരുകയും പ്രാഥമികമേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുകയും ചെയ്യുന്ന ഒരു സവിശേഷതയാണ് ഇന്ത്യൻ സമ്പദ്ഘടനയിൽ കാണുന്നത്.
- ഭക്ഷ്യോൽപ്പാദനം കൂടിയിട്ടും ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യം നേടുവാൻ ഇനിയും ഇന്ത്യയ്ക്ക് മുന്നോട്ടു പോകേണ്ടതുണ്ട്.
- ശക്തമായ ഒരു പൊതുവിതരണസമ്പ്രദായവും സർക്കാരുകളുടെ ക്ഷേമപ്രവർത്തനങ്ങളും ഭക്ഷ്യസുരക്ഷ എന്ന ലക്ഷ്യത്തിൽ എത്തുവാൻ സഹായകമാകുന്നു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സാമ്പത്തികപ്രവർത്തനങ്ങളെ വിവിധ മേഖലകളായി (പ്രാഥമികം, ദ്വിതീയം, തൃതീയം) തരംതിരിക്കാൻ കഴിയുന്നു.
- ഓരോ മേഖലയിലെയും തൊഴിലവസരങ്ങൾ സ്ഥിതിവിവരക്കണക്കുകൾ ഉപയോഗപ്പെടുത്തി വ്യക്തമാക്കുന്നു.
- ഭക്ഷ്യോൽപ്പാദനരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിശദീകരിക്കുന്നു.
- ഭക്ഷ്യസുരക്ഷ സാധ്യമാകുന്നതിനുള്ള സാഹചര്യങ്ങൾ വിശദീകരിക്കുന്നു.
- ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളും പരിപാടികളും അവയുടെ സവിശേഷതകളും തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- പൊതുവിതരണസമ്പ്രദായത്തിന്റെ ആവശ്യകത തിരിച്ചറിയുന്നു.
- കേരളത്തിലെ ന്യായവിലഷോപ്പുകൾ തിരിച്ചറിയാനും അതിന്റെ പ്രാധാന്യം വിശദമാക്കുന്നു.
- ഭക്ഷ്യോൽപ്പാദനരംഗം ഇന്ന് നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയാനും പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദേശിക്കുന്നു.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വിലയിരുത്താം

1. പ്രാഥമിക, ദ്വിതീയ, തൃതീയ മേഖലയുടെ പരസ്പരബന്ധം വ്യക്തമാക്കുന്ന ഒരു ഉദാഹരണം എഴുതുക.
2. താഴെ നൽകിയിരിക്കുന്ന സാമ്പത്തികപ്രവർത്തനങ്ങൾ ഏതൊക്കെ മേഖലയിൽ ഉൾപ്പെടുന്നുവെന്ന് തരംതിരിച്ചെഴുതുക:
   - മത്സ്യബന്ധനം
   - അധ്യാപനം
   - ബാങ്കിംഗ്
   - ഫാക്ടറിത്തൊഴിൽ
   - ഖനനം
   - കെട്ടിടനിർമ്മാണം
   - റിയൽ എസ്റ്റേറ്റ്
   - വൈദ്യുതി ഉൽപ്പാദനം
3. തൃതീയമേഖല മറ്റ് രണ്ടു മേഖലകളേക്കാൾ വളർന്നുവരുന്നു. ചില ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക.
4. കേരളത്തിൽ ന്യായവിലയ്ക്ക് നിത്യോപയോഗവസ്തുക്കൾ ലഭിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെ?
5. ഇന്ത്യയിൽ പ്രാഥമികമേഖലയ്ക്കാണ് ഇന്നും പ്രാധാന്യം. ഉൽപ്പാദനം, തൊഴിൽലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.
6. ഗുണഭോക്താക്കളിൽ $^1/_3$ ഭാഗം സ്ത്രീകൾ ആയിരിക്കണം എന്ന് നിബന്ധനയുള്ള സർക്കാർ പദ്ധതി താഴെ പറയുന്നവയിൽ ഏതാണ്?
   - അന്ത്യോദയ അന്നയോജന
   - അന്നപൂർണ
   - മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
   - സ്വർണജയന്തി ഷഹാരി റോസ്ഗാർ യോജന
7. ഭക്ഷ്യസുരക്ഷ സാധ്യമാകുന്നതിന് പൊതുവിതരണസമ്പ്രദായം സഹായകമാണ്. പ്രസ്താവന വിലയിരുത്തുക.
8. പൊതുവിതരണകേന്ദ്രങ്ങൾ സാധാരണ ജനങ്ങൾക്കുവേണ്ടിയുള്ളതാണ്. സമർഥിക്കുക.
9. ഭക്ഷ്യോൽപ്പാദനം ഇന്ന് ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്. സമർഥിക്കുക.
10. കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ഒരു ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.



## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്ത് ഭക്ഷ്യോൽപ്പാദനരംഗം നേരിടുന്ന പ്രധാന വെല്ലുവിളികൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുക.
- നിങ്ങളുടെ പ്രദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ ഏത് മേഖലയിലാണെന്ന് അന്വേഷണത്തിലൂടെ കണ്ടെത്തുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# 6 ഭൂപടങ്ങളുടെ പൊരുൾ തേടി

വിവിധ കാലഘട്ടങ്ങളിൽ മനുഷ്യൻ നടത്തിയ ചില സമുദ്രയാത്രകളെക്കുറിച്ചുള്ള വിവരണങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവ ശ്രദ്ധയോടെ വായിക്കുമല്ലോ.



## ക്രിസ്റ്റഫർ കൊളമ്പസ്



പതിനഞ്ചാം നൂറ്റാണ്ടിൽ റിപ്പബ്ലിക് ഓഫ് ജനോവ (ഇന്നത്തെ വടക്കുപടിഞ്ഞാറൻ ഇറ്റലി) യിൽ ജനിച്ചു. നാവികൻ, പര്യവേഷകൻ എന്നീ നിലകളിൽ പ്രശസ്തി ആർജ്ജിച്ച വ്യക്തി. പ്രകൃതിവിഭവങ്ങളാൽ സമൃദ്ധമായ ഇന്ത്യയെക്കുറിച്ച് കേട്ടറിഞ്ഞ് അറ്റ്ലാന്റിക് സമുദ്രത്തിലൂടെ ഇന്ത്യയെ തേടിയുള്ള തന്റെ ആദ്യ കപ്പൽയാത്ര A.D. 1492-ൽ നടത്തി. ഈ യാത്രയിൽ, വഴി അറിയുന്നതിനായി വലിയൊരു ഗോളം തുകൽകൊണ്ട് പൊതിഞ്ഞ് അതിൽ സ്ഥലങ്ങൾ രേഖപ്പെടുത്തിയാണ് കൊളമ്പസും കൂട്ടരും സഞ്ചരിച്ചിരുന്നത്. നക്ഷത്രങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തുന്നതിനായി ഇത്തരത്തിലുള്ള മറ്റൊരു ഗോളവും ഇവർ ഉപയോഗിച്ചിരുന്നു. എന്നാൽ കൊളമ്പസിന്റെ യാത്ര വഴിതെറ്റി ഇന്നത്തെ വടക്കേ അമേരിക്കൻ വൻകരയ്ക്ക് സമീപമുള്ള ചില ദ്വീപുകളിൽ എത്തിച്ചേരുകയാണുണ്ടായത്. വഴി കാട്ടാൻ കൃത്യമായ ഭൂപടങ്ങളോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തതായിരുന്നു ഇതിനു കാരണം...



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഫെർഡിനാന്റ് മെഗല്ലൻ



മെഗല്ലൻ പതിനാറാം നൂറ്റാണ്ടിൽ യൂറോപ്പിലെ വടക്കൻ പോർച്ചുഗലിൽ ജനിച്ചു. ലോകം ചുറ്റി സഞ്ചരിക്കുക എന്ന അടങ്ങാത്ത മോഹത്താൽ 1519 സെപ്റ്റംബറിൽ യൂറോപ്പിൽനിന്ന് പോർച്ചുഗീസ് പര്യവേഷകനായ മെഗല്ലനും കൂട്ടരും കപ്പൽയാത്ര ആരംഭിച്ചു. അറ്റ്ലാന്റിക് സമുദ്രത്തിലൂടെ സഞ്ചരിച്ച് പസഫിക് സമുദ്രം പിന്നിട്ട് യൂറോപ്പിൽ തിരിച്ചെത്തുകയായിരുന്നു ലക്ഷ്യം. വൻകരകളുടെ സ്ഥാനം അറിയുന്നതിനായി പതിനാറാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട ഭൂപടങ്ങൾ ഇവർ ഉപയോഗിച്ചിരുന്നു. എന്നാൽ യാത്ര വർഷങ്ങൾ നീണ്ടതോടെ കപ്പലിൽ കലഹങ്ങളായി. പസഫിക് സമുദ്രം പിന്നിട്ട് ഫിലിപ്പൈൻസ് ദ്വീപസമൂഹത്തിലെത്തിയ ഇവർ അവിടത്തെ മക്ടാൻ (Mactan) ദ്വീപുവാസികളുമായി യുദ്ധത്തിലേർപ്പെടുകയും, ഈ പോരാട്ടത്തിൽ മെഗല്ലൻ കൊല്ലപ്പെടുകയും ചെയ്തു. കപ്പലിൽ ബാക്കിയായവർ 1522 സെപ്റ്റംബറിൽ യൂറോപ്പിൽ തിരിച്ചെത്തുകയാണുണ്ടായത്. വിശദമായ ഭൂപടങ്ങളോ വഴി അറിയുവാനുള്ള മറ്റ് സൗകര്യങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് ഇവർക്ക് ലോകം ചുറ്റി സഞ്ചരിക്കുന്നതിന് ഏകദേശം മൂന്നു വർഷം വേണ്ടിവന്നു...

## ലഫ്. കമാണ്ടർ അഭിലാഷ് ടോമി

ഇന്ത്യൻ നാവികനായ അഭിലാഷ് ടോമി കേരളത്തിലെ എറണാകുളം ജില്ലയിലുള്ള തൃപ്പൂണിത്തുറയിൽ ജനിച്ചു. 2012 നവംബറിൽ സമുദ്രമാർഗ്ഗം ലോകം ചുറ്റി സഞ്ചരിക്കുവാൻ മുംബൈയിൽനിന്ന് യാത്ര തിരിച്ചു. സമുദ്രത്തിലെ പലവിധങ്ങളായ തടസ്സങ്ങളെല്ലാം അതിജീവിച്ച് ലോകം ചുറ്റി 2013 മാർച്ച് 31-ന് മുംബൈയിൽ തിരിച്ചെത്തി. കൃത്യമായ ഭൂപടങ്ങളുടെയും ആധുനിക ഉപകരണങ്ങളുടെയും സഹായത്താലാണ് വഴിതെറ്റാതെ ഏകദേശം 150 ദിവസം കൊണ്ട് ഭൂമിയെ ചുറ്റിവരാൻ അദ്ദേഹത്തിനായത്...







Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഇന്നത്തേതുപോലുള്ള ഭൂപടങ്ങളോ ആധുനിക സംവിധാനങ്ങളോ ഇല്ലാതിരുന്നകാലത്ത് ആയിരക്കണക്കിന് കിലോമീറ്റർ താണ്ടിയുള്ള കൊളമ്പസിന്റെയും മെഗല്ലന്റെയും വർഷങ്ങൾ നീണ്ട കപ്പൽയാത്രകൾ ഏവരെയും അമ്പരിപ്പിക്കുന്നതാണ്. ലോകത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ നൽകുന്ന ഭൂപടങ്ങളുടെയും ആധുനിക സാങ്കേതികവിദ്യകളുടെയും സഹായത്താൽ ചുരുങ്ങിയ കാലയളവിൽ വഴിതെറ്റാതെ ലോകം ചുറ്റി തിരിച്ചെത്താം എന്ന് മനസിലാക്കിയല്ലോ.

## ഭൂപടങ്ങളുടെ പ്രാധാന്യം

ഭൂമിശാസ്ത്രകാരന്റെ പ്രധാന ഉപകരണമാണ് ഭൂപടം. നിങ്ങളുടെ ക്ലാസ് മുറി, സ്കൂൾ പരിസരം, നിങ്ങൾ താമസിക്കുന്ന പ്രദേശം എന്നിവ ഒരു കടലാസിൽ ചിത്രീകരിക്കാൻ കഴിയും. ഇതുപോലെ ഭൗമോപരിതലത്തിലെ എല്ലാ പ്രദേശങ്ങളെയും ചിത്രീകരിക്കാവുന്നതാണ്. ഭൂപ്രദേശങ്ങളുടെ ഇത്തരത്തിലുള്ള ചിത്രീകരണത്തെയാണ് ഭൂപടങ്ങൾ എന്ന് വിളിക്കുന്നത്. നൂറ്റാണ്ടുകൾക്ക് മുൻപു തന്നെ ഭൂപടങ്ങൾ ഉപയോഗിച്ചിരുന്നതായി കരുതപ്പെടുന്നു. എന്നാൽ അവ ഇന്നത്തേതുപോലുള്ള വ്യക്തവും കൃത്യവുമായ ഭൂപടങ്ങളായിരുന്നില്ല.

ഭൂമിയുടെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്ന ഭൂപടങ്ങൾ ആധുനിക ലോകത്ത് ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. ഇന്ന് വിവിധങ്ങളായ ഭൂപടങ്ങൾ ഒട്ടനവധി മേഖലകളിൽ ഉപയോഗിക്കുന്നുണ്ട്.



ഏതെല്ലാം മേഖലകളിലാണ് ഭൂപടങ്ങൾ ഉപയോഗിക്കുന്നതെന്ന് നിങ്ങൾക്ക് കണ്ടെത്താമോ?

- ഭൂമിശാസ്ത്രപഠനമേഖല
- പ്രതിരോധമേഖല
- വിനോദസഞ്ചാരമേഖല
- ഭരണനിർവ്വഹണമേഖല
- ഗതാഗതമേഖല
- 

നിങ്ങളുടെ പാഠപുസ്തകങ്ങളിൽ വിവിധ പാഠഭാഗങ്ങളുടെ പഠനത്തിനായി എത്ര ഭൂപടങ്ങളാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിക്കൂ.

വിദ്യാർഥികളും അധ്യാപകരുമല്ലാതെ മറ്റാരൊക്കെയാണ് നിത്യജീവിതത്തിൽ ഭൂപടങ്ങൾ ഉപയോഗിക്കുന്നതെന്ന് നമുക്ക് നോക്കാം.

- വ്യവസായികൾ
- ചരിത്രകാരൻമാർ
- പൈലറ്റുകൾ
- കപ്പിത്താൻമാർ
- 

മേൽ സൂചിപ്പിച്ചവർ ഭൂപടങ്ങൾ ഉപയോഗിക്കുന്നത് എന്തിനായിരിക്കാം? പല ആവശ്യങ്ങൾക്കായി ഒരേതരം ഭൂപടങ്ങളാണോ ഇവർ ഉപയോഗിക്കുന്നത്?


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ക്ലാസിൽ ഒരു ചർച്ചയായാലോ?

വ്യത്യസ്ത ആവശ്യങ്ങൾക്കായി വിവിധങ്ങളായ ഭൂപടങ്ങൾ ഇന്ന് നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇത്രയേറെ പ്രാധാന്യമുള്ള ഭൂപടങ്ങളുടെ ചരിത്രം നമുക്കൊന്ന് പരിശോധിക്കാം.

## ഭൂപടങ്ങളുടെ ചരിത്രം

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ നിലവിലുണ്ടായിരുന്ന ഭൂപടങ്ങൾ കൃത്യമായ സ്ഥാനനിർണ്ണയത്തിനോ ദിക്ക് നിർണ്ണയത്തിനോ സഹായിക്കുന്നവയായിരുന്നില്ല. അതിനാലാണ് കൊളമ്പസ്, മെഗല്ലൻ മുതലായവരുടെ സമുദ്രയാത്രകൾ വഴിതെറ്റാനും ദൈർഘ്യമേറാനും ഇടയായത് എന്ന് മനസ്സിലാക്കിയല്ലോ.



ഈ കാലഘട്ടങ്ങൾക്കു മുൻപ് ഭൂപടങ്ങൾ നിർമ്മിച്ചിരുന്നോ?

ഇന്നത്തെ ഭൂപടങ്ങളെപ്പോലെ വ്യക്തവും കൃത്യവുമായവയായിരുന്നോ ആദ്യകാല ഭൂപടങ്ങൾ?

വിവിധ കാലഘട്ടങ്ങളിൽ ഭൂപടങ്ങളിലുണ്ടായ മാറ്റങ്ങളാണ് ചിത്രം 1 മുതൽ 6 വരെ ക്രമത്തിൽ നൽകിയിരിക്കുന്നത്.

1




മെസോപ്പൊട്ടേമിയൻ ഭൂപടം
(കളിമൺ ഫലകം)

2




അനക്സിമാൻഡെർ വരച്ചതെന്ന് കരുതുന്ന ലോകഭൂപട മാതൃക

3




ഹിപ്പാർക്കസ് നിർമ്മിച്ച ലോകഭൂപടം

4



ടോളമി നിർമ്മിച്ച ലോകഭൂപടം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

5



മെർക്കാറ്റർ തയ്യാറാക്കിയ ലോകഭൂപടം

6




ഓർട്ടിലിയസ് തയ്യാറാക്കിയ ലോകഭൂപടം

മുകളിൽ നൽകിയ ചിത്രങ്ങൾ ശ്രദ്ധിച്ചല്ലോ. നിങ്ങളുടെ സാമൂഹ്യശാസ്ത്രലാബിലെ ലോക ഭൂപടവും ഈ ചിത്രങ്ങളും തമ്മിൽ താരതമ്യം ചെയ്യൂ. എന്തെല്ലാം മാറ്റങ്ങൾ നിങ്ങൾക്ക് കണ്ടെത്താനാകും?

നൂറ്റാണ്ടുകളിലൂടെ ഭൂപടങ്ങളിൽ വന്നിട്ടുള്ള ഈ മാറ്റങ്ങൾ എന്തൊക്കെയെന്ന് നമുക്ക് പരിശോധിക്കാം.

മനുഷ്യസംസ്കാരത്തോളം പഴക്കമുള്ളതാണ് ഭൂപടങ്ങളുടെ ചരിത്രവും എന്ന് കരുതപ്പെടുന്നു. ഏകദേശം 5000 വർഷങ്ങൾക്കു മുമ്പ് മെസോപ്പൊട്ടേമിയയിൽ കളിമണ്ണിൽ നിർമ്മിച്ച് ചുട്ടെടുത്ത ഫലകങ്ങളാണ് ഇന്നുവരെ കണ്ടെത്തിയവയിൽ ഏറ്റവും പഴക്കമേറിയ ഭൂപടങ്ങൾ. ഇവയിൽ വളരെ ചെറിയ പ്രദേശങ്ങളിലെ സവിശേഷതകൾ കാണിക്കാൻ സഹായിക്കുന്ന പ്രത്യേകതരം വരകളും ചിഹ്നങ്ങളുമാണ് ഉണ്ടായിരുന്നത്. ആദ്യഭൂപടം വരച്ചതായി കരുതപ്പെടുന്ന ഗ്രീക്ക് തത്വചിന്തകൻ അനക്സിമാൻഡെറുടെ കാലഘട്ടത്തിൽ ഭൂപടങ്ങൾ തുകലിലും വെങ്കല ഫലകങ്ങളിലുമാണ് തയ്യാറാക്കിയിരുന്നത്. ഗ്രീക്ക് ഗണിതശാസ്ത്രജ്ഞനായ ഇറാത്തോസ്തനീസിന്റെ കണ്ടുപിടുത്തങ്ങളും ഹിപ്പാർക്കസ്, ടോളമി എന്നീ ജ്യോതിശാസ്ത്രജ്ഞരുടെ സംഭാവനകളും ഭൂപടനിർമ്മാണത്തിന് കൂടുതൽ സഹായകമായി. കൊളമ്പസ്, മെഗല്ലൻ മുതലായ നാവികരുടെയും പര്യവേഷകരുടെയും ലോകയാത്രകൾ വ്യക്തവും കൃത്യവുമായ ഭൂപടനിർമ്മാണത്തിന് വഴിതെളിച്ചു.

### ആദ്യ ഭൂപടം വരച്ചത്?

ഗ്രീക്ക് തത്വചിന്തകനായിരുന്ന അനക്സിമാൻഡെർ (Anaximander) ആണ് ആദ്യത്തെ ഭൂപടം വരച്ചതെന്ന് കരുതപ്പെടുന്നു. ബി.സി. 610-ൽ ഏഷ്യാമൈനറിലെ മിലെറ്റൈസിലാണ് ഇദ്ദേഹം ജനിച്ചത്.



ആധുനിക ഭൂപടനിർമ്മാണത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന മെർക്കാറ്ററും ആദ്യമായി വിവിധ ഭൂപടങ്ങൾ ചേർത്ത് 'അറ്റ്ലസ്' തയ്യാറാക്കിയ എബ്രഹാം ഓർട്ടേലിയസും ആധുനിക ഭൂപടനിർമ്മാണത്തിന് പുതിയ കാഴ്ചപ്പാടുകൾ നൽകിയവരാണ്. ആധുനിക ഭൂപടശാസ്ത്ര


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ത്തിന്റെ വളർച്ചയിൽ ഗ്രീക്ക്, റോമൻ, അറബ്, ഇന്ത്യൻ ഭൂമിശാസ്ത്രകാരന്മാരുടെ സംഭാവനകൾ ഏറെ വിലപ്പെട്ടതാണ്.

ഭൂപടങ്ങളുടെ ചരിത്രം കളിമൺ ഫലകങ്ങളിൽ തുടങ്ങി ഇന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഭൂപടങ്ങൾവരെ എത്തിനിൽക്കുന്നു. അതിവേഗം പുരോഗതിയിലേക്ക് കുതിക്കുന്ന ലോകത്ത് ഭൂപടങ്ങളും കാലത്തിനൊത്ത് മാറിയിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെയും മറ്റും സഹായത്താൽ ഭൂപ്രദേശങ്ങളുടെ കൃത്യമായ സ്ഥാനം, ത്രിമാനദൃശ്യങ്ങൾ ഇവയൊക്കെ ഒരു മൗസ് ക്ലിക്കിൽ തന്നെ സ്ക്രീനിൽ തെളിയുന്ന തരത്തിലേക്ക് ഇന്ന് ഭൂപടനിർമ്മാണം വളർന്നിരിക്കുന്നു.




**ഭൂപടശാസ്ത്രം (Cartography)**

കാർട്ടേ (Carte) ഗ്രാഫിക് (Graphic) എന്നീ ഫ്രഞ്ച് പദങ്ങളിൽ നിന്നാണ് കാർട്ടോഗ്രാഫി എന്ന ഇംഗ്ലീഷ് പദം രൂപംകൊണ്ടിട്ടുള്ളത്. കാർട്ടേ എന്നതിന് ഭൂപടം (Map) എന്നും ഗ്രാഫിക് എന്നതിന് വരയ്ക്കുക (Drawing) എന്നുമാണ് അർഥം. ഭൂപടങ്ങൾ തയ്യാറാക്കുന്ന ശാസ്ത്രശാഖയാണ് ഭൂപടശാസ്ത്രം അഥവാ കാർട്ടോഗ്രാഫി. ഭൂപടങ്ങൾ തയ്യാറാക്കുന്ന ആളിനെ കാർട്ടോഗ്രാഫർ (Cartographer) എന്നാണ് വിളിക്കുന്നത്.

## രേഖാചിത്രവും പ്ലാനും (Sketch and Plan)

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.




ചിത്രം എ




ചിത്രം ബി

ഒരേ പ്രദേശത്തിന്റെ രണ്ട് ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ഈ ചിത്രങ്ങൾ തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളാണ് നിങ്ങൾക്ക് കണ്ടെത്താൻ കഴിയുക?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- ചിത്രം എ യിൽ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുള്ള അമ്പടയാളം നൽകിയിട്ടുണ്ട്. എന്നാൽ ചിത്രം ബി യിൽ അവ കാണുന്നില്ല.
- ചിത്രം ബി യിൽ വടക്ക് ദിശ കാണിക്കുന്ന ദിശസൂചികയും തോതും നൽകിയിട്ടുണ്ട്. ഇവ ചിത്രം എ യിൽ കാണുന്നില്ല.
- ചിത്രം എ യിൽ ലക്ഷ്യസ്ഥാനത്തെത്തുന്നതിനായുള്ള സവിശേഷതകൾമാത്രം നൽകിയിരിക്കുന്നു. എന്നാൽ ചിത്രം ബി യിൽ ആ പ്രദേശത്തിന്റെ പ്രധാന സവിശേഷതകൾ എല്ലാം നൽകിയിട്ടുണ്ട്.
-

ചിത്രം എ യിൽ നൽകിയിരിക്കുന്നത് രാമുവിന്റെ സ്കൂളിലേക്കുള്ള വഴി ചിത്രീകരിക്കുന്ന രേഖാചിത്രമാണ്. മറ്റൊരു സ്കൂളിൽ പഠിക്കുന്ന സുഹൃത്തായ ഗോപുവിന് രാമുവിന്റെ സ്കൂളിലെത്താനുള്ള വഴിയാണ് ചിത്രത്തിൽ രാമു വരച്ചു ചേർത്തത്.

ചിത്രം ബി യിലേതുപോലെ ദൂരം മനസിലാക്കാനായി കൃത്യമായ അളവുകളോ ദിക്ക് സൂചിപ്പിക്കുന്ന വിവരങ്ങളോ ഒന്നുംതന്നെ ഈ ചിത്രത്തിലില്ല. എന്നിരുന്നാലും ഈ ചിത്രമുപയോഗിച്ച് കൂട്ടുകാരനായ ഗോപുവിനെ രാമുവിന്റെ സ്കൂളിൽ എത്തിക്കുന്നതിൽ രാമു വിജയിച്ചു. ഇത്തരത്തിൽ വളരെക്കുറച്ച് സവിശേഷതകൾമാത്രം ഉൾപ്പെടുത്തി ഒരാളുടെ ഓർമ്മയിൽ നിന്നോ ഒരു പ്രദേശത്തെ നോക്കിക്കണ്ടോ വരച്ചെടുക്കുന്ന ചിത്രങ്ങളാണ് രേഖാചിത്രങ്ങൾ.

രാമു തയ്യാറാക്കിയതുപോലെ ഒരു രേഖാചിത്രം നിങ്ങൾക്കും തയ്യാറാക്കാമല്ലോ.

വീടിനടുത്ത ബസ്സ്സ്റ്റോപ്പിൽനിന്നോ റെയിൽവെ സ്റ്റേഷനിൽനിന്നോ നിങ്ങളുടെ സ്കൂളിലേക്ക് എത്തിച്ചേരാൻ സഹായിക്കുന്ന ഒരു രേഖാചിത്രം തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കൂ.

ഒരു പ്രദേശത്തിലെ വിവരങ്ങളെ സംബന്ധിച്ച കൃത്യമായ അളവുകൾ, അവയുടെ സ്ഥാനം എന്നിവ തിട്ടപ്പെടുത്തി തോതിന്റെയും ദിക്കിന്റെയും അടിസ്ഥാനത്തിലാണ് പ്ലാനുകൾ തയ്യാറാക്കുന്നത്. ചിത്രം ബി യിൽ നൽകിയിരിക്കുന്നത് രാമുവിന്റെ സ്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്ലാനാണ്. ചില സ്ഥാപനങ്ങളുടെ മുൻപിൽ ആ സ്ഥാപനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാനുകൾ പ്രദർശിപ്പിച്ചിരിക്കുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ.

നമുക്കൊരു പ്ലാൻ തയ്യാറാക്കിയാലോ? നിങ്ങളുടെ ക്ലാസ്മുറിയുടെ ശരിയായ അളവുകളെടുത്ത് അധ്യാപകന്റെ സഹായത്തോടെ ഒരു പ്ലാൻ തയ്യാറാക്കൂ.


വിസ്തൃതി കൂടിയ പ്രദേശങ്ങളുടെ കൃത്യവും വ്യക്തവുമായ ചിത്രീകരണങ്ങളാണ് ഭൂപടങ്ങൾ. ഇവയെക്കുറിച്ച് നമുക്ക് കൂടുതൽ മനസിലാക്കാം.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ഭൂപടങ്ങളിലെ അവശ്യഘടകങ്ങൾ

ചുവടെ നൽകിയിരിക്കുന്ന ഭൂപടം (ചിത്രം 6.1) നിരീക്ഷിക്കൂ.




ചിത്രം 6.1

ഭൂപടങ്ങൾക്ക് ഉണ്ടാകേണ്ട അവശ്യഘടകങ്ങൾ അടയാളപ്പെടുത്തിയ ഭൂപടമാണിത്. ഇതിൽ A, B, C, D, E, F എന്നിങ്ങനെ അടയാളപ്പെടുത്തിയിരിക്കുന്നവയാണ് ഭൂപടങ്ങളുടെ അവശ്യ ഘടകങ്ങൾ. ഭൂപടത്തിന്റെയും (ചിത്രം 6.1) നൽകിയിരിക്കുന്ന പട്ടികയുടെയും (പട്ടിക 6.1) സഹായത്താൽ ഭൂപടങ്ങളുടെ അവശ്യഘടകങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തുമല്ലോ.

| അക്ഷരങ്ങൾ | ഭൂപടങ്ങളിലെ അവശ്യഘടകങ്ങൾ |
|---|---|
| A | തലക്കെട്ട് |
| B | തോത് |
| C | ദിക്ക് |
| D | അക്ഷാംശീയ-രേഖാംശീയ സ്ഥാനം |
| E | അംഗീകൃത നിറങ്ങളും ചിഹ്നങ്ങളും |
| F | സൂചിക |

പട്ടിക 6.1

ഇവ ഓരോന്നിന്റെയും പ്രസക്തി എന്തെന്ന് നമുക്ക് പരിശോധിക്കാം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### തലക്കെട്ട്

ഭൂപടത്തിൽ ചിത്രീകരിച്ചിരിക്കുന്ന പ്രദേശങ്ങൾ ഏതെന്നും ഭൂപടത്തിന്റെ ഉള്ളടക്കമെന്തെന്നും തലക്കെട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. ഇവ പൊതുവെ ഭൂപടങ്ങളുടെ മുകൾഭാഗത്ത് കാണിച്ചിരിക്കും.

സ്കൂളിലെ സാമൂഹ്യശാസ്ത്രലാബിലുള്ള ഭൂപടങ്ങൾ പരിശോധിച്ച് ഏതെല്ലാം പ്രദേശങ്ങളുടെ ഭൂപടങ്ങളാണുള്ളതെന്ന് കണ്ടെത്തി പട്ടികപ്പെടുത്തൂ.

### തോത്

നമ്മുടെ സ്കൂൾക്കെട്ടിടത്തിന്റെ ഒരു പ്ലാൻ വരച്ചാലോ? ഇതിന് ആദ്യം ചെയ്യേണ്ടത് ടേപ്പ് ഉപയോഗിച്ച് കെട്ടിടത്തിന്റെ നീളവും വീതിയും അളക്കുകയാണ്. അളന്നപ്പോൾ കിട്ടിയ നീളം 30 മീറ്ററും വീതി 10 മീറ്ററുമാണെന്നിരിക്കട്ടെ. ഈ അളവുകൾ ഉപയോഗിച്ച് സ്കൂൾ കെട്ടിടത്തിന്റെ പ്ലാൻ വരയ്ക്കാമോ? ഈ പ്രവർത്തനം താഴെ പറയുന്ന ഘട്ടങ്ങളായി ചെയ്തു നോക്കാം.

**ഘട്ടം 1**

കെട്ടിടത്തിന്റെ നീളവും വീതിയും അതേപടി കടലാസിൽ രേഖപ്പെടുത്താൻ ശ്രമിക്കൂ. നീളവും വീതിയും കടലാസിൽ ഒതുങ്ങുന്നില്ല, അല്ലേ.

**ഘട്ടം 2**

30 മീറ്റർ നീളം എന്നത് 30 സെന്റിമീറ്ററാക്കി വരച്ചാലോ. ഇപ്പോൾ ഒരു വലിയ പേപ്പറിൽ ഈ നീളം രേഖപ്പെടുത്താൻ കഴിയും അല്ലേ? ഇതേരീതി ഉപയോഗിച്ചാൽ കെട്ടിടത്തിന്റെ വീതി വരയ്ക്കാൻ എത്ര സെന്റിമീറ്റർ വേണം? 10 സെന്റിമീറ്റർ വേണ്ടിവരും എന്ന് മനസ്സിലായില്ലേ.

**ഘട്ടം 3**

ഇനി കെട്ടിടത്തിന്റെ നീളവും വീതിയും വരയ്ക്കൂ.




സ്കൂൾകെട്ടിടത്തിന്റെ ഓരോ മീറ്റർ നീളവും വീതിയും കടലാസിൽ വരയ്ക്കാൻ ഓരോ സെന്റിമീറ്റർ എന്ന അനുപാതമാണ് നിങ്ങൾ തിരഞ്ഞെടുത്തത്. നീളവും വീതിയും സൗകര്യപ്രദമായി രേഖപ്പെടുത്താൻ നാം ഇവിടെ ഉപയോഗിച്ച സങ്കേതമാണ് തോത്. നിങ്ങൾ നീളം, വീതി എന്നിവ ചിത്രീകരിച്ചത് ഒരു സെന്റിമീറ്ററിന് ഒരു മീറ്റർ എന്ന തോതിലാണ്.

ഭൂമിയിലെ രണ്ട് സ്ഥലങ്ങൾ തമ്മിലുള്ള അകലം ഭൂപടത്തിൽ ചിത്രീകരിക്കാനുപയോഗിക്കുന്ന ആനുപാതിക അകലമാണ് തോത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

തോത് ഉപയോഗിച്ചു മാത്രമേ ഭൂപടങ്ങൾ നിർമ്മിക്കാൻ സാധിക്കൂ. ഇതിലൂടെ വലിയ ഭൂപ്രദേശങ്ങൾ ആവശ്യാനുസരണം കൃത്യതയോടെ ചെറുതാക്കി വരയ്ക്കാൻ സാധിക്കുന്നു. മാത്രമല്ല ഭൂപടത്തിലെ വിവിധ സ്ഥലങ്ങൾ തമ്മിലുള്ള യഥാർത്ഥദൂരം കണക്കാക്കാൻ തോത് ഉപയോഗപ്പെടുത്തുന്നു.




### ഭൂപടങ്ങളിലെ തോതുകൾ പലവിധം

പ്രസ്താവനാരീതി, ഭിന്നകരീതി, രേഖാരീതി എന്നീ മൂന്ന് വിധത്തിൽ ഭൂപടങ്ങളിൽ തോതുകൾ രേഖപ്പെടുത്താം.

പ്രസ്താവനാരീതി – ഉദാഹരണം: 1 സെന്റിമീറ്ററിന് 10 കിലോമീറ്റർ

ഭിന്നകരീതി – ഉദാഹരണം: 1 : 10,00,000


രേഖാരീതി – ഉദാഹരണം:




#### ദിക്ക്

ഭൂപടങ്ങളിലെ മറ്റൊരു പ്രധാനപ്പെട്ട ഘടകമാണ് ദിക്ക്. വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നിവയാണ് പ്രധാനപ്പെട്ട നാല് ദിക്കുകൾ.

ദിക്കുകൾ കണ്ടെത്തുന്നതിനുള്ള ഉപകരണമാണ് വടക്കുനോക്കിയന്ത്രം (Magnetic Compass) (ചിത്രം 6.2) പ്രധാന ദിക്കുകളെ വടക്ക് കിഴക്ക്, തെക്ക് കിഴക്ക്, തെക്ക് പടിഞ്ഞാറ്, വടക്ക് പടിഞ്ഞാറ് എന്നിങ്ങനെ നാല് ഉപദിക്കുകളായി തിരിക്കാം. ചുവടെ നൽകിയിരിക്കുന്ന ചിത്രം (ചിത്രം 6.3) നിരീക്ഷിച്ച് അവ മനസിലാക്കൂ.




വടക്കുനോക്കിയന്ത്രം
(ചിത്രം 6.2)




ദിക്കുകൾ
(ചിത്രം 6.3)

ഭൂപടങ്ങളിൽ സ്ഥലങ്ങളുടെ കൃത്യമായ സ്ഥാനം മനസിലാക്കുന്നതിന് ദിക്കുകൾ അനിവാര്യമാണ്.

#### അക്ഷാംശരേഖകളും രേഖാംശരേഖകളും


ചിത്രം 6.4 ശ്രദ്ധിക്കൂ. ഇതിൽ നെടുകെയും കുറുകെയും വരച്ചിരിക്കുന്ന രേഖകൾ കണ്ടില്ലേ? സാമൂഹ്യശാസ്ത്രലാബിലെ ഗ്ലോബും ഭൂപടങ്ങളും പരിശോധിക്കൂ. ഇത്തരം രേഖകൾ കാണാൻ കഴിഞ്ഞല്ലോ. ഇങ്ങനെ ഗ്ലോബിലും ഭൂപടങ്ങളിലും കുറുകെ വരച്ചിരിക്കുന്ന


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

രേഖകളാണ് അക്ഷാംശരേഖകൾ. ഇവ ഡിഗ്രി അളവിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്ലോബിന്റെ നേർമധ്യത്തിലായി വരച്ചിരിക്കുന്ന അക്ഷാംശരേഖയാണ് ഭൂമധ്യരേഖ. ഇത് $0^0$ അക്ഷാംശമാണ്. ഭൂമധ്യരേഖയിൽ നിന്ന് തെക്കോട്ടും വടക്കോട്ടും $90^0$ വരെ അക്ഷാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. $90^0$ വടക്ക് അക്ഷാംശത്തെ ഉത്തരധ്രുവമെന്നും $90^0$ തെക്ക് അക്ഷാംശത്തെ ദക്ഷിണധ്രുവമെന്നും വിളിക്കുന്നു.

> ഭൂമധ്യരേഖയ്ക്ക് സമാന്തരമായി വൃത്താകൃതിയിലുള്ള സാങ്കൽപ്പിക രേഖകളെയാണ് അക്ഷാംശരേഖകൾ എന്നറിയപ്പെടുന്നത്.




ചിത്രം 6.4

ഗ്ലോബ് നിരീക്ഷിച്ച് പ്രധാന അക്ഷാംശരേഖകളും അവയുടെ ഡിഗ്രി അളവുകളും കണ്ടെത്തൂ.

അക്ഷാംശരേഖകൾക്ക് ലംബമായി ഉത്തരധ്രുവത്തെയും ദക്ഷിണധ്രുവത്തെയും യോജിപ്പിച്ച് വരച്ചിരിക്കുന്ന രേഖകൾ കണ്ടില്ലേ. ഇവയെ രേഖാംശരേഖകളെന്നു വിളിക്കുന്നു. ഇവയും ഡിഗ്രി അളവിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

> ഭൂമിയുടെ ഉത്തരധ്രുവത്തെയും ദക്ഷിണധ്രുവത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അർദ്ധവൃത്താകൃതിയിലുള്ള സാങ്കല്പ്പികരേഖകളാണ് രേഖാംശരേഖകൾ.

ഗ്ലോബ് നിരീക്ഷിച്ച് പ്രധാന രേഖാംശരേഖകളായ $0^0$ രേഖാംശവും $180^0$ രേഖാംശവും കണ്ടെത്തൂ.

ഭൂപടം, ഗ്ലോബ് എന്നിവ ഉപയോഗപ്പെടുത്തി ഒരു സ്ഥലത്തിന്റെ സ്ഥാനനിർണയം നടത്തുന്നത് അക്ഷാംശ-രേഖാംശരേഖകളെ അടിസ്ഥാനമാക്കിയാണ്.

ലോക ഭൂപടം, ഗ്ലോബ് എന്നിവ നിരീക്ഷിച്ച് ഇന്ത്യയുടെ സ്ഥാനം ഏതെല്ലാം അക്ഷാംശരേഖകൾക്കും രേഖാംശരേഖകൾക്കും ഇടയിലാണെന്ന് കണ്ടെത്തൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും

ഭൗമോപരിതലത്തിലെ വിവിധ സവിശേഷതകളായ പർവ്വതങ്ങൾ, പീഠഭൂമികൾ, സമതലങ്ങൾ, ജലാശയങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ, പാർപ്പിടങ്ങൾ, കൃഷിയിടങ്ങൾ മുതലായവ ഭൂപടങ്ങളിൽ അന്തർദേശീയമായി അംഗീകരിക്കപ്പെട്ട നിറങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ചാണ് ചിത്രീകരിക്കുന്നത്.

സാമൂഹ്യശാസ്ത്രലാബിലെ ഭൂപടങ്ങൾ നിരീക്ഷിച്ച് അവയിൽ നൽകിയിരിക്കുന്ന നിറങ്ങളും ചിഹ്നങ്ങളും മനസിലാക്കുമല്ലോ.

**സൂചിക**

ഭൂപടവായനയ്ക്കുള്ള ഒരു മാർഗ്ഗമാണ് സൂചിക (Index/key). ഭൂപടങ്ങളിലെ നിറങ്ങളും ചിഹ്നങ്ങളും എന്തിനെ സൂചിപ്പിക്കുന്നുവെന്ന് കാണിക്കുന്നതാണ് സൂചിക. ഈ സൂചിക ഉപയോഗിച്ചാണ് ഭൂപടങ്ങളുടെ സവിശേഷതകൾ മനസ്സിലാക്കുന്നത്.

സാമൂഹ്യശാസ്ത്രലാബിലെ ഭൂപടങ്ങളിലെ സൂചിക വിശകലനം ചെയ്ത് ഭൂപട സവിശേഷതകൾ മനസിലാക്കുമല്ലോ.

മുകളിൽ വിശദീകരിച്ച ഘടകങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഭൂപടങ്ങളാണ് വ്യക്തവും കൃത്യവുമായ ഭൂപടങ്ങൾ.

ഭൂപടങ്ങളുടെ ഉപയോഗം, ചരിത്രം, അവശ്യഘടകങ്ങൾ എന്നീ കാര്യങ്ങളാണല്ലോ ഈ അധ്യായത്തിൽ നാം ചർച്ച ചെയ്തത്. നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളിൽ ഈ അറിവുകൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.



## സംഗ്രഹം

- ആധുനികയുഗത്തിൽ ഭൂപടങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്.
- വിവിധങ്ങളായ ഭൂപടങ്ങൾ നിരവധി മേഖലകളിൽ ഉപയോഗിക്കുന്നു.
- വിവിധ കാലഘട്ടങ്ങളിലൂടെയാണ് ഭൂപടനിർമ്മാണം ഇന്ന് കാണുന്ന രീതിയിൽ പുരോഗതി പ്രാപിച്ചത്. ഭൂപടങ്ങളുടെ ചരിത്രം മനുഷ്യസംസ്കാരത്തോളം പഴക്കമുള്ളതാണ്.
- ഭൂപടങ്ങൾക്ക് ഉണ്ടായിരിക്കേണ്ട അവശ്യഘടകങ്ങളാണ് തലക്കെട്ട്, തോത്, ദിക്ക്, അക്ഷാംശ-രേഖാംശരേഖകൾ, അംഗീകൃത അടയാളങ്ങളും ചിഹ്നങ്ങളും, സൂചിക എന്നിവ.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഭൂപടങ്ങളുടെ ചരിത്രത്തെക്കുറിച്ചും ഭൂപടങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും വ്യക്തമാക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- സ്കെച്ച്, പ്ലാൻ, ഭൂപടം എന്നിവ വേർതിരിച്ചറിയാൻ കഴിയുന്നു.
- ക്ലാസിൽ നേടിയ അറിവുകളുടെ അടിസ്ഥാനത്തിൽ തന്റെ പരിസരത്തിന്റെ സ്കെച്ച്, പ്ലാൻ ഇവ തയ്യാറാക്കാൻ കഴിയുന്നു.
- ഭൂപടങ്ങളുടെ പ്രധാന ഘടകങ്ങളെക്കുറിച്ച് വിശദമാക്കുന്നു.

## വിലയിരുത്താം

1. വിദ്യാർഥികളും അധ്യാപകരും മാത്രമല്ല ഭൂപടങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ഈ പ്രസ്താവന സാധൂകരിക്കുക.
2. ഭൂപടങ്ങളിലെ അവശ്യഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുക.
3. രേഖാചിത്രവും രൂപരേഖയും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് കണ്ടെത്തി എഴുതുക.
4. ഒരു ഭൂപടത്തിന്റെ തോത് 1 സെന്റിമീറ്ററിന് 15 കിലോമീറ്റർ ആണ്. ആ ഭൂപടത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിലുള്ള അകലം 10 സെന്റിമീറ്റർ ആണെന്നിരിക്കട്ടെ. ഭൂമിയിൽ ഈ സ്ഥലങ്ങൾ തമ്മിലുള്ള യഥാർത്ഥ അകലം കണക്കാക്കുക.

## തുടർപ്രവർത്തനങ്ങൾ

- രാമുവിന്റെ വീട് സ്ഥിതി ചെയ്യുന്ന വാർഡിനെക്കുറിച്ചുള്ള വിശദീകരണമാണ് ചുവടെ നൽകിയിരിക്കുന്നത്. ഈ വിവരങ്ങൾ അടിസ്ഥാനമാക്കി ആ പ്രദേശത്തിന്റെ പ്ലാൻ തയ്യാറാക്കു.
- വാർഡിന്റെ നീളം 7 കിലോമീറ്ററും വീതി 4 കിലോമീറ്ററുമാണ്.

➢ ഈ വാർഡിന്റെ വടക്കുനിന്ന് തെക്കോട്ട് ചെറിയ ഒരു നദി ഒഴുകുന്നുണ്ട്.

➢ ഈ പ്രദേശത്തിന്റെ പടിഞ്ഞാറും വടക്കുപടിഞ്ഞാറും ഭാഗങ്ങളിലായി വിശാലമായൊരു കൃഷിയിടം ഉണ്ട്.

➢ കൃഷിയിടത്തിനും നദിക്കും ഇടയിലാണ് രാമുവിന്റെ വീട് ഉൾപ്പെടുന്ന പാർപ്പിടങ്ങൾ സ്ഥിതി ചെയ്യുന്നത്.

➢ രാമുവിന്റെ വീട് ഉൾപ്പെടുന്ന പാർപ്പിട സമുച്ചയത്തിൽ നിന്ന് നദിക്ക് സമാന്തരമായി ഒരു ടാറിട്ട റോഡ് പോകുന്നു.

➢ ഈ വാർഡിന്റെ തെക്കുപടിഞ്ഞാറ് ദിക്കിൽ ഒരു ക്ഷേത്രവും അതിനോടു ചേർന്ന് ഒരു കിണറും കാണപ്പെടുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

താഴെ നൽകിയിട്ടുള്ള നിറങ്ങളും ചിഹ്നങ്ങളും പ്ലാൻ തയാറാക്കുന്നതിനായി ഉപയോഗപ്പെടുത്തുമല്ലോ:

| | |
|---|---|
|  | പാർപ്പിടങ്ങൾ |
|  | ടാറിട്ട റോഡ് |
|  | നദി |
|  | ക്ഷേത്രം |
|  | കിണർ |
| മഞ്ഞനിറം | കൃഷിയിടം |

- ഒരു ചാർട്ട് പേപ്പറിൽ ഇന്ത്യയുടെ രൂപരേഖ വരച്ച് അതിൽ ദിക്കുകൾ അടയാളപ്പെടുത്തി ക്ലാസിൽ പ്രദർശിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 7 ഭൂമിയും ജീവലോകവും

ഏതാണ്ട് നാനൂറ്റിയമ്പതു കോടി വർഷങ്ങൾക്കു മുൻപായിരുന്നു ആ സംഭവം... സൂര്യന്റെ ഒരു ഭാഗം അടർന്നുമാറി. അത് പൊട്ടിത്തെറിച്ചുണ്ടായ കഷണങ്ങൾ ഭൂമി ഉൾപ്പെടെയുള്ള എട്ടു ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളുമായിത്തീർന്നു. നിരന്തരമായി നടന്ന തിളച്ചുമറിയലിലൂടെ ഭാരമുള്ള വസ്തുക്കളൊക്കെ ഭൂമിയുടെ കേന്ദ്രത്തിലേക്കും ഭാരം കുറഞ്ഞ വസ്തുക്കൾ മുകളിലേക്കുമായി ക്രമീകരിക്കപ്പെട്ടു. പുറത്തേക്കു വന്ന വാതകങ്ങൾ ഭൂമിയുടെ ആവരണമായി മാറി. ദശലക്ഷക്കണക്കിനു വർഷങ്ങളോളം ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരുന്നു. അപ്പോഴും ചുട്ടുപഴുത്ത അവസ്ഥയിലായിരുന്നു ഭൗമോപരിതലം.

നിരന്തരവും വ്യാപകവുമായുണ്ടായ അഗ്നിപർവ്വത സ്ഫോടനങ്ങളിലൂടെ ഭൂമിയുടെ ഉള്ളിലെ നീരാവിയും വാതകങ്ങളും പുറത്തേക്കുവന്നു. ഈ നീരാവി തണുത്ത് മേഘങ്ങളും തുടർന്ന് വർഷങ്ങളോളം നീണ്ട മഴയുമുണ്ടായി. ഭൗമോപരിതലത്തിലെ താഴ്ന്ന പ്രദേശങ്ങളൊക്കെ വെള്ളത്തിനടിയിലായി. അങ്ങനെ സമുദ്രങ്ങളുണ്ടായി. ഭൂമിയിൽ ജീവന്റെ തുടിപ്പുകൾ രൂപംകൊള്ളുന്നതിന് പിന്നെയും ലക്ഷക്കണക്കിന് വർഷങ്ങൾ വേണ്ടിവന്നു. ഒടുവിൽ നാം ഇന്നു കാണുന്ന തരത്തിൽ ജീവൻ, സസ്യങ്ങളുടെയും ജന്തുക്കളുടെയും ആയിരക്കണക്കിന് ഇനങ്ങളായി പരിണമിച്ചു... ഒടുവിൽ മനുഷ്യനും.



ചിത്രം 7.1

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കരയും ജലവും വായുവും ഒടുവിൽ ജീവജാലങ്ങളും ഇന്നു കാണുന്ന തരത്തിലേക്ക് പരിണമിച്ചതിനെക്കുറിച്ചുള്ള ശാസ്ത്രലോകത്തിന്റെ നിഗമനം നിങ്ങൾ വായിച്ചല്ലോ. ഭൂമിയിലെ കര, വായു, ജലം എന്നിവ ഉൾക്കൊള്ളുന്ന മണ്ഡലങ്ങളാണ് ജൈവമണ്ഡലത്തിന്റെ നിലനിൽപ്പിനാധാരം. ഈ നാല് മണ്ഡലങ്ങളെയും കുറിച്ച് കൂടുതൽ അറിയണ്ടേ?

## ശിലാമണ്ഡലം

പടുകൂറ്റൻ പർവ്വതങ്ങൾ, വിസ്തൃതമായ പീഠഭൂമികൾ, വിശാലമായ സമതലങ്ങൾ, തീരപ്രദേശങ്ങൾ, മരുഭൂമികൾ, ദ്വീപുകൾ... സമുദ്രത്തിനടിയിലെ വിവിധ ഭൂരൂപങ്ങൾ... അങ്ങനെ എത്രമാത്രം വൈവിധ്യമാർന്നതാണ് ഭൂമിയുടെ ഉപരിതലം! ഈ ഭൂരൂപങ്ങളെല്ലാം ഉൾപ്പെടുന്നതും ശിലകളും മണ്ണുംകൊണ്ട് രൂപപ്പെട്ടിരിക്കുന്നതുമായ ഖരാവസ്ഥയിലുള്ള ഭാഗമാണ് ശിലാമണ്ഡലം. കരയിലെ ഏറ്റവും ഉയരം കൂടിയ ഭാഗമായ എവറസ്റ്റ് കൊടുമുടിയും സമുദ്രത്തിലെ ഏറ്റവും ആഴം കൂടിയ ഭാഗമായ പസഫിക് സമുദ്രത്തിലെ ചലഞ്ചർ ഗർത്തവും ശിലാമണ്ഡലത്തിന്റെ ഭാഗം തന്നെ!

ശിലാമണ്ഡലത്തിലെ പ്രധാന ഭൂരൂപങ്ങൾ നമുക്ക് പരിചയപ്പെടാം (ചിത്രം 7.2)

### പ്രധാന ഭൂരൂപങ്ങൾ

**പർവ്വതങ്ങൾ**



സമുദ്രനിരപ്പിൽ നിന്ന് 900 മീറ്ററിലധികം ഉയരമുള്ളതും ചെങ്കുത്തായ വശങ്ങളോടു കൂടിയതുമായ ഭൂരൂപങ്ങൾ

**പീഠഭൂമികൾ**



മുകൾഭാഗം ഏറെക്കുറെ പരന്നതും ചുറ്റുപാടുകളെ അപേക്ഷിച്ച് ഉയർന്നു നിൽക്കുന്നതുമായ ഭൂരൂപങ്ങൾ

**സമതലങ്ങൾ**



താരതമ്യേന താഴ്ന്നതും നിരപ്പായതുമായ വിശാല പ്രദേശങ്ങൾ

ചിത്രം 7.2



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കരയിൽ കാണുന്നതുപോലെ പർവ്വതങ്ങൾ, സമതലങ്ങൾ, ഗർത്തങ്ങൾ, അഗ്നിപർവ്വതങ്ങൾ ഇവയൊക്കെ സമുദ്രത്തിനടിയിലുമുണ്ട്.



ചിത്രം 7.3

ചിത്രം 7.3 നിരീക്ഷിക്കൂ.

ശിലാമണ്ഡലം മനുഷ്യന് എത്രമാത്രം പ്രയോജനപ്രദമാണ് എന്നതിന്റെ ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇതുപോലെ മറ്റേതെല്ലാം തരത്തിൽ ശിലാമണ്ഡലം മനുഷ്യന് ഉപകാരപ്പെടുന്നു എന്നു കണ്ടെത്തുമല്ലോ.

ശിലാമണ്ഡലം ശിലകളും മണ്ണും കൊണ്ട് രൂപപ്പെട്ടതാണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. മനുഷ്യരുടെയും സസ്യജന്തുജാലങ്ങളുടെയും നിലനിൽപ്പിന് അനിവാര്യമാണ് മണ്ണ്.

## മണ്ണിനെ അറിയാം

അനേകവർഷങ്ങളായി വെയിലും മഴയും മഞ്ഞുമേൽക്കുന്ന പാറ പൊടിയുന്നു. ചിലപ്പോൾ അവയ്ക്ക് രാസമാറ്റവും ഉണ്ടാകാറുണ്ട്. അതിൽ സസ്യങ്ങളുടെയും ജന്തുക്കളുടെയും മൃതാവശിഷ്ടങ്ങൾ അഴുകിച്ചേരുന്നതിലൂടെ ജൈവാംശവും കൂടിച്ചേരുന്നു. ആയിരക്കണക്കിന് വർഷങ്ങളിലൂടെ നിരന്തരം നടക്കുന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായാണ് മണ്ണ് രൂപംകൊള്ളുന്നത്. നിശ്ചിത അളവിൽ ജലം, വായു എന്നിവയോടൊപ്പം ജൈവാംശവും സൂക്ഷ്മജീവികളും മണ്ണിലുണ്ട്. നമ്മുടെ വിവേകരഹിതമായ പ്രവർത്തനങ്ങൾ പലപ്പോഴും മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടുത്താറുണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

മണ്ണിന്റെ ഫലപുഷ്ടിയെ ദോഷകരമായി ബാധിക്കുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ നിങ്ങൾക്കറിയാം?

- രാസവളങ്ങളുടെ അമിതോപയോഗം
- രാസകീടനാശിനികളുടെ അമിതോപയോഗം
- 

നിങ്ങളുടെ നാട്ടിലെ കൃഷി ഓഫീസറെ സ്കൂളിലേക്ക് ക്ഷണിക്കൂ. മണ്ണ് സംരക്ഷണത്തെക്കുറിച്ച് അദ്ദേഹവുമായി അഭിമുഖം നടത്താം. ഇതിനായുള്ള ചോദ്യാവലി ക്ലാസിൽ ചർച്ച ചെയ്ത് തയ്യാറാക്കാവുന്നതാണ്.



പ്രകൃതിയിൽ ഒരിഞ്ചു കനത്തിൽ മണ്ണുണ്ടാകുന്നതിന് ആയിരത്തിലധികം വർഷം വേണം.

നൂറ്റാണ്ടുകളായുള്ള പ്രവർത്തനങ്ങളിലൂടെ രൂപംകൊണ്ടിട്ടുള്ള മണ്ണ് ഇന്ന് മനുഷ്യന്റെ വിവേകരഹിതമായ ഇടപെടലുകളിലൂടെ എന്നെന്നേയ്ക്കുമായി നശിച്ചുപോകുകയോ നഷ്ടപ്പെടുകയോ ചെയ്യുകയാണ്. മനുഷ്യന്റെ വിവേകരഹിതമായ ഇടപെടലുകൾ മണ്ണിനെ മാത്രമല്ല ശിലാമണ്ഡലത്തെത്തന്നെ ദോഷകരമായി ബാധിക്കുന്നുണ്ട്. ഇതിന്റെ ചില ഉദാഹരണങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത്:

## മൺമറയുന്ന വയലുകൾ

ഒരു കാലത്ത് കേരളത്തനിമയുടെ സവിശേഷതയായിരുന്നു വിശാലമായ വയലുകൾ. എന്നാലിന്നോ? നമ്മുടെ വയലുകളും മറ്റു ചതുപ്പുപ്രദേശങ്ങളുമൊക്കെ മണ്ണിട്ടു നികത്തിക്കൊണ്ടിരിക്കുകയാണ്. മഴവെള്ളം ഭൂമിയിലേക്ക് താഴ്ന്നിറങ്ങുന്ന സ്വാഭാവിക ഇടങ്ങളാണ് നാമിങ്ങനെ നികത്തുന്നതിലൂടെ എന്നെന്നേയ്ക്കുമായി നഷ്ടമാകുന്നത്. ചിലയിടങ്ങളിലാകട്ടെ കാലങ്ങളായി വയലുകളിൽ നിലനിൽക്കുന്ന ചെളി ഇഷ്ടിക നിർമ്മാണത്തിനായി മനുഷ്യർ കുഴിച്ചെടുത്ത് ചൂളകളിൽ ചുട്ടെടുക്കുകയാണ്. വയലുകളിൽ ചെളിയാണ് വെള്ളം ശേഖരിച്ചു വയ്ക്കുന്നത്. ചെളിയില്ലെങ്കിൽ വയലില്ല.

ചിലയിടങ്ങളിൽ വയലിലെ ചെളി നീക്കി അതിനടിയിലെ മണലാണ് മനുഷ്യർ കുഴിച്ചെടുക്കുന്നത്!

## പുഴയിലെ മണൽവാരൽ

സമൃദ്ധമായി ഒഴുകിയിരുന്ന നമ്മുടെ നദികളിൽ പലതിലും മഴക്കാലം കഴിയുന്നതോടെ ജലനിരപ്പിൽ വലിയ കുറവാണുണ്ടാകുന്നത്. നദികളിലെ മണൽവാരലിന്റെ (Sand mining) ഫലമായി അടിത്തട്ടിന്റെ ആഴം കൂടുന്നതാണ് ഇതിനു കാരണം. ഇത് സമീപപ്രദേശങ്ങളിലെ കിണറുകളിൽജലനിരപ്പ് താഴുന്നതിനും ജലദൗർലഭ്യം അനുഭവപ്പെടുന്നതിനും കാരണമാകുന്നു. പല നദികളും ആഴം കൂടി അടിത്തട്ടിലെ പാറയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു (Bedrock). ഇത് നദികളുടെ വശങ്ങൾ (Bank



ചിത്രം 7.4



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

shelving) ഇടിയുന്നതിന് കാരണമാകുന്നു. മണലിനുവേണ്ടി മനുഷ്യർ നദീതീരങ്ങൾ വ്യാപകമായി ഇടിക്കുന്നുണ്ട്. വളക്കൂറുള്ള നദീതീരങ്ങൾ ഇടിയുന്നത് ജീവനും സ്വത്തിനും കനത്ത നാശനഷ്ടമാണ് വരുത്തിവയ്ക്കുന്നത്.



### സഞ്ചരിക്കുന്ന കുന്നുകൾ

മുമ്പ് കുന്നുകയറിപ്പോകുന്ന ലോറികളായിരുന്നു മലയാളികൾ കണ്ടിരുന്നതെങ്കിൽ ഇന്ന് ലോറികളിൽ കയറിപ്പോകുന്ന കുന്നുകൾ പതിവു കാഴ്ചയായിരിക്കുന്നു! അതിശക്തരായ മണ്ണുമാന്തിയന്ത്രങ്ങൾ വ്യാപകമായതോടെ നമ്മുടെ കുന്നുകൾ ചുരുങ്ങിയ സമയം കൊണ്ട് മാന്തിയെടുത്ത് ലോറികളിലേറ്റി കൊണ്ടുപോകുന്നു.

## കുന്നിടിക്കൽ

കുന്നിടിക്കൽ കേരളത്തിൽ ഇന്ന് വ്യാപകമായി നടക്കുന്ന പ്രവർത്തനമാണ്. കുന്നുകൾ പ്രകൃതിയുടെ സ്വാഭാവിക ജലസംഭരണകേന്ദ്രങ്ങളാണ്. കുന്നുകൾ ഇടിച്ചുമാറ്റുന്നത് ജലലഭ്യതയെ എങ്ങനെ ബാധിക്കും? ചർച്ച ചെയ്യൂ.

ചരിവു കൂടുതലുള്ള ഭാഗങ്ങളിലെ അശാസ്ത്രീയമായ നിർമ്മാണപ്രവർത്തനങ്ങൾ ഉരുൾപൊട്ടൽ സാധ്യത വർദ്ധിപ്പിക്കുന്നു.



ചിത്രം 7.5
കുന്നിടിക്കലും അശാസ്ത്രീയമായ നിർമ്മാണവും

മറ്റേതെല്ലാം പ്രവർത്തനങ്ങളാണ് മണ്ണിന്റെ നാശത്തിനു കാരണമാകുന്നത്?

- വനനശീകരണം
- അശാസ്ത്രീയമായ കൃഷിരീതികൾ
- 

നിങ്ങളുടെ നാട്ടിലോ വിദ്യാലയപരിസരത്തോ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അധ്യാപകരോടൊത്ത് അവിടം സന്ദർശിക്കൂ. സന്ദർശനത്തിലൂടെ ബോധ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കൂ.

## ബദലുകൾ തേടാം

പ്രകൃതിവിഭവങ്ങൾ നമുക്ക് ഉപയോഗിക്കാനുള്ളതാണ്. എന്നാൽ അവ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാക്കും. അമിതവിഭവ


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ചൂഷണത്തിന്റെ ഫലമായി പ്രകൃതിക്കുണ്ടാകുന്ന നാശം കുറയ്ക്കുന്നതിന് ബദലുകൾ തേടേണ്ടത് ആവശ്യമാണ്.

വയലുകളിലെ മേൽമണ്ണ് ഉപയോഗിച്ച് ഇഷ്ടിക നിർമ്മിക്കുന്നതിനുപകരം ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, കളിമൺപാത്രഫാക്ടറികളിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവ ഉപയോഗിച്ച് കെട്ടിടനിർമ്മാണത്തിനുള്ള കട്ടകൾ നിർമ്മിക്കുന്ന സങ്കേതം നിലവിലുണ്ട്. ഇത് പരിസരമലിനീകരണം കുറയ്ക്കാനും സഹായകമല്ലേ? എന്തുകൊണ്ട് നമുക്ക് ഇത്തരം മാതൃകകൾ ഉപയോഗിച്ചുകൂടാ?

പുഴകളിലെ മണലിനുപകരം പാറപ്പൊടി കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്ന രീതി ശ്രദ്ധേയമാണ്. ഉറപ്പിലും ഈടിലും പാറപ്പൊടി മണലിനേക്കാൾ ഒട്ടും പിന്നിലല്ല എന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്.

നിർമ്മാണവസ്തുവായി പാറയ്ക്കു പകരംവയ്ക്കാവുന്ന മറ്റെന്തെങ്കിലും വസ്തു കണ്ടുപിടിക്കേണ്ടതല്ലേ?


ശിലാമണ്ഡലത്തെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്.

## ജലമണ്ഡലം

ഭൗമോപരിതലത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും ജലമാണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. സമുദ്രങ്ങൾ, നദികൾ, തടാകങ്ങൾ, അരുവികൾ ഇവയെക്കൂടാതെ ഭൂമിയുടെ ഉള്ളിലും ജലം ദ്രാവകരൂപത്തിൽ സ്ഥിതി ചെയ്യുന്നു. ധ്രുവപ്രദേശങ്ങളിലും വളരെ ഉയരമുള്ള പർവ്വതങ്ങളുടെ മുകളിലും ജലം ഉറഞ്ഞ് ഖരരൂപത്തിൽ സ്ഥിതിചെയ്യുമ്പോൾ അന്തരീക്ഷത്തിൽ ഇത് നീരാവിയായും ജലകണികകളായുമാണ് നിലകൊള്ളുന്നത്. മേൽപ്പറഞ്ഞ മൂന്ന് അവസ്ഥകളിലുമായി ഭൂമിയിലുള്ള ജലമാണ് ജലമണ്ഡലം.

## അമൂല്യമായ ശുദ്ധജലം

ജീവജാലങ്ങളുടെ നിലനിൽപ്പിന് ശുദ്ധജലം (Fresh water) അത്യന്താപേക്ഷിതമാണ്. ഭൂമിയുടെ മൂന്നിൽ രണ്ടുഭാഗവും ജലമാണെങ്കിലും, അതിൽ മൂന്ന് ശതമാനം മാത്രമാണ് ശുദ്ധജലം. നദികൾ, തടാകങ്ങൾ, കായലുകൾ, കിണറുകൾ തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന ശുദ്ധജലത്തിൽ മനുഷ്യന് ഉപയോഗിക്കാൻ കഴിയുന്ന ജലത്തിന്റെ അളവ് കേവലം ഒരു ശതമാനത്തിലും താഴെയാണ്. ബാക്കി ജലം മുഴുവനും ധ്രുവങ്ങളിലും പർവ്വതങ്ങളുടെ മുകളിലുമായി ഉറഞ്ഞുകിടക്കുന്നു (ചിത്രം 7.6). ഭൂമിക്കടിയിലുള്ള ജലവും മനുഷ്യന് ഉപയോഗത്തിനെടുക്കാൻ പലയിടത്തും ഏറെ പരിമിതികളുണ്ട്.



ചിത്രം 7.6



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ജലദൗർലഭ്യം

പ്രകൃതിയിൽ മനുഷ്യന്റെ വിവേകരഹിതമായ ഇടപെടലുകൾ ജലദൗർലഭ്യത്തിനു കാരണമാകുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. സ്വതവേ ദുർലഭമായ ഒന്നാണ് ശുദ്ധജലം. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾകൊണ്ട് ശുദ്ധജലം തികച്ചും കിട്ടാക്കനിയായി മാറുകയാണ്.



### ഒഴുകിയകലുന്ന മഴവെള്ളം

പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴവെള്ളത്തിൽ നല്ലൊരു പങ്കും രണ്ട് ദിവസത്തിനകം കടലിലെത്തുന്നു എന്നാണ് കണക്ക്.

നിങ്ങളുടെ നാട്ടിലെ ശുദ്ധജല സ്രോതസ്സുകൾ മലിനമാക്കപ്പെടുന്നുണ്ടോ? ഇവ എങ്ങനെയാണ് മലിനമാക്കപ്പെടുന്നതെന്ന് അറിയേണ്ടേ? ഇതിനായി ഒരു പഠനം നടത്താം. പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നവ.

- നാട്ടിലെ പ്രധാന ശുദ്ധജല സ്രോതസ്സുകൾ
- മലിനീകരണ ഉറവിടങ്ങൾ
- മലിനീകരണം മനുഷ്യരിലും മറ്റു ജീവജാലങ്ങളിലും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ
- പരിഹാരനിർദേശങ്ങൾ

ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കേണ്ടത് നാം ഉൾപ്പെടെയുള്ള സകല ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കാം. ഇതിനായി അധ്യാപകന്റെ നേതൃത്വത്തിൽ ഒരു ജലസംരക്ഷണ ജാഥ നടത്തൂ.



ചിത്രം 7.7 തട്ടുകളായുള്ള കൃഷി

## വേണം നമുക്കൊരു ശാസ്ത്രീയ സ്ഥല ജലപരിപാലനം

- കുന്നിൻചരിവുകളെ തട്ടുകളാക്കി കൃഷി ചെയ്യുക.
- പാറകൾ നിറഞ്ഞതും മണ്ണിന് ആഴമില്ലാത്തതുമായ മലനിരകളിൽ തെങ്ങ്, കവുങ്ങ് തുടങ്ങിയ നാരുവേരുകളുള്ള മരങ്ങൾക്കുപകരം സ്ഥായിയായി നിൽക്കുന്ന ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.





### മണ്ണിന്റെ ദാഹം മാറ്റാം

നമ്മളിൽ പലരും വീടിന്റെ മുറ്റം കോൺക്രീറ്റ് ചെയ്യാറുണ്ട്. ചിലർ തറയോട് പാകുന്നു. ഭൂമിയിലേക്ക് വെള്ളം താഴ്ന്നിറങ്ങാനുള്ള അവസരമാണ് അവർ എന്നെന്നേയ്ക്കുമായി അടച്ചുകളയുന്നത്. അതിനുപകരം കരിങ്കൽ ചീളുകൾ പാകൂ. അവയ്ക്കിടയിൽ പുല്ലുവച്ചു പിടിപ്പിക്കാം. കാഴ്ചക്ക് ഭംഗിയുമുണ്ട്; വെള്ളത്തിനു മണ്ണിലേക്ക് താഴുന്നതിന് തടസ്സവുമില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- മലഞ്ചരിവുകളിലെ നീർച്ചാലുകളിൽ കോൺക്രീറ്റ് തടയണകൾക്കുപകരം അതാതിടത്തു കിട്ടുന്ന കല്ല്, തടി മുതലായവകൊണ്ട് തടയണകൾ നിർമ്മിക്കുക.
- മണ്ണുസംരക്ഷണ കയ്യാലകൾ നിർമ്മിക്കുക.
- ചരിവു കൂടുതലുള്ള പ്രദേശങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങളും മരച്ചീനി, ചേമ്പ്, ചേന തുടങ്ങിയ മണ്ണിന് ഇളക്കമുണ്ടാകുന്ന തരത്തിലുള്ള വിളകൾ കൃഷി ചെയ്യുന്നതും ഒഴിവാക്കുക.
- തരിശായ ഇടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.
- ഗാർഹിക, വ്യാവസായിക മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒഴുക്കിവിടാതിരിക്കുക.
- വയലുകൾ, കുളങ്ങൾ, തടാകങ്ങൾ, നദീതീരങ്ങൾ എന്നിവ മണ്ണിട്ട് നികത്താതെ സംരക്ഷിക്കുക.

നമ്മുടെ നാട്ടിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഇന്ന് സാധ്യമാണോ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. മഹാരാഷ്ട്രയിലെ മഴ കുറഞ്ഞ ഒരു ഗ്രാമമായ റാലേഗാൻസിദ്ദിയിൽ മനുഷ്യരുടെ പ്രവർത്തനം ആ ഗ്രാമത്തെ വാസയോഗ്യമായി മാറ്റിയ അനുഭവപാഠം നമുക്കുമുന്നിലുണ്ട്.



## റാലേഗാൻസിദ്ദിയിലെ വിജയഗാഥ...

മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ ജില്ലയിൽപ്പെട്ട റാലേഗാൻസിദ്ദിയെന്ന ചെറുഗ്രാമം. വർഷത്തിൽ ശരാശരി 50 സെ.മീ. ൽ താഴെ മാത്രമാണ് മഴ. അതുതന്നെ സ്ഥിരമായി ലഭിക്കാറുമില്ല. ഉപരിതലത്തിൽനിന്നും 20 മീറ്ററിലധികം താഴെയുള്ള ഭൂഗർഭ ജലനില, വേനൽ ആരംഭിക്കുന്നതോടെ വറ്റുന്ന കിണറുകൾ, കടുത്ത ജലക്ഷാമം, ഉയർന്ന തോതിലുള്ള മണ്ണൊലിപ്പ്, സസ്യാവരണമില്ലായ്മ, മഴയെ മാത്രം ആശ്രയിക്കുന്നതിനാൽ സ്ഥിരതയില്ലാത്ത കാർഷികവിളവ്, തൊഴിലില്ലായ്മ, ദാരിദ്ര്യം ഇതൊക്കെയായിരുന്നു 1975-നു മുൻപുള്ള റാലെഗാൻസിദ്ദിയുടെ ചരിത്രം.

1975-ൽ സൈനികസേവനത്തിൽ നിന്നു വിരമിച്ച് നാട്ടിലെത്തിയ ശ്രീ. ബാബുറാവു ഹസാരെ ഗ്രാമീണരായ യുവാക്കളെ സംഘടിപ്പിച്ചുകൊണ്ട് നാടിന്റെ വികസനത്തിനായി മുന്നിട്ടിറങ്ങി. കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനായി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് അദ്ദേഹം ജനങ്ങളെ ബോധവൽക്കരിച്ചു. ഒപ്പം, കൃഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിനും അവ കൂട്ടായി ചർച്ചചെയ്യുന്നതിനും ശ്രമിച്ചു.

അമിതമായി ജലം ആവശ്യമുള്ള കരിമ്പിനുപകരം ഉള്ളി തുടങ്ങിയ വിളകൾ കൃഷി ചെയ്യാൻ തീരുമാനിച്ചു. സ്വകാര്യ കിണറുകൾ കുഴിക്കുന്നത് നിരുത്സാഹപ്പെടുത്തി, പകരം പൊതുകിണറുകൾക്ക് പ്രാധാന്യം നൽകി. ഇന്നവർക്ക് 7 പൊതുകിണറുകളുണ്ട്, അവയിൽ ഇഷ്ടംപോലെ വെള്ളവും. ഗ്രാമത്തിലെവിടെയും വെള്ളമെത്തിക്കാനുള്ള ചെറുകിട ജലസേചന സംവിധാനങ്ങളുമുണ്ട്.

മണ്ണുസംരക്ഷണം അവരുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുന്നു. ജനങ്ങൾ ഗ്രാമത്തിലെമ്പാടുമായി ധാരാളം മരങ്ങൾ വച്ചുപിടിപ്പിച്ചു.

ഇന്നവിടെ ഒരു ഇന്റർമീഡിയറ്റ് കോളേജ്, സ്കൂളുകൾ, സഹകരണസംഘങ്ങൾ, മറ്റ് ജീവിതസൗകര്യങ്ങൾ ഇവയൊക്കെയുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## വായുമണ്ഡലം

ഭൂമിയെ ഒരു പുതപ്പുപോലെ പൊതിഞ്ഞ് സംരക്ഷിക്കുന്ന വാതകപാളിയാണ് വായുമണ്ഡലം അഥവാ അന്തരീക്ഷം. നൈട്രജൻ, ഓക്സിജൻ തുടങ്ങിയ വാതകങ്ങളെക്കൂടാതെ പൊടിപടലങ്ങളും നീരാവിയും അന്തരീക്ഷത്തിലുണ്ട്. വായുവിന്റെ സ്വാഭാവിക സംരചനയ്ക്ക് മാറ്റമുണ്ടാക്കുന്ന തരത്തിൽ അതിൽ കലരുന്ന എന്തും വായുമലിനീകരണമാണ്. ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിന് വായു കൂടിയേ തീരൂ. അന്തരീക്ഷം നമുക്ക് ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുവെന്ന് ചുവടെ ചേർത്തിട്ടുള്ള ചിത്രം നിരീക്ഷിച്ച് മനസ്സിലാക്കു:

അന്തരീക്ഷം

- സസ്യങ്ങൾക്ക് ആവശ്യമായ കാർബൺ ഡൈഓക്സൈഡ്
- പ്രാണവായു
- ഹാനികരമായ അൾട്രാ വയലറ്റ്, ഗാമാ തുടങ്ങിയ രശ്മികളിൽ നിന്നുള്ള സംരക്ഷണം
- മഴ, മഞ്ഞ് തുടങ്ങിയ കാലാവസ്ഥാ പ്രതിഭാസങ്ങൾക്ക് കാരണം



ഭൂമിയിൽ അന്തരീക്ഷത്തിന്റെ പ്രാധാന്യം ബോധ്യമായല്ലോ. മനുഷ്യന്റെ ഏതെല്ലാം പ്രവർത്തനങ്ങളാണ് അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നത്?

- ശീതീകരണികളിൽ (refrigerators) ഉപയോഗിക്കുന്ന വാതകങ്ങൾ
- 

വ്യവസായശാലകൾ, വാഹനങ്ങൾ എന്നിവയിൽനിന്ന് വൻതോതിൽ നിരവധി മാരകമായ രാസവസ്തുക്കളും വാതകങ്ങളും വായുവിൽ കലരുന്നുണ്ട്. വായുവിന്റെ സ്വാഭാവികഘടനയ്ക്ക് മാറ്റമുണ്ടാക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കും.



### ഓക്സിജൻ പാർലറുകൾ!

ജപ്പാനിലെ നഗരങ്ങളിൽ കുറെ വർഷങ്ങളായി നിലവിലുള്ള സംവിധാനമാണിത്. ഈ പാർലറിനുള്ളിൽ കയറുന്ന ഏതൊരാൾക്കും ശുദ്ധമായ വായു ശ്വസിക്കാം. ഡൽഹി നഗരത്തിൽ അന്തരീക്ഷത്തിലേക്ക് ശുദ്ധവായു പമ്പുചെയ്യുന്ന കൂറ്റൻ യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നഗരഭരണകൂടം ഇത്തരം നടപടികളിലേക്ക് കടക്കേണ്ടിവന്നത് എന്തുകൊണ്ടായിരിക്കാം?

അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് വിവരശേഖരണം നടത്തു. ശേഖരിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കു.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ജൈവമണ്ഡലം

ഭൂമിയിലെ എല്ലാ ജീവജാലങ്ങളും ഉൾപ്പെടുന്ന മേഖലയാണ് ജൈവമണ്ഡലം. ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നീ മൂന്ന് മണ്ഡലങ്ങളുടെയും പരസ്പരപ്രവർത്തനങ്ങളുടെ ഫലമായാണ് ജൈവമണ്ഡലം നിലനിൽക്കുന്നത്. ചിത്രം 7.9 ശ്രദ്ധിക്കൂ.




ചിത്രം 7.9

മനുഷ്യരുടെയും സസ്യജന്തുജാലങ്ങളുടെയും നിലനിൽപ്പുതന്നെ സാധ്യമാകുന്നത് ശില-ജല-വായു മണ്ഡലങ്ങൾ ഉള്ളതുകൊണ്ടാണ്. ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവയിൽ ഉണ്ടാകുന്ന ചെറിയ മാറ്റങ്ങൾപോലും മനുഷ്യജീവിതത്തിൽ വലിയ ആഘാതങ്ങൾ ഉണ്ടാക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഇനി സസ്യങ്ങളുടെ കാര്യം നോക്കൂ.

സസ്യങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ ഘടകങ്ങളാണല്ലോ കാർബൺ ഡൈഓക്സൈഡ്, ജലം, ധാതുലവണങ്ങൾ തുടങ്ങിയവ. ഇതിൽ കാർബൺ ഡൈഓക്സൈഡ് ലഭ്യമാകുന്നത് അന്തരീക്ഷത്തിൽനിന്നാണ്. അതുപോലെ ധാതുലവണങ്ങൾ ശിലാമണ്ഡലത്തിൽനിന്നും ജലം ജലമണ്ഡലത്തിൽനിന്നുമാണ് ലഭിക്കുന്നത്. ഇതിൽ ഏതെങ്കിലും ഒരു ഘടകം ഒഴിച്ചുനിർത്തിയാൽ ഭൂമിയിൽ സസ്യങ്ങൾ ഉണ്ടാകുമായിരുന്നോ? സസ്യങ്ങളില്ലാത്ത ഭൂമിയെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ.

സ്ഥല, ജല, വായു, ജൈവമണ്ഡലങ്ങൾക്ക് മനുഷ്യന്റെ വിവേകരഹിതമായ പ്രവൃത്തികൾ കനത്ത ആഘാതം ഏൽപ്പിക്കുന്നു. ഇത് ഒട്ടനവധി പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുന്നുണ്ട്.

## പ്രകൃതിദുരന്തങ്ങൾ (Natural Disasters)

പ്രകൃതിയിൽ സ്വാഭാവികമായി ഉണ്ടാകുന്നതും മനുഷ്യന്റെ ജീവനും സ്വത്തിനും കനത്ത നാശനഷ്ടമുണ്ടാക്കുന്നതുമായ പ്രതിഭാസങ്ങളാണ് പ്രകൃതിദുരന്തങ്ങൾ.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രകൃതിദുരന്തങ്ങൾ സംഭവിച്ചതിനുശേഷം രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനേക്കാൾ പ്രധാനമാണ് ഇത്തരം ദുരന്തങ്ങൾ സംഭവിക്കാതെനോക്കൽ.

നമ്മുടെ സംസ്ഥാനത്ത് സാധാരണയായി ഉണ്ടാകുന്ന ചില പ്രകൃതിദുരന്തങ്ങളെക്കുറിച്ചും അത്തരം സന്ദർഭങ്ങളിൽ നാം സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും മനസ്സിലാക്കാം.

### ഉരുൾപൊട്ടൽ (Landslide)

കുത്തനെ ചരിവുള്ള പ്രദേശങ്ങളിലെ പാറയും മണ്ണും ചെളിയും അതിവേഗം താഴേക്കു നീങ്ങുന്ന പ്രതിഭാസമാണ് ഉരുൾപൊട്ടൽ (ചിത്രം 7.10).



ചിത്രം 7.10 ഉരുൾപൊട്ടൽ



**അടിതെറ്റിയാൽ മണ്ണും...**

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി (2001), ഇടുക്കി ജില്ലയിലെ വെണ്ണിയാനി (2001), ചീയപ്പാറ (2013), കോഴിക്കോട് ജില്ലയിലെ പുല്ലൂരാമ്പാറ (2012) ഇങ്ങനെ ഉരുൾപൊട്ടലുകൾ പശ്ചിമഘട്ടത്തിൽ തുടർക്കഥയാവുകയാണ്. പ്രകൃതിയിൽ മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകളാണ് ഈ ഉരുൾപൊട്ടലുകൾ മിക്കതിനും കാരണം.

### ഉരുൾപൊട്ടലുണ്ടായാൽ

- എത്രയും വേഗം സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറുക.
- ചെറിയ കുട്ടികൾ, വൃദ്ധർ, ശാരീരിക അവശതകൾ അനുഭവിക്കുന്നവർ എന്നിവരുടെ രക്ഷയ്ക്ക് മുൻഗണന നൽകുക.
- പരിക്കേറ്റവർക്ക് പ്രഥമശുശ്രൂഷ നൽകുക.
- വീണ്ടും ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കുക.
- പോലീസ്, ആംബുലൻസ് തുടങ്ങിയ ഏജൻസികളുമായി ബന്ധപ്പെടുക.
- വൈദ്യുതാഘാതം ഏൽക്കാതിരിക്കാൻവേണ്ട മുൻകരുതലുകൾ എടുക്കുക.

### വെള്ളപ്പൊക്കം

മഴക്കാലത്ത് നദികൾക്ക് ഉൾക്കൊള്ളാനാവാത്തത്ര ജലം ഒഴുകിയെത്തുമ്പോൾ അവ കര കവിഞ്ഞ് ഒഴുകാറുണ്ട്. ഇതാണ് വെള്ളപ്പൊക്കം.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

### വെള്ളപ്പൊക്കത്തെ നേരിടാം

- പുഴയോടുചേർന്ന പ്രദേശത്ത് വീടുവയ്ക്കരുത്.
- മഴക്കാലത്ത് പുഴയിൽ ഇറങ്ങരുത്.
- വയലുകൾ മഴവെള്ളത്തിന് താഴ്ന്നിറങ്ങാനുള്ള ഇടമാണ്. അവ മണ്ണിട്ടുമൂടരുത്.
- തീരത്തു താമസിക്കുന്നവർ മഴക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കണം. വിലപിടിപ്പുള്ള സാധനങ്ങൾ ഉയർന്ന സ്ഥലങ്ങളിലേക്ക് മാറ്റണം.
- വെള്ളം കയറുന്നുണ്ടെങ്കിൽ വൈദ്യുതിബന്ധം വിച്ഛേദിക്കണം.

**പ്രകൃതിദുരന്തങ്ങളുടെ നിവാരണത്തിനും ലഘൂകരണത്തിനുമായി പ്രവർത്തിക്കുന്ന സർക്കാർ വകുപ്പും സംവിധാനങ്ങളും**



- കേരള റവന്യൂ-ദുരന്തനിവാരണ വകുപ്പ്
- സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി
- ദുരന്ത സാധ്യതാ അപഗ്രഥന സെൽ
- ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിവയിൽ ഏതെങ്കിലുമൊരു മണ്ഡലത്തിലുണ്ടാകുന്ന ആഘാതങ്ങൾ മറ്റു മണ്ഡലങ്ങളെയും ബാധിക്കും. ഓരോ മണ്ഡലങ്ങളിലും മനുഷ്യൻ ശ്രദ്ധാപൂർവ്വം വേണം ഇടപെടുവാൻ. അല്ലാത്തപക്ഷം പ്രകൃതി നാം ഉൾപ്പെടെയുള്ള ജീവജാലങ്ങൾക്കുവേണ്ടി ഒരുക്കിത്തന്ന ഈ സുന്ദരമായ ലോകം നമുക്ക് വസിക്കുവാൻ കഴിയാത്ത ഒരിടമായി മാറും എന്ന തിരിച്ചറിവ് നാമോരോരുത്തർക്കും ഉണ്ടാകണം.



## സംഗ്രഹം

- ഭൂമിയുടെ ഉപരിതലത്തിലെ ഖരാവസ്ഥയിലുള്ള ഭാഗമാണ് ശിലാമണ്ഡലം.
- ഭൂമിയെ പൊതിഞ്ഞ് നിലകൊള്ളുന്ന വായുവിന്റെ ആവരണമാണ് വായുമണ്ഡലം.
- സമുദ്രത്തിലും കരയിലും വായുവിലുമൊക്കെയായി കാണപ്പെടുന്ന ജലമെല്ലാം ചേർന്നതാണ് ജലമണ്ഡലം.
- ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നീ മൂന്ന് മണ്ഡലങ്ങളെയും ആശ്രയിച്ചാണ് ജൈവമണ്ഡലത്തിന്റെ നിലനിൽപ്പ്.
- മനുഷ്യൻ നടത്തുന്ന അശാസ്ത്രീയമായ പ്രവർത്തനങ്ങളും ഇടപെടലുകളും ഭൂമിയിലെ വിവിധ മണ്ഡലങ്ങളെ ബാധിക്കും.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

- മനുഷ്യൻ ഉൾപ്പെടെയുള്ള ജീവജാലങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിന് പ്രകൃതി വിഭവങ്ങൾ ശാസ്ത്രീയമായി വിനിയോഗിക്കേണ്ടത് അനിവാര്യമാണ്.
- പ്രകൃതിദുരന്തങ്ങളെ നേരിടാനുള്ള വിവിധ മാർഗ്ഗങ്ങൾ നിലവിലുണ്ട്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നീ മൂന്ന് മണ്ഡലങ്ങളെയും ആശ്രയിച്ചാണ് ജൈവമണ്ഡലത്തിന്റെ നിലനിൽപ്പ് എന്ന് വിശദമാക്കുന്നു.
- ജൈവമണ്ഡലത്തിന്റെ സാന്നിധ്യവും വ്യാപ്തിയും തിരിച്ചറിഞ്ഞ് വ്യക്തമാക്കുന്നു.
- പ്രകൃതിയുടെ ലോലസന്തുലനമാണ് മനുഷ്യന്റെ നിലനിൽപ്പിന് ആധാരമെന്ന് തിരിച്ചറിഞ്ഞ് വിശകലനം ചെയ്യുന്നു.
- പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം രൂപപ്പെടുന്നു.
- പ്രകൃതിദുരന്തനിവാരണമാർഗ്ഗങ്ങളെക്കുറിച്ച് വ്യക്തക്കുന്നു.

## വിലയിരുത്താം

1. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകൾ സ്ഥലമണ്ഡലത്തെ ദോഷകരമായി ബാധിക്കുന്നു. ഉദാഹരണത്തിലൂടെ സമർഥിക്കുക.
2. ജൈവമണ്ഡലത്തിന്റെ ആരോഗ്യകരമായ നിലനിൽപ്പിന് സ്ഥലമണ്ഡലത്തിലെ ശാസ്ത്രീയമായ ഇടപെടലുകൾ അനിവാര്യമാണ്. ഇതിന് ആവശ്യമായ മൂന്ന് പ്രവർത്തനങ്ങൾ കണ്ടെത്തി എഴുതുക.
3. നിങ്ങളുടെ പ്രദേശത്തെ ശുദ്ധജലസ്രോതസ്സുകൾ മലിനമാക്കപ്പെടുന്നത് എങ്ങനെയെല്ലാമാണ്?
4. ജലമണ്ഡലം മൂന്ന് അവസ്ഥകളിൽ സ്ഥിതിചെയ്യുന്നു. എവിടെയൊക്കെ ഏതെല്ലാം രൂപത്തിൽ എന്ന് കണ്ടെത്തുക.
5. വായുമലിനീകരണം കുറയ്ക്കുന്നതിന് നിങ്ങൾക്ക് എന്തെല്ലാം ചെയ്യാനാകും? കുറിപ്പ് തയാറാക്കുക.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## സ്റ്റാൻഡേർഡ് VII

# സാമൂഹ്യശാസ്ത്രം

## ഭാഗം 2

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT-503/ 1 / Soc. Sci. 7(M) Vol-2

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

*Prepared by* :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala

*Website* : www.scertkerala.gov.in
*E-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയപ്പെട്ട കുട്ടികളേ,

നാമോരോരുത്തരും സമൂഹത്തിലെ അംഗങ്ങളാണല്ലോ. സമൂഹത്തിലെ നന്മകൾ ഉൾക്കൊണ്ടും തിന്മകൾക്കെതിരായി പ്രതികരിച്ചുകൊണ്ടും ജീവിക്കേണ്ടത് ഏതൊരു പൗരന്റെയും കടമയാണ്. നമ്മുടെ സമ്പന്നമായ സംസ്കാരവും നാം ഇന്നനുഭവിക്കുന്ന വിവിധ സൗകര്യങ്ങളും മുൻതലമുറകളുടെകൂടി സംഭാവനകളാണ്. അവരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളെ ആദരിക്കുന്നതോടൊപ്പം അവരുടെ നേട്ടങ്ങൾ കാത്തുസൂക്ഷിക്കുകയും വരും തലമുറകൾക്കായി സംരക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്.

മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തിലൂന്നിയാണല്ലോ നമ്മുടെ നിലനിൽപ്പ്. അതിനാൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ഭാവി തലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണെന്ന ബോധത്തോടെ സമൂഹവികസനത്തിനായി കരുതലോടെ വിനിയോഗിക്കുകയും ചെയ്യേണ്ടതാണ്. ജനാധിപത്യരാജ്യത്തിലെ അംഗങ്ങളെന്ന നിലയിൽ അവകാശങ്ങൾ അനുഭവിക്കുകയും കടമകൾ നിർവ്വഹിക്കുകയും ചെയ്യാൻ നമുക്കു സാധിക്കണം. ഇത്തരം ഉൾക്കാഴ്ചകളോടെ പ്രവർത്തിക്കാനും മുന്നേറാനും സാമൂഹ്യശാസ്ത്രപഠനം സഹായകമാണ്. ആവശ്യമായ അറിവ് നേടുന്നതിനും കൂടുതൽ അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും പ്രതികരണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുൾ അസീസ്, വി.പി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
വി.പി.കെ.എം.എം.എച്ച്.എസ്.എസ്.,
പുതൂർപള്ളിക്കൽ

**അബൂബേക്കർ സിദ്ദിഖ്, കെ.**
പി.ഡി. ടീച്ചർ, ജി.യു.പി.എസ്., വീമ്പൂർ, മഞ്ചേരി

**അജയകുമാർ, എൻ.**
ബി.പി.ഒ., ബി.ആർ.സി., ഹോസ്ദുർഗ്

**ഡോ. ബാബുക്കുട്ടൻ, പി.**
സീനയർ ലക്ചറർ, ഡയറ്റ്, കൊല്ലം

**പി.വി. ഹുസൈൻ**
ഒ.എച്ച്.എസ്.എസ്., തിരൂരങ്ങാടി

**ജമാൽ, കെ.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ആർ.എ.സി.എച്ച്.എസ്.എസ്., കടമേരി പി.ഒ., വില്ലിയപ്പള്ളി

**ജയകുമാർ, കെ.**
എച്ച്.എസ്.എ., എൻ.എസ്.എസ്.എച്ച്.എസ്., പാലോട്

**മനോജ്, കെ.വി.**
എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ്, ഗവ.
ഗോഖലെ എച്ച്.എസ്.എസ്., കുമരപുരം

**മോഹനൻ, വി.പി.**
എച്ച്.എസ്.എ., ചോതാവൂർ, എച്ച്.എസ്.എസ്., ചാമ്പാട്

**പി.എം. മുഹമ്മദ് മുസ്തഫ**
ലക്ചറർ, ഡയറ്റ്, പാലക്കാട്

**പ്രദീപൻ, റ്റി.**
എച്ച്.എസ്.എസ്.റ്റി., ഹിസ്റ്ററി,
ജി.എച്ച്.എസ്.എസ്., കല്ലാച്ചി

**എച്ച്. എ. സലിം**
യു.പി.എസ്.എ., ജി.എച്ച്.എസ്.എസ്., പോരുവഴി,
ശൂരനാട്

**സീനമോൾ, എം.എം.**
എച്ച്.എസ്.എസ്., തോന്നയ്ക്കൽ

**കെ.ജെ. ഷേർളി**
യു.പി.എസ്.എ., ജി.ബി.എച്ച്.എസ്.എസ്., കരമന

**സോമനാഥൻ, സി.വി.**
ത്രിച്ചമ്പാറം യു.പി.എസ്., തളിപ്പറമ്പ

**വിജയ്കുമാർ, സി.ആർ.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
ഗവ. ബോയ്സ് എച്ച്.എസ്.എസ്., മിത്യമ്മല

**വിൽഫ്രഡ് ജോൺ, എസ്.**
എച്ച്.എസ്.എസ്.റ്റി., ജ്യോഗ്രഫി,
എം.ജി.എച്ച്.എസ്.എസ്., കണിയാപുരം

**ഡോ. എൻ. കല**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

## വിദഗ്ധർ

**ഡോ. അബ്ദുൾ റസാക്, പി.പി.,** അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. എൻ.പി. ഹാഫിസ് മുഹമ്മദ്,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി, ഫറൂക്ക് കോളേജ്, കോഴിക്കോട്

**ഐ.പി. ജോസഫ്,** അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.), എസ്.സി.ഇ.ആർ.ടി.

**മനോജ് കുമാർ, പി.എസ്.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, കെ.കെ.ടി.എം. കോളേജ്, കൊടുങ്ങല്ലൂർ, തൃശൂർ

**ഡോ. കെ.എസ്. മാധവൻ,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, കാലിക്കറ്റ് യൂണിവേഴ്സിറ്റി

**മഹാലിംഗം, എസ്.,** അസോസിയേറ്റ് പ്രൊഫസർ (റിട്ട.), ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി, ഗവ. കോളേജ്, ചിറ്റൂർ

**ഡോ. പ്രിയേഷ്, എം.,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വേണുമോഹൻ,** അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി, ഗവ. കോളേജ്, നെടുമങ്ങാട്

## അക്കാദമിക് കോ-ഓർഡിനേറ്റർ

**ചിത്രാ മാധവൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം


8. നവകേരള സൃഷ്ടിക്കായി.............................. 91

9. ഗാന്ധിജിയും സ്വാതന്ത്ര്യസമരവും .................. 101

10. നമ്മുടെ ഭരണഘടന................................. 120

11. വ്യക്തിയും സമൂഹവും ............................. 132

12. സൗരതാപനവും അന്തരീക്ഷസ്ഥിതിയും ........... 142

13. ഇന്ത്യയിലൂടെ ........................................ 150




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

ഈ പുസ്തകത്തിൽ ചില ചിഹ്നങ്ങൾ
സൗകര്യത്തിനായി ഉപയോഗിച്ചിരിക്കുന്നു.



അധികവായനയ്ക്ക് - വിലയിരുത്തലിന്
വിധേയമാക്കേണ്ടതില്ല



പഠന പുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ



സംഗ്രഹം



പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ



വിലയിരുത്താം



തുടർപ്രവർത്തനങ്ങൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ൪ നവകേരളസൃഷ്ടിക്കായി...



> തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
> ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
> കെട്ടില്ലാത്തോർ, തമ്മിലുണ്ണാത്തോരിങ്ങനെ-
> യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

മഹാകവി കുമാരനാശാന്റെ ദുരവസ്ഥ എന്ന കൃതിയിലെ ഏതാനും വരികളാണ് മുകളിൽ നൽകിയിരിക്കുന്നത്.

ഈ വരികളിൽനിന്ന് അന്നത്തെ കേരളത്തിലെ സാമൂഹികാവസ്ഥയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ മനസ്സിലാക്കാം?

എന്തെല്ലാം ദുരാചാരങ്ങളാണ് കേരളീയ സമൂഹത്തിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്?

- ജാതിവിവേചനം
- 
- ശൈശവവിവാഹം
- 

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജാതി വ്യവസ്ഥയുമായി ബന്ധപ്പെട്ട അനേകം സാമൂഹിക തിന്മകളും അവസരനിഷേധങ്ങളും ചൂഷണങ്ങളും കേരളത്തിൽ നിലനിന്നിരുന്നു. വസ്ത്രം, ജോലി, പാർപ്പിടം, ഭാഷ, പേര് തുടങ്ങി പല കാര്യങ്ങളിലും വിവേചനം പ്രകടമായിരുന്നു. കൂടാതെ സ്ത്രീകൾക്ക് അവസരസമത്വം ഉണ്ടായിരുന്നില്ല. ഇത്തരം സാമൂഹികാവസ്ഥ നിലനിന്നിരുന്നതുകൊണ്ടാണ് സ്വാമി വിവേകാനന്ദൻ കേരളത്തെ 'ഭ്രാന്താലയം' എന്ന് വിളിച്ചത്

- നിങ്ങളുടെ പ്രദേശത്ത് ഇത്തരം ദുരാചാരങ്ങൾ നിലനിന്നിരുന്നോ? മുതിർന്നവരോട് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കുക.

ഇന്ത്യയുടെ മറ്റ് പല ഭാഗങ്ങളിലും നിലനിന്നിരുന്ന ദുരാചാരങ്ങളെയും അവയ്ക്കെതിരെ രൂപം കൊണ്ട സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെയും കുറിച്ച് മുൻ അധ്യായത്തിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ.

ഇതേ കാലഘട്ടത്തിൽ കേരളത്തിലും നിരവധി സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. അത്തരം മുന്നേറ്റങ്ങൾക്ക് നേതൃത്വം നൽകിയവരെയും അവരുടെ പ്രവർത്തനങ്ങളെയും കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

## അയിത്തത്തിനെതിരെ കിണറുകൾ

കേരളത്തിലെ ആദ്യകാല സാമൂഹ്യപരിഷ്ക്കർത്താക്കളിൽ ഒരാളായിരുന്നു വൈകുണ്ഠസ്വാമികൾ. കന്യാകുമാരിയിലെ ശാസ്താംകോയിലിലാണ് വൈകുണ്ഠ സ്വാമികൾ ജനിച്ചത്.



വൈകുണ്ഠസ്വാമികൾ

സവർണ്ണജാതിക്കാർ ഉപയോഗിച്ചിരുന്ന കിണറുകളിൽ നിന്ന് വെള്ളം കോരാൻ താഴ്ന്നജാതിക്കാർ എന്ന് കരുതപ്പെട്ടവർക്ക് അവകാശം ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാ ജാതിയിൽപ്പെട്ടവർക്കും വെള്ളം കോരാൻ കിണറുകൾ കുഴിച്ച് അയിത്തമെന്ന ദുരാചാരത്തെ വൈകുണ്ഠ സ്വാമികൾ വെല്ലുവിളിച്ചു.

ഭക്ഷ്യവസ്തുക്കളായ അരി, ചെറുപയർ, കായ്കറികൾ തുടങ്ങിയവ ശേഖരിച്ച് പാകം ചെയ്ത് അവർണ്ണ സവർണ്ണ വ്യത്യാസം കൂടാതെ ഒരു പന്തിയിലിരുന്ന് ആഹാരം കഴിക്കുന്ന 'സമപന്തി ഭോജനം' സംഘടിപ്പിച്ചു.

കൂടാതെ അദ്ദേഹം :

- മേൽമുണ്ട് ധരിക്കൽ നിരോധനത്തിനെതിരെ ശബ്ദമുയർത്തി.
- ക്ഷേത്രപ്രവേശന നിരോധനത്തിനെതിരെ ശബ്ദമുയർത്തി.
- ഇത്തരം സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്കുവേണ്ടി സമത്വസമാജം എന്ന സംഘടന സ്ഥാപിച്ചു.

തിരുവിതാംകൂറിലെ അവർണ്ണ വിഭാഗത്തിൽപ്പെട്ട ചാന്നാർ സ്ത്രീകൾക്ക് മുട്ടിനുതാഴെ എത്തും വിധം മുണ്ടുടുക്കാനും മേൽമുണ്ട് ധരിക്കാനുമുള്ള അവകാശത്തിനുവേണ്ടി നടന്ന ചാന്നാർ ലഹളയ്ക്ക് സ്വാമികളുടെ പ്രവർത്തനങ്ങൾ പ്രചോദനമായി. "വേല ചെയ്താൽ കൂലി കിട്ടണം" എന്ന സ്വാമികളുടെ നിലപാടും ജനങ്ങളെ സ്വാധീനിച്ചു. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ് 'വെൺ നീചഭരണം' എന്ന പ്രയോഗത്തിലൂടെയാണ് അദ്ദേഹം പ്രകടിപ്പിച്ചത്.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വിദ്യയും വിത്തവും



ചട്ടമ്പി സ്വാമികൾ

ജാതിമത വർഗ്ഗ വിവേചനത്തിനതീതമായി മനുഷ്യസമൂഹത്തിന്റെ ക്ഷേമവും ഐശ്വര്യവും ലക്ഷ്യമാക്കി പ്രവർത്തിച്ച മനുഷ്യ സ്നേഹിയായിരുന്നു ചട്ടമ്പി സ്വാമികൾ. തിരുവനന്തപുരത്തെ കണ്ണ മ്മൂലയിലാണ് അദ്ദേഹം ജനിച്ചത്.

അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനവും സഞ്ചാരസ്വാതന്ത്ര്യവും അനുവദിക്കണമെന്ന് ചട്ടമ്പിസ്വാമികൾ വാദിച്ചു. അധഃസ്ഥിതരോ ടൊപ്പം മിശ്രഭോജനം നടത്തിയ സ്വാമികൾ അവരുടെ സാമൂഹിക പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചു. സമൂഹ ത്തിൽ നിലനിന്നിരുന്ന ബ്രാഹ്മണമേധാവി ത്വത്തെ ചട്ടമ്പിസ്വാമികൾ എതിർത്തു. സാമൂഹി കപരിഷ്കരണ പ്രവർത്തനങ്ങളിൽ എല്ലാവിഭാ ഗങ്ങളുമായി അദ്ദേഹം യോജിച്ചു പ്രവർത്തിച്ചു. ഉപനിഷത്തുകളിലും വേദങ്ങളിലും അദ്ദേഹ ത്തിന് ആഴത്തിലുള്ള അറിവ് ഉണ്ടായിരുന്നു. ‘വേദാധികാരനിരൂപണം’, ‘പ്രാചീനമലയാളം’ എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്. ‘വിദ്യയും വിത്തവും’ ഉണ്ടെങ്കിലേ മനുഷ്യപുരോ ഗതി സാധ്യമാകൂ എന്നദ്ദേഹം വിശ്വസിച്ചു. ജാതി മത ചിന്തകൾക്കതീതമായിരുന്നു അദ്ദേഹത്തിന്റെ ദർശനങ്ങൾ. കൊല്ലം ജില്ലയിലെ പന്മനയിലാണ് അദ്ദേഹം സമാധി ആയത്.



### ചട്ടമ്പി സ്വാമികൾ

ചട്ടമ്പിസ്വാമികളുടെ യഥാർത്ഥ പേര് അയ്യപ്പൻ എന്നായിരുന്നു. ഗുരുകുല വിദ്യാഭ്യാസകാലത്ത് ക്ലാസ് നിയന്ത്രണ ത്തിന് ചട്ടങ്ങൾ നടപ്പിലാക്കാനുള്ള ചുമ തല ഗുരുനാഥൻ അയ്യപ്പനെ ഏൽപ്പിച്ചു. ചട്ടങ്ങൾ നടപ്പിലാക്കാൻ ചുമതല യുള്ളയാൾ എന്ന അർത്ഥത്തിലാണ് ചട്ടമ്പി എന്ന പേര് വന്നത്. അങ്ങനെ യാണ് അയ്യപ്പൻ പിൽക്കാലത്ത് ചട്ടമ്പി സ്വാമികൾ എന്നറിയപ്പെട്ടത്.

## വിദ്യകൊണ്ട് പ്രബുദ്ധരാകുക

> *‘ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്’*
> *‘മതമേതായാലും മനുഷ്യൻ നന്നായാൽ മതി’*
>
> *‘വിദ്യകൊണ്ട് പ്രബുദ്ധരാവുക, സംഘടന കൊണ്ട് ശക്തരാകുക’*
>
> *‘മനുഷ്യരുടെ വേഷം, ഭാഷ, മതം എന്നിവ വ്യത്യസ്തമായാലും അവരുടെ ജാതി ഒന്നായതുകൊണ്ട്, അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല.’*

കേരളത്തിലെ സാമൂഹ്യപരിഷ്കർത്താവായിരുന്ന ശ്രീനാരായണ ഗുരുവിന്റെ മുഖ്യ കാഴ്ച പ്പാടുകളാണ് മേൽ സൂചിപ്പിച്ചവ.

ജാതിവ്യവസ്ഥ ഇല്ലാതാക്കുക എന്നതായിരുന്നു ഗുരുവിന്റെ പ്രവർത്തനങ്ങളുടെ പ്രധാന ല ക്ഷ്യം. സർവ്വമത സാഹോദര്യത്തിനുവേണ്ടി അദ്ദേഹം ഏറെ പ്രയത്നിച്ചു. ആലുവയിൽ അദ്ദേഹം വിളിച്ചുചേർത്ത സർവ്വമത സമ്മേളനത്തിന്റെ കവാടത്തിൽ ഗുരു ഇങ്ങനെ കുറിച്ചുവച്ചു:




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



*'വാദിക്കുവാനും ജയിക്കുവാനുമല്ല, അറിയാനും അറിയിക്കുവാനുമാണ് ഈ സമ്മേളനം.'*



ശ്രീനാരായണഗുരു

'മനുഷ്യത്വമാണ് മനുഷ്യന്റെ ജാതി' എന്ന ഗുരുവിന്റെ പ്രഖ്യാപനം കേരളീയ സമൂഹത്തിൽ നവചലനങ്ങൾ സൃഷ്ടിച്ചു. ഒരു പരിഷ്കൃത സമൂഹത്തെ രൂപപ്പെടുത്തുക എന്നതായിരുന്നു ഗുരുവിന്റെ ലക്ഷ്യം.

അധഃസ്ഥിത ജനതയുടെ സാമൂഹിക ഉന്നമനം ആശയപ്രചരണങ്ങളിലൂടെ മാത്രം നേടാവുന്ന ഒന്നല്ല എന്ന് ഗുരുവിനറിയാമായിരുന്നു. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിലൂടെ സാമൂഹികമാറ്റത്തിന് പ്രായോഗികമായി ഗുരു ശ്രമിച്ചു. വ്യവസായശാലകൾ സ്ഥാപിച്ച് ജനങ്ങൾക്ക് ജോലി നൽകാൻ അദ്ദേഹം നിർദേശിച്ചു.

അക്കാലത്ത് നിലനിന്നിരുന്ന പുളികുടി, തിരണ്ടുകല്യാണം, താലികെട്ടുകല്യാണം തുടങ്ങിയ ദുരാചാരങ്ങൾക്കെതിരെ അദ്ദേഹം ജനങ്ങളെ ബോധവൽക്കരിച്ചു. ആർഭാടവും അമിതവ്യയവും ഒഴിവാക്കി ലളിതജീവിതം നയിക്കാൻ ഉപദേശിച്ചു. ഗുരുസന്ദേശങ്ങൾ പ്രചരിപ്പിക്കാനും നടപ്പിലാക്കാനുംവേണ്ടി 1903-ൽ സ്ഥാപിക്കപ്പെട്ടതാണ് ശ്രീനാരായണ ധർമ്മ പരിപാലനയോഗം.

തിരുവനന്തപുരം ജില്ലയിലെ ചെമ്പഴന്തിയിലാണ് ശ്രീനാരായണഗുരു ജനിച്ചത്. ആത്മോപദേശ ശതകം, ദർശനമാല, ദൈവദശകം എന്നിവ ഗുരുവിന്റെ പ്രധാന കൃതികളാണ്.

സാമൂഹ്യ നവോത്ഥാനരംഗത്ത് ഗുരുവിന്റെ സംഭാവനകൾ രവീന്ദ്രനാഥ ടാഗോർ, മഹാത്മാ ഗാന്ധി തുടങ്ങിയവരുടെ പ്രശംസയ്ക്ക് പാത്രമായി.



### വിദ്യാലയം – പ്രധാനദേവാലയം

ശ്രീനാരായണഗുരു നടത്തിയ ക്ഷേത്രപ്രതിഷ്ഠകൾ ജാതി വ്യവസ്ഥയുടെ അടിത്തറ ഇളക്കുന്നതായിരുന്നു. അരുവിപ്പുറത്തെ ശിവലിംഗപ്രതിഷ്ഠ, കാരമുക്ക് ക്ഷേത്രത്തിലെ ദീപപ്രതിഷ്ഠ, ശിവഗിരിയിലെ ശാരദാപ്രതിഷ്ഠ എന്നിവ അവയിൽ പ്രധാനപ്പെട്ടവയായിരുന്നു. ആലപ്പുഴ ജില്ലയിലെ കളവൻകോടത്തായിരുന്നു ഗുരുനടത്തിയ അവസാന പ്രതിഷ്ഠ. 'ഓം' എന്നെഴുതിയ കണ്ണാടിയാണ് അവിടെ പ്രതിഷ്ഠിച്ചത്. ക്ഷേത്രങ്ങളുടേതിന് തുല്യമായ പ്രാധാന്യം വിദ്യാലയങ്ങൾക്കും നൽകിയ ഗുരു ഇങ്ങനെ പറഞ്ഞു. 'ഇനി ക്ഷേത്രനിർമ്മാണമല്ല, വിദ്യാലയനിർമ്മാണമാണ് ജനതയ്ക്ക് വേണ്ടത്, പ്രധാന ദേവാലയം വിദ്യാലയം തന്നെയാകണം.'



ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും കേരളത്തിലെ സാമൂഹിക മാറ്റങ്ങളെ എങ്ങനെയെല്ലാമാണ് സ്വാധീനിച്ചത്? വിലയിരുത്തുക.

ഗുരുവിന്റെ വചനങ്ങൾ/സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചുമർ പത്രിക തയാറാക്കുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വിദ്യാഭ്യാസം സാമൂഹ്യമൂലധനം



അയ്യങ്കാളി

അധഃസ്ഥിതരുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിച്ച പരിഷ്കർത്താവായിരുന്നു അയ്യങ്കാളി. സാമൂഹിക അസമത്വങ്ങൾ പരിഹരിക്കാനും അധഃസ്ഥിതരുടെ സാമൂഹ്യ നില മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു മൂലധനമാണ് വിദ്യാഭ്യാസമെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. അദ്ദേഹം 1904-ൽ അധഃസ്ഥിതർക്കുമാത്രമായി ഒരു വിദ്യാലയം ആരംഭിച്ചു.

"ഞങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുട്ടിപ്പുല്ല് കുരുപ്പിക്കും." അധ:സ്ഥിത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നിഷേധിച്ചപ്പോൾ അയ്യങ്കാളി നടത്തിയ പ്രഖ്യാപനമാണിത്.

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂരിലാണ് അദ്ദേഹം ജനിച്ചത്. സാമൂഹ്യപരിഷ്കരണപ്രവർത്തനങ്ങൾക്കുവേണ്ടി അദ്ദേഹം സ്ഥാപിച്ച സംഘടനയാണ് 'സാധുജനപരിപാലനസംഘം.'

അവർണ്ണ ജാതിക്കാർക്ക് പൊതുനിരത്തുകളിലൂടെയുള്ള സഞ്ചാര സ്വാതന്ത്ര്യം, അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂൾ പ്രവേശനം, തൊഴിലെടുക്കുന്നവർക്ക് കൂലി വർദ്ധന എന്നിവ ഈ സംഘടനയുടെ ലക്ഷ്യങ്ങളായിരുന്നു.

അധഃസ്ഥിത വിഭാഗങ്ങളുടെ നേതാവെന്ന നിലയിൽ പ്രസിദ്ധനായ അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അംഗമായി. അയ്യങ്കാളിയുടെ പ്രവർത്തനങ്ങളെ ഗാന്ധിജി പ്രകീർത്തിച്ചു.



### വില്ലുവണ്ടിയിലെ ചരിത്ര യാത്ര

1893 ൽ വെങ്ങാനൂരിലെ പൊതു വഴിയിലൂടെ ഒരു വില്ലുവണ്ടിയിൽ യാത്ര ചെയ്ത് അയ്യങ്കാളി സാമൂഹ്യ വിലക്കുകളെ ലംഘിച്ചു. അധഃസ്ഥിതരുടെ സഞ്ചാരസ്വാതന്ത്ര്യത്തിന് തുടക്കം കുറിച്ച അയ്യങ്കാളി തിരുവിതാംകൂറിലെ മുഖ്യനിരത്തുകളിലൂടെ വില്ലുവണ്ടിയിൽ സഞ്ചരിച്ച് ചരിത്രം സൃഷ്ടിച്ചു.



### കല്ലുമാല സമരം

അധഃസ്ഥിത വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കല്ലുമാല ആഭരണമായി ധരിക്കുന്നവരായിരുന്നു. കീഴായ്മയുടെ ചിഹ്നമായ കല്ലുമാല വലിച്ചെറിയാൻ അയ്യങ്കാളി അവരോട് അഭ്യർഥിച്ചു. അങ്ങനെ അവർ വലിച്ചെറിഞ്ഞ കല്ലുമാലകൾ നാലഞ്ചടി ഉയരത്തിൽ കുമിഞ്ഞുകൂടി.



അയ്യങ്കാളിയുടെ പ്രവർത്തനങ്ങൾ സാമൂഹ്യമാറ്റത്തിന് എത്രത്തോളം സഹായകമായി? വിലയിരുത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




## മാറ്റങ്ങൾ തൂലികയിലൂടെ

'സമ്പന്നർ പാവങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ചെലവ് വഹിക്കുകയും അവർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കാൻ സഹായിക്കുകയും വേണം.'

'മതവിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യാഭ്യാസവും നേടിയെങ്കിലേ മനുഷ്യ പുരോഗതി സാധ്യമാകുകയുള്ളൂ.'

'സാമൂഹികമായ പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള മാർഗ്ഗം വിദ്യാഭ്യാസമാണ്.'



വക്കം അബ്ദുൽ ഖാദർ മൗലവി

കേരളത്തിന്റെ സാമൂഹ്യമാറ്റത്തിനുവേണ്ടി പ്രയത്നിച്ചവരിൽ പ്രമുഖനായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയുടെ കാഴ്ചപ്പാടുകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. അദ്ദേഹം

- അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടി.
- ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു.
- സ്ത്രീവിദ്യാഭ്യാസത്തെ പരിപോഷിപ്പിച്ചു.
- ശാസ്ത്രം, കല എന്നീ വിഷയങ്ങളിലൂന്നിയ പഠനത്തെ പ്രോത്സാഹിപ്പിച്ചു.
- വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുവേണ്ടി സംഘടനകളെ ബോധവൽക്കരിച്ചു.

മലയാളം, ഉറുദു, അറബിക്, സംസ്കൃതം, പേർഷ്യൻ തുടങ്ങിയ ഭാഷകളിൽ അദ്ദേഹം പാണ്ഡിത്യം നേടിയിരുന്നു. കൊടുങ്ങല്ലൂരിൽ സ്ഥാപിക്കപ്പെട്ട 'മുസ്ലീം ഐക്യ സംഘ' ത്തിന്റെ പ്രവർത്തനങ്ങളുമായി മൗലവി സഹകരിച്ചു പ്രവർത്തിച്ചു. അറിവിന്റെ വെളിച്ചം പകരാൻ 'മുസ്ലീം', 'അൽ ഇസ്ലാം' എന്നീ മാസികകളും 'സ്വദേശാഭിമാനി' പത്രവും അദ്ദേഹം ആരംഭിച്ചു.



### സ്വദേശാഭിമാനി പത്രം

തിരുവിതാംകൂറിലെ രാജവാഴ്ചയുടെ അഴിമതികളെയും അനീതികളെയും വെളിച്ചത്തുകൊണ്ടുവന്ന 'സ്വദേശാഭിമാനി പത്രം.' 1910-ൽ പത്രം കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. പ്രസ് മടക്കികിട്ടാനുള്ള ശ്രമം നടത്താൻ നിർബന്ധിച്ചപ്പോൾ 'എന്റെ പത്രാധിപരെ കൂടാതെ എനിക്ക് പത്രമെന്തിന്, അച്ചുകൂടമെന്തിന്' എന്ന നിലപാടാണ് 'സ്വദേശാഭിമാനി' പത്രത്തിന്റെ സ്ഥാപകനായ വക്കം അബ്ദുൽ ഖാദർ മൗലവി സ്വീകരിച്ചത്.

വക്കം അബ്ദുൽ ഖാദർ മൗലവിയുടെ പ്രവർത്തനങ്ങൾ സാമൂഹ്യ പുരോഗതിക്ക് എത്രത്തോളം സഹായകമായി? കുറിപ്പ് തയ്യാറാക്കുക.

## പ്രതിഷേധം പാട്ടിലൂടെ

"കാണുന്നില്ലോരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണുന്നുണ്ടനേക വംശത്തിൻ
ചരിത്രങ്ങൾ
* * *



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മുൻപിതാക്കൾക്കുവന്ന
ദുഃഖവാർത്തകൾ കേൾപ്പിൻ
കാളകൾ പോത്തുകൾക്കും
ഇണയായി കൂട്ടിക്കെട്ടി
നിലങ്ങളിൽ ഉഴുതിടുന്നു.

* * *

ഭക്ഷണം കിട്ടുന്നില്ല
വേലക്കൂലികൾ ഓർത്താൽ
ഒട്ടും സഹിപ്പതില്ല.

* * *



പൊയ്കയിൽ
ശ്രീ കുമാരഗുരുദേവൻ

ഒരു ജനതയുടെ അടിമാനുഭവങ്ങളും ദുരിതങ്ങളും സങ്കടങ്ങളും അമർഷങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്ന ഇത്തരം പാട്ടുകളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമാണ് പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്. അധഃസ്ഥിത വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനായി അറിവിനെയും ആത്മീയതയെയും യോജിപ്പിച്ച ഒരു സാമൂഹ്യപരിഷ്കർത്താവായിരുന്നു പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ. തിരുവല്ലയിലെ ഇരവിപേരൂരിലായിരുന്നു അദ്ദേഹം ജനിച്ചത്. പൊയ്കയിൽ അപ്പച്ചൻ എന്ന പേരിലും അദ്ദേഹം അറിയപ്പെട്ടിരുന്നു.

ജാതിവിവേചനത്തിനും ചൂഷണത്തിനുമെതിരെ ശബ്ദമുയർത്തിയ അദ്ദേഹം മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും ലോക സമാധാനത്തിനുംവേണ്ടി 'പ്രത്യക്ഷരക്ഷാദൈവസഭ' എന്ന സംഘടന രൂപീകരിച്ചു. സാമൂഹ്യ മാറ്റത്തിനുവേണ്ടി പ്രവർത്തിച്ച ശ്രീ കുമാരഗുരുദേവൻ രണ്ടു തവണ ശ്രീമൂലം പ്രജാസഭയിൽ അംഗമായി.



### യുദ്ധവിരുദ്ധ ജാഥ

ഒന്നാം ലോകയുദ്ധ കാലത്ത് മാരങ്കുളം എന്ന സ്ഥലത്തുനിന്ന് കുളത്തൂർകുന്നിലേക്ക് ശ്രീ കുമാരഗുരുദേവന്റെ നേതൃത്വത്തിൽ ഒരു യുദ്ധവിരുദ്ധ ജാഥ നടത്തുകയുണ്ടായി. സമാധാനം, ലോകത്തിന് സമാധാനം എന്ന മുദ്രാവാക്യം മുഴക്കിക്കൊണ്ടാണ് ജാഥ നടത്തിയത്. ഈ സമാധാനജാഥയെ ബ്രിട്ടീഷ് ഗവൺമെന്റിനെതിരായ നീക്കമായി വ്യാഖ്യാനിക്കുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

## അന്ധവിശ്വാസങ്ങൾക്കെതിരെ...

മലബാറിൽ സാമൂഹിക അനാചാരങ്ങൾക്കെതിരായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു വാഗ്ഭടാനന്ദൻ. ഏക ദൈവവിശ്വാസം ഉയർത്തിപ്പിടിച്ച വാഗ്ഭടാനന്ദൻ അന്ധവിശ്വാസങ്ങൾ, അർത്ഥശൂന്യമായ ചടങ്ങുകൾ എന്നിവയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ ആത്മവിദ്യാസംഘം സ്ഥാപിച്ചു. സാമൂഹിക പരിഷ്കരണത്തോടൊപ്പം ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സ്ത്രീപുരുഷസമത്വത്തിനും അദ്ദേഹം പ്രാധാന്യം നൽകി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**പട്ടിക പൂർത്തിയാക്കുക**

| പരിഷ്കർത്താക്കൾ | പ്രസ്ഥാനം | പ്രധാന പ്രവർത്തനങ്ങൾ |
|---|---|---|
| വൈകുണ്ഠസ്വാമികൾ | സമത്വസമാജം | • തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നിവയ്ക്കെതിരെ പ്രവർത്തിച്ചു<br>• ക്ഷേത്രപ്രവേശനം, മേൽമുണ്ട് ധരിക്കൽ തുടങ്ങിയ അവകാശങ്ങൾക്കു വേണ്ടി വാദിച്ചു<br>• സമപന്തിഭോജനം സംഘടിപ്പിച്ചു. |
| ചട്ടമ്പി സ്വാമികൾ | | |
| ശ്രീനാരായണ ഗുരു | | |
| അയ്യങ്കാളി | | |
| വക്കം അബ്ദുൽ ഖാദർ മൗലവി | | |
| പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ | | |
| വാഗ്ഭടാനന്ദൻ | | |

## സ്ത്രീ – പുരുഷ സമത്വത്തിലേക്ക്

കേരള സമൂഹത്തിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും പുരുഷാധിപത്യകാഴ്ചപ്പാടും മൂലം വിവിധ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടെ കഷ്ടതകളും അവശതകളും വ്യത്യസ്തസ്വഭാവത്തിലുള്ളതായിരുന്നു. നമ്പൂതിരി സ്ത്രീകൾ വീടിനുള്ളിൽ ഒതുക്കപ്പെട്ടു. തൊഴിലെടുക്കുന്ന അവർണ്ണ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് സവർണണ്ണരിൽനിന്നാണ് ചൂഷണവും സാമൂഹ്യ വിവേചനവും അനുഭവിക്കേണ്ടിവന്നത്.

സ്ത്രീകൾ നേരിട്ട ഇത്തരം ചൂഷണങ്ങൾക്കും വിവേചനത്തിനും അസമത്വത്തിനുമെതിരെ സാമൂഹ്യപരിഷ്കർത്താക്കൾ ശബ്ദമുയർത്തി. നാം ഈ അധ്യായത്തിൽ ചർച്ച ചെയ്ത ചാന്നാർ ലഹള സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ആദ്യകാല സമരങ്ങളിൽ ഒന്നായിരുന്നു. കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ നടന്ന 'തോൽവിറക് സമരവും' കണ്ണൂർ ജില്ലയിലെ കണ്ടകൈ ഗ്രാമത്തിൽ കണ്ടകൈ കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ നടന്ന 'മേച്ചിൽ പുല്ല്' സമരവും സ്ത്രീകളായിരുന്നു നയിച്ചത്.

നമ്പൂതിരി സമുദായത്തിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന അസമത്വത്തിനും വിവേചനത്തിനും എതിരെ ആ സമുദായത്തിൽ തന്നെയുള്ള വി.ടി. ഭട്ടതിരിപ്പാട്, എം.ആർ. ഭട്ടതിരിപ്പാട് മുതലായവർ നടത്തിയ പ്രവർത്തനങ്ങൾ വലിയ മാറ്റങ്ങൾ ഉണ്ടാക്കി. വി.ടി.യുടെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്', പ്രേംജിയുടെ 'ഋതുമതി' എന്നീ നാടകങ്ങൾ നമ്പൂതിരി സ്ത്രീകളുടെ പരിതാപകരമായ അവസ്ഥ പൊതുസമൂഹത്തിനുമുമ്പിൽ തുറന്നുകാട്ടി. നമ്പൂതിരി സ്ത്രീകളെ സ്വയം പര്യാപ്തരാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തവരാണ് ആര്യാപള്ളം, ദേവകി നരിക്കാട്ടിരി, പാർവ്വതി നെൻമേനിമംഗലം എന്നിവർ. സ്ത്രീ വിവേചനത്തിനും തൊഴിൽ ചൂഷണത്തിനും എതിരായും കൂലിക്കൂടുതൽ, വസ്ത്രധാരണം എന്നിവയ്ക്കുവേണ്ടിയും പുതിയ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആശയങ്ങളും പ്രവർത്തനങ്ങളും രൂപപ്പെട്ടു. ഇത് സ്ത്രീപുരുഷ സമത്വത്തിലധിഷ്ഠിതമായ ആധുനിക ജനാധിപത്യ കാഴ്ചപ്പാടിന്റെ രൂപീകരണത്തിന് സഹായകമായി.



സ്ത്രീ-പുരുഷസമത്വത്തിലധിഷ്ഠിതമായ കേരളീയ സമൂഹത്തിന്റെ രൂപീകരണത്തിന് അടിത്തറയിട്ട സാഹചര്യം വിശകലനം ചെയ്യുക.

## മിഷണറി പ്രവർത്തനങ്ങൾ

കേരളത്തിലെ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ ക്രിസ്ത്യൻ മിഷണറിമാർ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് അവരുടെ പ്രവർത്തനങ്ങൾ വിലപ്പെട്ടതായിരുന്നു. ജാതിമതചിന്തകൾക്കതീതമായി എല്ലാവിഭാഗം കുട്ടികൾക്കും അവരുടെ വിദ്യാലയങ്ങളിൽ പ്രവേശനം അനുവദിച്ചു. ഈ വിദ്യാഭ്യാസ മുന്നേറ്റം കേരളത്തിൽ സാമൂഹികമായ ഉണർവിന് പ്രചോദനമേകി. കേരളത്തിൽ പ്രവർത്തിച്ച മിഷണറി സംഘങ്ങളിൽ പ്രധാനപ്പെട്ടവയായിരുന്നു.

- ലണ്ടൻ മിഷൻ സൊസൈറ്റി
- ചർച്ച് മിഷൻ സൊസൈറ്റി
- ബാസൽ ഇവാഞ്ചലിക്കൽ മിഷൻ

കേരളത്തിന്റെ സാമൂഹ്യ വിദ്യാഭ്യാസ മേഖലകളിൽ പുത്തനുണർവ് സൃഷ്ടിച്ച മറ്റ് പരിഷ്കർത്താക്കളായിരുന്നു സഹോദരൻ അയ്യപ്പൻ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, സനാഉള്ള സയീദ് മക്തിതങ്ങൾ മുതലായവർ. സമൂഹത്തിൽ നിലനിന്നിരുന്ന ജാതി വ്യവസ്ഥയ്ക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ ഇവർ ജനങ്ങളെ ബോധവത്കരിച്ചു. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. സാമൂഹ്യപരിഷ്കരണത്തോടൊപ്പം മാനവമൈത്രി സന്ദേശം പ്രചരിപ്പിക്കാൻ ഇവർ ആഹ്വാനം ചെയ്തു.

ഇത്തരം സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ ആർജ്ജിച്ച പുരോഗതിയാണ് കേരളത്തിന്റെ പിൽക്കാല വളർച്ചയെ മുന്നോട്ട് നയിച്ചത്. ഈ പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ കേരളത്തിലുണ്ടായ നേട്ടങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- പൊതുനിരത്തുകളിലൂടെയുള്ള സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു.
- തൊഴിൽ, പേര്, പാർപ്പിടം, വസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന വിവേചനങ്ങൾക്കെതിരെ മുന്നേറ്റങ്ങൾ ഉയർന്നുവന്നു.
- ജാതീയമായ ഉച്ചനീചത്വങ്ങൾ ചോദ്യം ചെയ്യപ്പെട്ടു.
- വിദ്യാഭ്യാസം പുരോഗതിയുടെ അടിസ്ഥാനമാണെന്ന തിരിച്ചറിവ് രൂപപ്പെട്ടു.
- ആധുനിക വിദ്യാഭ്യാസത്തിന് പ്രോത്സാഹനം ലഭിച്ചു.
- സ്ത്രീ വിദ്യാഭ്യാസത്തിന്റെയും സ്ത്രീ-പുരുഷ സമത്വത്തിന്റേയും പ്രാധാന്യം തിരിച്ചറിഞ്ഞു.



കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കൾ പ്രാധാന്യം നൽകിയ പരിഷ്കരണ മേഖലകൾ ഏതെല്ലാം?

സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി കേരളത്തിലുണ്ടായ സാമൂഹിക മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഗ്രഹം

- കേരളത്തിൽ അനേകം ദുരാചാരങ്ങൾ നിലനിന്നിരുന്നു.
- ജാതിവ്യവസ്ഥയ്ക്കും വിവേചനത്തിനും ചൂഷണത്തിനും എതിരെ അനേകം സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർന്നുവന്നു.
- വൈകുണ്ഠസ്വാമികൾ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു, വക്കം അബ്ദുൽ ഖാദർ മൗലവി, അയ്യങ്കാളി, പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ, മക്തിതങ്ങൾ, പണ്ഡിറ്റ് കെ.പി. കറുപ്പൻ, വാഗ്ഭടാനന്ദൻ, വി.ടി. ഭട്ടതിരിപ്പാട് മുതലായവർ കേരളത്തിൽ സാമൂഹ്യ മാറ്റ ങ്ങൾക്കുവേണ്ടി പ്രവർത്തിച്ചു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കേരളത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങൾ കണ്ടെത്തുന്നു.
- കേരളത്തിൽ സാമൂഹികപരിഷ്കരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തികളുടെയും പ്രസ്ഥാനങ്ങളുടെയും പങ്ക് വിശകലനം ചെയ്യുന്നു.
- കേരളീയസമൂഹത്തിൽ നിലനിൽക്കുന്ന അനാചാരങ്ങൾക്കെതിരെ വ്യത്യസ്ത ആവി ഷ്കാരങ്ങളിലൂടെ പ്രതികരിക്കുന്നു.
- കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളിൽ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ വഹിച്ച സ്വാധീനം വിലയിരുത്തുന്നു.

## വിലയിരുത്താം

- കേരളത്തിലുണ്ടായ സാമൂഹ്യ നവോത്ഥാനപ്രവർത്തനങ്ങളുടെ പൊതു സവിശേഷ തകൾ വിലയിരുത്തുക.
- പട്ടിക ക്രമപ്പെടുത്തുക

| | |
|---|---|
| സമത്വസമാജം | വക്കം അബ്ദുൽ ഖാദർ മൗലവി |
| ശ്രീനാരായണ ധർമ്മ പരിപാലന യോഗം | അയ്യങ്കാളി |
| സാധുജനപരിപാലന സംഘം | വൈകുണ്ഠസ്വാമികൾ |
| കേരള മുസ്ലിം ഐക്യ സംഘം | ശ്രീനാരായണഗുരു |

## തുടർപ്രവർത്തനങ്ങൾ

- 'കേരളത്തിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളും അവയുടെ പ്രവർത്തനങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു സെമിനാർ സംഘടിപ്പിക്കുക.
- കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കളുടെ ചിത്രങ്ങൾ, സ്റ്റാമ്പുകൾ എന്നിവ ശേഖ രിച്ച് കുറിപ്പോടുകൂടി ആൽബം തയ്യാറാക്കുക.
- നിങ്ങളുടെ നാട്ടിലെ സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച് വിവരങ്ങൾ ശേഖരിക്കുക.
- സ്ത്രീ-പുരുഷ സമത്വത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ചർച്ച സംഘടിപ്പിക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 9 ഗാന്ധിജിയും സ്വാതന്ത്ര്യസമരവും

*വൈക്കം ബോട്ടുജെട്ടിയിലും കായലോ*
*രത്തും വലിയ തിരക്ക്; എങ്ങും*
*ബഹളം മറ്റ് വിദ്യാർത്ഥികളോടൊപ്പം*
*ഞാനും തിക്കിത്തെരക്കി*
*ജനക്കൂട്ടത്തിന്റെ മുന്നിലെത്തി.*
*ബോട്ടിൽ ഗാന്ധിജിയെ ദൂരെ വച്ചേ*
*കണ്ടു. ആയിരമായിരം കണ്ഠങ്ങ*
*ളിൽനിന്ന് ആ ശബ്ദം ഉയർന്നു–*
*കടലിരമ്പുന്നത് മാതിരി.*
*'മഹാത്മാ... ഗാന്ധി... കീ... ജേ!'*
*അർദ്ധനഗ്നനായ ഫക്കീർ*
*പല്ല് പോയ മോണകാട്ടി ചിരിച്ചു.*
*തൊഴുകയ്യോടെ കരയ്ക്കിറങ്ങി.*
*തുറന്ന കാറിൽ അദ്ദേഹം മെല്ലെ*
*കയറിയിരുന്നു.*
*തിങ്ങിനിറഞ്ഞജനക്കൂട്ടത്തിന്റെ*
*ഇടയിലൂടെ കാർ സത്യഗ്രഹാശ്രമത്തി*
*ലേക്ക് പതുക്കെ നീങ്ങി.*

..........................................................................

*വല്ലാത്ത ആരവം*
*ആ ബഹളത്തിനിടയ്ക്ക് എനിക്കൊ*
*രാഗ്രഹം*
*ലോകവന്ദ്യനായ മഹാത്മാവിനെ*
*ഒന്നു തൊടണം! ഒന്നുതൊട്ടില്ലെങ്കിൽ*
*ഞാൻ മരിച്ച് വീണുപോകു*
*മെന്നെനിക്കുതോന്നി*
*ആരെങ്കിലും കണ്ടാലോ...*
*എനിക്ക് ഭയവും പരിഭ്രമവുമുണ്ടായി,*
*എല്ലാം മറന്നു...*
*ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ*
*പതുക്കെ ഒന്നുതൊട്ടു!*
*വീഴാൻ പോയതിനാൽ കൈത്തണ്ടിൽ*
*പിടിച്ചു*

..........................................................................

*ഗാന്ധിജി എന്നെ നോക്കി മന്ദഹസിച്ചു.*
*അന്ന് സന്ധ്യയ്ക്ക് വീട്ടിൽ ചെന്ന് അമ്മ*
*യോട് അഭിമാനത്തോടെ*
*ഞാൻ പറഞ്ഞു*
*ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!*

(വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഓർമ്മക്കുറിപ്പ്' എന്ന കൃതിയിലെ 'അമ്മ' എന്ന അനുഭവ കഥയിൽനിന്നുള്ള ഭാഗമാണിത്.)

സത്യഗ്രഹസമരത്തിന് ആവേശം പകരാൻ ഗാന്ധിജി വൈക്കത്തെത്തിയ സംഭവം വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിലെ മറക്കാനാകാത്ത അനുഭവമായിരുന്നു.

Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com



ദേശീയപ്രസ്ഥാനത്തിലെ മിതവാദദേശീയതയുടെയും തീവ്രദേശീയതയുടെയും കാലഘട്ടം നാം ചർച്ച ചെയ്തല്ലോ. ഗാന്ധിജിയുടെ വരവോടെ ദേശീയ പ്രസ്ഥാനത്തിന്റെ മൂന്നാമത്തെ ഘട്ടം ആരംഭിച്ചു. 1919 മുതൽ 1947 വരെയുള്ള ഈ കാലഘട്ടം ഗാന്ധിയൻ കാലഘട്ടം എന്ന് അറിയപ്പെടുന്നു.



## ഗാന്ധിജിയുടെ ആഗമനം



ദക്ഷിണാഫ്രിക്കയിലെ ദീർഘകാലത്തെ വാസത്തിനുശേഷം 1915 ജനുവരി 9-ന് ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തി. ഇന്ത്യയിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാനും ഇന്ത്യയെ കണ്ടെത്താനും രാജ്യത്തുടനീളം യാത്ര ചെയ്തു. ലളിതമായ ജീവിതത്തിലൂടെയും വസ്ത്രധാരണത്തിലൂടെയും ഗാന്ധിജി ജനങ്ങൾക്ക് മാതൃക കാട്ടി. സാധാരണ ജനങ്ങളുടെ ഭാഷയിൽ അവരുമായി സംവദിച്ചു. അഹിംസയിൽ അധിഷ്ഠിതമായ സത്യഗ്രഹം എന്ന പുതിയൊരു സമരരീതി രൂപപ്പെടുത്തി. ആശയപ്രചരണത്തിനുവേണ്ടി ഗുജറാത്തിലെ അഹമ്മദാബാദിൽ അദ്ദേഹം സബർമതി ആശ്രമം സ്ഥാപിച്ചു. ഗാന്ധിജി ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി സ്വാതന്ത്ര്യ സമരത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർദ്ധിച്ചു.



### സത്യഗ്രഹം

*സത്യഗ്രഹം എന്നാൽ സത്യത്തെ മുറുകെ പിടിക്കുക എന്നാണർത്ഥം. സത്യഗ്രഹം അഹിംസയിൽ അധിഷ്ഠിതമായിരുന്നു. സത്യഗ്രഹി തിന്മയെ വെറുക്കുന്നു. എന്നാൽ തിന്മ ചെയ്യുന്ന ആളിനെ വെറുക്കുന്നില്ല. തിന്മചെയ്യുന്നവന്റെ മനസ്സാക്ഷിയെ തട്ടി ഉണർത്താമെന്ന് സത്യഗ്രഹി വിശ്വസിക്കുന്നു.*

ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജിയുടെ ആദ്യകാല പ്രവർത്തനങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ആദ്യകാല സമരങ്ങൾ

ഗാന്ധിജി ഇന്ത്യയിൽ നേതൃത്വപരമായ പങ്കുവഹിച്ച ആദ്യത്തെ സമരമാണ് 1917-ലെ ചമ്പാരൻ സത്യഗ്രഹം. ബീഹാറിലെ ചമ്പാരനിൽ നീലം കർഷകരെ തോട്ടം ഉടമകളായ വെള്ളക്കാർ ചൂഷണം ചെയ്തതിനെതിരെയായിരുന്നു ഈ സത്യഗ്രഹം. അതിന്റെ ഫലമായി കർഷകർക്ക് ആശ്വാസകരമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ വെള്ളക്കാർ നിർബന്ധിതരായി.

1918-ൽ ഗാന്ധിജി അഹമ്മദാബാദിലെ തുണിമിൽ തൊഴിലാളികളുടെ വേതനവർദ്ധനവിനുവേണ്ടിയുള്ള സമരം നയിച്ചു. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യത്തെ നിരാഹാരസത്യഗ്രഹമായിരുന്നു ഇത്.

അതേവർഷം ഗുജറാത്തിലെ ഖേഡയിൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ കാർഷികവിളകൾ വ്യാപകമായി നശിച്ചു. വിളവ് മോശമായതിനാൽ നികുതിയിൽ ഇളവ് നൽകണമെന്ന് കർഷകർ ആവശ്യപ്പെട്ടു. ബ്രിട്ടീഷ് അധികൃതർ ഈ ആവശ്യം നിരസിച്ചപ്പോൾ ഗാന്ധിജി നികുതിനിഷേധ സമരത്തിന് ആഹ്വാനം ചെയ്തു.

തീവ്രദേശീയ കാലഘട്ടത്തിലെ സമരരീതികളിൽനിന്ന് ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്ത് കുറിപ്പാക്കൂ.



## പൗരാവകാശത്തിനുവേണ്ടി




കൊളാഷ് ശ്രദ്ധിക്കൂ...

ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യാക്കാരോട് സ്വീകരിച്ച മനുഷ്യത്വരഹിത നടപടികൾ ഏതെല്ലാം?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യൻ ജനതയുടെ പൗരാവകാശങ്ങൾ ലംഘിക്കുന്ന നിരവധി കരിനിയമങ്ങൾ നടപ്പിലാക്കി. അവയിൽ ജനങ്ങളുടെ വ്യാപകമായ പ്രതിഷേധത്തിന് കാരണമായ ഒന്നായിരുന്നു 'റൗലത്ത് നിയമം'. ഈ നിയമം ബ്രിട്ടീഷ് സർക്കാരിന് താഴെ പറയുന്ന അധികാരങ്ങൾ നൽകി:

- ഏതൊരു ഇന്ത്യാക്കാരനെയും വാറന്റില്ലാതെ അറസ്റ്റ് ചെയ്യാം
- വിചാരണ കൂടാതെ അനിശ്ചിതകാലം തടവിലിടാം
- പ്രത്യേക കോടതികളിൽ രഹസ്യവിചാരണ നടത്താം
- കോടതിവിധിക്കെതിരെ അപ്പീൽ നിഷേധിക്കാം

ഈ നിയമത്തിനെതിരെ ജനങ്ങൾ പ്രക്ഷോഭം ആരംഭിച്ചു. പ്രകടനങ്ങൾ, ഉപവാസങ്ങൾ, ഹർത്താലുകൾ, നിയമലംഘനങ്ങൾ എന്നിവ നടത്തി. 1919 ഏപ്രിൽ 6 ന് രാജ്യം മുഴുവൻ കരിദിനമാചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. അഭൂതപൂർവ്വമായ പ്രതികരണമാണ് ഈ ആഹ്വാനത്തിന് ലഭിച്ചത്.

പഞ്ചാബിൽ സമരത്തിന് നേതൃത്വം നൽകിയ ഡോ. സത്യപാൽ, ഡോ. സെയ്ഫുദ്ദീൻകിച്ച്ലു എന്നിവരെ അറസ്റ്റു ചെയ്തു. ഇതിൽ പ്രതിഷേധിച്ച് പഞ്ചാബിലെ ജാലിയൻവാലാബാഗിൽ ജനങ്ങൾ ഒത്തുകൂടി. മൂന്ന് വശവും മതിലുകളാൽ ചുറ്റപ്പെട്ടതും ഒരു കവാടം മാത്രമുള്ളതുമായ വിശാലമായ മൈതാനമായിരുന്നു ജാലിയൻവാലാബാഗ്. നിരായുധരായ ജനങ്ങൾക്കുനേരെ പട്ടാളം വെടിയുതിർത്തു. ആയിരത്തിൽപ്പരം ആളുകൾ വെടിയേറ്റു മരിച്ചു. മുറിവേറ്റവർ അതിലേറെ ആയിരുന്നു. ശവശരീരങ്ങൾ നീക്കം ചെയ്യാനോ പരിക്കേറ്റവരെ ശുശ്രൂഷിക്കാനോ ദാഹജലം നൽകാനോ പട്ടാളം അനുവദിച്ചില്ല. ഈ ദാരുണസംഭവം 'ജാലിയൻവാലാബാഗ് കൂട്ടക്കൊല' എന്നറിയപ്പെടുന്നു.

ഇതിൽ പ്രതിഷേധിച്ച്,

- 'കൈസർ-എ-ഹിന്ദ്' പദവി ഗാന്ധിജി ബ്രിട്ടീഷ് ഗവൺമെന്റിന് തിരികെ നൽകി.
- ബ്രിട്ടീഷുകാർ നൽകിയ 'സർ' പദവി രവീന്ദ്രനാഥടാഗോർ ഉപേക്ഷിച്ചു.
- ദേശവ്യാപകമായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കപ്പെട്ടു.



ജാലിയൻവാലാബാഗ് കൂട്ടക്കൊല. ചിത്രകാരന്റെ ഭാവനയിൽ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





സമാധാനപരമായ സമരങ്ങളോട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സമീപനം എപ്രകാരമായിരുന്നു. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

ജാലിയൻവാലാബാഗ് സംഭവം ഒരു നാടകമാക്കി അവതരിപ്പിക്കാനുള്ള സ്ക്രിപ്റ്റ് തയ്യാറാക്കുക.



## ധീരനായ ഉദ്ദംസിംഗ്

ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് ദൃക്സാക്ഷിയായിരുന്നു ബാലനായ ഉദ്ദം സിംഗ്. കൂട്ടക്കൊലയ്ക്ക് നേതൃത്വം നൽകിയ മൈക്കിൾ ഒ. ഡയറിനെ വർഷങ്ങൾക്കുശേഷം അദ്ദേഹം ഇംഗ്ലണ്ടിൽ ചെന്ന് വധിച്ചു. 1940 ജൂലൈ 31-ന് ഉദ്ദം സിംഗിനെ വധശിക്ഷയ്ക്ക് വിധേയനാക്കി.



ഉദ്ദം സിംഗ്

## ഖിലാഫത്ത് പ്രസ്ഥാനം



മൗലാന ഷൗക്കത്തലിയും മൗലാന മുഹമ്മദലിയും

തുർക്കി കേന്ദ്രമായി ഭരണം നടത്തിയ ഉസ്മാനിയ (ഓട്ടോമൻ) സാമ്രാജ്യത്തിന്റെ ഭരണാധികാരി ഖലീഫ എന്നാണ് അറിയപ്പെട്ടിരുന്നത്. ലോക മുസ്ലീങ്ങളുടെ ആത്മീയ നേതാവ് കൂടിയായിരുന്നു ഖലീഫ. ഒന്നാം ലോകയുദ്ധത്തിൽ ബ്രിട്ടന്റെ എതിർ സഖ്യത്തിലായിരുന്നു തുർക്കി സാമ്രാജ്യം. യുദ്ധത്തിൽ ഖലീഫയ്ക്ക് എതിരായ ബ്രിട്ടീഷ് നടപടികളിൽ പ്രതിഷേധിച്ചാണ് ഖിലാഫത്ത് പ്രസ്ഥാനം രൂപം കൊണ്ടത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഇന്ത്യയിലെ നേതാക്കൾ മൗലാന ഷൗക്കത്തലിയും മൗലാന മുഹമ്മദലിയുമായിരുന്നു. ഇവർ 'അലി സഹോദരന്മാർ' എന്നറിയപ്പെടുന്നു.

റൗലത്ത് നിയമത്തിനെതിരായി വളർന്നുവന്ന ഹിന്ദു മുസ്ലിം ഐക്യം ദൃഢമാക്കാൻ ഖിലാഫത്ത് പ്രസ്ഥാനം വഴിയൊരുക്കുമെന്ന് ഗാന്ധിജി വിശ്വസിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തിന് പൂർണ്ണപിന്തുണയും സഹകരണവും അദ്ദേഹം വാഗ്ദാനം ചെയ്തു. അഖിലേന്ത്യാ ഖിലാഫത്ത് കമ്മിറ്റിയുടെ പ്രസിഡന്റ് പദവി ഗാന്ധിജി ഏറ്റെടുത്തു. 1919 ഒക്ടോബർ 17 ഇന്ത്യയിലുടനീളം 'ഖിലാഫത്ത് ദിന'മായി ആചരിച്ചു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് സജീവ പിന്തുണ നൽകാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം? കുറിപ്പ് തയ്യാറാക്കുക.

## നിസ്സഹകരണപ്രസ്ഥാനം

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ബഹുജന സമരമായിരുന്നു നിസ്സഹകരണസമരം. 1920-ൽ കൽക്കത്തയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രത്യേക സമ്മേളനമാണ് നിസ്സഹകരണ സമരത്തിന് അംഗീകാരം നൽകിയത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നിസ്സഹകരണസമരത്തിനു മുന്നോടിയായി ഗാന്ധിജി വൈസ്രോയിക്ക് ഇപ്രകാരം കത്തെഴുതി:

"ഭരണാധികാരി അധികാരം ദുർവിനിയോഗം ചെയ്താൽ അവനെ അനുസരിക്കാതിരിക്കാൻ പുരാതനകാലം മുതലേ പ്രജകൾക്ക് അവകാശമുണ്ട്".

നിസ്സഹകരണസമരം രണ്ടുതരം കർമ്മപരിപാടികളിൽ അധിഷ്ഠിതമായിരുന്നു. ബഹിഷ്ക്കരണ പ്രവർത്തനങ്ങളും ക്രിയാത്മക പ്രവർത്തനങ്ങളുമായിരുന്നു അവ.

**നിസ്സഹകരണ സമരമുറകൾ**

| ബഹിഷ്കരണ പ്രവർത്തനങ്ങൾ | | ക്രിയാത്മക പ്രവർത്തനങ്ങൾ | |
|---|---|---|---|
| വിദേശവസ്ത്ര ബഹിഷ്കരണം | നികുതി നിഷേധം | ഹിന്ദു മുസ്ലിം ഐക്യം | ഖാദിവസ്ത്രങ്ങളുടെ പ്രചാരണം |
| പദവികൾ, ഉദ്യോഗങ്ങൾ, ഉപേക്ഷിക്കൽ | കോടതി ബഹിഷ്കരണം | അയിത്തോച്ചാടനം | ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കൽ |



നിസ്സഹകരണസമരം ഒരു ബഹുജനസമരമായി മാറാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം?

നിസ്സഹകരണസമരവുമായി ബന്ധപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന പ്ലക്കാർഡുകൾ നിർമ്മിക്കുക.

രാജ്യമെമ്പാടും ഇത്തരത്തിലുള്ള സമരങ്ങൾ രൂപപ്പെട്ടപ്പോൾ കേരളത്തിൽ എന്താണ് സംഭവിച്ചതെന്ന് പരിശോധിക്കാം.



## മലബാർ കലാപം

കേരളത്തിലെ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളിൽ ശ്രദ്ധേയമായ ഒന്നായിരുന്നു 1921 ലെ മലബാർ കലാപം. കുടിയൊഴിപ്പിക്കൽ, അന്യായമായ നികുതി പിരിവ്, ഉയർന്ന പാട്ടം തുടങ്ങിയ ദ്രോഹനടപടികൾ ജന്മിമാരിൽനിന്ന് മലബാറിലെ കർഷകർ നേരിട്ടു. ജന്മിമാരുടെ കർഷകദ്രോഹപ്രവർത്തനങ്ങൾക്ക് ബ്രിട്ടീഷുകാർ പിന്തുണനൽകി. ഈ സമയത്താണ് കേരളത്തിൽ നിസ്സഹകരണപ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും സജീവമായത്. ഗാന്ധിജി മൗലാനാ ഷൗക്കത്തലിയുമൊന്നിച്ച് കേരളം സന്ദർശിച്ചു.

ഖിലാഫത്ത് പ്രസ്ഥാനവും 1920-ലെ മഞ്ചേരി കോൺഗ്രസ് സമ്മേളനവും കർഷകരിൽ പുതിയ ഉണർവ് സൃഷ്ടിച്ചു. കർഷകരിൽ അധികവും മാപ്പിളമാർ (മുസ്ലിങ്ങൾ) ആയിരുന്നു.

ബ്രിട്ടീഷുകാരോടും ജന്മിമാരോടുമുള്ള എതിർപ്പ് കർഷകർക്കിടയിൽ രൂക്ഷമായി നിൽക്കവെ പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി വടക്കേവീട്ടിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്യാൻ എത്തിയ പോലീസിനെ ജനങ്ങൾ തടഞ്ഞു. ഖിലാഫത്ത് നേതാവായിരുന്ന ആലിമുസ്ലിയാരെ അറസ്റ്റു ചെയ്തു എന്നുള്ള തെറ്റായ വാർത്തയും പരന്നു. ഇതോടെ മലബാറിലെ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിൽ കലാപം തുടങ്ങി. ബ്രിട്ടീഷുകാരുടെ സഹായികളായി പ്രവർത്തിച്ച ജന്മിമാർക്കെതിരെയും കലാപകാരികളുടെ രോഷം ആളിക്കത്തി. കലാപത്തിന് നേതൃത്വം നൽകിയ ആലി മുസ്ലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയവരെ ബ്രിട്ടീഷുകാർ വധിച്ചു.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വാഗൺ കൂട്ടക്കൊല

മലബാർ കലാപത്തിൽ അറസ്റ്റുചെയ്യപ്പെട്ട തൊണ്ണൂറോളം കലാപകാരികളെ തിരൂർ റെയിൽവെ സ്റ്റേഷനിൽനിന്നും ഒരു ഗുഡ്സ് വാഗണിൽ (ചരക്കു തീവണ്ടി) കുത്തിനിറച്ച് കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി. വായുകടക്കാത്ത തീവണ്ടി മുറിയിൽ അവർ പ്രാണനുവേണ്ടി പിടഞ്ഞു. മരണവെപ്രാളത്തിൽ അന്യോന്യം മാന്തിപ്പറിക്കാൻ തുടങ്ങി. തീവണ്ടി കോയമ്പത്തൂരിനടുത്ത് പോത്തന്നൂരിൽ എത്തി വാഗൺ തുറന്നു നോക്കിയപ്പോൾ എഴുപത്തിരണ്ടുപേർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നു. അവശേഷിച്ചവർ മരണത്തോട് മല്ലടിക്കുകയായിരുന്നു. 1921 നവംബർ 10-ന് നടന്ന ഈ ദാരുണ സംഭവം 'വാഗൺ കൂട്ടക്കൊല' എന്നറിയപ്പെടുന്നു. ജന്മിത്വത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായി ആരംഭിച്ച ജനകീയ പ്രക്ഷോഭം ക്രൂരമായ മർദ്ദനത്തിലൂടെ ബ്രിട്ടീഷ് ഗവൺമെന്റ് അടിച്ചമർത്തി.




വാഗൺ കൂട്ടക്കൊല - ചിത്രകാരന്റെ ഭാവനയിൽ


സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ ബ്രിട്ടീഷ് ഗവൺമെന്റ് ക്രൂരമായ രീതിയിലാണ് നേരിട്ടത്. മലബാർ കലാപത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

വാഗൺ കൂട്ടക്കൊലയുടെ നിശ്ചലദൃശ്യം തയ്യാറാക്കുക.



കർഷകസമരങ്ങളുടെയും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും കൂടിച്ചേരലാണ് മലബാർ കലാപം. വിലയിരുത്തുക.

**പട്ടിക പൂർത്തിയാക്കുക**

| ചിത്രങ്ങൾ | സംഭവങ്ങൾ | പ്രധാന വിവരങ്ങൾ |
|---|---|---|
|  | ജാലിയൻ വാലാബാഗ് കൂട്ടക്കൊല | • 1919<br>• പഞ്ചാബിലെ അമൃത്സർ<br>• റൗലത്ത് നിയമത്തിനെതിരെയുള്ള പ്രതിഷേധം<br>•<br>• |
|  | | •<br>•<br>•<br>•<br>• |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ചൗരിചൗരാസംഭവം

ഉത്തർ പ്രദേശിലെ ചൗരിചൗരാഗ്രാമത്തിൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ ദുഷ്ചെയ്തികൾക്കെതിരെ 1922 ൽ കർഷകർ സംഘടിച്ചു. മൂവായിരത്തിലധികം വരുന്ന നിരായുധരായ കർഷകരുടെ ജാഥയ്ക്ക് നേരെ പോലീസ് വെടിവെച്ചു. കോപാകുലരായ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ അഗ്നിക്കിരയാക്കി. ഇരുപത്തിരണ്ട് പോലീസുകാർ കൊല്ലപ്പെട്ടു. ഈ സംഭവം അഹിംസാസമരതത്ത്വങ്ങൾക്ക് വിരുദ്ധമായതിനാൽ നിസ്സഹകരണസമരം പൂർണ്ണമായി നിർത്തിവെയ്ക്കാൻ ഗാന്ധിജി തീരുമാനിച്ചു.

നിസ്സഹകരണസമരം നിർത്തിവെയ്ക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച സാഹചര്യങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.



ഗാന്ധിജിയുടെ ആദ്യകാല സമരമുറകളിൽനിന്ന് നിസ്സഹകരണസമരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

### വൈക്കം സത്യഗ്രഹം

സ്വാതന്ത്ര്യസമരത്തോടൊപ്പം സാമൂഹിക അസമത്വങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളുടെയും വേദിയായി ദേശീയപ്രസ്ഥാനം മാറി.

വൈക്കം ക്ഷേത്രത്തിന്റെ മതിൽകെട്ടിനു പുറത്തുള്ള വഴിയിലൂടെ അവർണ്ണജാതിക്കാർക്ക് സഞ്ചരിക്കുവാനുള്ള അവകാശം ഇല്ലായിരുന്നു. ഈ വഴി എല്ലാ ജാതിക്കാർക്കും തുറന്ന് കിട്ടണം എന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന സമരമാണ് 1924-ലെ വൈക്കം സത്യഗ്രഹം. ഇതിന്റെ ഭാഗമായി മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ നടന്ന 'സവർണ്ണജാഥ' പ്രസിദ്ധമാണ്. പൊതു ഇടങ്ങളിലെ അയിത്താചരണത്തിനെതിരെ ഇന്ത്യയിൽ നടന്ന ശ്രദ്ധേയമായ സമരമായിരുന്നു ഇത്. സമരത്തിന് പിന്തുണ നൽകാൻ ഗാന്ധിജി വൈക്കത്ത് എത്തിയ സംഭവം അധ്യായത്തിന്റെ തുടക്കത്തിൽ നാം വായിച്ചല്ലോ.

#### സവർണ്ണ ജാഥ



വൈക്കം സത്യഗ്രഹത്തോട് പിന്തുണ പ്രഖ്യാപിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ 1924 നവംബർ 1 ന് സവർണ്ണരെ പങ്കെടുപ്പിച്ച് വൈക്കം ക്ഷേത്ര നടയിൽനിന്നും തിരുവനന്തപുരത്തേക്ക് ഒരു ജാഥ പുറപ്പെട്ടു. വൈക്കം ക്ഷേത്രത്തിലേക്കുള്ള എല്ലാ വഴികളും ജാതിമതഭേദമെന്യേ എല്ലാവർക്കും തുറന്നുകൊടുക്കണമെന്ന് അഭ്യർത്ഥിച്ച് അവർ മഹാറാണി സേതുലക്ഷ്മിഭായിക്ക് ഒരു നിവേദനം സമർപ്പിച്ചു.

വൈക്കം സത്യഗ്രഹത്തിന്റെ പ്രസക്തിയെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

### തൂക്കുകയറിനെ ഭയക്കാത്തവർ

ഗാന്ധിയൻ സമരമുറകൾക്ക് സമാന്തരമായി നിരവധി സായുധസമരങ്ങളും ഈ കാലഘട്ടത്തിൽ നടന്നു. അത്തരം സമരങ്ങൾക്ക് നേതൃത്വം നൽകി ജീവൻ ബലിയർപ്പിച്ചവരാണ് ചന്ദ്രശേഖർ ആസാദ്, ഭഗത്സിംഗ്, രാജ്ഗുരു, സുഖ്ദേവ് മുതലായവർ. ഇവർ രൂപീകരിച്ച സംഘടനയായിരുന്നു ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ. യുവജനങ്ങളെ സമര സജ്ജരാക്കുക എന്നതായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം.


ചന്ദ്രശേഖർ ആസാദ്


ഭഗത്സിംഗ്


രാജ്ഗുരു


സുഖ്ദേവ്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






## ഒരു നുള്ള് ഉപ്പ് ഒരു സാമ്രാജ്യത്തെ ഉലയ്ക്കുന്നു

1929-ൽ ലാഹോറിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘന പ്രസ്ഥാനം തുടങ്ങാൻ തീരുമാനിച്ചു. ജനവിരുദ്ധമായ ബ്രിട്ടീഷ് നിയമങ്ങളെ ലംഘിക്കുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഉപ്പ് ഉണ്ടാക്കുന്നതിന് ഇന്ത്യാക്കാർ നികുതി നൽകേണ്ടിയിരുന്നു. ഈ നികുതി ബ്രിട്ടീഷ് സർക്കാർ ഇരട്ടിയാക്കിയത് ജനരോഷം വർദ്ധിപ്പിച്ചു. അതുകൊണ്ടുതന്നെ ഉപ്പിനെ സമരായുധമാക്കിയാൽ ബഹുജനപ്രക്ഷോഭം കൂടുതൽ ശക്തിയാർജ്ജിക്കുമെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞു. ഈ ഉപ്പുനിയമം ലംഘിക്കാൻ ഗാന്ധിജി തീരുമാനിച്ചു.




ദണ്ഡിയാത്ര

സമരപ്രഖ്യാപനം നടത്തിക്കൊണ്ട് ഗാന്ധിജി ഇങ്ങനെ പറഞ്ഞു.

"ഒന്നുകിൽ ലക്ഷ്യം നേടി ഞാൻ തിരിച്ചുവരും. പരാജയപ്പെട്ടാൽ ഞാനെന്റെ ജഡം സമുദ്രത്തിന് സംഭാവന നൽകും"

78 അനുയായികളുമായി ഗാന്ധിജി സബർമതി ആശ്രമത്തിൽനിന്ന് യാത്ര പുറപ്പെട്ടു. 375 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് ദണ്ഡിക്കടപ്പുറത്ത് എത്തിച്ചേർന്നു.

1930 ഏപ്രിൽ 6ന് ഒരു പിടി ഉപ്പ് ശേഖരിച്ചുകൊണ്ട് നിയമലംഘന പ്രക്ഷോഭത്തിന് ഗാന്ധിജി തുടക്കം കുറിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ 'ഉപ്പ്' നിയമലംഘന സമരത്തിന്റെ പ്രതീകമായി മാറി.



ഉപ്പു നിയമലംഘനം



### ദണ്ഡിയാത്രയിലെ മലയാളികൾ

സി. കൃഷ്ണൻ നായർ, ടൈറ്റസ്, ശങ്കരൻ എഴുത്തച്ഛൻ, രാഘവപ്പൊതുവാൾ എന്നിവരാണ് ഉപ്പുസത്യഗ്രഹത്തിൽ ഗാന്ധിജിക്കൊപ്പം ഉണ്ടായിരുന്ന മലയാളികൾ.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




ഖാൻ അബ്ദുൽ ഗാഫർ ഖാൻ

ഇന്ത്യ ഒട്ടാകെ നിയമലംഘനപ്രക്ഷോഭം വ്യാപിച്ചു. 'അതിർത്തി ഗാന്ധി' എന്ന് അറിയപ്പെടുന്ന ഖാൻ അബ്ദുൽ ഗാഫർ ഖാന്റെ നേതൃത്വത്തിലായിരുന്നു ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ പ്രദേശത്ത് സമരം നടന്നത്. സരോജിനി നായിഡുവിന്റെ നേതൃത്വത്തിൽ നിരവധി വനിതകളും സമരരംഗത്ത് സജീവമായിരുന്നു.


സരോജിനി നായിഡു

കേരളത്തിൽ ഉപ്പുസത്യഗ്രഹത്തിന്റെ പ്രചരണങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖരായിരുന്നു കെ. മാധവൻ നായരും ഇ. മൊയ്തുമൗലവിയും. കണ്ണൂർ ജില്ലയിലെ പയ്യന്നൂരും കോഴിക്കോടും ഉപ്പുസത്യഗ്രഹത്തിന്റെ പ്രധാന കേന്ദ്രങ്ങളായിരുന്നു. പയ്യന്നൂരിൽ കെ.കേളപ്പന്റെ നേതൃത്വത്തിലായിരുന്നു ഉപ്പുനിയമലംഘനം നടന്നത്. കോഴിക്കോട് കടപ്പുറത്ത് ഉപ്പുസത്യഗ്രഹത്തിന് നേതൃത്വം നൽകിയ മുഹമ്മദ് അബ്ദുറഹിമാൻ, പി. കൃഷ്ണപിള്ള എന്നിവർക്ക് പോലീസിന്റെ മർദ്ദനത്തിൽ പരുക്കേൽക്കുകയുണ്ടായി. ഉപ്പുസത്യഗ്രഹം കേരളത്തിലെ ജനഹൃദയങ്ങളിൽ സ്വാതന്ത്ര്യസമരാഗ്നി ആളിക്കത്തിച്ചു.



### നാഗന്മാരുടെ റാണി

ഇന്ത്യയുടെ വടക്ക് കിഴക്ക് ഭാഗത്തുള്ള മണിപ്പൂർ, നാഗാലാന്റ് എന്നീ പ്രദേശങ്ങളിലും നിയമലംഘന സമരത്തിന്റെ ആവേശം ഉയർന്നു. പതിമൂന്ന് വയസു മാത്രമുള്ള റാണി ഗൈഡിലിയു ദേശീയപ്രസ്ഥാനത്തിൽ ആകൃഷ്ടയാവുകയും നിയമലംഘനസമരത്തിൽ പങ്കാളിയാവുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ വഹിച്ച പങ്കിന്റെ പേരിൽ "നാഗന്മാരുടെ റാണി" എന്ന് ജവഹർലാൽ നെഹ്റു അവരെ വിശേഷിപ്പിച്ചു.

ഉപ്പുസത്യഗ്രഹത്തെ അമർച്ച ചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് തീരുമാനിച്ചു. ഗാന്ധിജി, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയ നേതാക്കൾ ഉൾപ്പെടെ ആയിരക്കണക്കിന് ആളുകളെ അറസ്റ്റുചെയ്തു.

ഉപ്പുസത്യഗ്രഹത്തിലെ പ്രധാന സംഭവങ്ങൾ നാടകരൂപത്തിൽ പുനരാവിഷ്കരിക്കുക.


ഉപ്പിനെ സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യൂ.

## ഗുരുവായൂർ സത്യഗ്രഹം

ഗാന്ധിയൻ ആശയമായ സമൂഹപുനർനിർമ്മാണവും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിരുന്നു. സമത്വസമൂഹസൃഷ്ടി എന്ന ലക്ഷ്യത്തോടെ അയിത്തോച്ചാടനം, ആരാധനാസ്വാതന്ത്ര്യം നേടിയെടുക്കൽ എന്നിവകൂടി സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായി മാറി. കേരളത്തിൽ 1931-ൽ നടന്ന ഗുരുവായൂർ സത്യഗ്രഹം അത്തരം കർമ്മപരിപാടികളിൽ ഒന്നായിരുന്നു.

ഗുരുവായൂർ ക്ഷേത്രം എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുക്കണമെന്ന ഗാന്ധിജിയുടെ അഭ്യർത്ഥന ക്ഷേത്രം ട്രസ്റ്റിയായിരുന്ന സാമൂതിരി നിരസിച്ചു. അതിനെതിരെ ഗുരുവായൂർ ക്ഷേത്രത്തിനുമുന്നിൽ കെ. കേളപ്പൻ നിരാഹാരസത്യഗ്രഹം തുടങ്ങി. പി. കൃഷ്ണപിള്ള,



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എ.കെ. ഗോപാലൻ എന്നിവരും ഇതിന് നേതൃത്വം നൽകി. ഗാന്ധിജിയുടെ പിന്തുണയോടുകൂടി ആരംഭിച്ച സത്യഗ്രഹം എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കാൻ കാരണമായി.

## അംബേദ്കറും പൂനാസന്ധിയും



ഡോ. ബി. ആർ. അംബേദ്കർ

ഇന്ത്യയിലെ അധഃസ്ഥിത ജനവിഭാഗങ്ങളെ രാഷ്ട്രീയമായി സംഘടിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രമുഖനായിരുന്നു ഡോ. ബി. ആർ. അംബേദ്കർ. അധഃസ്ഥിത വിഭാഗങ്ങളുടെ മോചനം രാഷ്ട്രീയ അധികാര പങ്കാളിത്തത്തിലൂടെ മാത്രമേ സാധ്യമാകുവെന്ന് അംബേദ്കർ തിരിച്ചറിഞ്ഞു. ഇതിനായി അദ്ദേഹം വട്ടമേശ സമ്മേളനങ്ങളിൽ പങ്കെടുക്കുകയും അയിത്തജാതിക്കാരുടെ സാമൂഹ്യ അവശതകൾ പരിഹരിക്കുന്നതിന് അവരെ രാഷ്ട്രീയ അധികാരത്തിൽ പങ്കാളികളാക്കണമെന്ന് ബ്രിട്ടീഷ് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

### വട്ടമേശ സമ്മേളനങ്ങൾ

ഇന്ത്യയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 1930, 1931, 1932 എന്നീ വർഷങ്ങളിൽ ബ്രിട്ടീഷ് ഗവൺമെന്റ് ലണ്ടനിൽ വട്ടമേശ സമ്മേളനങ്ങൾ സംഘടിപ്പിച്ചു. മൂന്ന് വട്ടമേശ സമ്മേളനങ്ങളിലും അംബേദ്കർ പങ്കെടുത്തു. ഗാന്ധിജി രണ്ടാം വട്ടമേശ സമ്മേളനത്തിലാണ് പങ്കെടുത്തത്.

അധഃസ്ഥിത ജനവിഭാഗത്തിന് പ്രത്യേക നിയോജക മണ്ഡലങ്ങൾ ബ്രിട്ടീഷ് ഗവൺമെന്റ് സംവരണം ചെയ്തു. അധഃസ്ഥിതർ പൊതുസമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റി നിർത്തപ്പെടാൻ ഇത് കാരണമാകും എന്നതുകൊണ്ട് അവരെ പ്രത്യേക രാഷ്ട്രീയ വിഭാഗമായി പരിഗണിക്കുന്നതിനെ ഗാന്ധിജി എതിർത്തു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ നയത്തിനെതിരെ ഗാന്ധിജി മരണംവരെ ഉപവസിക്കാൻ തീരുമാനിച്ചു. ഗാന്ധിജിയും അംബേദ്കറും തമ്മിൽ കൂടിക്കാഴ്ച നടന്നു. പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉപേക്ഷിക്കുവാനും സംവരണമണ്ഡലങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് അധഃസ്ഥിതരുടെ രാഷ്ട്രീയ അവകാശപ്രശ്നം പരിഹരിക്കുവാനും തീരുമാനിച്ചു. ഇതാണ് പൂനാസന്ധി എന്നറിയപ്പെടുന്നത്. 1932-ലാണ് ഇത് നടന്നത്.

- പൂനാസന്ധിക്ക് ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.



## ക്വിറ്റ് ഇന്ത്യാ സമരം

ബ്രിട്ടീഷ് ഭരണത്തിനെതിരായി ഇന്ത്യയിലുണ്ടായ പ്രധാനപ്പെട്ട ബഹുജനസമരമായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം. 1942 ആഗസ്റ്റ് 8-ന് ബോംബെയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിലാണ് ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ചത്. എല്ലാ അധികാരങ്ങളും ഇന്ത്യക്കാർക്ക് കൈമാറി ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.



ബോംബെയിലെ കോൺഗ്രസ് സമ്മേളനത്തിൽ ഗാന്ധിജിയും നെഹ്റുവും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഗാന്ധിജി തന്റെ പ്രസംഗത്തിൽ ഇപ്രകാരം ആഹ്വാനം ചെയ്തു.

"സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊന്നും വേണ്ട, ഇതാ ഒരു മന്ത്രം, കൊച്ചുമന്ത്രം ഞാൻ നിങ്ങൾക്ക് തരുന്നു. അത് നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കണം. നിങ്ങളുടെ ഓരോ ശ്വാസവും അതിന് ആവിഷ്കാരം നൽകണം. ആ മന്ത്രമിതാണ്, "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക". നാം ഇന്ത്യയെ സ്വതന്ത്രയാക്കും അല്ലെങ്കിൽ ആ പരിശ്രമത്തിൽ മരിക്കും."



കസ്തൂർബാ ഗാന്ധി

കോൺഗ്രസിലെ ഒട്ടുമിക്ക നേതാക്കളെയും അറസ്റ്റു ചെയ്തു. പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലെ ജയിലിലാണ് ഗാന്ധിജിയെയും ഭാര്യ കസ്തൂർബയേയും പാർപ്പിച്ചത്. ജയിൽവാസത്തിനിടയിൽ, 1944 ഫെബ്രുവരി 22-ന് കസ്തൂർബാ ഗാന്ധി മരിച്ചു. ജയിൽ വളപ്പിൽത്തന്നെ ശവസംസ്കാരം നടത്തി. ഒളിവിൽ കഴിഞ്ഞുകൊണ്ട് ക്വിറ്റ് ഇന്ത്യാസമരത്തിന് അരുണാ അസഫലി, ജയപ്രകാശ് നാരായണൻ തുടങ്ങിയവർ നേതൃത്വം നൽകി. അരുണാ അസഫലിയെ 'ക്വിറ്റ് ഇന്ത്യാ സമരനായിക' എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു.



അരുണാ അസഫലി

നേതാക്കന്മാരുടെ അറസ്റ്റിൽ പ്രതിഷേധിച്ചുകൊണ്ട് നാടൊട്ടുക്കും പ്രകടനങ്ങൾ, ഹർത്താലുകൾ, കരിദിനം മുതലായവ നടന്നു. പ്രതിഷേധം ക്രമേണ കലാപങ്ങളായി മാറി. റയിൽവേ സ്റ്റേഷനുകൾ നശിപ്പിച്ചു, തീവണ്ടികൾ കത്തിച്ചു, സർക്കാരാഫീസുകൾ ചുട്ടുചാമ്പലാക്കി. വാർത്താവിനിമയബന്ധങ്ങൾ തകരാറിലാക്കി. തൊഴിലാളികൾ ഫാക്ടറികൾ വിട്ടിറങ്ങി. വിദ്യാർഥികൾ ക്ലാസുകൾ ബഹിഷ്കരിച്ചു.

ബ്രിട്ടീഷ് ഗവൺമെന്റ് അതിക്രൂരമായി സമരത്തെ അമർച്ച ചയ്തു.

1942 ആഗസ്റ്റ് 9-ന് ഹർത്താൽ ആചരിച്ചു കൊണ്ടാണ് ക്വിറ്റ് ഇന്ത്യാ സമരം കേരളത്തിൽ ആരംഭിച്ചത്. ഇതിൽ പങ്കെടുത്ത എം.പി നാരായണ മേനോൻ, കെ. കേളപ്പൻ, ഇ. മൊയ്തു മൗലവി, എ.വി. കുട്ടിമാളുഅമ്മ തുടങ്ങിയവരെ അറസ്റ്റുചെയ്തു. ആഗസ്റ്റ് 9 'ക്വിറ്റ് ഇന്ത്യാ ദിന'മായി ആചരിച്ചുവരുന്നു.



ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ സ്വഭാവം നിയമലംഘന സമരരീതിയിൽനിന്ന് എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.

**പട്ടിക പൂർത്തിയാക്കുക**

| ചിത്രങ്ങൾ | സ്വാതന്ത്ര്യസമര സംഭവം | പ്രധാനവിവരങ്ങൾ |
|---|---|---|
|  | ഉപ്പ് സത്യഗ്രഹം | • 1930<br>• ഗുജറാത്തിലെ ദണ്ഡി കടപ്പുറം<br>•<br>• |
|  | | •<br>•<br>•<br>• |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട സംഭവങ്ങളെ കാലക്രമത്തിൽ രേഖപ്പെടുത്തുക.

| സംഭവങ്ങൾ | വർഷങ്ങൾ |
|---|---|
| ↔ | |
| ↔ | |
| ↔ | |
| ↔ | |
| ↔ | |
| ↔ | |

- ദണ്ഡിയാത്ര — 1942
- മലബാർ കലാപം — 1947
- വൈക്കം സത്യഗ്രഹം — 1930
- ക്വിറ്റ് ഇന്ത്യാ സമരം — 1921
- നിസ്സഹകരണപ്രസ്ഥാനം — 1924
- ചൗരിചൗരാ സംഭവം — 1920

1922

## സുഭാഷ് ചന്ദ്രബോസും ഇന്ത്യൻ നാഷണൽ ആർമിയും

ഇന്ത്യയുടെ സ്വാതന്ത്ര്യം ബ്രിട്ടീഷുകാരുടെ ഔദാര്യമല്ലെന്നും അത് പോരാടി നേടേണ്ടതാണെന്നുമായിരുന്നു സുഭാഷ് ചന്ദ്രബോസിന്റെ വിശ്വാസം. "നിങ്ങൾ എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം", എന്ന പ്രഖ്യാപനത്തിലൂടെ സുഭാഷ് ചന്ദ്രബോസ് ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. റാഷ് ബിഹാരി ബോസ് രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമിയുടെ (INA) നേതൃത്വം സുഭാഷ് ചന്ദ്രബോസ് ഏറ്റെടുത്തു. ഇന്ത്യയുടെ മോചനമായിരുന്നു ഐ.എൻ.എ. യുടെ ലക്ഷ്യം.



സുഭാഷ് ചന്ദ്രബോസ്

ആസാദ് ഹിന്ദ് റേഡിയോയിലൂടെ സുഭാഷ് ചന്ദ്രബോസ് ഗാന്ധിജിയോട് ഇങ്ങനെ പറഞ്ഞു:

"ഇന്ത്യയുടെ അന്തിമമായ സ്വാതന്ത്ര്യയുദ്ധം ആരംഭിച്ചിരിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവേ, ഇന്ത്യയുടെ മോചനത്തിനായുള്ള ഈ വിശുദ്ധയുദ്ധത്തിൽ ഞങ്ങൾ അങ്ങയുടെ അനുഗ്രഹാശിസ്സുകൾ തേടുന്നു."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഗാന്ധിജി സുഭാഷ് ചന്ദ്രബോസിനെ നേതാജി എന്ന് വിശേഷിപ്പിച്ചിരുന്നു. 'ജയ് ഹിന്ദ്' എന്ന മുദ്രാവാക്യം സുഭാഷ് ചന്ദ്രബോസിന്റെ സംഭാവനയാണ്.


ക്യാപ്റ്റൻ ലക്ഷ്മി

## ഐ.എൻ.എ.യും മലയാളികളും

ഐ.എൻ.എ യുടെ വനിതാവിഭാഗം നേതാവായിരുന്നു മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മി. സുഭാഷ് ചന്ദ്രബോസിന്റെ സമരങ്ങളിൽ ആകൃഷ്ടനായി ഐ.എൻ.എ. യിൽ ചേർന്ന ധീരനായ മലയാളിയാണ് വക്കം അബ്ദുൾ ഖാദർ. ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തെ 26-ാമത്തെ വയസ്സിൽ തൂക്കിക്കൊന്നു. തൂക്കിലേറ്റുന്നതിനുമുമ്പുള്ള രാത്രിയിൽ അദ്ദേഹം വീട്ടിലേക്ക് അയച്ച കത്ത് വായിക്കൂ.

എന്റെ പ്രിയപ്പെട്ട പിതാവേ,

ഞാൻ എന്നന്നേക്കുമായി നിങ്ങളെ വിട്ടുപിരിയും. നാളെ രാവിലെ 6 മണിക്ക് മുമ്പായിരിക്കും എന്റെ എളിയ മരണം. ഇന്ന് രാത്രി പന്ത്രണ്ട് മണി അടിക്കാൻ പോകുമ്പോൾ എന്റെ മരണദിനത്തിന്റെ ആരംഭനിമിഷം കാണിക്കുന്ന അടയാളശബ്ദം സൂചിപ്പിക്കുവാൻ പോകുന്നു.

അതേ, റമളാൻ മാസത്തിലെ എഴാം ദിവസമായ വെള്ളിയാഴ്ച രാവിലെ അഞ്ചുമണിക്കും ആറുമണിക്കും മധ്യേ ഞാൻ മരിക്കും.

വന്ദ്യനായ പിതാവേ, വാത്സല്യനിധിയായ ഉമ്മാ, ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ എനിക്കൊരാശ്വാസവചനവും നിങ്ങളോട് പറയുവാനില്ല. ഞാൻ നിങ്ങളെ വിട്ടുപിരിയുന്നു. എന്നെപ്പറ്റി ദുഃഖിക്കരുത്.

ഞാൻ എത്രത്തോളം ധൈര്യത്തോടും സന്തോഷത്തോടും സമാധാനത്തോടും കൂടിയാണ് മരിച്ചതെന്ന് നിങ്ങൾ ഒരവസരത്തിൽ ചില ദൃക്സാക്ഷികളിൽനിന്നും അറിയാൻ ഇടയാകുമ്പോൾ തീർച്ചയായും നിങ്ങൾ സന്തോഷിക്കാതിരിക്കുകയില്ല. അഭിമാനിക്കുക തന്നെ ചെയ്യും.

ഞാൻ നിർത്തട്ടെ.

വാത്സല്യമകൻ,
മുഹമ്മദ് അബ്ദുൾ ഖാദർ

സ്വാതന്ത്ര്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത അനേകം വ്യക്തികളിൽ ഒരാളായ കേരളീയനായ വക്കം അബ്ദുൾ ഖാദറിന്റെ ധൈര്യവും ദേശാഭിമാനവും നമുക്ക് ആവേശം പകരുന്നതാണ്.

സായുധസമരത്തിലൂടെ സ്വാതന്ത്ര്യം നേടാനുള്ള ഐ.എൻ.എ.യുടെ ശ്രമങ്ങളെ ബ്രിട്ടീഷ് ഗവൺമെന്റ് അടിച്ചമർത്തി.



സുഭാഷ് ചന്ദ്രബോസിന്റെ സമരരീതികൾ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ചെലുത്തിയ സ്വാധീനം വ്യക്തമാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സമരങ്ങളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക**

| സമരങ്ങൾ | സമരരീതികൾ/പ്രത്യേകതകൾ |
|---|---|
| ചമ്പാരൻ സമരം | • സത്യഗ്രഹ സമരം<br>• കർഷകരുടെ പ്രശ്നങ്ങളിൽ ഇടപ്പെട്ടു<br>• വെള്ളക്കാരുടെ ചൂഷണത്തിനെതിരെയുള്ള സമരം |
| ഖേഡ സമരം | •<br>•<br>• |
| തുണിമിൽ സമരം (അഹമ്മദാബാദ്) | •<br>•<br>• |
| റൗലത്ത് നിയമത്തിനെതിരെയുള്ള സമരം | •<br>•<br>• |
| നിസ്സഹകരണ സമരം | •<br>•<br>• |
| ഉപ്പുസത്യഗ്രഹം | •<br>•<br>• |
| ക്വിറ്റ് ഇന്ത്യാ സമരം | •<br>•<br>• |

പൂർത്തിയാക്കിയ പട്ടിക അപഗ്രഥിച്ച് ഗാന്ധിയൻ സമരങ്ങളുടെ പൊതുവായ പ്രത്യേകതകൾ കണ്ടെത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## മുഹമ്മദലി ജിന്നയും പാകിസ്ഥാൻ വാദവും

സർവേന്ത്യാ മുസ്ലിം ലീഗ് രൂപീകരിച്ച കാര്യം ചർച്ച ചെയ്തല്ലോ. 1940-ൽ മുസ്ലിം ലീഗിന്റെ സമ്മേളനം ലാഹോറിൽ നടന്നു. മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ ഉൾപ്പെടുത്തി പാകിസ്ഥാൻ എന്ന പേരിലുള്ള ഒരു രാഷ്ട്രം രൂപീകരിക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. ഇന്ത്യയിലെ മുസ്ലിങ്ങളെ പ്രതിനിധീകരിക്കുന്ന ഏക സംഘടന മുസ്ലിംലീഗാണെന്നും കോൺഗ്രസിന് നൽകുന്നതുപോലുള്ള പരിഗണന മുസ്ലിം ലീഗിനും നൽകണമെന്നും മുഹമ്മദലി ജിന്ന അഭിപ്രായപ്പെട്ടു. “ഭിന്നിപ്പിച്ചു ഭരിക്കുക” എന്ന തന്ത്രത്തിന്റെ ഭാഗമായി ബ്രിട്ടീഷ് ഗവൺമെന്റ് മുസ്ലിം ലീഗിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പിന്തുണ നൽകി.

ഇന്ത്യയുടെ പുതിയ വൈസ്രോയിയായി നിയമിതനായ മൗണ്ട് ബാറ്റൺപ്രഭു കോൺഗ്രസിന്റെയും സർവേന്ത്യാ മുസ്ലിം ലീഗിന്റെയും നേതാക്കളുമായി ദീർഘമായ ചർച്ച നടത്തുകയും ഒത്തുതീർപ്പ് പദ്ധതികൾ തീരുമാനിക്കുകയും ചെയ്തു. “ബ്രിട്ടീഷ് ഇന്ത്യയെ വിഭജിക്കുക. സ്വതന്ത്ര ഇന്ത്യയോടൊപ്പം പുതിയ ഒരു രാജ്യമായി പാകിസ്ഥാൻ രൂപീകരിക്കുക” എന്ന തീരുമാനം മൗണ്ട്ബാറ്റൺ പ്രഭു പ്രഖ്യാപിച്ചു.

ചരിത്രത്തിൽ സമാനതകളില്ലാത്ത ഇന്ത്യൻ സ്വാതന്ത്ര്യസമരം ഒരു ബഹുജനസമരമായിരുന്നു. വിവിധ വിഭാഗം ജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിനെതിരെ ഒന്നിച്ചണിനിരത്താൻ ഗാന്ധിജിക്ക് കഴിഞ്ഞു. സത്യം, അഹിംസ എന്നിവയിലൂന്നിയ സഹനസമരത്തിലൂടെ വർഷങ്ങൾ നീണ്ടുനിന്ന ബ്രിട്ടീഷ് ഭരണത്തിന് അന്ത്യം കുറിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിന് സാധിച്ചു.

## സ്വാതന്ത്ര്യ പുലരിയിലേക്ക്

1947 ആഗസ്റ്റ് 14 അർദ്ധരാത്രിയിൽ ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു.
“വർഷങ്ങൾക്കുമുമ്പ് നാം വിധിയുമായി ഒരു കൂടിക്കാഴ്ച നടത്തി.
ആ പ്രതിജ്ഞ പൂർണ്ണമല്ലെങ്കിലും സുപ്രധാനമായി തന്നെ നമ്മൾ നിറവേറ്റിയ സമയമായിരിക്കുന്നു.
ഇന്ന് പാതിരാമണി മുഴങ്ങുമ്പോൾ ഇന്ത്യ ഉണർന്നെഴുന്നേൽക്കും.
പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും...
ആ നിമിഷം ഇതാ സമാഗമമാകുന്നു.
ഈ നിമിഷം ചരിത്രത്തിൽ അപൂർവ്വമാണ്.
പഴമയിൽനിന്ന് നമ്മൾ പുതുലോകത്തിലേക്ക് വരുന്നു.
ഒരു യുഗം അവസാനിക്കുന്നു.
ദീർഘനാളായി അടിച്ചമർത്തപ്പെട്ടിരുന്ന ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദിക്കുന്നു.
ഈ അപൂർവ്വ നിമിഷത്തിൽ ഇന്ത്യയുടെയും ഇവിടത്തെ ജനങ്ങളുടെയും മനുഷ്യരാശിയുടെയും ആകെത്തന്നെയും സേവനത്തിനായി സ്വയം അർപ്പിച്ചുകൊണ്ട് നമുക്ക് പ്രതിജ്ഞചെയ്യാം.”


ജവഹർലാൽ നെഹ്റു

1947 ആഗസ്റ്റ് 15-ന് സ്വതന്ത്ര ഇന്ത്യയിലെ ആദ്യ പ്രധാനമന്ത്രിയായി ജവഹർലാൽ നെഹ്റു അധികാരമേറ്റു.

ഒരു ജനതയുടെ സ്വപ്നം യാഥാർത്ഥ്യമായി.

***



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഗ്രഹം

- ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ മൂന്നാം ഘട്ടം (1919 മുതൽ 1947 വരെ) ഗാന്ധിയൻ കാലഘട്ടം എന്നറിയപ്പെടുന്നു.
- ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റുന്നതിൽ ഗാന്ധിജിയുടെ നേതൃത്വം സുപ്രധാന പങ്കുവഹിച്ചു.
- സത്യം, അഹിംസ എന്നിവയായിരുന്നു ഗാന്ധിജിയുടെ സമരത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ.
- നിസ്സഹകരണ പ്രസ്ഥാനം, നിയമലംഘന പ്രസ്ഥാനം, ക്വിറ്റിന്ത്യാ സമരം എന്നിവ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രധാന ബഹുജനമുന്നേറ്റങ്ങളായിരുന്നു.
- അയിത്തോച്ചാടനത്തിന്റെ ഭാഗമായാണ് കേരളത്തിൽ വൈക്കം സത്യഗ്രഹവും ഗുരുവായൂർ സത്യഗ്രഹവും നടന്നത്.
- ഗാന്ധിയൻ സമരരീതിയിൽനിന്നും വ്യത്യസ്തമായ പല സമരരീതികളും ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ ഉണ്ടായിരുന്നു.
- സായുധസമരത്തിലൂടെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടാം എന്ന ലക്ഷ്യത്തോടെ സുഭാഷ് ചന്ദ്രബോസ് ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- 1947 ആഗസ്റ്റ് 15-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ബ്രിട്ടീഷ് ഇന്ത്യയെ ഇന്ത്യ, പാകിസ്ഥാൻ എന്നീ രാജ്യങ്ങളായി വിഭജിക്കുകയും ചെയ്തു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- 1919 മുതൽ 1947 വരെയുള്ള സ്വാതന്ത്ര്യസമരകാലം ഗാന്ധിയൻ കാലഘട്ടമാണെന്ന് വിലയിരുത്തുന്നു.
- ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിയൻ സമര രീതികളുടെ പ്രത്യേകതകളും സ്വാധീനവും വിശകലനം ചെയ്യുന്നു.
- സ്വാതന്ത്ര്യം കാത്ത് സൂക്ഷിക്കേണ്ടത് ഓരോ ഇന്ത്യാക്കാരന്റെയും കടമയാണന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നു.

## വിലയിരുത്താം

- 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ 1942-ലെ ക്വിറ്റ് ഇന്ത്യാ സമരംവരെയുള്ള സമരരീതികൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
- കേരളത്തിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- പട്ടിക പൂർത്തിയാക്കുക

| സ്വാതന്ത്ര്യസമര സംഭവങ്ങൾ | പ്രദേശങ്ങൾ | സംസ്ഥാനങ്ങൾ |
|---|---|---|
| ജാലിയൻവാലാബാഗ് കൂട്ടക്കൊല | അമൃത്സർ | ........................................ |
| ........................................ | മലബാർ | കേരളം |
| ........................................ | ചമ്പാരൻ | ........................................ |
| തുണിമിൽ സമരം | ........................................ | ഗുജറാത്ത് |
| ഉപ്പ് സത്യഗ്രഹം | പയ്യന്നൂർ | ........................................ |

## തുടർപ്രവർത്തനങ്ങൾ

- ഗാന്ധിജിയുമായി ബന്ധപ്പെട്ട് നാം ആചരിക്കുന്ന ദിനങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.




ഈ ദിനങ്ങളുടെ പ്രാധാന്യം കണ്ടെത്തൂ.

ഓരോ ദിനാചരണത്തിന്റെയും ഭാഗമായി വിദ്യാലയത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തുക.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- സ്വാതന്ത്ര്യസമര നേതാക്കളുടെ ആൽബം തയ്യാറാക്കാം.
- 'സ്വാതന്ത്ര്യസമര ക്വിസ്' സംഘടിപ്പിക്കുക.
- ഗാന്ധിജിയുടെ ചിത്രമുള്ള തപാൽ സ്റ്റാമ്പുകൾ ശേഖരിച്ച് സ്റ്റാമ്പ് ആൽബം തയ്യാറാക്കുക.
- ഗാന്ധിജിയെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കുക, ക്ലാസിൽ ചൊല്ലുക.
- ഗാന്ധിജിയുടെ വചനങ്ങളും ഗാന്ധിജിയെക്കുറിച്ചുള്ള മഹാന്മാരുടെ ഉദ്ധരണികളും ശേഖരിക്കുക.
- സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നിങ്ങളുടെ പ്രദേശങ്ങളിൽനടന്ന സംഭവങ്ങളെക്കുറിച്ച് മുതിർന്നവരോട് ചോദിച്ച് വിവരശേഖരണം നടത്തുക.
- സ്വാതന്ത്ര്യസമരസേനാനികളുമായി അഭിമുഖം സംഘടിപ്പിക്കുക.
- സ്വാതന്ത്ര്യസമരത്തിലെ പ്രധാന സംഭവങ്ങൾക്ക് ദൃശ്യാവിഷ്കാരം നൽകുക.
- ഗാന്ധി സിനിമകളുടെ പ്രദർശനം സംഘടിപ്പിക്കുക.
- ഗാന്ധിജിയുടെ കേരള സന്ദർശനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക.
- ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന പ്രധാന ദേശീയ സമരങ്ങൾ-സെമിനാർ സംഘടിപ്പിക്കുക.
- സ്വാതന്ത്ര്യസമര നേതാക്കളുടെ വിശേഷണങ്ങൾ പട്ടികരൂപത്തിൽ തയ്യാറാക്കുക.

| സ്വാതന്ത്ര്യസമര നേതാക്കൾ | വിശേഷണങ്ങൾ |
|---|---|
|  | മഹാത്മ |
|  | |
|  | |
|  | ഇന്ത്യയുടെ വാനമ്പാടി |
|  | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 10 നമ്മുടെ ഭരണഘടന

### രാജ്യം വർണ്ണാഭമായി റിപ്പബ്ലിക് ദിനം ആഘോഷിച്ചു

ന്യൂഡൽഹി: രാജ്യം 65-ാമത് റിപ്പബ്ലിക് ദിനം വർണ്ണാഭമായി ആഘോഷിച്ചു. രാഷ്ട്രത്തിനുവേണ്ടി ജീവൻ ബലികഴിച്ച ജവാൻമാരെ സ്മരിച്ചുകൊണ്ട് അമർജവാൻ ജ്യോതിയിൽ പ്രധാനമന്ത്രി പുഷ്പചക്രം അർപ്പിച്ചു. വിശിഷ്ടാതിഥിയോടൊപ്പമെത്തിയ രാഷ്ട്രപതി ദേശീയപതാക ഉയർത്തി. തുടർന്ന് അവാർഡുകൾ വിതരണം ചെയ്യുകയും സായുധസേനാവിഭാഗങ്ങളുടെ സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. രാജ്പഥിലൂടെ നീങ്ങിയ റിപ്പബ്ലിക്ദിനപരേഡ് ഇന്ത്യയുടെ കരുത്തും സാംസ്കാരിക വൈവിധ്യവും വിളിച്ചോതുന്നതായിരുന്നു. ആധുനിക യുദ്ധോപകരണങ്ങൾ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഫ്ളോട്ടുകൾ, കലാപ്രകടനങ്ങൾ എന്നിവയാൽ സമ്പന്നമായിരുന്നു റിപ്പബ്ലിക്ദിനപരേഡ്.



റിപ്പബ്ലിക് ദിനാഘോഷം - വിവിധ ദൃശ്യങ്ങൾ

ഇന്ത്യയുടെ തലസ്ഥാനനഗരമായ ന്യൂഡൽഹിയിൽ നടന്ന പ്രൗഢഗംഭീരമായ റിപ്പബ്ലിക്ദിനാഘോഷചടങ്ങുകളുടെ പത്രവാർത്തയും ചിത്രങ്ങളും ശ്രദ്ധിച്ചല്ലോ. എന്നാണ് നാം റിപ്പബ്ലിക്ദിനമായി ആഘോഷിക്കുന്നത്? എന്താണ് റിപ്പബ്ലിക്?

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എല്ലാ വർഷവും ജനുവരി 26 നാം റിപ്പബ്ലിക്ദിനമായി ആഘോഷിക്കുന്നു. 1950 ജനുവരി 26-നാണ് ഇന്ത്യൻ ഭരണഘടന ഔദ്യോഗികമായി നിലവിൽ വന്നത്. ഭരണഘടന നിലവിൽ വന്നതോടുകൂടി ഇന്ത്യ ഒരു റിപ്പബ്ലിക് ആയി മാറി. തിരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി രാഷ്ട്രത്തലവനായുള്ള സംവിധാനമാണ് റിപ്പബ്ലിക്. ഇന്ത്യയുടെ രാഷ്ട്രതലവനായ പ്രസിഡന്റ്, തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയായിരിക്കണമെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ആരാണ്? കണ്ടെത്തൂ.



ഡോ. രാജേന്ദ്ര പ്രസാദ് ഭരണഘടനയിൽ ഒപ്പ് വെയ്ക്കുന്നു

## ഭരണഘടന (Constitution)

എന്താണ് ഭരണഘടന? ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാന ആശയങ്ങളും തത്ത്വങ്ങളും നിയമങ്ങളും അടങ്ങുന്ന ആധികാരികപ്രമാണമാണ് ഭരണഘടന. രാഷ്ട്രത്തിന്റെ ഭരണം നടത്തുന്നതിനുള്ള നിയമങ്ങൾ ആവിർഭവിക്കുന്നത് ഭരണഘടനയിൽനിന്നാണ്. ഏതൊരു രാഷ്ട്രത്തിലും ഭരണം നടക്കുന്നത് ഒരു ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്.



**ഇന്ത്യൻ ഭരണഘടന - ഉള്ളടക്കം**

- ആമുഖം (Preamble)
- 395 അനുച്ഛേദങ്ങൾ (Articles)
- 12 പട്ടികകൾ (Schedules)
- 22 ഭാഗങ്ങൾ (Parts)
- 98 ഭേദഗതികൾ (മേയ് 2013 വരെ) (Amendments)



2 വർഷവും 11 മാസവും 17 ദിവസവുമാണ് ഇന്ത്യയുടെ ഭരണഘടനാരൂപീകരണത്തിനായി വേണ്ടി വന്നത്.

ജനാധിപത്യരാഷ്ട്രങ്ങളിൽ ജനങ്ങളുടെ താൽപര്യമനുസരിച്ചാണ് ഭരണഘടന രൂപീകരിക്കുന്നതും അതിൽ മാറ്റം വരുത്തുന്നതും. തികച്ചും ജനാധിപത്യപരമായ ഒരു പ്രക്രിയയിലൂടെയാണ് ഇന്ത്യൻ ഭരണഘടന രൂപീകരിക്കപ്പെട്ടതെന്നത് നമുക്കേറ്റവും അഭിമാനകരമാണ്. സ്വാതന്ത്ര്യസമരത്തോടൊപ്പം ഇന്ത്യയിലങ്ങോളമിങ്ങോളം നടന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും ഫലമായി ഉയർന്നു വന്ന ആശയങ്ങളുടെയും സങ്കൽപ്പങ്ങളുടെയും പ്രതിഫലനമാണ് ഇന്ത്യൻ ഭരണഘടന.

## ഇന്ത്യൻ ഭരണഘടനാനിർമ്മാണം

ഭരണഘടനാ നിർമ്മാണസഭ രൂപീകരിച്ചുകൊണ്ടാണ് ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. ഭരണഘടനാ നിർമ്മാണസഭയുടെ ആദ്യസമ്മേളനം 1946 ഡിസംബർ 9-ന് ചേർന്നു. ഡോ. സച്ചിദാനന്ദ സിൻഹയായിരുന്നു താൽക്കാലിക അദ്ധ്യക്ഷൻ. തുടർന്ന് ഡോ. രാജേന്ദ്രപ്രസാദിനെ ഭരണഘടനാ നിർമ്മാണസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. നിരവധി കമ്മിറ്റികൾ രൂപീകരിച്ചാണ് ഭരണഘടനാനിർമ്മാണസഭ പ്രവർത്തനം തുടങ്ങിയത്. ഇത്തരം കമ്മിറ്റികളിൽ ഒന്നാണ് ഭരണഘടനയുടെ കരട് തയ്യാറാക്കുന്നതിനുവേണ്ടി രൂപീകരിച്ച ഭരണഘടനാഡ്രാഫ്റ്റിംഗ് കമ്മിറ്റി. ഈ കമ്മിറ്റിയുടെ അധ്യക്ഷൻ




ഡോ. ബി. ആർ. അംബേദ്കർ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ജവഹർലാൽ നെഹ്റു ഭരണഘടനയിൽ ഒപ്പുവെയ്ക്കുന്നു

ഡോ.ബി.ആർ. അംബേദ്കർ ആയിരുന്നു. അദ്ദേഹം ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നാണ് അറിയപ്പെടുന്നത്.

ഭരണഘടനാ നിർമ്മാണസഭ അംഗീകരിച്ച വിവിധ കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഡോ. അംബേദ്കറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഭരണഘടനയുടെ ഒരു ഡ്രാഫ്റ്റ് (കരട്) തയ്യാറാക്കി. വിശദമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം ഭരണഘടനാനിർമ്മാണ സഭ 1949 നവംബർ 26 ന് ഭരണഘടനക്ക് അംഗീകാരം നൽകി. ഈ ദിനം ഭരണഘടനാദിനമായി ആചരിക്കുന്നു. എന്നാൽ ഭരണഘടന ഔദ്യോഗികമായി നിലവിൽവന്നത് 1950 ജനുവരി 26-നാണ്. അന്നു മുതൽ ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ലിക് ആയിമാറി.



ഏതെല്ലാം ഘട്ടങ്ങളിലൂടെയാണ് ഇന്ത്യയുടെ ഭരണഘടന രൂപപ്പെട്ടത്?

## ഭരണഘടനയുടെ ആമുഖം (Preamble)

ഇനി നമുക്ക് ഭരണഘടനയുടെ ആമുഖം പരിശോധിക്കാം.

### ഭാരതത്തിൻെറ ഭരണഘടന

**ആമുഖം**

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1] **[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ളിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരൻമാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും** ;

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും** ;

പദവിയിലും അവസരത്തിലും **സമത്വവും** ;

സംപ്രാപ്തമാക്കുവാനും ;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിൻെറ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും ;

സഗൗരവം തീരുമാനിച്ചിരിക്കയാൽ ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

1. 1976-ലെ ഭരണഘടന (നാൽപത്തിരണ്ടാം ഭേദഗതി) ആക്റ്റ്, 2-ാം വകുപ്പുപ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ളിക്" എന്നതിന് പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ്, 2-ാംവകുപ്പു പ്രകാരം "രാഷ്ട്രത്തിൻെറ ഐക്യം" എന്നതിനു പകരം ചേർത്തത് (3-1-1977 മുതൽ പ്രാബല്യം)

3/194/2007—4A



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന ആദർശങ്ങളും മൂല്യങ്ങളും പ്രതിഫലിക്കുന്നതാണ് അതിന്റെ ആമുഖം.

ഭരണഘടനയുടെ ആമുഖം കാവ്യാത്മകശൈലിയിൽ എഴുതിയത് ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റു ആണ്. ഇന്ത്യൻ ഭരണഘടനയുടെ സത്തയും ഭരണഘടനയുടെ താക്കോലുമാണ് ആമുഖമെന്ന് പറയാം. ഭരണഘടനയുടെ ഉദ്ദേശ്യവും ലക്ഷ്യവും ആമുഖത്തിൽ വ്യക്തമാക്കുകയും കൃത്യമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഭരണഘടനയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള അടിസ്ഥാന ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന ഡയഗ്രം നോക്കൂ.




ആമുഖത്തിൽനിന്ന് ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ പരിചയപ്പെട്ടല്ലോ. ഇവ വിശദമായി ക്ലാസിൽ ചർച്ച ചെയ്യൂ. ആമുഖത്തിൽ നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം തുടങ്ങി പൗരൻമാർക്ക് രാഷ്ട്രം ഉറപ്പുവരുത്തേണ്ട ലക്ഷ്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.



ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ നമ്മുടെ നേതാക്കൾ ഉന്നയിച്ച എന്തെല്ലാം ആശയങ്ങളാണ് ഭരണഘടനയുടെ ആമുഖത്തിൽ ഉൾക്കൊണ്ടിരിക്കുന്നത്?




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ

ഇന്ത്യൻ ഭരണഘടനയുടെ പ്രധാന സവിശേഷതകൾ ചുവടെ തന്നിരിക്കുന്നു. അവ ശ്രദ്ധിക്കൂ.




ഓരോ സവിശേഷതയുടെയും വിശദാംശങ്ങൾ നോക്കാം.

## പാർലമെന്ററി ഭരണസമ്പ്രദായം

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിരിക്കുന്നത് പാർലമെന്ററി ജനാധിപത്യഭരണ സമ്പ്രദായമാണ്. എന്താണ് പാർലമെന്ററി ജനാധിപത്യഭരണസമ്പ്രദായം? രാജ്യഭരണത്തിനുവേണ്ടി ജനങ്ങൾ തങ്ങളുടെ പ്രതിനിധികളെ പ്രായപൂർത്തിവോട്ടവകാശത്തിലൂടെ തിരഞ്ഞെടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവർ ചേർന്ന് ഒരു ജനപ്രതിനിധിസഭയായി പ്രവർത്തിക്കുന്നു. ഈ പ്രതിനിധിസഭ പാർലമെന്റ് എന്ന പേരിലാണറിയപ്പെടുന്നത്. ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധിസഭയിലൂടെ ഭരണം നടത്തുന്ന സംവിധാനമാണ് പാർലമെന്ററി ഭരണസമ്പ്രദായം. നിയമനിർമ്മാണമാണ് പാർലമെന്റിന്റെ പ്രധാന ചുമതല.

ഇന്ത്യയിൽ പാർലമെന്ററി ഭരണസമ്പ്രദായപ്രകാരം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധി സഭകളുണ്ട്. കേന്ദ്രത്തിൽ പാർലമെന്റ് പോലെ സംസ്ഥാനങ്ങളിൽ സംസ്ഥാന നിയമസഭകളുണ്ട്. പാർലമെന്റിൽ ഭൂരിപക്ഷം നഷ്ടമായാൽ പ്രധാനമന്ത്രിയ്ക്കും മറ്റ് മന്ത്രിമാർക്കും, സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷം നഷ്ടമായാൽ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും അധികാരത്തിൽ തുടരാനാവില്ല. ഭരണാധികാരികളുടെ മേൽ ജനങ്ങൾക്കുള്ള അധികാരവും നിയന്ത്രണവും അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ പാർലമെന്ററി ഭരണസമ്പ്രദായം ഉറപ്പാക്കുന്നു. ഇതിൽനിന്നും വ്യത്യസ്തമായി ജനങ്ങൾ നേരിട്ട് ഭരണത്തലവനെ തിരഞ്ഞെടുക്കുന്ന സംവിധാനമാണ് പ്രസിഡൻഷ്യൽ സമ്പ്രദായം. അമേരിക്കൻ ഐക്യനാടുകൾ, ഫ്രാൻസ് എന്നിവ ഇതിനുദാഹരണങ്ങളാണ്.



പ്രസിഡൻഷ്യൽ സമ്പ്രദായത്തിൽ നിന്ന് പാർലമെന്ററി സംവിധാനം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## മൗലികാവകാശങ്ങൾ (Fundamental Rights)



### മൗലികാവകാശങ്ങൾ

- സമത്വത്തിനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- ചൂഷണത്തിനെതിരെയുള്ള അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം
- ഭരണഘടനാപരമായ പരിഹാരത്തിനുള്ള അവകാശം

ജനാധിപത്യത്തിന്റെ വിജയത്തിനും പൗരൻമാരുടെ സമ്പൂർണ്ണ വികാസത്തിനും വേണ്ടി ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന അവകാശങ്ങളാണ് മൗലികാവകാശങ്ങൾ. മൗലികാവകാശങ്ങൾ പൗരന്മാർക്ക് നിഷേധിക്കാതിരിക്കാൻ ഗവൺമെന്റുകൾക്ക് ഉത്തരവാദിത്വമുണ്ട്. മൗലികാവകാശങ്ങൾ ലംഘിക്കപ്പെടുകയാണെങ്കിൽ പൗരന് ഹൈക്കോടതികളെയോ സുപ്രീം കോടതിയേയോ സമീപിക്കാവുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ കോടതിക്ക് പൗരന്റെ അവകാശസംരക്ഷണത്തിനായി ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അവകാശം ഭരണഘടന നൽകുന്നു.

പൊതുവിദ്യാലയങ്ങളിൽ കാണുന്ന ഈ ചിത്രം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.




ഈ ചിത്രം എന്തിനെയാണ് സൂചിപ്പിക്കുന്നത്. 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം മൗലികാവകാശമാണ്. ഭരണഘടനയുടെ അനുച്ഛേദം 21 (a) യിലാണ് വിദ്യാഭ്യാസാവകാശം ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ ഉത്തരവാദിത്തമാണ്. ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള സർക്കാരിന്റെ പദ്ധതികളിൽ ഒന്നായ സർവ ശിക്ഷാ അഭിയാന്റെ ലോഗോയാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

വായനാസാമഗ്രികളുടെ സഹായത്തോടെ മൗലികാവകാശങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കൂ.

## മൗലിക കർത്തവ്യങ്ങൾ (Fundamental Duties)

ഇന്ത്യൻ ഭരണഘടനയിൽ പൗരന്റെ അവകാശങ്ങൾ ഉറപ്പു നൽകിയിട്ടുള്ളതുപോലെ മൗലിക കർത്തവ്യങ്ങളും പ്രതിപാദിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഓരോ പൗരനും ഉറപ്പായി നിറവേറ്റേണ്ട കർത്തവ്യങ്ങളാണ് മൗലിക കർത്തവ്യങ്ങൾ എന്ന പേരിൽ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഭരണഘടനയെയും ഭരണസ്ഥാപനങ്ങളെയും ആദരിക്കാനും പ്രകൃതിയെ സംരക്ഷിക്കാനും ഇന്ത്യയുടെ മഹത്തായ സാംസ്കാരിക പാരമ്പര്യം കാത്തുസൂക്ഷിക്കാനും മൗലിക കർത്തവ്യങ്ങൾ പൗരന്മാരെ പ്രേരിപ്പിക്കുന്നു. ഓരോ പൗരനും അവകാശങ്ങളനുഭവിക്കുന്നതിനൊപ്പം കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യുമ്പോഴാണ് സമൂഹം സുഗമമായി മുന്നോട്ടു നീങ്ങുന്നത്. അവകാശങ്ങളും കർത്തവ്യങ്ങളും ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ പോലെയാണ്. കടമകൾ കൂടാതെ അവകാശങ്ങൾക്ക് നിലനില്പ്പില്ല.

ഇന്ത്യൻ ഭരണഘടനയിലെ മൗലിക കർത്തവ്യങ്ങൾ അതിന്റെ പൂർണ്ണരൂപത്തിൽ നിങ്ങളുടെ വിവിധ പാഠപുസ്തകങ്ങളിൽ നൽകിയിട്ടുണ്ട്. അവ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### നിർദ്ദേശകതത്ത്വങ്ങൾ (Directive Principles of State Policy)

താഴെ കൊടുത്തിരിക്കുന്ന വാർത്താകൊളാഷ് ശ്രദ്ധിക്കൂ.




ഈ വാർത്താകൊളാഷ് വിശകലനം ചെയ്താൽ കണ്ടെത്താവുന്ന നിർദ്ദേശകതത്ത്വങ്ങൾ ഏതൊക്കെയെന്ന് നോക്കാം.

- സ്ത്രീപുരുഷ ഭേദമെന്യേ എല്ലാവർക്കും തുല്യജോലിക്ക് തുല്യവേതനം അനുവദിക്കുക.
- രാജ്യത്തെ വനങ്ങളെയും വന്യജീവികളെയും പരിരക്ഷിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷിക്കുക.
- ദേശീയപ്രാധാന്യവും ചരിത്രപരമായ മൂല്യവുമുള്ള എല്ലാ സ്മാരകങ്ങളും സംരക്ഷിക്കുക.
- സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ നീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുത്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക.

സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു കൂട്ടം തത്ത്വങ്ങൾ രാഷ്ട്രഭരണത്തിനുള്ള നിർദേശങ്ങളായി നമ്മുടെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയാണ് നിർദ്ദേശകതത്ത്വങ്ങൾ. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതാനും നിർദ്ദേശകതത്ത്വങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ജനങ്ങളുടെ ക്ഷേമത്തിനും അഭിവൃദ്ധിക്കും രാഷ്ട്രപുരോഗതിക്കും നിർദ്ദേശകതത്ത്വങ്ങൾ പിൻതുടരേണ്ടതുണ്ട്. നിയമനിർമ്മാണപ്രക്രിയയിലൂടെ ഗവൺമെന്റ് നിർദ്ദേശകതത്ത്വങ്ങൾ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. മൗലികാവകാശങ്ങൾ ഹനിക്കപ്പെട്ടാൽ കോടതിയെ സമീപിച്ച് പരിഹാരം തേടാമെന്ന് നേരത്തേ സൂചിപ്പിച്ചുവല്ലോ. എന്നാൽ നിർദ്ദേശകതത്ത്വങ്ങൾ നടപ്പാക്കുന്നതിനായി കോടതിയെ സമീപിക്കാനാകില്ല. ഗവൺമെന്റിന്റെയും ജനങ്ങളുടെയും ഇച്ഛാശക്തിയുടെ അടിസ്ഥാനത്തിലാണ് ഇവ നടപ്പാക്കപ്പെടുന്നത്.



ഇന്ത്യയിലെ ജനങ്ങളുടെ ക്ഷേമവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശകതത്ത്വങ്ങൾ എത്രത്തോളം പര്യാപ്തമാണ്?

## നിയമവാഴ്ച

'നിയമത്തിനുമുന്നിൽ എല്ലാവരും സമന്മാരാണ്'.

എന്താണിതിനർത്ഥം? ജനാധിപത്യ സംവിധാനത്തിൽ ആരും നിയമത്തിന് അതീതരല്ല. എല്ലാവരും നിയമത്തിനു വിധേയരാണ്. ജനാധിപത്യചിന്തയുടെ വളർച്ചയോടുകൂടിയാണ് നിയമവാഴ്ച എന്ന ആശയം ഉയർന്നുവന്നത്. നിയമവാഴ്ച അതിന്റെ പരിഷ്കൃതവും ആധുനികവുമായ രൂപത്തിൽ വികസിച്ചുവന്നത് ബ്രിട്ടീഷ് ഭരണഘടന അടിസ്ഥാനമാക്കിയാണ്. എല്ലാ ആധുനിക ജനാധിപത്യ രാജ്യങ്ങളും ഇന്ന് ഈ ആശയത്തെ അടിസ്ഥാനമാക്കുന്നു. നമ്മുടെ ഭരണഘടന ഈ ആശയം പരിപൂർണ്ണമായി ഉൾക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

## സംയുക്തഭരണവ്യവസ്ഥ (Federal System)

### ഭക്ഷ്യസുരക്ഷാ ബിൽ പാസ്സാക്കി

ന്യൂഡൽഹി: ഭക്ഷ്യസുരക്ഷാ ബിൽ പാർലമെന്റ് പാസ്സാക്കി. സംസ്ഥാന ഗവൺമെന്റുകളുടെയും പ്രാദേശിക ഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

വാർത്ത ശ്രദ്ധിച്ചുവല്ലോ.

2013-ൽ പാർലമെന്റ് അംഗീകരിച്ച് നിയമമായ ഒരു പ്രധാന ബില്ലാണ് 'ഭക്ഷ്യസുരക്ഷാ ബിൽ.' ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം. കേന്ദ്രഗവൺമെന്റിന്റെ ഈ നിയമം സംസ്ഥാനങ്ങളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഗവൺമെന്റുകൾ ഇത് നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ കേന്ദ്ര, സംസ്ഥാന പ്രാദേശിക ഗവൺമെന്റുകൾക്ക് അധികാരം പങ്കിട്ട് നൽകുന്ന ഒരു ഭരണരീതിയാണ് ഇന്ത്യയിലുള്ളത്. ഇത് സംയുക്തഭരണ വ്യവസ്ഥ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്നാണറിയപ്പെടുന്നത്. സംയുക്ത വ്യവസ്ഥയിൽനിന്നു വ്യത്യസ്തമായി എല്ലാ അധികാരവും കേന്ദ്ര ഗവൺമെന്റിൽ നിലനിർത്തുകയാണെങ്കിൽ അതിനെ ഏകായത്തഭരണ വ്യവസ്ഥ (Unitary system) എന്നു പറയുന്നു. വിസ്തൃതവും പ്രാദേശികവൈവിദ്ധ്യം നിറഞ്ഞതുമായ ഒരു രാജ്യമാണ് ഇന്ത്യ. ഈ വൈവിധ്യത്തെ ഉൾക്കൊണ്ട് രാജ്യത്തെ ഒന്നിച്ചു നിർത്താൻ ഫെഡറൽ ഭരണസംവിധാനം സഹായിക്കുന്നു.

## എഴുതപ്പെട്ട ഭരണഘടന (Written Constitution)

നമ്മുടെ ഭരണഘടന ഒരു പുസ്തകരൂപത്തിൽ എഴുതി തയ്യാറാക്കിയിട്ടുള്ളതാണ്. ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്. ലോകത്ത് എഴുതപ്പെട്ടിട്ടുള്ളതും എഴുതപ്പെടാത്തതുമായ ഭരണഘടനകൾ നിലവിലുണ്ട്. എഴുതപ്പെടാത്ത ഭരണഘടന എന്നതിന് പുസ്തകരൂപത്തിൽ തയ്യാറാക്കപ്പെടാത്ത ഒരു രേഖ എന്നേ അർത്ഥമുള്ളൂ. ഇത്തരം ഭരണഘടനകളിൽ ഭരണഘടനാപരമായ നിയമങ്ങൾ ചട്ടങ്ങൾ മുതലായവ, രാജശാസനങ്ങൾ, കോടതിവിധികൾ, ആചാരങ്ങൾ, കീഴ്വഴക്കങ്ങൾ എന്നീ രൂപങ്ങളിൽ നിലകൊള്ളുന്നു.


പട്ടിക ശ്രദ്ധിക്കൂ.

ഈ രാജ്യങ്ങൾ ലോകഭൂപടത്തിൽ കണ്ടെത്താൻ ശ്രമിക്കൂ.

| എഴുതപ്പെട്ട ഭരണഘടന | എഴുതപ്പെടാത്ത ഭരണഘടന |
|---|---|
| • ഇന്ത്യ | • ബ്രിട്ടൺ |
| • അമേരിക്കൻ ഐക്യനാടുകൾ | • ഇസ്രായേൽ |
| • ആസ്ട്രേലിയ | • ഫ്രാൻസ് |
| • ബ്രസിൽ | • ന്യൂസിലൻഡ് |
| • ദക്ഷിണാഫ്രിക്ക | |
| • | |
| • | |

## സ്വതന്ത്രനീതിന്യായവ്യവസ്ഥ (Independent Judiciary)

പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സ്വതന്ത്രമായ ഒരു നീതിന്യായസംവിധാനം നമ്മുടെ രാജ്യത്തുണ്ട്. കുറ്റവാളികളെ ശിക്ഷിക്കുകയും നിയമസംരക്ഷണം ഉറപ്പുവരുത്തുകയുമാണ് നീതിന്യായ വ്യവസ്ഥയുടെ പ്രധാന ചുമതല. ഭരണകൂടത്തിന്റെ മറ്റ് രണ്ട് വിഭാഗങ്ങളായ നിയമനിർമ്മാണസഭയുടെയും (Legislature), കാര്യനിർവ്വഹണവിഭാഗത്തിന്റെയും (Executive) സ്വാധീനത്തിൽനിന്ന് നീതിന്യായവിഭാഗം (Judiciary) സ്വതന്ത്രമാണ്. ഇത്തരത്തിലുള്ള സ്വതന്ത്രമായ നീതിന്യായവ്യവസ്ഥ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയാണ്.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ചുവടെ ചിത്രീകരിച്ചിരിക്കുന്ന ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ അധികാരശ്രേണി ശ്രദ്ധിക്കുക.




ഇന്ത്യയിലെ പരമോന്നത നീതിപീഠം ഏതാണ്?

സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന കോടതി ഏതാണ്?

സിവിൽ കേസുകൾ കൈകാര്യം ചെയ്യുന്ന ഏറ്റവും താഴ്ന്ന കോടതി ഏതാണ്?

ക്രിമിനൽ കേസുകളുമായി ബന്ധപ്പെട്ട താഴ്ന്ന കോടതി ഏതാണ്?

കോടതികളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ നിങ്ങളുടെ പ്രദേശത്തെ ഒരു അഭിഭാഷകനുമായി അഭിമുഖം സംഘടിപ്പിക്കുക. അഭിമുഖത്തിന് ആവശ്യമായ ചോദ്യാവലി മുൻകൂട്ടി തയ്യാറാക്കാൻ ശ്രദ്ധിക്കുമല്ലോ.

## ഭരണഘടനാ ഭേദഗതി (Constitutional Amendment)

**വിദ്യാഭ്യാസത്തിനുള്ള അവകാശം**

ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്നുള്ള വ്യവസ്ഥ മൗലിക അവകാശത്തിന്റെ ഭാഗമാക്കി.

പത്രവാർത്ത ശ്രദ്ധിച്ചല്ലോ.

ഇന്ത്യയുടെ ഭരണഘടന നിലവിൽവന്ന സമയത്ത് വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമായിരുന്നോ? ഇത് അങ്ങനെയായിരുന്നില്ലെന്നും പിന്നീട് മൗലികാവകാശമാക്കിയതണെന്നും നാം നേരത്തേ പഠിച്ചുവല്ലോ. അങ്ങനെയാണെങ്കിൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച പരാമർശം ഭരണഘടനയിൽ എവിടെയാണ് ഉണ്ടായിരുന്നത്? 2002-ൽ പാർലമെന്റിൽ അവതരിപ്പിച്ച ഭരണഘടനാഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസ അവകാശം മൗലികാവകാശമായത്.

ഭരണഘടനയിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും നടത്താറുണ്ട്. ഇതിനെ ഭരണഘടനാഭേദഗതി എന്നാണ് വിളിക്കുന്നത്. കാലഘട്ടത്തിനനുസരിച്ച് ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താൻ പാർലമെന്റിന് അധികാരമുണ്ട്. എന്നാൽ ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ ഒരിക്കലും മാറ്റാൻ കഴിയില്ല.

സ്വത്തവകാശം ഭരണഘടന നിലവിൽ വന്നപ്പോൾ മൗലികാവകാശമായിരുന്നു. എന്നാൽ പിന്നീട് അത് 44-ാം ഭരണഘടനാഭേദഗതിയിലൂടെ മൗലികാവകാശമല്ലാതായി.



കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊള്ളാൻ ഭരണഘടനാ ഭേദഗതി എത്രമാത്രം പര്യാപ്തമാണ്?

ഇന്ത്യയിലെ എല്ലാ പൗരൻമാരും സംഘടനകളും സ്ഥാപനങ്ങളും ഭരണഘടന അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. ഇന്ത്യാക്കാരായ നാമോരോരുത്തരും ഭരണഘടനയനുസരിച്ച് ജീവിക്കുവാനും ഭരണഘടന കാത്തുസൂക്ഷിക്കാനും ബാധ്യസ്ഥരാണ്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഗ്രഹം

- ഒരു രാജ്യത്തിന്റെ ഭരണത്തെ സംബന്ധിക്കുന്ന നിയമങ്ങളുടെയും അടിസ്ഥാന ആശയങ്ങളുടെയും തത്ത്വങ്ങളുടെയും സംഹിതയാണ് ഭരണഘടന.
- ലോകത്തിലെ ഏറ്റവും വലിയ എഴുതപ്പെട്ട ഭരണഘടനയാണ് ഇന്ത്യയുടേത്.
- എഴുതപ്പെട്ടതും (written), എഴുതപ്പെടാത്തതുമായ (unwritten) ഭരണഘടനകൾ (constitutions) ലോകരാജ്യങ്ങളിലുണ്ട്.
- ഭരണഘടനാ നിർമ്മാണസഭ (Constitutent Assembly) നിരന്തരമായ ഒരു പ്രക്രിയയിലൂടെയാണ് ഇന്ത്യൻ ഭരണഘടനയ്ക്ക് രൂപം നൽകിയത്.
- പൗരന്മാരുടെ മൗലികാവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ഭരണഘടന വിശദീകരിക്കുന്നു.
- ഭരണഘടനയിൽ നടത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളുമാണ് ഭേദഗതി എന്നറിയപ്പെടുന്നത്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഭരണഘടന എന്ന ആശയം വിശദീകരിക്കുന്നു.
- ഇന്ത്യൻ ഭരണഘടനാ രൂപപ്പെട്ടതിന്റെ വിവിധ ഘട്ടങ്ങൾ കണ്ടെത്തുന്നു.
- ഭരണഘടനയുടെ ആമുഖം, അടിസ്ഥാന ലക്ഷ്യങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.
- ഭരണഘടനയുടെ അടിസ്ഥാന സവിശേഷതകൾ വ്യക്തമാക്കുന്നു.

## വിലയിരുത്താം

- 'ഭരണഘടനയുടെ താക്കോലാണ് ആമുഖം.' ഈ പ്രസ്താവനയുടെ പ്രാധാന്യം വ്യക്തമാക്കുക.
- താഴെ പറയുന്ന പ്രസ്താവനകൾ വായിക്കുക. ഓപ്ഷനുകളിൽനിന്ന് ശരിയുത്തരം കണ്ടെത്തുക.

  A. ഭരണഘടന ഇന്ത്യയുടെ പരമോന്നത നിയമമാണ്.

  B. പുതിയ നിയമങ്ങൾ രൂപീകരിക്കുന്നത് ഭരണഘടനയ്ക്ക് വിരുദ്ധമാകാൻ പാടില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| | |
|---|---|
| I. B മാത്രം ശരിയാണ് | II. A മാത്രം ശരിയാണ് |
| III. A യും B യും ശരിയല്ല | IV. A യും B യും ശരിയാണ് |

- ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണപ്രക്രിയ ഒരു ടൈംലൈൻ രൂപത്തിൽ അവതരിപ്പിക്കുക.
- റിപ്പബ്ലിക് എന്ന ആശയം എന്തിനെ സൂചിപ്പിക്കുന്നു?
- സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഭരണഘടനയിൽ മാറ്റം വരുത്തുന്നത് അഭികാമ്യമാണ്. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.
- നമ്മുടെ നീതിന്യായവ്യവസ്ഥയുടെ ഘടന വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കൂ.
- വ്യക്തികളെയും പ്രവർത്തനങ്ങളെയും തമ്മിൽ ശരിയായി ബന്ധിപ്പിക്കുക

| | | |
|---|---|---|
| A. ഡോ. ബി. ആർ. അംബേദ്കർ | – | ഭരണഘടനാനിർമാണസഭയുടെ അധ്യക്ഷൻ |
| B. ഡോ. രാജേന്ദ്ര പ്രസാദ് | – | ഭരണഘടനയുടെ ആമുഖം എഴുതി |
| C. സച്ചിദാനന്ദ സിൻഹ | – | ഭരണഘടനാ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ |
| D. ജവഹർലാൽ നെഹ്റു | – | ഭരണഘടനാ നിർമ്മാണസഭയുടെ താൽക്കാലിക അദ്ധ്യക്ഷൻ |



## തുടർപ്രവർത്തനങ്ങൾ

- ഭരണഘടനാ നിർമ്മാണപ്രക്രിയയിൽ പങ്കാളികളായവർ, പ്രധാന ഘട്ടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചിത്രങ്ങളും വാർത്തകളും ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.
- വിദ്യാഭ്യാസ അവകാശനിയമം, ഭക്ഷ്യസുരക്ഷാനിയമം എന്നിവയെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ച് ഒരു കൊളാഷ് നിർമ്മിക്കുക.
- ഡൽഹിയിലെ റിപ്പബ്ലിക് ദിനാഘോഷപരിപാടികളുടെ ചിത്രങ്ങൾ ശേഖരിച്ച് ചുവർപത്രിക തയ്യാറാക്കുക.
- ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണവും ആമുഖത്തിൽ പറഞ്ഞിരിക്കുന്ന അടിസ്ഥാന ലക്ഷ്യങ്ങളും ഭരണഘടനയുടെ സവിശേഷതകളും ഉൾപ്പെടുത്തി ഒരു ക്വിസ് ചോദ്യാവലി തയ്യാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 11 വ്യക്തിയും സമൂഹവും

SATURDAY
12
JANUARY

പതിവുപോലെ ഇന്നും അമ്മ എന്നെ വിളിച്ചുണർത്തി. പല്ലുതേച്ചു മുഖം കഴുകി ഞാനും ചേട്ടനും പഠിക്കാനിരുന്നു.

അപ്പോഴേക്കും പാൽക്കാരൻ എത്തി. അമ്മ ഞങ്ങൾക്കു ചായ തന്നു. പത്രക്കാരൻ വന്നു. അച്ഛന്റെ അരികെയിരുന്ന് ഞാൻ പത്രം വായിച്ചു.

ഞാൻ സ്കൂളിൽ പോകാൻ ഒരുങ്ങിയപ്പോഴേക്കും അമ്മൂമ്മ ഭക്ഷണം എടുത്തുവച്ചു. ഞങ്ങളെല്ലാവരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിച്ചു. അപ്പോഴേക്കും രമയും അയിഷയും എത്തി. എന്റെ കൂട്ടുകാരാണവർ. ഞാൻ ബാഗെടുത്തു പുറത്തേക്ക് ഓടി.

സ്കൂളിലേക്കു നടക്കുമ്പോൾ പാഞ്ഞുവന്ന വാഹനത്തിനുവഴിമാറി റോഡരുകിലേക്ക് നിന്നതായിരുന്നു. കല്ലിൽത്തട്ടി ഞാൻ വീണു. അയിഷ നിലവിളിച്ചു. ആരൊക്കെയോ ഓടിവന്നു. അവരെന്നെ അടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയി. മരുന്നുവച്ച് പ്ലാസ്റ്റർ ഒട്ടിച്ചു. അല്പസമയം വിശ്രമിച്ച ശേഷം ഞങ്ങൾ സ്കൂളിലേക്ക് പോയി.

ക്ലാസ്സിൽ എത്തിയപ്പോൾ ചങ്ങാതിമാർ ചുറ്റുംകൂടി ഓരോന്നു ചോദിച്ചു. രമയാണെല്ലാവരോടും ഉത്തരം പറഞ്ഞത്.

ബെല്ലടിച്ചു. ആദ്യ പിരീഡ് ഇംഗ്ലീഷായിരുന്നു. ശില്പ ടീച്ചറാണ് ക്ലാസ്സെടുത്തത്. ടീച്ചർ എത്ര ഭംഗിയായാണ് ക്ലാസ്സെടുക്കുന്നതെന്നോ! ഞാനെന്റെ കാൽമുട്ടിലെ മുറിവും വേദനയും മറന്നു.

ആറാം ക്ലാസ്സുകാരിയായ മിയ എഴുതിയ ഡയറിക്കുറിപ്പാണിത്. ഒരു ദിവസം രാവിലെതന്നെ എത്രപേരെയാണ് ഓരോ കാര്യങ്ങൾക്കും മിയ ആശ്രയിച്ചത് എന്നു കണ്ടല്ലോ. ഒരു ദിവസം അവസാനിക്കുമ്പോൾ നിങ്ങൾ എത്രപേരുമായി ഇടപഴകാറുണ്ട്? ആരൊക്കെയാണവർ?

- അമ്മ
- 
- 


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അമ്മയും അച്ഛനും സഹോദരങ്ങളും അയൽക്കാരും അധ്യാപകരും കൂട്ടുകാരും നിങ്ങളുടെ ജീവിതത്തിൽ എത്ര പ്രധാനപ്പെട്ടവരാണ്! അങ്ങനെ എത്രയോപേർ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

## കൂട്ടായ്മയുടെ തണൽ



ചിത്രജാലിക നിരീക്ഷിച്ച് സാമൂഹ്യബന്ധങ്ങൾ ഉടലെടുക്കുന്ന വിവിധ സന്ദർഭങ്ങൾ കണ്ടെത്തുക.

| | |
|---|---|
| • കൂട്ടുകാർക്കൊപ്പം കളിക്കുന്നു | • |
| • | • |
| • | • |
| • | • |

ഒരു വ്യക്തിയുടെ ജനനം മുതൽ മറ്റുള്ളവരോടുള്ള ആശ്രയത്വം ആരംഭിക്കുന്നു. കുടുംബവും അയൽക്കാരും സുഹൃത്തുക്കളും അധ്യാപകരും നമ്മുടെ വളർച്ചയിൽ പങ്കുവഹിക്കുന്നു. ഭാഷയും വേഷവും സംസ്കാരവും പെരുമാറ്റരീതികളും സമൂഹത്തിൽ നിന്നാണ് നാം സ്വായത്തമാക്കുന്നത്. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വ്യക്തി പലരോടും ബന്ധപ്പെടുന്നു. ഈ ബന്ധങ്ങളുടെ ജാലിക നിലനിൽക്കുന്ന വലിയ സംഘമാണ് സമൂഹം. സമൂഹമാണ് വ്യക്തിയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും അടിസ്ഥാനം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വ്യക്തികളെ ഉൾക്കൊള്ളുന്ന വലിയ സംഘമാണ് സമൂഹം.
– ഗ്രീൻ



## ഒറ്റപ്പെട്ടുപോയാൽ...

മനുഷ്യരോടൊപ്പമല്ലാതെ ഒരു കുട്ടി ജീവിക്കുന്നത് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? അങ്ങനെ സംഭവിച്ചാൽ ആ കുട്ടിയുടെ അവസ്ഥ എന്തായിരിക്കും?

വിക്ടറിന്റെ കഥ വായിക്കൂ.





വിക്ടർ

ഫ്രാൻസിലെ എവിറോൺ (Aveyron) ഗ്രാമത്തോടു ചേർന്ന കാട്ടിൽ വേട്ടയാടാൻ പോയ ചിലർ ചെന്നായ്ക്കളോടൊപ്പം അന്നുവരെ കണ്ടിട്ടില്ലാത്ത ഒരു 'ജീവിയെ' കണ്ടു. അവർക്ക് കൗതുകവും ആകാംക്ഷയുമുണ്ടായി. അവർ ചെന്നായ്ക്കളെ വെടിവച്ചു പായിച്ചു. കൂട്ടം തെറ്റിപ്പോയ ആ ജീവിയെ പിൻതുടർന്നു കീഴടക്കി. മനുഷ്യരൂപമായിരുന്നു ആ ജീവിക്ക്. എന്നാൽ കൈകളും കാലുകളുമുപയോഗിച്ച് ആ ജീവി അതിവേഗത്തിൽ ഓടുകയായിരുന്നു. മുരളുകയും മാന്താൻ ശ്രമിക്കുകയും കടിച്ചുകീറാൻ വരികയും ചെയ്തിരുന്ന ആ ജീവിയെ അവർ വളരെ പണിപ്പെട്ട് നാട്ടിൽ എത്തിച്ചു. അതൊരു മനുഷ്യക്കുഞ്ഞായിരുന്നു. പക്ഷെ ആ കുട്ടിക്ക് മനുഷ്യരെപ്പോലെ സംസാരിക്കാനോ വേഷമണിയാനോ ഭക്ഷണം കൈകൊണ്ട് കഴിക്കുവാനോ അറിയുമായിരുന്നില്ല. മനുഷ്യരുടെ ഒരു സ്വഭാവവിശേഷവും അവനുണ്ടായിരുന്നില്ല. കൂടുതൽ പഠനത്തിനായി കുട്ടിയെ പാരീസിലേക്ക് കൊണ്ടുപോയി. ആ പട്ടണത്തിലെ ഡോക്ടറായ ജീൻ മാർക്ക് ഇറ്റാർഡ് (Jean Marc Itard) കുട്ടിയെ ഏറ്റെടുത്തു. ഡോക്ടറും സഹായിയായ നഴ്സുംകൂടി കുട്ടിക്ക് വിക്ടർ എന്നുപേരിട്ടു. അവന് 12 വയസ് കഴിഞ്ഞിരുന്നു. അവർ വിക്ടറിനെ സാധാരണ കുട്ടികളെപ്പോലെ വസ്ത്രം ധരിക്കാനും ഭക്ഷണം കഴിക്കാനും സംസാരിക്കുവാനും പരിശീലിപ്പിച്ചു. വിക്ടറിന് ഒന്നും എളുപ്പം സ്വായത്തമാക്കാൻ കഴിഞ്ഞില്ല. പാത്രത്തിലെ ഭക്ഷണം തട്ടിത്തെറിപ്പിച്ച് നായ്ക്കളെപ്പോലെ നക്കിത്തിന്നാനാണ് അവൻ ശ്രമിച്ചത്. കിടക്കയും പുതപ്പും വിട്ട് മുറിയിലൊരുമൂലയിൽ ചുരുണ്ടു കിടക്കാനായിരുന്നു അവനിഷ്ടം. എത്രയോ ദിവസങ്ങൾ കൊണ്ടാണ് ചില വാക്കുകൾ ഉച്ചരിക്കാൻ വിക്ടർ പഠിച്ചത്.

മനുഷ്യ സമൂഹത്തിലെ പെരുമാറ്റരീതികളോ ആചാരങ്ങളോ വിക്ടറിനറിയാമായിരുന്നില്ല. ഒരു വ്യക്തി സമൂഹത്തിൽനിന്നും പഠിക്കുന്ന ഒന്നും വിക്ടറിന് സ്വാംശീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഏറ്റവും ദുഃഖകരമായ സത്യം വിക്ടറിന് മറ്റ് മനുഷ്യർക്കൊപ്പം സഹവസിക്കുവാൻ സാധിച്ചില്ല എന്നതാണ്.

1920-ൽ ബംഗാളിലെ മിഡ്നാപ്പൂർ ഗ്രാമത്തിൽനിന്ന് മൃഗങ്ങൾക്കൊപ്പം കണ്ടെത്തിയ രണ്ട് പെൺകുട്ടികളുടെ (കമല, അമല) ജീവിതവും വിക്ടറിന്റേതുപോലെയായിരുന്നു. അമേരിക്കയിലൊരിടത്ത് ഒരു വീടിന്റെ തട്ടിൻപുറത്തുള്ള ഇരുണ്ട മുറിയിലടച്ചിട്ട അന്നയുടെ സ്ഥിതിയും മറിച്ചായിരുന്നില്ല. ആറാം വയസ്സിൽ ഏകാന്ത തടവിൽനിന്നും മോചിപ്പിച്ചപ്പോൾ അന്നയ്ക്ക് സംസാരിക്കാനോ നടക്കാനോ സാധിച്ചിരുന്നില്ല. സാമാന്യബുദ്ധിയുടെ യാതൊരു ലക്ഷണവും ഈ കുട്ടികളിലൊരാൾപോലും പ്രകടിപ്പിച്ചിരുന്നില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സമൂഹത്തിൽ വളരാത്ത ഒരു മനുഷ്യന് സാമൂഹ്യജീവിയായി മാറാൻ സാധിക്കില്ലെന്നും, സാമൂഹികമായ പെരുമാറ്റങ്ങളോ ഭാഷയോ ഒന്നും എളുപ്പം പഠിക്കാനോ പരിശീലിക്കാനോ സാധ്യമല്ലെന്നും വ്യക്തമായില്ലേ?

സമൂഹമില്ലെങ്കിൽ വ്യക്തിയുടെ വളർച്ച എങ്ങനെയായിരിക്കും? ചർച്ചയിലൂടെ കുറിപ്പ് തയാറാക്കൂ. ചർച്ചാസൂചകങ്ങളായി താഴെ പറയുന്നവ ഉപയോഗപ്പെടുത്തുക:

- ശാരീരികവളർച്ച
- ബുദ്ധിവികാസം
- പെരുമാറ്റരീതി

## സമുദായവും സമാജവും

സമൂഹത്തോടു ബന്ധപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യർ വിവിധ സാമൂഹ്യ സംഘങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇടപഴകുന്ന സാമൂഹ്യസംഘങ്ങൾ ഏതെല്ലാമാണ്?

- ക്ലബ്ബുകൾ
- 
- 

പലവിധ സാമൂഹ്യസംഘങ്ങൾ ഉൾക്കൊള്ളുന്നതാണ് സമൂഹമെന്ന് വ്യക്തമായില്ലേ? സമുദായം (Community), സമാജം (Association) തുടങ്ങിയവ സമൂഹത്തിന്റെ ഭാഗങ്ങളാണ്.

### സമുദായം (Community)

ഒരു നിശ്ചിത പ്രദേശത്ത് നാം ഒന്നാണ് എന്ന വികാരത്തോടെ ജീവിക്കുന്ന വ്യക്തികളുടെ സംഘമാണ് സമുദായം. നിശ്ചിതമായ പ്രദേശത്തെ താമസവും കൂട്ടായ പ്രവർത്തനങ്ങളും സുദൃഢമായ ബന്ധങ്ങളും സമാനമായ സാംസ്കാരികമൂല്യങ്ങളും സമുദായത്തിന്റെ പ്രത്യേകതകളാണ്. സമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ സമുദായം ചെറുതാണ് എന്നാൽ സമൂഹത്തിലുള്ളതിനേക്കാൾ ആത്മബന്ധം സമുദായത്തിൽ നിലനിൽക്കുന്നു. ഒരു വ്യക്തിയെ സാമൂഹ്യജീവിയാക്കിമാറ്റുന്നതിൽ സമുദായം വലിയ പങ്കുവഹിക്കുന്നു.



ഒരേ ഗ്രാമത്തിൽ വസിക്കുന്നവരെ ഒരു സമുദായമായി പരിഗണിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാവാം?

- നാം ഒന്ന് എന്ന വികാരം
- 
- 

### സമാജം (Association)

നിങ്ങളുടെ സ്കൂളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടല്ലോ. അവ ഏതൊക്കെയാണെന്നും അവയുടെ ലക്ഷ്യങ്ങളെന്തെന്നും പട്ടികപ്പെടുത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



| ക്ലബ്ബുകൾ | ലക്ഷ്യങ്ങൾ |
|---|---|
| • വിദ്യാരംഗം | • കല, സാഹിത്യം എന്നിവ പ്രോത്സാഹിപ്പിക്കൽ |
| • | • |
| • | • |

ഓരോ ക്ലബ്ബും വ്യത്യസ്ത ലക്ഷ്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായല്ലോ. ഇങ്ങനെ പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റാൻ ശ്രമിക്കുന്ന വ്യക്തികളുടെ കൂട്ടമാണ് സമാജം.


വ്യക്തികളുടെ കഴിവുകൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടൊപ്പം പൊതു നന്മയ്ക്കുവേണ്ടി കൂടിയാണ് സമാജങ്ങൾ രൂപംകൊള്ളുന്നത്. റസിഡൻസ് അസ്സോസിയേഷനുകൾ, തൊഴിലാളി സംഘടനകൾ, വിദ്യാർഥിസംഘടനകൾ തുടങ്ങിയവ സമാജങ്ങൾക്ക് ഉദാഹരണങ്ങളാണ്.

> ചില ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ജനങ്ങൾ ഒന്നിച്ചു പ്രവർത്തിക്കുന്നതാണ് സമാജം
>
> – ബൊഗാർഡസ്

ഒരു വ്യക്തിയെ സമൂഹത്തിലെ കഴിവുറ്റ അംഗമാക്കി മാറ്റുന്നതിൽ സമുദായങ്ങൾക്കും സമാജങ്ങൾക്കും പങ്കുണ്ട്.

## നമുക്കും വെളിച്ചമേകാം...

വ്യക്തികളുടെ കൂട്ടായ്മയിൽ നിന്നാണല്ലോ സമൂഹം ഉണ്ടാകുന്നത്. നല്ല വ്യക്തികൾ സമൂഹത്തിന്റെ വളർച്ചയിലും മാറ്റത്തിലും മുഖ്യമായ പങ്ക് വഹിക്കുന്നു. സമൂഹത്തെ സ്വാധീനിച്ച ചില വ്യക്തികളെ നമുക്ക് പരിചയപ്പെടാം.



ചിത്രം കണ്ടല്ലോ. സമൂഹനന്മയ്ക്ക് ഇവർ എന്തെല്ലാം സംഭാവനകളാണ് നൽകിയത്?

| ഗാന്ധിജി | രാജാ റാംമോഹൻ റോയ് | ശ്രീനാരായണ ഗുരു |
|---|---|---|
| • | • | • അയിത്തോച്ചാടനം |
| • | • | • |
| • | • | • |
| | • സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു | • |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സമൂഹത്തിന്റെ വളർച്ചയിലും നിലനിൽപ്പിലും പലവിധത്തിൽ വ്യക്തികൾ പങ്കാളികളായി തീരുന്നു എന്ന് വ്യക്തമായല്ലോ. കുടുംബം, അയൽപക്കം, വിദ്യാലയം, സമാജങ്ങൾ തുടങ്ങിയവയിലെല്ലാം വ്യക്തികളുടെ ക്രിയാത്മകമായ ഇടപെടലുകൾ മാറ്റത്തിന് കാരണമായിത്തീരാറുണ്ട്. സമൂഹം ഇല്ലെങ്കിൽ വ്യക്തിയില്ല എന്നപോലെ വ്യക്തിയില്ലെങ്കിൽ സമൂഹവുമില്ല. വ്യക്തിയും സമൂഹവും പരസ്പരപൂരകങ്ങളാണ്.

## സാമൂഹീകരണം (Socialisation)

എങ്ങനെയാണ് വ്യക്തി സമൂഹത്തിന്റെ ഭാഗമായി മാറുന്നത്? നിങ്ങൾ ശിശുക്കളെ ശ്രദ്ധിച്ചിട്ടില്ലേ. പരസഹായമില്ലാതെ ഭക്ഷണം കഴിക്കാനോ വെള്ളം കുടിക്കാനോ അവർക്ക് കഴിയുമോ? കുടുംബാംഗങ്ങളെപ്പോലും തിരിച്ചറിയാൻ എത്ര മാസങ്ങളെടുക്കുന്നു! സംസാരിക്കാനും നടക്കാനും കുട്ടി ക്രമേണ ശീലിക്കുന്നു. വളരുന്തോറും സംസ്കാരവും പെരുമാറ്റരീതികളും തിരിച്ചറിയുകയും സ്വായത്തമാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഒരു വ്യക്തിയെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തനാക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം (socialisation).

> വ്യക്തികൾ സമൂഹത്തിന്റെ സമ്പ്രദായങ്ങളുമായി പൊരുത്തപ്പെടാൻ പഠിക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം
>
> -ഓഗ്ബേൺ

താഴെ കൊടുത്തിരിക്കുന്ന ചെക്ക് ലിസ്റ്റ് പൂർത്തിയാക്കി നിങ്ങളുടെ സാമൂഹ്യബന്ധം വിലയിരുത്തുക

| | ഉണ്ട് | ഇല്ല |
|---|---|---|
| 1. ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കാൻ ഞാൻ താൽപ്പര്യപ്പെടുന്നു | | |
| 2. ഒഴിവുസമയം കൂട്ടുകാരോടൊത്ത് ചെലവഴിക്കാൻ ഞാൻ താൽപ്പര്യപ്പെടുന്നു | | |
| 3. ഞാൻ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുന്നു | | |
| 4. കൂട്ടുകാരുടെ പ്രശ്നങ്ങൾ ഞാൻ സഹാനുഭൂതിയോടെ കേൾക്കുന്നു | | |
| 5. കൂട്ടുകാരുടെ വിഷമങ്ങൾ പരിഹരിക്കാൻ ഞാൻ താൽപ്പര്യം കാണിക്കുന്നു | | |
| 6. എന്റെ പ്രശ്നങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു | | |
| 7. ഞാൻ വിമർശനങ്ങളെ ഉൾക്കൊള്ളുന്നു | | |
| 8. ഗ്രൂപ്പുപ്രവർത്തനങ്ങൾ ഞാനിഷ്ടപ്പെടുന്നു | | |
| 9. ആഘോഷങ്ങളിൽ ഞാൻ സജീവ പങ്കാളിയാണ് | | |
| 10. ഞാൻ സ്കൂളിലെ കലാകായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ഇഷ്ടപ്പെടുന്നു | | |

ചെക്ക് ലിസ്റ്റ് പൂർത്തിയാക്കിയല്ലോ. ഓരോ പ്രസ്താവനയ്ക്കും 'ഉണ്ട്' എന്നാണ് ഉത്തരമെങ്കിൽ ഓരോ സ്കോർവീതം നൽകുക. നിങ്ങളുടെ സ്കോർ പരിശോധിച്ച് സാമൂഹ്യ ബന്ധം വിലയിരുത്തുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സാമൂഹീകരണസഹായികൾ

സാമൂഹീകരണം സാധ്യമാകാത്ത ഒരാൾ സാമൂഹ്യജീവിയായി മാറുന്നില്ല എന്ന് നാം മനസ്സിലാക്കിയല്ലോ. സാമൂഹീകരണം ജീവിതകാലംമുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ്. ഇതിന് പല ഘടകങ്ങളും നമ്മെ സഹായിക്കുന്നുണ്ട്. ഇവ ഏതൊക്കെയെന്ന് നോക്കാം.

- കുടുംബം
- കൂട്ടുകാർ
- വിദ്യാലയം
- മാധ്യമങ്ങൾ
- 
- 

## കുടുംബം


കുടുംബത്തിൽനിന്നും നിങ്ങൾ എന്തൊക്കെ ശീലിക്കുന്നു?

- അച്ചടക്കം
- കൃത്യനിഷ്ഠ
- മുതിർന്നവരോടുള്ള ബഹുമാനം/സ്നേഹം
- 
- 
- 

മാതാപിതാക്കളിൽനിന്നാണ് നാം പെരുമാറ്റശീലങ്ങൾ പഠിക്കുന്നത്. അതിനാൽ സാമൂഹീകരണപ്രക്രിയയിൽ ഏറ്റവും വലിയ പങ്കുവഹിക്കുന്നത് കുടുംബമാണെന്നു പറയാം. മാതാപിതാക്കളാണ് കുട്ടിക്ക് സാമൂഹീകരണത്തിന്റെ ആദ്യപാഠങ്ങൾ പകർന്നു നൽകുന്നത്. നന്മയും തിന്മയും ശരിയും തെറ്റും തിരിച്ചറിയാൻ നാം പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്.



സാമൂഹീകരണത്തിന്റെ സഹായികൾ എന്ന നിലയിൽ കുടുംബങ്ങളിൽനിന്ന് നമ്മൾ എന്തെല്ലാം കാര്യങ്ങൾ സ്വായത്തമാക്കുന്നു? പദസൂര്യൻ പൂർത്തിയാക്കൂ.




## സമപ്രായക്കാർ/കൂട്ടുകാർ

കൂട്ടുകാർക്കൊപ്പം ഇടപഴകുമ്പോൾ നാം അറിയാതെ ധാരാളം കാര്യങ്ങൾ പഠിക്കുന്നു. കായിക വിനോദങ്ങളിൽ ഏർപ്പെടുമ്പോൾ സംഘബോധം ഉണ്ടാകുന്നതിനോടൊപ്പം ജയപരാജയങ്ങൾ അംഗീകരിക്കാനും അവയിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് മുന്നേറാനും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നാം പ്രാപ്തരാകുന്നു. നല്ല ശീലങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ കൂട്ടുകാർ മുഖ്യ പങ്കുവഹിക്കുന്നു.



നല്ല ശീലങ്ങൾ വളർത്തിയെടുക്കുന്നതിൽ നിങ്ങളെ സഹായിച്ച കൂട്ടുകാരനെ അല്ലെങ്കിൽ കൂട്ടുകാരിയെക്കുറിച്ചുള്ള സൗഹൃദാനുഭവം പങ്കുവയ്ക്കാമോ?

## വിദ്യാലയം

വിദ്യാലയം സാമൂഹീകരണത്തിന് സഹായകമാകുന്നതെങ്ങനെയെന്ന് നോക്കാം.

- നിയമങ്ങൾ പാലിക്കാൻ ശീലിക്കുന്നു
- അറിവ് നേടുന്നു
- മൂല്യങ്ങൾ സ്വായത്തമാക്കുന്നു
- വ്യത്യസ്ത ചുറ്റുപാടിൽനിന്നും വരുന്ന കുട്ടികളുമായി ഇടപഴകുന്നു
- നല്ല ശീലങ്ങൾ വളർത്തുന്നു

വിദ്യാലയത്തിൽനിന്നും ആർജ്ജിക്കുന്ന അറിവുകളും ശേഷികളും മൂല്യങ്ങളും ഉത്തരവാദിത്വബോധമുള്ള സാമൂഹ്യജീവിയാകാൻ നമ്മെ പ്രാപ്തരാക്കുന്നു.

## മാധ്യമങ്ങൾ

പ്രധാനപ്പെട്ട വാർത്താമാധ്യമങ്ങൾ ഏതൊക്കെയാണ്?

- പത്രങ്ങൾ
- ആനുകാലികങ്ങൾ
- ടെലിവിഷൻ ചാനലുകൾ
- 

മാധ്യമങ്ങൾ നമ്മുടെ കാഴ്ചപ്പാടിലും മനോഭാവത്തിലും ജീവിതരീതിയിലും സ്വാധീനം ചെലുത്തുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങളെ ഒന്നിപ്പിക്കുന്നതിനും ഒറ്റ സമൂഹമാക്കുന്നതിനും മാധ്യമങ്ങൾ സഹായിക്കുന്നു.

നിങ്ങളെ സ്വാധീനിച്ച കഴിഞ്ഞ ആഴ്ചയിലെ പത്രവാർത്തയെക്കുറിച്ച് ചർച്ച ചെയ്യുക.

സാമൂഹീകരണം നിർവ്വഹിക്കുന്ന മേൽപ്പറഞ്ഞ ഘടകങ്ങളിലേതെങ്കിലും ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് പ്രേരണനൽകുന്നതായി നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?
ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ.

- കൂട്ടുകാർ ചേർന്ന് പൊതുമുതലുകൾ നശിപ്പിക്കുന്നു.
- മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദുശ്ശീലങ്ങൾക്ക് കൂട്ടുകാർ പ്രേരിപ്പിക്കുന്നു
- ഇന്റർനെറ്റിന്റെ ദുരുപയോഗം തെറ്റായ വഴികളിലേക്ക് നയിക്കുന്നു.
- ദൃശ്യമാധ്യമങ്ങൾക്കു മുമ്പിൽ അമിതമായ സമയം ചെലവഴിക്കുന്നത് സാമൂഹ്യബന്ധങ്ങളെ പരിമിതപ്പെടുത്തുന്നു.

സാമൂഹീകരണത്തിലൂടെ ഇത്തരം പ്രവണതകളെ എങ്ങനെ മറികടക്കാം? ചർച്ച ചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഗ്രഹം

- ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും വ്യക്തി സമൂഹത്തിലെ പല സംഘങ്ങളോടും കടപ്പെട്ടിരിക്കുന്നു.
- സമൂഹമാണ് ഓരോ വ്യക്തിയുടേയും വളർച്ചയ്ക്കും നിലനിൽപ്പിനും അടിസ്ഥാനം.
- സാമൂഹ്യബന്ധങ്ങളുടെ ജാലികയാണ് സമൂഹം. വ്യക്തിയും സമൂഹവും പരസ്പരപൂരകങ്ങളാണ്.
- വ്യക്തികൾ സമൂഹത്തിന്റെ മാറ്റത്തിലും വളർച്ചയിലും സ്വാധീനം ചെലുത്തുന്നു.
- സമൂഹത്തിൽ വളരാത്ത ഒരു മനുഷ്യന് സാമൂഹ്യജീവിയാകാൻ സാധ്യമല്ല.
- സമുദായം (Community), സമാജം (Association) തുടങ്ങിയ സാമൂഹിക സംഘങ്ങൾ വ്യക്തിയുടെ വളർച്ചയിൽ പ്രധാനപങ്ക് വഹിക്കുന്നു.
- വ്യക്തികൾ സംഘത്തിന്റെ സമ്പ്രദായക്രമങ്ങളുമായി പൊരുത്തപ്പെടാൻ പഠിക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം. കുടുംബം, കൂട്ടുകാർ, വിദ്യാലയം, മാധ്യമങ്ങൾ എന്നിവയാണ് സാമൂഹീകരണത്തെ പ്രധാനമായും സഹായിക്കുന്നത്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നു.
- സമൂഹം വ്യക്തിയുടെ വളർച്ചയിൽ എങ്ങനെ നിർണായക പങ്കുവഹിക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- സമൂഹം, സമുദായം, സമാജം തുടങ്ങിയവ വ്യക്തിയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും അനിവാര്യമാണെന്ന് വിവരിക്കുന്നു.
- വ്യക്തിയെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുന്നതിൽ സാമൂഹീകരണത്തിനുള്ള പങ്ക് വ്യക്തമാക്കുന്നു.

## വിലയിരുത്താം

1. സമുദായം, സമാജം ഇവ സാമൂഹ്യസംഘങ്ങളാണ്. ഇവയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുക.

| സമുദായം | സമാജം |
|---|---|
| | |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



2. സാമൂഹീകരണത്തിനു സഹായിക്കുന്ന വിവിധ ഘടകങ്ങളെ പരിചയപ്പെട്ടല്ലോ. ഇവ ഓരോന്നും ഏതൊക്കെ രീതിയിലാണ് സാമൂഹീകരണത്തെ സഹായിക്കുന്നത്? താഴെ കൊടുത്തിട്ടുള്ള പട്ടിക പൂർത്തിയാക്കുക:

| കുടുംബം | വിദ്യാലയം | സമപ്രായക്കാർ | മാധ്യമങ്ങൾ |
|---|---|---|---|
| • സ്നേഹം | • | • വിശാലവീക്ഷണം | • കാഴ്ചപ്പാടുകൾ |
| • | • | • സംഘബോധം | • |
| • | • കൃത്യനിഷ്ഠ | • | • |



## തുടർപ്രവർത്തനങ്ങൾ

- 'വ്യക്തിയെ കൂടാതെ സമൂഹത്തിനും സമൂഹത്തെ കൂടാതെ വ്യക്തിക്കും നില നിൽപ്പില്ല' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഒരു ദിവസത്തെ നിങ്ങളുടെ അനുഭവങ്ങൾ എഴുതി തയാറാക്കൂ.
- സാമൂഹ്യബന്ധത്തിന്റെ അഭാവം വ്യക്തിവികാസത്തെ ഏതെല്ലാം രീതിയിലാണ് ബാധിക്കുന്നത്? അന്വേഷിക്കൂ.
- സമൂഹത്തെ സ്വാധീനിച്ച ഏതാനും വ്യക്തിത്വങ്ങളെ പരിചയപ്പെട്ടല്ലോ. ഇത്തരത്തിൽ സാമൂഹികമാറ്റങ്ങൾക്കു നേതൃത്വം നൽകിയ മഹത്‌വ്യക്തികളുടെ ചിത്രങ്ങൾ, ജീവചരിത്രം, സമൂഹത്തിനു അവർ നൽകിയ സംഭാവനകൾ എന്നിവ ഉൾപ്പെടുത്തി പതിപ്പ് തയാറാക്കുക.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# 12 സൗരതാപനവും അന്തരീക്ഷസ്ഥിതിയും




വാർത്താശകലങ്ങൾ ശ്രദ്ധിച്ചില്ലേ? ഇത്തരം സാഹചര്യങ്ങളിൽ ചിലതെങ്കിലും നിങ്ങൾക്ക് പരിചിതമല്ലേ? ഈ സാഹചര്യങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അന്തരീക്ഷസ്ഥിതിയിലുണ്ടാകുന്ന ചില മാറ്റങ്ങളാണ് ഇതിന് കാരണം. അന്തരീക്ഷസ്ഥിതിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നും അവ എങ്ങനെയൊക്കെ സ്വാധീനിക്കുന്നുവെന്നും നമുക്ക് ഈ അധ്യായത്തിൽ മനസ്സിലാക്കാം.

## സൂര്യൻ – ഊർജദാതാവ്

ഭൂമിക്ക് ആവശ്യമായ മുഴുവൻ ഊർജവും പ്രദാനം ചെയ്യുന്നത് സൂര്യനാണെന്ന് നിങ്ങൾക്ക് അറിവുള്ളതാണല്ലോ. സൂര്യനിൽ നിന്നുള്ള ഊർജ്ജം സൂര്യരശ്മികളായി ഭൂമിയിൽ എത്തുന്നു. ഇതിനെ സൗരതാപനം (Insolation) എന്ന് വിളിക്കുന്നു. പകൽ സമയത്ത് സൗരതാപനത്തിലൂടെ ഭൂമിയുടെ ഉപരിതലം ചൂടുപിടിക്കുന്നു. ചൂടുപിടിച്ച ഭൗമോപരിതലത്തിൽനിന്നും വിവിധ പ്രക്രിയകളിലൂടെ താപം അന്തരീക്ഷത്തിലേക്ക് വ്യാപിക്കുന്നു. ഇത് ഭൗമോപരിതലം തണുക്കുന്നതിന് ഇടയാക്കുന്നു. എന്നാൽ അന്തരീക്ഷത്തിലെ മേഘങ്ങളും കാർബൺ ഡയോക്സൈഡ് പോലുള്ള

**കൂടിയ താപനിലയും കുറഞ്ഞ താപനിലയും**

സൂര്യോദയത്തിനു തൊട്ടുമുമ്പ് അനുഭവപ്പെടുന്ന താപനിലയാണ് ഒരു ദിവസത്തെ കുറഞ്ഞ താപനിലയായി കാലാവസ്ഥാനിരീക്ഷകർ പരിഗണിക്കുന്നത്. ഉച്ചകഴിഞ്ഞ് 2 മണിക്ക് അനുഭവപ്പെടുന്ന താപനിലയാണ് ഒരു ദിവസത്തെ കൂടിയ താപനില.


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വാതകങ്ങളും ഭൂമിയിൽ നിന്നുള്ള താപത്തെ ആഗിരണം ചെയ്യുന്നു. ഇപ്രകാരം ജീവന്റെ നിലനിൽപ്പിന് സഹായകമായ വിധത്തിൽ അന്തരീക്ഷതാപം നിലനിൽക്കുന്നു.

ഭൗമോപരിതലത്തിൽ എല്ലായിടത്തും സൗരോർജ്ജം ഒരേ അളവിലല്ല ലഭിക്കുന്നത്. ഭൂമധ്യ രേഖാപ്രദേശങ്ങളിൽ സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ ഇവിടെ താപം കൂടുതലാണ്. ധ്രുവങ്ങളിലേക്ക് അടുക്കുന്തോറും സൂര്യരശ്മികൾ ചരിഞ്ഞ് പതിക്കുന്നതിനാൽ താപം ക്രമേണ കുറഞ്ഞുവരുന്നു. അതിനാൽ ഓരോ സ്ഥലത്തിന്റെയും അക്ഷാംശത്തിന് അനുസൃതമായാണ് ഭൂമിയിലെ താപലഭ്യത (ചിത്രം 12.1).




ചിത്രം 12.1

കൂടാതെ സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, സമുദ്രസാമീപ്യം തുടങ്ങിയ ഘടകങ്ങൾ പ്രാദേശിക താപവ്യതിയാനങ്ങൾക്ക് കാരണമാകാറുണ്ട്. അതെങ്ങനെയെന്ന് നോക്കൂ.

സമുദ്രനിരപ്പിൽനിന്ന് മുകളിലേക്ക് അന്തരീക്ഷതാപം ക്രമേണ കുറഞ്ഞുവരുന്നു. മൂന്നാർ, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നമുക്ക് തണുപ്പ് അനുഭവപ്പെടുന്നത് എന്തുകൊണ്ടെന്ന് ഇപ്പോൾ മനസ്സിലായല്ലോ.

പകൽ സമയത്ത് കടലിൽനിന്ന് കരയിലേക്കും രാത്രി കാലങ്ങളിൽ തിരിച്ചും വീശുന്ന കാറ്റുകൾ തീരപ്രദേശങ്ങളിലെ താപനിലയെ നിയന്ത്രിക്കുന്നു.

**താപം അളക്കുന്നതെങ്ങനെ?**

അന്തരീക്ഷ താപം അളക്കുന്നത് ഉഷ്ണമാപിനി (Thermometer) എന്ന

### സൗരോർജ്ജം

സൗരോർജ്ജം ഇടതടവില്ലാതെ ഭൂമിക്ക് ലഭിക്കുന്നുണ്ട്. ഒരു ഉഷ്ണമേഖലാരാജ്യമായ ഇന്ത്യയിൽ ഈ പാരമ്പര്യേതര ഊർജ്ജത്തിന്റെ ഉപയോഗ സാധ്യത ഏറെയാണ്. സോളാർ പാനലുകൾ ഉപയോഗിച്ച് സൂര്യപ്രകാശത്തെ വൈദ്യുതോർജ്ജമാക്കി മാറ്റുന്ന സാങ്കേതികവിദ്യ വ്യാപകമാകുന്നതോടെ നമ്മുടെ ഊർജ്ജ പ്രതിസന്ധിക്ക് ഏറെ ആശ്വാസമാകും.






Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ചിത്രം 12.2 ഉഷ്ണമാപിനി

ഉപകരണത്തിന്റെ സഹായത്താലാണ് (ചിത്രം 12.2). ഇത് ഡിഗ്രി സെൽഷ്യസ് ($^0$C), ഡിഗ്രി ഫാരൻഹീറ്റ് ($^0$F) എന്നീ ഏകകങ്ങളിലാണ് രേഖപ്പെടുത്തുന്നത്.

ഒരു ഉഷ്ണമാപിനിയുടെ സഹായത്തോടെ നിങ്ങൾക്ക് അന്തരീക്ഷ ഊഷ്മാവ് അളക്കാം. എല്ലാ ദിവസവും നിശ്ചിത സമയത്തെ അന്തരീക്ഷ ഊഷ്മാവ് അളന്ന് ക്ലാസ് മുറിയിൽ പ്രദർശിപ്പിക്കുമല്ലോ.

ഓരോ പ്രദേശത്തെയും താപനിലയിലെ ഏറ്റക്കുറച്ചിലുകൾ മറ്റ് അന്തരീക്ഷപ്രതിഭാസങ്ങൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് നോക്കാം.

## താപവും വായുവിന്റെ ചലനവും

എല്ലാ പദാർത്ഥങ്ങൾക്കും ഭാരമുള്ളതുപോലെ വായുവിനും ഭാരമുണ്ട്. അന്തരീക്ഷവായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദ്ദം (Atmospheric pressure).



ചിത്രം 12.3
മർദ്ദമാപിനി

അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണമാണ് മർദ്ദമാപിനി (Barometer). (ചിത്രം 12.3) ഹെക്ടോപാസ്കൽ, മില്ലീബാർ എന്നീ ഏകകങ്ങളിലാണ് മർദ്ദം രേഖപ്പെടുത്തുന്നത്.

വായു ചലിക്കുമ്പോഴാണല്ലോ അതിന്റെ സാന്നിധ്യം നാം അറിയുന്നത്. അന്തരീക്ഷത്തിൽ വായുവിന്റെ ചലനം എങ്ങനെയാണ് സംഭവിക്കുന്നത് എന്ന് നോക്കാം.

സൂര്യതാപത്താൽ ചൂടുപിടിക്കുമ്പോൾ അന്തരീക്ഷവായു വികസിക്കുകയും സാന്ദ്രത കുറഞ്ഞ് മുകളിലേക്ക് ഉയരുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള വായുവിന്റെ ചലനത്തെ വായുപ്രവാഹങ്ങൾ (Air currents) എന്നു വിളിക്കുന്നു. വായുവിന്റെ സാന്ദ്രത കുറയുന്നതുമൂലം അവിടെ വായുമർദ്ദം കുറയുന്നു. മർദ്ദം കൂടിയ പ്രദേശങ്ങളിൽ നിന്നും മർദ്ദം കുറഞ്ഞ പ്രദേശങ്ങളിലേക്ക് വായു ചലിക്കുന്നു. വായുവിന്റെ ഇത്തരത്തിലുള്ള ചലനമാണ് കാറ്റ് (Wind).

നമുക്ക് സുഖം പകരുന്ന ഇളം കാറ്റുകൾ മുതൽ നാശനഷ്ടങ്ങൾ വിതയ്ക്കുന്ന കൊടുങ്കാറ്റുകൾവരെ ഭൂമിയിൽ അനുഭവപ്പെടാറുണ്ട്.

### കാറ്റാടി യന്ത്രങ്ങൾ

ശക്തിയായും തുടർച്ചയായും കാറ്റു വീശുന്ന പ്രദേശങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാം. ഈ പാരമ്പര്യേതര ഊർജ്ജ സ്രോതസിനെ പരമാവധി പ്രയോജനപ്പെടുത്തിയാൽ വർദ്ധിച്ചുവരുന്ന ഊർജ്ജപ്രതിസന്ധിക്ക് ആശ്വാസമാകും. ഇടുക്കി ജില്ലയിലെ രാമക്കൽമേട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് ഊർജ്ജോൽപ്പാദനം നടത്തുന്നുണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ചിത്രം 12.4
അനിമോമീറ്റർ

കാറ്റിന്റെ വേഗത അളക്കുന്ന ഉപകരണമാണ് അനിമോമീറ്റർ (ചിത്രം 12.4). കാറ്റിന്റെ ദിശ അറിയുന്നത് വിൻഡ്‌വെയ്ൻ (ചിത്രം 12.5) എന്ന ഉപകരണത്തിന്റെ സഹായത്താലാണ്.



ചിത്രം 12.5
വിൻഡ്‌വെയ്ൻ

## താപവും അന്തരീക്ഷത്തിലെ ജലവും

ചിത്രം 12.6 ശ്രദ്ധിക്കൂ. ജലം ചൂടാകുമ്പോൾ അത് നീരാവിയായി ഉയർന്നു പൊങ്ങുന്നത് കണ്ടില്ലേ? ഇതുപോലെ ഭൂമിയുടെ ഉപരിതലത്തിലെ ജലം ചൂടുപിടിച്ച് നീരാവിയായി അന്തരീക്ഷത്തിലെത്തിച്ചേരുന്നു.



ചിത്രം 12.6

അന്തരീക്ഷവായുവിലടങ്ങിയിരിക്കുന്ന ജലാംശമാണ് ആർദ്രത (Humidity). അന്തരീക്ഷതാപം, ഭൂമിയിലെ ജലലഭ്യത തുടങ്ങിയ ഘടകങ്ങൾ ഒരു പ്രദേശത്തെ ആർദ്രതയെ സ്വാധീനിക്കുന്നു.

ആർദ്രത അളക്കുന്നതിന് ആർദ്രതാമാപിനി (Hygrometer) എന്ന ഉപകരണമാണ് ഉപയോഗിക്കുന്നത് (ചിത്രം 12.7).

നീരാവിയായി അന്തരീക്ഷത്തിലെത്തുന്ന ജലത്തിന് തുടർന്ന് എന്തു സംഭവിക്കുന്നു എന്ന് നോക്കാം.




ചിത്രം 12.7
ആർദ്രതാമാപിനി



ചിത്രം 12.8

ഒരു കപ്പിൽ നിറയെ ഐസ് കഷണങ്ങൾ നിക്ഷേപിക്കുക (ചിത്രം 12.8). കപ്പിന് പുറത്ത് നേർത്ത ജലകണികകൾ പറ്റിപ്പിടിക്കുന്നത് കണ്ടില്ലേ? കപ്പ് കൂടുതൽ തണുക്കുന്തോറും ഈ ജലകണികകളുടെ വലിപ്പം കൂടിവരികയും അത് ഒലിച്ചിറങ്ങാൻ തുടങ്ങുകയും ചെയ്യും. ഈ ജലകണികകൾ എവിടെനിന്ന് വന്നതാണ്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അന്തരീക്ഷവായുവിൽ അടങ്ങിയിരിക്കുന്ന നീരാവി കപ്പിന്റെ തണുത്ത പ്രതലത്തിൽത്തട്ടി തണുക്കുമ്പോൾ അത് ജലകണികകളായി മാറി അവിടെ പറ്റിപ്പിടിക്കുന്നു. നീരാവി തണുത്ത് ജലമായി മാറുന്ന ഈ പ്രക്രിയയെ ഘനീകരണം (Condensation) എന്നു വിളിക്കുന്നു. ഭൂമിയിൽനിന്ന് അന്തരീക്ഷത്തിലെത്തുന്ന നീരാവി ഘനീഭവിച്ച് നേർത്ത ജലകണികകളായി മാറുന്നു. അന്തരീക്ഷ ഊഷ്മാവ് കുറയുമ്പോൾ ഘനീകരണപ്രക്രിയ വളരെ വേഗത്തിൽ നടക്കുന്നു. അന്തരീക്ഷത്തിലടങ്ങിയിരിക്കുന്ന നേർത്ത പൊടിപടലങ്ങളെ (Aerosoles) കേന്ദ്രമാക്കി നീരാവി ഘനീഭവിക്കുന്നു. ഈ ജലകണികകൾ കൂടിച്ചേർന്നാണ് മേഘങ്ങൾ (Clouds) രൂപം കൊള്ളുന്നത് (ചിത്രം 12.9).



ചിത്രം 12.9 മേഘം

ആകാശം നിരീക്ഷിച്ച് വിവിധ ആകൃതിയിലുള്ള മേഘങ്ങളെ തിരിച്ചറിയാൻ ശ്രമിക്കുക.

അന്തരീക്ഷത്തിലെ നീരാവി ഘനീഭവിക്കുന്നതിലൂടെ മേഘങ്ങൾ മാത്രമല്ല രൂപപ്പെടുന്നത്. മൂടൽമഞ്ഞ്, തുഷാരം തുടങ്ങിയവ ഘനീകരണത്തിന്റെ മറ്റ് രൂപങ്ങളാണ്.



ചിത്രം 12.10
മൂടൽമഞ്ഞ്

താഴ്‌വരകളിലും ജലാശയങ്ങൾക്കു മുകളിലും പുകപോലെ നേർത്ത ജലകണികകൾ തങ്ങി നിൽക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ. ഘനീകരണത്തിന്റെ ഈ രൂപത്തെ മൂടൽമഞ്ഞ് (Fog) എന്ന് വിളിക്കുന്നു (ചിത്രം 12.10).

തണുപ്പുള്ള പ്രഭാതങ്ങളിൽ പുൽനാമ്പുകളിലും മറ്റ് തണുത്ത പ്രതലങ്ങളിലും ജലകണികകൾ പറ്റിപ്പിടിച്ചിരിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ. ഇതാണ് തുഷാരം (Dew) (ചിത്രം 12.11).



ചിത്രം 12.11
തുഷാരം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഐസ് കഷണങ്ങൾ നിക്ഷേപിച്ച കപ്പിന് പുറത്ത് ജലകണികകളുടെ വലിപ്പം വർദ്ധിച്ചു വരുന്നതും തുടർന്ന് താഴേക്ക് നീങ്ങുന്നതും നിങ്ങൾ ശ്രദ്ധിച്ചല്ലോ. കൂടുതൽ ഘനീഭവിക്കുന്നതിലൂടെ ജലകണികകളുടെ വലിപ്പവും ഭാരവും കൂടുന്നതിനാലാണ് ഭൂമിയുടെ ഗുരുത്വാകർഷണത്തിന് വിധേയമായി അവ താഴേക്ക് നീങ്ങുന്നത്. ഇതുപോലെ മേഘങ്ങളിലെ ജലകണികകളുടെ വലിപ്പം കൂടുമ്പോൾ അന്തരീക്ഷത്തിൽ തങ്ങിനിൽക്കാനാകാതെ അവ ഭൂമിയിലേക്ക് പതിക്കുന്നു. ഈ പ്രക്രിയയെ വർഷണം (Precipitation) എന്ന് വിളിക്കുന്നു. അന്തരീക്ഷതാപനിലയിലെ വ്യത്യാസങ്ങൾ വർഷണത്തിന്റെ വിവിധ രൂപങ്ങൾക്ക് കാരണമാകുന്നു (ചിത്രം 12.12).

**വർഷണം**

| മഴ | മഞ്ഞുവീഴ്ച | ആലിപ്പഴം |
|---|---|---|
| ജലകണികകളുടെ രൂപത്തിലുള്ള വർഷണം | നേർത്ത ഹിമകണികകളുടെ രൂപത്തിലുള്ള വർഷണം | മഞ്ഞുകട്ടകളുടെ രൂപത്തിലുള്ള വർഷണം |







ചിത്രം 12.12 വർഷണത്തിന്റെ വിവിധ രൂപങ്ങൾ

മഴ അളക്കുന്നതിനുള്ള ഉപകരണമാണ് മഴമാപിനി (Rain Gauge) (ചിത്രം 12.13). സെന്റിമീറ്റർ, ഇഞ്ച് എന്നീ ഏകകങ്ങളിലാണ് മഴ രേഖപ്പെടുത്തുന്നത്.

മർദ്ദവ്യത്യാസങ്ങൾ, കാറ്റുകൾ, ആർദ്രത, ഘനീകരണം, വർഷണം തുടങ്ങിയ അന്തരീക്ഷ പ്രതിഭാസങ്ങൾക്കെല്ലാം കാരണമാകുന്നത് സൗരോർജ്ജലഭ്യതയിലെ ഏറ്റക്കുറച്ചിലുകളാണെന്ന് നിങ്ങൾ മനസിലാക്കിയല്ലോ.



(ചിത്രം 12.13)
മഴമാപിനി

## ദിനാന്തരീക്ഷസ്ഥിതിയും കാലാവസ്ഥയും

ഒരു നിശ്ചിത സമയത്ത് ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന അന്തരീക്ഷ അവസ്ഥയാണ് ദിനാന്തരീക്ഷസ്ഥിതി (Weather). ദീർഘകാലമായി ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന ദിനാന്തരീക്ഷസ്ഥിതിയുടെ ശരാശരിയാണ് കാലാവസ്ഥ (Climate).

ഭൂമിയിലെ ചില മനുഷ്യപ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നുണ്ട്. കൽക്കരി, പെട്രോളിയം തുടങ്ങിയ ഫോസിൽ ഇന്ധനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നതിലൂടെ അന്തരീക്ഷത്തിൽ വർദ്ധിക്കുന്ന കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ് തുടങ്ങിയ വാതകങ്ങൾ അന്തരീക്ഷത്തിലെ ശരാശരി താപവർദ്ധന



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വിന് കാരണമാകുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഫോസിൽ ഇന്ധനങ്ങൾക്ക് പകരം സൗരോർജം, കാറ്റിൽ നിന്നുള്ള ഊർജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം ഇതിന് ഒരളവുവരെ പരിഹാരമാണ്.

അന്തരീക്ഷ താപവർദ്ധനവിന് കാരണമാകുന്ന വാതകങ്ങളുടെ സ്രോതസുകളെപ്പറ്റി സൂചന നൽകുന്ന ചിത്രങ്ങളാണ് ചുവടെ നൽകിയിട്ടുള്ളത് (ചിത്രം 12.14):





ചിത്രം 12.14

ഇത്തരത്തിലുള്ള കൂടുതൽ ചിത്രങ്ങൾ ശേഖരിച്ച് ഒരു ചുമർപത്രിക തയാറാക്കുമല്ലോ. കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുന്ന വിവിധ മനുഷ്യപ്രവർത്തനങ്ങളെക്കുറിച്ച് വായനാസാമഗ്രികളിൽനിന്നും വിവരം ശേഖരിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

കാലാവസ്ഥയിലുണ്ടാകുന്ന മാറ്റം ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീഷണിയാണ്. കാലാവസ്ഥാമാറ്റങ്ങളുടെ ഫലമായി പല ജന്തുവർഗ്ഗങ്ങൾക്കും വംശനാശം വന്നതിന്റെ ഉദാഹരണങ്ങൾ നിങ്ങൾ കേട്ടിട്ടുണ്ടാകും. മാനവരാശിക്കും ഈ ദുർവിധി ഉണ്ടാകാതിരിക്കുന്നതിന് അന്തരീക്ഷത്തിന്റെ ലോലസന്തുലനം കാത്തുസൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കർത്തവ്യമാണ്.



## സംഗ്രഹം

- നമ്മുടെ പ്രധാന ഊർജസ്രോതസ്സായ സൂര്യനിൽനിന്ന് സൂര്യരശ്മികളായി ഭൂമിയിലെത്തുന്ന ഊർജം ഭൗമോപരിതലത്തെ ചൂടാക്കുന്നു.
- ചൂടുപിടിച്ച ഭൗമോപരിതലത്തിൽനിന്നും വിവിധ പ്രക്രിയകളിലൂടെ അന്തരീക്ഷത്തിലേക്ക് താപം വ്യാപിക്കുന്നു.
- അന്തരീക്ഷതാപം എല്ലായിടത്തും ഒരുപോലെയല്ല.
- അന്തരീക്ഷതാപനിലയിലെ ഏറ്റക്കുറച്ചിലുകളാണ് മർദ്ദവ്യത്യാസം, കാറ്റ്, ആർദ്രത, ഘനീകരണം, വർഷണം തുടങ്ങിയവയ്ക്ക് കാരണമാകുന്നത്.
- ദിനാന്തരീക്ഷസ്ഥിതിയുടെ ശരാശരിയാണ് കാലാവസ്ഥ.
- ചില മനുഷ്യപ്രവർത്തനങ്ങൾ കാലാവസ്ഥയെ ദോഷകരമായി ബാധിക്കുന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- സൂര്യനാണ് ഭൂമിയുടെ പ്രധാന ഊർജസ്രോതസ്സെന്ന് സമർഥിക്കുന്നു.
- അന്തരീക്ഷ താപനിലയിലെ ഏറ്റക്കുറച്ചിലുകൾക്കുള്ള കാരണങ്ങൾ വിശദീകരിക്കുന്നു.
- താപവ്യത്യാസം മറ്റ് അന്തരീക്ഷപ്രതിഭാസങ്ങൾക്ക് കാരണമാകുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുന്നു.
- ഊഷ്മാവ്, മർദ്ദം, വായുവിന്റെ ചലനം എന്നിവ തമ്മിലുള്ള പരസ്പരബന്ധം ചിത്രീകരിക്കുന്നു.
- അന്തരീക്ഷത്തിൽ ജലബാഷ്പം ഉണ്ടെന്ന് തിരിച്ചറിയുന്നതിനും ഘനീകരണപ്രക്രിയ ബോധ്യപ്പെടുന്നതിനും ലഘുപരീക്ഷണം നടത്തുന്നു.
- കാലാവസ്ഥയും ദിനാന്തരീക്ഷസ്ഥിതിയും തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- അന്തരീക്ഷത്തിന്റെ ലോലസന്തുലനത്തിന്റെ ആവശ്യകത മനസിലാക്കുകയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## വിലയിരുത്താം

1. സൂര്യപ്രകാശം നിരന്തരം ഭൂമിയിൽ എത്തിച്ചേരുന്നുണ്ടെങ്കിലും ഭൂമിയുടെ ഉപരിതലതാപം ക്രമാതീതമായി ഉയരുന്നില്ല. ഇത് എന്തുകൊണ്ടാണ്?
2. മേഘാവൃതമായ ദിവസങ്ങളിൽ ഉഷ്ണം കൂടാൻ കാരണമെന്ത്?
3. താഴെ പറയുന്ന അന്തരീക്ഷപ്രതിഭാസങ്ങൾക്ക് താപനിലയുമായുള്ള ബന്ധമെന്ത്?
   - കാറ്റ്
   - ആർദ്രത
4. അന്തരീക്ഷതാപനില ഉയരുന്നതിന് കാരണമായ മനുഷ്യപ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുക.

## തുടർപ്രവർത്തനങ്ങൾ

- സാമൂഹ്യശാസ്ത്ര ലാബിലെ ഉഷ്ണമാപിനി ഉപയോഗിച്ച് എല്ലാ ദിവസവും നിശ്ചിത സമയത്തെ അന്തരീക്ഷ ഊഷ്മാവ് അളന്ന് പട്ടികപ്പെടുത്തുക.
- ഒരു ഉഷ്ണമാപിനി, മർദ്ദമാപിനി എന്നിവ ഉപയോഗിച്ച് വിവിധ സമയങ്ങളിലെ ഊഷ്മാവും മർദ്ദവും അളന്ന് പട്ടികപ്പെടുത്തുക. പട്ടിക വിശകലനം ചെയ്ത് ഊഷ്മാവും മർദ്ദവും തമ്മിലുള്ള ബന്ധം കണ്ടെത്തുക.
- സാമൂഹ്യശാസ്ത്ര അധ്യാപകന്റെ സഹായത്തോടെ ഒരു മഴമാപിനി നിർമ്മിക്കാം. അടുത്ത മഴക്കാലത്ത് പെയ്യുന്ന മഴയുടെ അളവ് അതുപയോഗിച്ച് കണക്കാക്കുക.
- നിങ്ങളുടെ പഠനയാത്രയുടെ ഭാഗമായി കാലാവസ്ഥാ നിരീക്ഷണകേന്ദ്രം സന്ദർശിച്ച് വിവിധ ഉപകരണങ്ങളും അവയുടെ പ്രവർത്തനരീതിയും മനസ്സിലാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



13

# ഇന്ത്യയിലൂടെ...

വർഷത്തിന്റെ ഏറിയ പങ്കും മഞ്ഞുറഞ്ഞ് ദുർഘടമായ പർവതനിരകൾ, വമ്പൻ നദികൾ, പകൽച്ചൂട് 50° സെൽഷ്യസിനും മുകളിലെത്തുന്ന ചുട്ടുപൊള്ളുന്ന മരുഭൂമി, ലോകത്തിൽ ഏറ്റവും കൂടുതൽ മഴപെയ്യുന്ന സ്ഥലം, ... ഭൂപ്രകൃതിയിലും കാലാവസ്ഥയിലും മാത്രമല്ല കൃഷിയിലുമുണ്ട് വൈവിധ്യങ്ങൾ. ഗോതമ്പും ചോളവും കരിമ്പുമൊക്കെ കൃഷിചെയ്യുന്ന വിശാലമായ സമതലങ്ങൾ, ഏലം, കുരുമുളക് തുടങ്ങിയ സുഗന്ധവിളകൾ വിളയുന്ന മല മടക്കുകൾ, തെങ്ങും നെല്ലും വളരുന്ന ദൈർഘ്യമേറിയ തീരദേശങ്ങൾ. നാടിന്റെ ഈ വൈവിധ്യങ്ങൾക്കൊത്ത് ജീവിതം ക്രമപ്പെടുത്തിയിട്ടുള്ള വ്യത്യസ്തരായ മനുഷ്യർ. അവർക്കിടയിൽ വ്യത്യസ്ത മതവിശ്വാസങ്ങൾ, ആചാരങ്ങൾ, ആഘോഷങ്ങൾ, ... ഭാഷ, ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിലുമുണ്ട് വൈവിധ്യങ്ങൾ. ഇതെല്ലാം ചേർന്നതാണ് ഇന്ത്യ.

ഇന്ത്യയുടെ ഭൂപ്രകൃതി, നദികൾ, കാലാവസ്ഥ, മണ്ണ്, സസ്യജന്തുജാലങ്ങൾ എന്നിവയിലെ വൈവിധ്യങ്ങളെക്കുറിച്ചാണ് ഈ പാഠഭാഗം ചർച്ച ചെയ്യുന്നത്.

ഭൂമധ്യരേഖയ്ക്ക് വടക്ക് ഉത്തര അക്ഷാംശം 8°4' മുതൽ 37°6' വരെയും പൂർവരേഖാംശം 68°7' മുതൽ 97°25' വരെയുമാണ് ഇന്ത്യയുടെ സ്ഥാനം. 3.28 ദശലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇന്ത്യയ്ക്ക് ലോകരാജ്യങ്ങളിൽ വലിപ്പത്തിൽ ഏഴാം സ്ഥാനമുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഹിമവാന്റെ മടിയിൽ



ചിത്രം ശ്രദ്ധിച്ചില്ലേ. ജമ്മുകാശ്മീരിലെ ഒരു ഉൾനാടൻ ഗ്രാമത്തിലെ വീടാണ് ചിത്രത്തിൽ. പ്രാദേശികമായി ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഈ വീടിന്റെ പശ്ചാത്തലത്തിൽ മഞ്ഞുമൂടിയ ഹിമാലയപർവ്വതനിരകളുടെ താഴ്‌വരയാണ് നിങ്ങൾ കാണുന്നത്.

ഈ പർവതനിരകളിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ജമ്മുകാശ്മീർ മുതൽ വടക്കുകിഴക്ക് അരുണാചൽ പ്രദേശ് വരെ നീളുന്ന ഭാഗത്തിന് ഏകദേശം 2400 കി.മീ. നീളമുണ്ട്. ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, സിക്കിം, അരുണാചൽ പ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മേഘാലയ, മിസോറാം, ത്രിപുര എന്നീ സംസ്ഥാനങ്ങളുടെ ഭൂരിഭാഗം പ്രദേശങ്ങളും ഈ പർവതനിരകളുടെ ഭാഗമാണ്. ഉത്തരപർവതമേഖല എന്നാണ് ഈ ഭൂപ്രകൃതി വിഭാഗം പൊതുവെ അറിയപ്പെടുന്നത്.

ഹിമാലയത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗങ്ങളിൽ വർഷംമുഴുവൻ മഞ്ഞുമൂടി കിടക്കുന്നു. ഇവിടെ സ്ഥിരമായ ജനവാസമില്ല. കാഞ്ചൻജംഗ, നന്ദാദേവി തുടങ്ങിയ ഉയരം കൂടിയ കൊടുമുടികൾ ഹിമാലയനിരകളുടെ ഭാഗമാണ്. എവറസ്റ്റ് കൊടുമുടിയാണ് ഈ നിരകളിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി. ഇത് നേപ്പാളിലാണ്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ ഹിമാലയപർവ്വതനിരകളിൽനിന്നും ഉത്ഭവിക്കുന്നവയാണ്.



എവറസ്റ്റ് കൊടുമുടി

ഹിമാലയത്തിലെ മഞ്ഞുമൂടിയ പർവ്വതനിരകൾക്ക് തൊട്ടു തെക്കുഭാഗത്ത് തണുപ്പിന്റെ തീവ്രത കുറവാണ്. ഏറെ പ്രകൃതിഭംഗിയുള്ള ഈ മേഖലയിൽ സിംല, ഡാർജിലിങ്, കുളു,



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മനാലി തുടങ്ങിയ നിരവധി സുഖവാസ കേന്ദ്രങ്ങളുണ്ട്.

ഉരുളക്കിഴങ്ങ്, ബാർളി, കുങ്കുമപ്പൂവുൾപ്പെടെ മറ്റു പലതരം പൂക്കൾ എന്നിവ ഇവിടത്തെ പ്രധാന കൃഷിയിനങ്ങളാണ്.

ആപ്പിൾ, ഓറഞ്ച് തുടങ്ങിയ പഴവർഗ്ഗങ്ങളും തേയിലയും ഈ മേഖലയിൽ കൃഷിചെയ്യുന്ന വിളകളാണ്.



ഹിമാചൽപ്രദേശിലെ ആപ്പിൾ തോട്ടം

ഹിമാലയ നിരകളുടെ ഏറ്റവും തെക്കുഭാഗത്ത് കുന്നുകൾക്ക് ഉയരം കുറവാണ്. ഈ മേഖലയിൽ വൈവിധ്യമാർന്ന വിളകൾ കൃഷിചെയ്യുന്നു. ഉത്തരപർവ്വത മേഖലയിൽ ഏറ്റവും ജനസാന്ദ്രത കൂടിയ മേഖലയാണിത്. മഞ്ഞുമൂടിയ ഹിമാലയ നിരകളിൽനിന്നും ഉത്ഭവിക്കുന്ന നദികൾ ഒഴുക്കിക്കൊണ്ടുവന്ന മണൽ, ചെളി, ഉരുളൻ കല്ലുകൾ എന്നിവയുടെ കനത്ത നിക്ഷേപങ്ങൾ നിറഞ്ഞതാണ് ഈ താഴ്‌വാരമേഖല.



ജമ്മുകാശ്മീരിലെ കുങ്കുമപ്പൂകൃഷി

**ഉത്തരപർവതമേഖലയുടെ പ്രാധാന്യം**

ഉത്തരപർവതമേഖല നമുക്ക് എത്രമാത്രം സഹായകമാണെന്നറിയേണ്ടേ?

- കാലാവസ്ഥയെ സ്വാധീനിക്കുന്നു.

  ശൈത്യകാലത്ത് മധ്യ ഏഷ്യയിൽനിന്നും വീശുന്ന ശീതക്കാറ്റിനെ ഇന്ത്യയിലേക്കു കടത്തിവിടാതെ നമ്മെ സംരക്ഷിക്കുന്നു. മൺസൂൺ കാറ്റുകളെ തടഞ്ഞ് ഉത്തരേന്ത്യയിലുടനീളം മഴപെയ്യിക്കുന്നതും ഉത്തരപർവതനിരകളാണ്.



ഈ പർവതങ്ങൾ ഇല്ലായിരുന്നെങ്കിലോ?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- പ്രകൃതിദത്തമായ കോട്ട

  പുരാതനകാലം മുതൽക്കുതന്നെ വടക്കുപടിഞ്ഞാറു നിന്നുള്ള ആക്രമണങ്ങളിൽ നിന്നും ഒരു പരിധിവരെ നമ്മെ സംരക്ഷിക്കുന്നത് ഈ പർവതനിരകളാണ്.


- നദികളുടെ ഉത്ഭവപ്രദേശം

  സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ നിരവധിയായ പോഷകനദികളും ഉത്ഭവിക്കുന്നത് ഈ പർവതനിരകളിൽനിന്നാണ്.

  ഉത്തരപർവതമേഖല മറ്റേതെല്ലാം വിധത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് കണ്ടെത്താൻ ശ്രമിക്കൂ.

## ഉത്തരേന്ത്യയിലെ സമതലം

ചിത്രം ശ്രദ്ധിക്കൂ.



ഉത്തരേന്ത്യയിലെ വിശാലമായ സമതലഭൂപ്രകൃതിയാണ് ചിത്രത്തിൽ.

രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, ബീഹാർ, പശ്ചിമബംഗാളിന്റെ കുറേ ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശം സമതലമാണ്. സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷകനദികളും ഒഴുക്കിക്കൊണ്ടുവന്ന എക്കൽമണ്ണ് നിക്ഷേപിക്കപ്പെട്ടാണ് ഈ സമതലം രൂപം കൊണ്ടിട്ടുള്ളത്. ഉത്തരമഹാസമതലം, സിന്ധു-ഗംഗ-ബ്രഹ്മപുത്ര സമതലം എന്നീ പേരുകളിലാണ് ഈ സമതലം അറിയപ്പെടുന്നത്. ഇന്ത്യയിൽ വളരെക്കൂടുതൽ ജനസംഖ്യയുള്ള പ്രദേശമാണിത്.

ഗോതമ്പ്, ചോളം, നെല്ല്, കരിമ്പ്, പരുത്തി, പയറുവർഗങ്ങൾ എന്നിങ്ങനെ ഉത്തരമഹാസമതലത്തിൽ കൃഷിചെയ്യുന്ന വിളകൾ നിരവധിയാണ്.



ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് ഉത്തരമഹാസമതലം എന്നു പറയാറുണ്ട്. ഇത് എന്തുകൊണ്ടായിരിക്കാം?

മറ്റ് ഭൂപ്രകൃതി വിഭാഗങ്ങളെ അപേക്ഷിച്ച് റെയിൽ, റോഡ്, കനാൽ എന്നിവയുടെ ശൃംഖല ഏറ്റവും കൂടുതൽ ഈ ഭൂപ്രകൃതി വിഭാഗത്തിലാണ്. എന്തുകൊണ്ട്?



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഈ സമതലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മഴ തീരെക്കുറഞ്ഞ അളവിൽ മാത്രമേ ലഭിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന രാജസ്ഥാന്റെ മിക്ക പ്രദേശങ്ങളും മരുഭൂമിയാണ്. മരുസ്ഥലി എന്നറിയപ്പെടുന്ന ഈ പ്രദേശത്ത് ജനവാസം തീരെക്കുറവാണ്. എന്തായിരിക്കാം കാരണം?

അയൽസംസ്ഥാനങ്ങളിൽ ഗോതമ്പ്, ചോളം എന്നിവ വ്യാപകമായി കൃഷി ചെയ്യുമ്പോൾ ജോവർ, ബജ്റ തുടങ്ങിയ വിളകളാണ് രാജസ്ഥാനിൽ പ്രധാനമായും കൃഷി ചെയ്യുന്നത്. ഈ വിളകളുടെ വളർച്ചയ്ക്ക് വെള്ളം കുറഞ്ഞ അളവിൽ മതി.

**ഒരു രാജസ്ഥാൻ കാഴ്ച**

ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് രാജസ്ഥാൻ സംസ്ഥാനത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉൾക്കൊള്ളുന്ന ഉഷ്ണമരുഭൂമിയാണ് ഥാർ. മഴ വളരെ വിരളമായ ഇവിടെ മുൾച്ചെടികളും കുറ്റിക്കാടുകളുമാണ് സ്വാഭാവിക സസ്യജാലങ്ങൾ. വിശാല മണൽപരപ്പുകളും മണൽക്കുന്നുകളും ഇവിടത്തെ പ്രത്യേകതയാണ്. ശുദ്ധജലത്തിന്റെ മൂല്യം നന്നായി അറിയുന്നവരാണ് രാജസ്ഥാനിലെ ജനങ്ങൾ. കേരളത്തിൽ ഒന്നോ രണ്ടോ ദിവസം ലഭിക്കുന്നത്ര മഴയാണ് ആ സംസ്ഥാനത്ത് ഒരു വർഷം ആകെ ലഭിക്കുന്നത്. കിലോമീറ്ററുകൾ നീളുന്നവയാണ് കുടിവെള്ളത്തിനായുള്ള ഈ ഗ്രാമീണരുടെ യാത്രകൾ.



## പീഠഭൂമിയിലൂടെ ...

ഉത്തരപർവ്വതമേഖലയിൽനിന്നും ദക്ഷിണേന്ത്യയിലേക്ക് യാത്ര ചെയ്താൽ സമതല പ്രദേശം കടന്നെത്തുക വിശാലമായ ഒരു പീഠഭൂമിപ്രദേശത്തേക്കാണ്. മധ്യപ്രദേശ്, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളും കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡിഷ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ ചില പ്രദേശങ്ങളും ഉൾപ്പെട്ട ഈ പീഠഭൂമി പ്രദേശത്തെ ഉപദ്വീപീയ പീഠഭൂമി എന്നു വിളിക്കുന്നു. ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗമാണ് ഡക്കാൻ പീഠഭൂമി. ഈ പീഠഭൂമിയുടെ മിക്ക ഭാഗങ്ങളും പണ്ടെന്നോ ഒഴുകിപ്പരന്ന ലാവ തണുത്തുറഞ്ഞാണ് രൂപം കൊണ്ടിട്ടുള്ളത്. ഇത് പൊടിഞ്ഞുണ്ടായ കറുത്ത മണ്ണ് പരുത്തി കൃഷിക്ക് ഏറെ അനുയോജ്യമാണ്.

വിന്ധ്യ, സത്പുര, ആരവല്ലി, പശ്ചിമഘട്ടം, പൂർവ്വഘട്ടം എന്നീ പർവതനിരകൾ ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗമാണ്. കേരളത്തിലെ ആനമുടിയാണ് ഈ മേഖലയിലെ ഏറ്റവും ഉയരം കൂടിയ ഭാഗം.

പരുത്തി, പയറുവർഗങ്ങൾ, നിലക്കടല, കരിമ്പ്, ചോളം, റാഗി, മുളക് എന്നീ വിളകളാണ് പീഠഭൂമി പ്രദേശത്തെ പ്രധാന കൃഷി. കൽക്കരി, ഇരുമ്പയിര്, മാംഗനീസ്, ബോക്സൈറ്റ്, ചുണ്ണാമ്പ്കല്ല് തുടങ്ങിയ ധാതുനിക്ഷേപങ്ങളുള്ള ഈ പീഠഭൂമിയിൽ ഖനനവും ധാതു അധിഷ്ഠിത വ്യവസായങ്ങളും ഒരു പ്രധാന തൊഴിൽമേഖലയാണ്.

ഗോദാവരി, മഹാനദി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി എന്നീ നദികൾ ഉപദ്വീപീയ പീഠഭൂമി പ്രദേശങ്ങളിൽനിന്ന് ഉത്ഭവിക്കുന്നവയാണ്.



പീഠഭൂമിയിലെ ഒരു കൽക്കരിഖനി



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## തീരസമതലങ്ങളിലേക്ക്

പീഠഭൂമിയിൽനിന്നും ഉത്ഭവിച്ചൊഴുകുന്ന നദികളെ പിന്തുടർന്നാൽ എത്തിച്ചേരുക തീര സമതലങ്ങളിലാണ്. ഏകദേശം 6100 കി. മീ. ദൈർഘ്യമുള്ള കടൽത്തീരം ഇന്ത്യയ്ക്കുണ്ട്. സാമൂഹ്യശാസ്ത്രലാബിലെ ഇന്ത്യയുടെ ഭൗതികഭൂപടം നിരീക്ഷിക്കൂ. ബംഗാൾ ഉൾക്കടലിനോട് ചേർന്ന കിഴക്കൻ തീരവും അറബിക്കടലിനോട് ചേർന്ന പടിഞ്ഞാറൻ തീരവും കണ്ടല്ലോ. പടിഞ്ഞാറൻ തീരസമതലത്തിന് വീതി കിഴക്കൻ തീരത്തെ അപേക്ഷിച്ച് കുറവാണ്. ഈ സമതലത്തിന്റെ ഭാഗമായ കേരളതീരത്ത് നിരവധി കായലുകളുണ്ട്. നെല്ല്, തെങ്ങ് എന്നിവ പടിഞ്ഞാറൻ തീരത്തെ പ്രധാന കാർഷികവിളകളാണ്.

കിഴക്കൻ തീരസമതലത്തിലെ കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി തടങ്ങളിൽ വ്യാപകമായി നെല്ല് കൃഷി ചെയ്യുന്നു. മത്സ്യബന്ധനമാണ് തീരത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ.

### പവിഴദ്വീപുകൾ

ഉഷ്ണമേഖലയിലെ സമുദ്രങ്ങളിൽ കാണപ്പെടുന്ന കോറൽ പോളിപ്പുകൾ എന്ന ചെറു സമുദ്രജീവികളുടെ കാൽസ്യംസ്രാവം അടിഞ്ഞുകൂടി പവിഴപ്പുറ്റുകൾ രൂപം കൊള്ളുന്നു. വിവിധ ആകൃതികളിൽ കാണപ്പെടുന്ന ഈ പവിഴപ്പുറ്റുകൾക്ക് മേൽ ദ്വീപുകൾ രൂപപ്പെടുന്നു. ഇന്ത്യയിലുൾപ്പെട്ട ലക്ഷദ്വീപും ആന്റമാൻ നിക്കോബാറിലെ ചില ദ്വീപുകളും ഇത്തരത്തിൽ രൂപപ്പെട്ടതാണ്. ശക്തമായ തിരയിൽ നിന്ന് ഈ ദ്വീപുകളെ സംരക്ഷിക്കുന്നതും ഈ പവിഴപ്പുറ്റുകളാണ്.



## സമുദ്രത്തിലെ പച്ചത്തുരുത്തുകൾ

സമുദ്രത്താൽ ചുറ്റപ്പെട്ട ചെറുഭൂഭാഗങ്ങളാണ് ദ്വീപുകൾ. അറബിക്കടലിലെ ലക്ഷദ്വീപ് ദ്വീപസമൂഹവും ബംഗാൾ ഉൾക്കടലിലെ ആൻഡമാൻ, നിക്കോബാർ ദ്വീപസമൂഹവും ഭൂപടങ്ങളിൽ നിങ്ങൾ കണ്ടിട്ടുണ്ടാകും. ലക്ഷദ്വീപിൽ മിക്കവയും പവിഴ ദ്വീപുകളാണ്. കൃഷി നാമമാത്രമായ ലക്ഷദ്വീപിൽ സമുദ്രത്തെ ആശ്രയിച്ചാണ് ജനജീവിതം.

ആൻഡമാൻ, നിക്കോബാർ ദ്വീപുകളിൽ മിക്കവയിലും നിബിഡമായ വനങ്ങളാണ്.

ഇന്ത്യയുടെ ഭൂപ്രകൃതി വൈവിധ്യത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾ സാമാന്യധാരണ നേടിയിട്ടുണ്ടാകും. ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ ചുവടെ ചേർക്കുന്നവയാണ്:

- ഉത്തരപർവ്വതമേഖല
- ഉത്തരമഹാസമതലം
- ഉപദ്വീപീയ പീഠഭൂമി
- തീരസമതലങ്ങളും ദ്വീപുകളും


ചുവടെ നൽകിയിട്ടുള്ള ഇന്ത്യയുടെ ഭൂപ്രകൃതി ഭൂപടത്തിലെ (ചിത്രം 13.1) ഭൂപ്രകൃതി വിഭാഗങ്ങൾ ഓരോന്നും തിരിച്ചറിഞ്ഞ് സൂചിക പൂർത്തിയാക്കൂ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






ചിത്രം 13.1

## ഇന്ത്യയിലെ നദികൾ

ഇന്ത്യയിൽ പണ്ടുമുതൽക്കുതന്നെ ജനങ്ങൾ സ്ഥിരതാമസത്തിന് തെരഞ്ഞെടുത്തിരുന്ന സ്ഥലങ്ങളാണ് നദീതടങ്ങൾ.

ഇന്ത്യയിൽ കൃഷി അഭിവൃദ്ധിപ്പെടുന്നതിലും കൃഷിയെ അടിസ്ഥാനമാക്കി ഒരു സംസ്കാരം രൂപപ്പെടുന്നതിലും നദികളുടെ പങ്ക് നിസ്തുലമാണ്.

നദികൾ കൊണ്ടുള്ള പ്രയോജനങ്ങൾ നിങ്ങൾ മുൻ അധ്യായത്തിൽ പഠിച്ചിട്ടുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ചിത്രത്തിൽ കാണുന്നത് ഗംഗാ നദിക്കരയിലെ വാരണാസിയുടെ ദൃശ്യമാണ്. വാരണാസി പട്ടണം രൂപം കൊള്ളുന്നതിൽ ഈ നദിയുടെ സ്വാധീനം എത്രമാത്രം ഉണ്ടായിരിക്കാം?

ക്ലാസിൽ ചർച്ച ചെയ്യൂ.

സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നീ നദികളും അവയുടെ പോഷകനദികളുമാണ് ഉത്തരേന്ത്യയിലെ പ്രധാനപ്പെട്ട ജലസ്രോതസുകൾ. ഹിമാലയത്തിൽനിന്നും ഉത്ഭവിക്കുന്ന നദികളെ ഹിമാലയൻ നദികൾ എന്നു വിളിക്കുന്നു. ഹിമാലയത്തിലെ മഞ്ഞുമൂടിയ പ്രദേശത്തുനിന്ന് ഉത്ഭവിക്കുന്നതുകൊണ്ട് ഇവ വേനൽക്കാലത്തും ജലസമൃദ്ധമാണ്. ഹിമാലയൻ നദികൾ ഒഴുക്കികൊണ്ടുവന്ന എക്കൽ നിക്ഷേപിക്കപ്പെട്ടാണ് ഉത്തരമഹാസമതലം രൂപപ്പെട്ടത്. ഈ നദികൾ ഒഴുകുന്ന സംസ്ഥാനങ്ങൾ, എത്തിച്ചേരുന്ന സമുദ്രങ്ങൾ എന്നിവ ഭൂപടം നിരീക്ഷിച്ച് കണ്ടെത്തൂ.

ഉപദ്വീപീയ പീഠഭൂമിയിൽനിന്നും ഉത്ഭവിക്കുന്ന നദികൾ ഉപദ്വീപീയ നദികൾ എന്നറിയപ്പെടുന്നു. ഗോദാവരി, മഹാനദി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി എന്നിവയാണ് പ്രധാന ഉപദ്വീപീയ നദികൾ. ഈ നദികൾ മഴയെ ആശ്രയിക്കുന്നതിനാൽ വേനൽക്കാലത്ത് അവയിൽ വെള്ളം തീരെ കുറവായിരിക്കും.

ഭൂപടം നിരീക്ഷിച്ച് ഉപദ്വീപീയ നദികളെ അവ എത്തിച്ചേരുന്ന സമുദ്രത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുക.


| അറബിക്കടലിൽ ചേരുന്നവ | ബംഗാൾ ഉൾക്കടലിൽ ചേരുന്നവ |
|---|---|
| •<br>• | •<br>• |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






ചിത്രം 13.2




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഇന്ത്യയിലെ മണ്ണിനങ്ങൾ

മണ്ണിന്റെ പ്രാധാന്യത്തെക്കുറിച്ച് മുൻ അധ്യായത്തിൽ നിങ്ങൾ പഠിച്ചിട്ടുണ്ട്. ഇന്ത്യ ഒരു കാർഷിക രാജ്യമായതിനുപിന്നിൽ മണ്ണിനങ്ങൾക്ക് ഗണ്യമായ പങ്കുണ്ട്. വൈവിധ്യമാർന്ന മണ്ണിനങ്ങൾ വ്യത്യസ്ത വിളകളുടെ വളർച്ചയ്ക്ക് സഹായകമാകുന്നു. ഭൂപടം (ചിത്രം 13.3) നിരീക്ഷിച്ച് ഇന്ത്യയിലെ പ്രധാന മണ്ണിനങ്ങൾ തിരിച്ചറിയൂ.




ചിത്രം 13.3



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- എക്കൽ മണ്ണ്
-
-
-

ഉത്തരമഹാസമതലത്തിലെയും മറ്റ് നദീതടങ്ങളിലെയും മണ്ണിനമായ എക്കൽ മണ്ണാണ് ഏറ്റവും ഫലപുഷ്ടമായത്. എക്കൽ മണ്ണ് നിറഞ്ഞ നമ്മുടെ നദീതടങ്ങൾ പണ്ടുമുതൽക്കു തന്നെ സമൃദ്ധമായ കാർഷികമേഖലയാണ്. ഉപദ്വീപീയ പീഠഭൂമിയിലെ കറുത്തമണ്ണ് പരുത്തി, കരിമ്പ് തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്. പീഠഭൂമി പ്രദേശത്തെ മറ്റു പ്രധാന മണ്ണിനങ്ങളാണ് ചെമ്മണ്ണും ലാറ്ററൈറ്റും. ഇവ ഫലപുഷ്ടി കുറഞ്ഞവയാണെങ്കിലും വളപ്രയോഗത്തിലൂടെ കൃഷിക്ക് ഉപയുക്തമാക്കുന്നുണ്ട്. രാജസ്ഥാൻ മരുഭൂമിയിലെ മണ്ണിൽ ജലാംശം കുറവായതിനാൽ അവിടെ കാർഷിക പ്രവർത്തനങ്ങൾക്ക് ജലസേചനം കൂടിയേ തീരൂ. വനനിബിഡമായ പർവ്വത പ്രദേശങ്ങളിലെ മണ്ണാണ് പർവതമണ്ണ്. ഈ മണ്ണിൽ ജൈവാംശം കൂടുതലാണ്.

## കാലാവസ്ഥ

ഇന്ത്യയിലെ കാലാവസ്ഥയിൽ ഏറെ വൈവിധ്യങ്ങളുണ്ട്.

ലോകത്തിലെ തന്നെ ഏറ്റവും സമൃദ്ധമായി മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇന്ത്യയിലാണ്. തണുപ്പുകാലത്ത് ഡൽഹി 0° സെൽഷ്യസിനോടടുത്ത് തണുത്തുവിറയ്ക്കുമ്പോൾ വേനലിന്റെ പാരമ്യത്തിൽ 40° സെൽഷ്യസിനുമേൽ ചുട്ടുപൊള്ളുന്നു. കാശ്മീരിലെ കാർഗിൽ, ദ്രാസ് എന്നിവിടങ്ങളിൽ ശൈത്യകാലത്ത് താപനില -40° സെൽഷ്യസ് വരെ താഴാറുണ്ട്. ഈ വൈവിധ്യങ്ങൾ നിലനില്ക്കുമ്പോഴും ഇന്ത്യയുടെ കാലാവസ്ഥ ഉഷ്ണമേഖലാ മൺസൂൺ കാലാവസ്ഥ എന്നാണ് പൊതുവെ അറിയപ്പെടുന്നത്. ഇന്ത്യയിൽ പൊതുവെ മൂന്ന് വ്യത്യസ്ത കാലങ്ങൾ അനുഭവപ്പെടുന്നു.

- ഉഷ്ണകാലം (Summer Season)
- ശൈത്യകാലം (Winter Season)
- മഴക്കാലം (Rainy Season)

### ഉഷ്ണകാലം

മാർച്ച് മുതൽ മേയ് വരെയാണ് ഇന്ത്യയിൽ ഉഷ്ണകാലം അനുഭവപ്പെടുന്നത്. ഈ കാലയളവിൽ ഉത്തരേന്ത്യയിൽ അത്യുഷ്ണം അനുഭവപ്പെടുന്നു. ദക്ഷിണേന്ത്യയുടെ തീരപ്രദേശങ്ങളിൽ സമുദ്രസാമീപ്യമുള്ളതിനാൽ ഉഷ്ണം കഠിനമാകാറില്ല. ഈ കാലയളവിൽ ഇന്ത്യയിൽ പൊതുവേ വരൾച്ച അനുഭവപ്പെടുന്നു. ചിലയിടങ്ങളിൽ ഒറ്റപ്പെട്ട വേനൽമഴ ലഭിക്കാറുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## വരൾച്ച എന്ന പ്രകൃതി ദുരന്തം



കുറഞ്ഞ മഴയോ ജലത്തിന്റെ അമിത ചൂഷണമോ കാരണം കടുത്ത ജലദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യമാണ് വരൾച്ച. ഇന്ത്യയിൽ ഏകദേശം മൂന്നിലൊരു ഭാഗം പ്രദേശങ്ങളും വരൾച്ചാ ബാധിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിളനാശം, ശുദ്ധജലദൗർലഭ്യം തുടങ്ങിയ ദുരവസ്ഥകൾക്ക് കാരണമാകുന്ന ഈ പ്രകൃതിദുരന്തത്തിന്റെ തീവ്രത കുറയ്ക്കാൻ എന്തൊക്കെ ചെയ്യാനാകുമെന്ന് നോക്കൂ.

- ജലസമൃദ്ധമായ നദികളെ വരണ്ട പ്രദേശങ്ങളിലെ നദികളുമായി ബന്ധിപ്പിക്കാം.
- വരൾച്ചയെ അതിജീവിക്കുന്ന വിളകൾ കൃഷി ചെയ്യാം.
- മഴവെള്ളക്കൊയ്ത്ത് നടപ്പിലാക്കാം.

### ശൈത്യകാലം

ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്നത്. ഉത്തരേന്ത്യയിൽ അതിശൈത്യം അനുഭവപ്പെടുന്ന ഈ കാലത്ത് ഹിമാലയപർവ്വതനിരകളിൽ മഞ്ഞുവീഴ്ചയുണ്ടാകാറുണ്ട്. പൊതുവെ വരണ്ട അന്തരീക്ഷം നിലനിൽക്കുന്ന ശൈത്യകാലത്ത് പഞ്ചാബിലും പരിസരപ്രദേശങ്ങളിലും മഴയുണ്ടാകാറുണ്ട്. ഇത് ഗോതമ്പുകൃഷിക്കനുയോജ്യമാണ്. ഉത്തരേന്ത്യയെ അപേക്ഷിച്ച് ദക്ഷിണേന്ത്യയിൽ ശൈത്യത്തിന്റെ കാഠിന്യം കുറവാണ്.



ഉത്തരേന്ത്യയിലെ ഒരു ശൈത്യകാല ദൃശ്യം


### മഴക്കാലം

ഇന്ത്യയിൽ രണ്ട് മഴക്കാലങ്ങളാണുള്ളത്. ഇതിൽ ആദ്യത്തേത് ജൂൺ മുതൽ സെപ്തംബർ വരെയാണ്. ഇക്കാലത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽനിന്നും ഈർപ്പം വഹിച്ചുകൊണ്ടുവരുന്ന കാറ്റുകളെ പർവതനിരകൾ തടഞ്ഞുനിർത്തുന്നതിനാൽ പടിഞ്ഞാറൻ തീരത്തും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഹിമാലയത്തിന്റെ അടിവാരമേഖലകളിലും ധാരാളം മഴ ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ മൺസൂൺകാലം എന്ന് അറിയപ്പെടുന്ന ഇക്കാലത്താണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്.

ചെറിയൊരു ഇടവേളയ്ക്കുശേഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ വീണ്ടും മഴയുടെ കാലമാണ്. വടക്കുകിഴക്കൻ മൺസൂൺകാലം

#### മഴയൊഴിയാത്ത ചിറാപുഞ്ചി

മേഘാലയത്തിലെ ഖാസി കുന്നുകളുടെ തെക്കേചരിവിൽ സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് ചിറാപുഞ്ചി. ലോകത്തിലെ ഏറ്റവും മഴ ലഭിക്കുന്ന പ്രദേശം എന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള ചിറാപുഞ്ചിക്ക് സൊഹ്റ എന്നുകൂടി പേരുണ്ട്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്നറിയപ്പെടുന്ന ഇക്കാലത്ത് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഇന്ത്യയുടെ കിഴക്കൻ തീരത്താണ്, പ്രത്യേകിച്ച് തമിഴ്നാട്, ആന്ധ്രാതീരങ്ങളിൽ. കേരളത്തിലും ഈ മഴ ലഭിക്കുന്നു.

### വെള്ളപ്പൊക്കം ഭീഷണിയാകുമ്പോൾ...

മഴക്കാലത്ത് രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സംഭവിക്കുന്ന വെള്ളപ്പൊക്കം കൃഷിയിടങ്ങൾക്കും മനുഷ്യവാസസ്ഥലങ്ങൾക്കും ഭീഷണിയാണ്. മൺസൂൺ കാലത്തെ അതിവർഷം, നദീതീരങ്ങൾ കയ്യേറി കെട്ടിടങ്ങൾ നിർമിക്കുന്നത്, വയലുകൾ മണ്ണിട്ടു നികത്തുന്നത് എന്നിവ ഇന്ത്യയിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതിനു കാരണങ്ങളാണ്. ജീവനും സ്വത്തിനും കനത്ത നാശം വിതയ്ക്കുന്ന ഈ പ്രകൃതി ദുരന്തത്തെ തടയാനും അപകടതീവ്രത കുറയ്ക്കാനുമായി സ്വീകരിച്ചിട്ടുള്ള നടപടികളാണ്,



- ഡാമുകൾ നിർമ്മിക്കുക.
- വനവൽക്കരണം.
- നദികളുടെ ഉപരിഘട്ടങ്ങളിൽ വലിയ നിർമാണ പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുക.
- പ്രളയബാധിത പ്രദേശങ്ങളിൽനിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുക.
- തീരങ്ങളിൽ അപകട മുന്നറിയിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

## നൈസർഗിക സസ്യജാലങ്ങളും ജന്തുവൈവിധ്യവും

പാഠഭാഗത്ത് നൽകിയിട്ടുള്ള കാശ്മീരിലെ ഒരു ഗ്രാമത്തിലെ വീടിന്റെ ചിത്രത്തിന്റെ പശ്ചാത്തലത്തിൽ കാണുന്ന മരങ്ങളുടെ പ്രത്യേകത ശ്രദ്ധിച്ചില്ലേ? സ്തൂപികാഗ്രവൃക്ഷങ്ങളാണിവ. നാട്ടിലെ മരങ്ങളുടെ ആകൃതിയുമായി ചിത്രത്തിൽ കാണുന്ന മരങ്ങളെ താരതമ്യം ചെയ്യൂ.

ഒരു പ്രദേശത്തെ ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ എന്നീ ഭൗതിക സവിശേഷതകൾക്കനുസൃതമായി അവിടെ വളരുന്ന സ്വാഭാവിക സസ്യഇനങ്ങളാണ് നൈസർഗിക സസ്യജാലങ്ങൾ. കാലാവസ്ഥയ്ക്ക് അനുസൃതമായി ജന്തുജാലങ്ങളിലും വൈവിധ്യങ്ങൾ നിലനിൽക്കുന്നു.

ഇന്ത്യയിലെ വിവിധ നൈസർഗിക സസ്യജാലങ്ങളെയും അവിടെ കാണപ്പെടുന്ന ജന്തുജാലങ്ങളെയും നമുക്ക് പരിചയപ്പെടാം.

**ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ**



വാർഷിക വർഷപാതം വളരെ കൂടുതലുള്ള പശ്ചിമഘട്ടത്തിലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമാണ് നിത്യഹരിതസസ്യജാലങ്ങൾ കാണപ്പെടുന്നത്. സിംഹവാലൻ കുരങ്ങ്, പലതരം പാമ്പുകൾ, വിവിധയിനം ഷഡ്പദങ്ങൾ, ലോകത്തിലെ ഏറ്റവും വലിയ നിശാശലഭമായ അറ്റ്ലസ് മോത്ത് ഉൾപ്പെടെ നിരവധി ശലഭ ഇനങ്ങൾ എന്നിവ ഈ കാടുകളിലുണ്ട്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



### ഇലപൊഴിയും കാടുകൾ

കാലികമായി മാത്രം മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഇല പൊഴിയും കാടുകൾ കാണപ്പെടുന്നു. ഇന്ത്യൻ ഉപദ്വീപിലെ കൂടുതൽ പ്രദേശങ്ങളിലും ഇലപൊഴിയും കാടുകളാണ് ഉള്ളത്. പല ജാതി മാനുകൾ, മുയൽ, മയിൽ, വേഴാമ്പൽ, മറ്റു പലതരം പക്ഷികൾ, കാട്ടുപോത്ത്, ആന, കടുവ, പുലി എന്നിങ്ങനെ ജന്തു വൈവിധ്യം ഏറ്റവും കൂടുതലുള്ള വനങ്ങളാണിവ.



### മുൾച്ചെടികളും കുറ്റിക്കാടുകളും




രാജസ്ഥാൻ മരുഭൂമിയിലും ഉപദ്വീപിന്റെ മധ്യഭാഗങ്ങളിലും മഴ തീരെ കുറവായതിനാൽ മുൾച്ചെടികളും കുറ്റിക്കാടുകളുമാണ് വളരുന്നത്. ഒട്ടകം, കഴുകൻ, പരുന്ത്, പലതരം ഉരഗങ്ങൾ എന്നിവ ഈ വരണ്ട മേഖലയിൽ ജീവിക്കുന്നവയാണ്.

### കണ്ടൽക്കാടുകൾ

ഉപ്പുരസമുള്ള മണ്ണിൽ വളരുന്ന പ്രത്യേകതരം സസ്യജാലങ്ങളാണ് കണ്ടൽക്കാടുകൾ. നദീമുഖങ്ങളിലും സമുദ്രതീരങ്ങളിലും കരയിടിച്ചിലിനെ ചെറുക്കുന്നത് കണ്ടൽക്കാടുകളാണ്. പശ്ചിമബംഗാളിലെ കണ്ടൽക്കാടുകളാണ് ബംഗാൾ കടുവയുടെ ആവാസകേന്ദ്രം. കണ്ടൽക്കാടുകളുടെ വേരുപടലങ്ങൾ നിരവധി മത്സ്യയിനങ്ങളുടെ പ്രജനനകേന്ദ്രങ്ങളാണ്.



### പർവതവനങ്ങൾ



ഉയരം കൂടിയ പ്രദേശങ്ങളിൽ കാണുന്ന സ്തൂപികാഗ്രവൃക്ഷങ്ങളും അതിശൈത്യമുള്ള പർവതങ്ങളിലെ പായൽ വർഗ്ഗ സസ്യങ്ങളും പർവതവനങ്ങളിൽപ്പെടുന്നു. കസ്തൂരിമാൻ, വരയാട്, ഹിമപ്പുലി തുടങ്ങിയ അപൂർവ ജീവികളുടെ ആവാസകേന്ദ്രമാണിവിടം പശ്ചിമഘട്ടത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും വരയാട് കാണപ്പെടുന്നു.

ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, സസ്യജന്തുജാലങ്ങൾ എന്നിവയിൽ മറ്റുരാജ്യങ്ങളിൽനിന്ന് ഏറെ വ്യത്യസ്തതയും വൈവിധ്യവുമുള്ള രാജ്യമാണ് ഇന്ത്യ എന്ന് നിങ്ങൾക്ക് മനസിലായല്ലോ. ഭൗതിക സവിശേഷതകളിലെ ഈ വൈവിധ്യം തന്നെയാണ് ഇന്ത്യയിൽ സാംസ്കാരിക വൈവിധ്യങ്ങൾക്കും കാരണമായിട്ടുള്ളത്. വൈവിധ്യങ്ങൾ ഏറെയാണെങ്കിലും ഇന്ത്യ ഒരൊറ്റരാജ്യമായി നിലകൊള്ളുന്നു. നമ്മെ ഒരുമിച്ചുചേർക്കുന്ന വികാരമാണ് നാമെല്ലാം ഭാരതീയരാണ് എന്ന ബോധം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## സംഗ്രഹം

- ഏഷ്യാവൻകരയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഏറെ വൈവിധ്യം പുലർത്തുന്നു.
- ഭൂപ്രകൃതി, കാലാവസ്ഥ, നദികൾ, മണ്ണിനങ്ങൾ തുടങ്ങിയ ഘടകങ്ങളാണ് ഇന്ത്യയിലെ കാർഷിക വൈവിധ്യത്തിന് അടിസ്ഥാനം.
- ഇന്ത്യയിലെ ഭൗതിക വൈവിധ്യങ്ങൾ ജനജീവിതത്തെ ഏറെ സ്വാധീനിക്കുന്നു.
- ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യങ്ങൾക്ക് കാരണം ഈ ഭൗതിക സവിശേഷതകളാണ്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഇന്ത്യയുടെ സ്ഥാനം, വലിപ്പം എന്നിവ വിശദീകരിക്കുന്നു.
- വൈവിധ്യങ്ങൾ നിറഞ്ഞ ഇന്ത്യയുടെ ഭൂപ്രകൃതിസവിശേഷതകൾ വിശകലനം ചെയ്യുന്നു.
- ഇന്ത്യയിലെ നദികളെ വർഗീകരിക്കുന്നു.
- കാലാവസ്ഥയിലും ഭൂപ്രകൃതിയിലുമുള്ള വൈവിധ്യങ്ങൾ മണ്ണിനങ്ങളിലും സസ്യജന്തുജാലങ്ങളിലും ഉണ്ടാക്കുന്ന വൈവിധ്യങ്ങളെ വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

1. ഭൂപ്രകൃതി വിഭാഗങ്ങൾ ഇന്ത്യയിലെ ജനജീവിതത്തെ സ്വാധീനിക്കുന്നു. ഉദാഹരണങ്ങളിലൂടെ സമർഥിക്കുക.
2. കേരളതീരം ഇന്ത്യയിലെ ഏത് തീര സമതലത്തിലുൾപ്പെട്ടതാണ്? ഈ തീരസമതലത്തിന്റെ പൊതുവായ സവിശേഷതകൾ എന്തെല്ലാം?
3. ഉപദ്വീപീയ പീഠഭൂമിയുടെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയുടെ വിവിധ പ്രദേശങ്ങളെക്കുറിച്ചുള്ള യാത്രാവിവരണങ്ങൾ ലഭ്യമാണ്. അത്തരം യാത്രാവിവരണങ്ങൾ വായിക്കൂ.
- യാത്ര ചെയ്യുമ്പോൾ ശ്രദ്ധയിൽപ്പെടുന്ന ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജന്തുജാലങ്ങൾ, ജനജീവിതം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി യാത്രാവിവരണങ്ങൾ തയാറാക്കൂ. അവ സ്കൂൾ മാഗസിനിൽ ചേർക്കാം.
- ഭൂപ്രകൃതി സവിശേഷതകൾ, കൃഷിരീതികൾ, നൈസർഗിക സസ്യജന്തുജാലങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഇന്ത്യയിലെ വൈവിധ്യങ്ങൾ എന്ന പേരിൽ ഒരു ഡിജിറ്റൽ ആൽബം തയാറാക്കൂ.
- വ്യത്യസ്ത വിവരങ്ങൾ ചിത്രീകരിച്ചിട്ടുള്ള ഇന്ത്യയുടെ ഭൂപടങ്ങൾ പാഠപുസ്തകത്തിൽനിന്നും മറ്റ് സ്രോതസുകളിൽനിന്നും ട്രെയ്സിംഗ് പേപ്പർ ഉപയോഗിച്ച് പകർത്തി വരച്ച് ഇന്ത്യയുടെ ഭൂപടശേഖരം ഉണ്ടാക്കുക.



Downloaded from https:// www.studiestoday.com